തകഴി ശിവശങ്കരപ്പിള്ളയുടെ 'രണ്ടിടങ്ങഴി'യും നാഗവള്ളിയുടെ 'തോട്ടി'യും പി.കേശവദേവിൻറെ 'ഓടയിൽ നിന്ന്' ഉം മർദ്ദിതജനസമൂഹത്തിൻറെ ചരിത്രം അവതരിപ്പിക്കുന്നുണ്ട്. ടി.കെ.സി. വടുതലയുടെ 'നനവുള്ള മണ്ണ്', നാരായൻറെ 'കൊച്ചേരത്തി' തുടങ്ങിയ കൃതികളും ദളിത്സാഹിത്യം ആവിഷ്ക്കരിക്കുന്നുണ്ട്. എങ്കിലും മലയാളത്തിൽ ദളിത് ജനതയുടെ ജീവിതത്തെ അവതരിപ്പിക്കുന്ന കൃതികൾ സജീവമായി ചർച്ചയ്ക്ക് വിധേയമാകുന്ന കാലഘട്ടമാണിത്. മനുഷ്യജീവിതത്തെ വരച്ചുകാട്ടുന്ന ഇത്തരം കൃതികൾ വായനക്കാരെ ചിന്തിപ്പിക്കാനും അനുഭൂതിയുടെ ഭാവതലങ്ങളിൽ എത്തിക്കാനും ശ്രമിക്കുന്നുണ്ട്.

കേരളത്തിലെ കീഴാളജീവിതം കാർഷികവൃത്തിയുടെയും പ്രകൃതിയോടുള്ള അതിജീവനത്തിൻറെയും ഭാഗമാകുന്നത് ഇന്ന് ദളിത് എഴുത്തുകളിൽ സർവസാധാരണമാണ്. ദളിത് സാഹിത്യവും വിമോചനപ്രത്യയശാസ്ത്രവും മാനവ സ്വാതന്ത്ര്യത്തിൻറെ സൗന്ദര്യത്തെയാണ് ഉത്പാദിപ്പിക്കുന്നത്. സർഗ്ഗാത്മകസാഹിത്യം ഒരു ജനതയുടെ വേരുകളിൽ ആഴ്ന്നിറങ്ങി ജനകീയമാകേണ്ടതിൻറെ ആവശ്യകതയുണ്ട്. യഥാർത്ഥത്തിൽ അടിച്ചമർത്തപ്പെട്ടവരുടെ മോചനം സമൂലപരിവർത്തനത്തെയും വിപ്ലവത്തെയുമാണ് ലക്ഷ്യമാക്കുന്നത്. ഇന്നത്തെ വ്യവസ്ഥിതിയെ ചരിത്രത്തിൻറെ അനുഭവപാഠങ്ങളുടെ വെളിച്ചത്തിൽ പുനർവായനയ്ക്ക് വിധേയമാക്കുകയാണ് വേണ്ടത്.

ദളിത് ആവിഷ്കാരങ്ങൾ സ്വകീയമായ കാഴ്ചപ്പാടിലൂടെ രൂപപ്പെട്ട സ്വയം വ്യാഖ്യാനത്തിൻറെ ഭാഗം കൂടിയാണ്. വികസ്വരമായ പ്രത്യയശാസ്ത്രമാണത്. കല്ലേൻ പൊക്കുടൻറെ അനുഭവങ്ങളും അഭിമുഖങ്ങളും ചില വ്യത്യാസങ്ങൾ വരുത്തി താഹ മാടായിയും ചില സുഹൃത്തുക്കളും ചേർന്ന് തയ്യാറാക്കിയ ആത്മകഥയാണിത്.

"ലോകത്തെ നേർക്കുനേരെ സമീപിക്കാനും പ്രകൃതിയിലെ ചെറുതുകളെയെല്ലാം സ്നേഹിക്കാനും ആദരിക്കാനും വായനക്കാരെ പ്രേരിപ്പിക്കുന്ന ഒരാന്തരികചൈതന്യം ഈ കൃതിയ്ക്കുണ്ട് (എൻ.പ്രഭാകരൻ, അവതാരിക, കണ്ടൽക്കാടുകൾക്കിടയിൽ എൻറെ ജീവിതം, പുറം 7). ഇതിൽ ഉപയോഗിച്ചിരിക്കുന്നത് മാനകഭാഷയല്ല. എന്നാൽ ജാതി, പ്രദേശം എന്നിവയുടെ സവിശേഷതകളോടൊപ്പം മാനകഭാഷയോട് അടുപ്പം പുലർത്തുക എന്ന പ്രത്യേകത കൂടി ഈ ഭാഷാരീതിക്കുണ്ട്. ജാതി, മതം എന്നിവയ്ക്കതീതമായ മനുഷ്യരുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു വ്യക്തിയുടെ ഭാഷാപരമായ സവിശേഷതകൾ സ്വാഭാവികമായി ഈ കൃതി

യിൽ അടയാളപ്പെടുത്തുന്നുണ്ട്.

സ്വന്തം അനുഭവങ്ങളിൽ പ്രസക്തമായവ തെരഞ്ഞെടുത്ത് ചുരുങ്ങിയ വാചകങ്ങളിൽ അവതരിപ്പിക്കുന്ന മിതത്വം കലർന്ന രീതിയാണ് ആവിഷ്കരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പക്ഷികൾ, മീനുകൾ, കണ്ടലുകൾ എന്നിവയെപ്പറ്റി സൂചിപ്പിക്കുമ്പോൾ ഭാഷയുടെ തെളിമയും തിളക്കവും വർദ്ധിക്കുന്നു. ഇത് പ്രകൃതിയുമായുള്ള തൻറെ ഇഴയടുപ്പവും മനുഷ്യനെ സംബന്ധിച്ച ധാരണകളും കൊണ്ട് രൂപപ്പെടുത്തിയെടുക്കുന്ന ഉൾത്തുടിപ്പുകളുടെ ഫലമാണ്. ആത്മകഥയുടെ പതിവുരീതികൾ ഉപയോഗിക്കാതെ, ഉള്ളടക്കത്തിന് തുടർച്ചയോ അധ്യായങ്ങൾക്ക് വലിപ്പത്തിൻറെ കാര്യത്തിൽ സംഭവങ്ങളെ ക്രമമായി അടയാളപ്പെടുത്തലോ ഇല്ലാതെ കൃതി അവതരിപ്പിച്ചിട്ടുണ്ട്. വ്യക്തിപരമായ അനുഭവങ്ങൾ, പ്രകൃതിനിരീക്ഷണം, ലോകവിവരണങ്ങൾ എന്നിവയെ തുല്യമായി ഈ കൃതിയിൽ കണ്ണിചേർത്തിരിക്കുന്നു.

"ഏത് ആത്മകഥയും ആത്മകഥ എഴുതുന്ന വ്യക്തിയുടെ കഥ എന്നതിലേറെ ആ വ്യക്തി ജീവിക്കുന്ന സമൂഹത്തിൻറെയും ചരിത്രഘട്ടത്തിൻറെയും വിവരണവും വിമർശനവുമാണ്." (കല്ലേൻ പൊക്കുടൻ, കണ്ടൽക്കാടുകൾക്കിടയിൽ എൻറെ ജീവിതം, പുറം 12). അകൃത്രിമവും സ്വാനുഭവനിഷ്ഠവുമായ പരിസ്ഥിതിദർശനമാണ് ഈ കൃതിയുടെ പ്രത്യേകത. തീരപ്രദേശങ്ങളിലെ നിത്യഹരിതവനങ്ങളാണ് കണ്ടൽവനങ്ങൾ (Mangroves). ഇവ കണ്ടൽച്ചെടികൾ എന്നറിയപ്പെടുന്നു. ഭൂമിയിലെ ഏറ്റവും മികച്ച ആവാസവ്യവസ്ഥകളിലൊന്നാണിത്. തീരദേശപരിസ്ഥിതി പരിപാലിക്കുന്നതിൽ പ്രാധാന്യമർഹിക്കുന്നവയാണ് കണ്ടൽവനങ്ങൾ.

പഴയൊരു നോട്ടുപുസ്തകത്തിൽ എഴുതിവച്ച മലയാളം നന്നായി സംസാരിക്കാനറിയാത്ത ഒരു സാധാരണക്കാരന്റെ ആത്മചരിത്രമാണിതെന്ന് ഈ കൃതി സാക്ഷ്യപ്പെടുത്തുന്നു. സമൂഹവും ചരിത്രവും വിവരണവും വിമർശനവും വ്യക്തമായ പാരിസ്ഥിതികദർശനവും പ്രകൃതിസ്നേഹവും ഈ ഗ്രന്ഥത്തിൻറെ ഭാഗമാണ്. ഈ കൃതി ആത്മകഥയുടെ പതിവുരീതികൾ പിന്തുടരുന്നില്ല.

മർദ്ദിതജനതയുടെ സ്വാതന്ത്ര്യവും സൗന്ദര്യവും ജനകീയ എഴുത്തായി രൂപാന്തരപ്പെടുത്തുക എന്നത് ദളിത് സാഹിത്യത്തിൻറെ കടമയാണ്. "ദലിത് സാഹിത്യം ഇന്ത്യാചരിത്രത്തിൻറെ സമൂർത്ത സാഹചര്യങ്ങളുടെ പ്രത്യയശാസ്ത്രാവിഷ്കാരമാണ്" (കെ.കെ.എസ്.ദാസ്, ദലിത് പ്രത്യയശാസ്ത്രം ചരിത്രം സാഹിത്യം സൗന്ദര്യശാസ്ത്രം, പുറം 149). അധികാരത്തിൻറെ എഴുത്തിൽ ഒരു പൊളിച്ചെഴുത്ത് ദളിത് സാഹിത്യം അനിവാര്യമാക്കി. സ്വത്വാന്വേഷണത്തിൻറെയും പ്രത്യയശാസ്ത്രസമരത്തിൻറെയും ജനമുന്നേറ്റത്തിൻറെയും സാംസ്കാരിക പാഠങ്ങളാണ് ദളിത്ജനതയുടെ ചരിത്രം ഉൾക്കൊള്ളുന്നത്. ദളിത്ജനതയുടെ വികാസവും വിമോചനവും ലക്ഷ്യമാക്കുന്ന സ്ഥല-കാല-ദേശ-ചരിത്രത്തിൽ അധിഷ്ഠിതമായ സാമൂഹിക ജാതിവർഗ്ഗ ബന്ധങ്ങളുടെ സാമുദായിക പ്രതിനിധാനമാണ് ദളിത് സാഹിത്യം. ഓരോ സാഹിത്യരൂപവും മനുഷ്യജീവിതത്തിൽ ആഴ്ന്നിറങ്ങി ആവിഷ്കാരത്തിനുള്ള എഴുത്തുകാരൻറെ സാമൂഹിക പ്രതിബദ്ധത പ്രഖ്യാപിക്കുന്നുണ്ട്.

'പ്ലാച്ചിമട നായിക' എന്നറിയപ്പെടുന്ന മയിലമ്മ തദ്ദേശീയ ആദിവാസി സമൂഹത്തിൽപ്പെട്ട ഒരു ഇന്ത്യൻ സാമൂഹികപ്രവർത്തകയായിരുന്നു. കേരളത്തിൽ പാലക്കാട് ജില്ലയിലെ പെരുമാട്ടി പഞ്ചായത്തിൽ കൊക്കോകോള വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട ഇവർക്ക് സ്കൂൾ വിദ്യാഭ്യാസം പോലും അന്യമായിരുന്നു. വെള്ളം മലിനമാക്കുന്ന അവസ്ഥ ഇല്ലാതാക്കാനാണ് ഇത്തരമൊരു സമരമുറ ഇവർ അവലംബിച്ചത്. കേരളത്തിൻറെ ചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ സമരമാണ് പ്ലാച്ചിമട സമരം. ആദിവാസികളായിരുന്ന ഏറ്റവും കൂടുതൽ ദുരിതം അന്ന് അനുഭവിച്ചത്.

ഉത്തരകേരളത്തിലെ എൻഡോസൾഫാൻ കീടനാശിനിയുടെ വ്യാപകമായ ഉപയോഗത്തി

നെതിരെ കോടതിയെ സമീപിച്ച ആദ്യ വ്യക്തിയാണ് ലീലാകുമാരിയമ്മ. ഒരു സാധാരണ വീട്ടമ്മയാണിവർ. ഇവരുടെ പ്രവർത്തനങ്ങളെത്തുടർന്ന് എൻഡോസൾഫാനെതിരെ താൽക്കാലിക നിരോധന ഉത്തരവ് വിധി ശരിവെച്ച് കേരളസർക്കാർ എൻഡോസൾഫാന് നിരോധനം ഏർപ്പെടുത്തുകയും ചെയ്തു. മണ്ണിനെയും ജലത്തെയും മലിനമാക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും എതിരായുള്ള പ്രക്ഷോഭങ്ങളുടെ മുൻനിരയിൽ ഇത്തരം വ്യക്തികളുടെ സാന്നിധ്യം അനിവാര്യമാണ്. ഇത്തരം പ്രവർത്തനങ്ങൾ നവോത്ഥാനശക്തിയും പ്രതിരോധസാഹിത്യത്തിൻറെ മുന്നോടിയുമാണ്. "വളരുന്ന ദലിത്സാഹിത്യം ദലിത് ഭാഷയെ നവീനമാനങ്ങളിൽ കണ്ടെടുക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നു" എന്ന് കെ.കെ.എസ്.ദാസ് ദലിത് പ്രത്യയശാസ്ത്രം ചരിത്രം, സാഹിത്യം സൗന്ദര്യശാസ്ത്രം, പുറം 226-ൽ സൂചിപ്പിക്കുന്നുണ്ട്.

ഉപസംഹാരം

മാനവികവും ജനകീയവുമായ ദലിത് സാഹിത്യം ജ്ഞാനപരവുമായ സ്വത്വാന്വേഷണമാണ്. ഇന്ന് ദലിതെഴുത്ത് എന്നത് എല്ലാ രചനാസമ്പ്രദായങ്ങളുടെയും പൊളിച്ചെഴുത്താണ്. അരികുകളിലേക്ക് മാറ്റിനിർത്തപ്പെട്ട ജനവിഭാഗങ്ങൾക്കിടയിൽ ദലിതെഴുത്തിന് നിലയുറപ്പിക്കാൻ കഴിഞ്ഞു. വിവേചനങ്ങളെയും അടിച്ചമർത്തലിനെയും പ്രതിരോധിക്കുന്ന ജനതയ്ക്ക് ഭാഷയെ മുഖ്യ വ്യവഹാരമാക്കാൻ സാധിക്കും എന്ന് ഇത് തെളിയിക്കുന്നു.

ഗ്രന്ഥസൂചി

1. ആദർശ് സി.എം.ആർ, രാജേഷ് (എഡി.), സൂത്രവാക്കുകൾ, കലാസൗന്ദര്യശാസ്ത്രത്തിലേക്കൊരു പദകോശം, ഗയ പുത്തകച്ചാല, തൃശ്ശൂർ, 2020
2. എരുമേലി കെ.രാജേഷ്, ദലിത് ചരിത്രം സംസ്കാരം, സാഹിത്യം, കിസലയ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2022
3. കൊച്ച് കെ.കെ. വായനയുടെ ദലിത്പാഠം, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2005.
4. കൊച്ച് കെ.കെ., ദലിത് നേർക്കാഴ്ചകൾ, റെയ്‌വാൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2013
5. ഗോപാലകൃഷ്ണൻ, നടുവട്ടം, ആത്മകഥാസഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1998 (1985)
6. ചാമക്കാല ജോബിൻ (എഡി.) ദലിത് പഠനങ്ങൾ, സാഹിത്യം, കല, സംസ്കാരം ആത്മ ബുക്ക്സ്, കോഴിക്കോട്, 2021
7. ജയകുമാർ എലിക്കുളം, ദലിത് സൈദ്ധാന്തികതയും അധികാരവും അസെൻഡ് പബ്ലിക്കേഷൻസ്, കോട്ടയം, 2015
8. ജയകുമാർ, വിജയാലയം, (ഡോ.) ആത്മകഥാസാഹിത്യം മലയാളത്തിൽ, ജയകൃഷ്ണാ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1993 (1982)
9. ജോണി എം.എൻ, ദലിത് പോപ്പ്, സെൻ ബുക്സ്, തിരുവനന്തപുരം, 2022
10. ജോർജ്ജ്, കെ.എം. (ജന. എഡി.) ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി.ബുക്സ്, കോട്ടയം, 2010 (1998)
11. താഹ മാടായി (എഡി.), കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം, പൊക്കുടൻ, ഡി.സി.ബുക്സ്, കോട്ടയം, 2006 (2002).

12. തോമസ് ബേബി (എഡി.), ദലിത് പാതകൾ, സൈൻ ബുക്സ്, തിരുവനന്തപുരം, 2010 (2006)

13. ദാസ് കെ.കെ.എസ്. ദളിത് പ്രത്യയശാസ്ത്രം ചരിത്രം സാഹിത്യം സൗന്ദര്യശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011.

14. പുരുഷോത്തമൻ കെ.സി., ദലിത് സാഹിത്യപ്രസ്ഥാനം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2008

15. പൊക്കുടൻ കല്ലേൻ, കണ്ടൽ ഇനങ്ങൾ, ഗ്രീൻ ബുക്സ്, തൃശ്ശൂർ, 2015

16. പോൾ വിനിൽ, ദലിത് ചരിത്രദർശനം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2022

17. പ്രദീപൻ പാമ്പിരിക്കുന്ന്. പ്രദീപൻ പാമ്പിരിക്കുന്നിന്റെ ലേഖനങ്ങൾ, സുനിൽ പി. ഇളയിടം (സമാ.), കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2020

18. മയിലമ്മ, ജോതിബായി പരിയാടത്ത്, മയിലമ്മ ഒരു ജീവിതം, മാതൃഭൂമി ബുക്സ്, തിരുവനന്തപുരം, 2025 (2026)

19. രാജശേഖരൻ പി.കെ., ഏകാന്തനഗരങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം, 2011 (2006)

20. രാജീവൻ ബി., കീഴാള മാർക്സിസവും കീഴാള ജനാധിപത്യവും പുസ്തക പ്രസാധനസംഘം, കോഴിക്കോട്, 2020

21. സലിംകുമാർ കെ.എം., നെഗ്രിറ്റ്യൂഡ്, ഡി.സി.ബുക്സ്, കോട്ടയം, 2011

22. ശശി കെ.വി. (എഡി), ദലിത് വൈജ്ഞാനികത, ചരിത്രം സംസ്കാരം സൗന്ദര്യം, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, തിരൂർ, 2019.

23. ശശി കെ.വി. കീഴാളവിമർശം ഭാഷ ഭാവനദേശരാഷ്ട്രം തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, മലപ്പുറം, 2019.

25. സത്യദാസ് കെ.എൻ., ദലിത് പ്രശ്നത്തിൽ സാമൂഹിക നീതിക്കായുള്ള പോരാട്ടം, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2015

28. Ranajit Guha (ed.) Subaltern Studies I, Writings on South Asian History and Society on ford Oxford University Press, New Delhi, 1982

29. Ranajit Guha and Gayatri Chakravarthy Spivak (eds.), Selected Subalterns Studies, Oxford University Press, NewDelhi, 1988

30. Gramsci, Antonio, Selected from the prison Notebooks, Aakar Book, 1999

32. Limbale Sarankumar, Toward an Aesthetics of Dalit Literature Orient Longman, Delhi, 2004

33. https:llen.wikipedia.org/wiki/Dalit

6

ദേശഭാവനയും ജാതിയുടെ സാമൂഹിക ജീവിതവും : പ്രിൻസ് അയ്മനത്തിന്റെ ചാരുമാനം എന്ന ചെറുകഥയെ മുൻനിർത്തിയുള്ള പഠനം

അശ്വതി പി.
ഗവേഷക, മലയാളവിഭാഗം
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

പ്രബന്ധസംഗ്രഹം

ഉത്തരാധുനിക ദലിത് സാഹിത്യം ബഹുകേന്ദ്രിതമായ ആലോചനകളാണ്. വ്യവസ്ഥാപിതമായ അധീശത്വ വ്യവഹാരങ്ങൾക്കകത്ത് നിർവ്വചിക്കപ്പെട്ടതും കീഴിലൊതുക്കപ്പെട്ടതുമായ സമൂഹങ്ങളുടെ ആനുഭവികമായ ഇടങ്ങളെ ആഖ്യാനം ചെയ്യുന്നതിൽ സവിശേഷ ശ്രദ്ധപുലർത്തുന്ന ഒരു ഘട്ടം കൂടിയാണിത്. അത്തരത്തിൽ ജാതിയുടെ വിമർശനാത്മകമായ ഉള്ളടക്കമെന്ന നിലയിൽ ഒരു ദേശത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും അരികുവൽക്കരിക്കപ്പെട്ട ജനതയുടെ സംസ്കാരവുമൊക്കെ അടയാളപ്പെടുത്തുന്ന ചെറുകഥയാണ് പ്രിൻസ് അയ്മനത്തിന്റെ ചാരുമാനം. ഈ പ്രബന്ധത്തിൽ പ്രിൻസ് അയ്മനത്തിന്റെ ചാരുമാനമെന്ന ചെറുകഥയുടെ ആഖ്യാനത്തിലുടനീളം സജീവമായിരിക്കുന്ന ജാതിയെ സംബന്ധിച്ച ആലോചനകളും അതിലെ സ്ഥലരാശിയെയുമാണ് വിശകലനം ചെയ്യുന്നത്. ചാരുമാനം എന്ന കഥ ആഖ്യാനം ചെയ്യുന്ന ദേശവും അതിലിടപെടുന്ന ദലിത് കർതൃത്വവും സാമാന്യവൽക്കരിക്കപ്പെട്ട ചരിത്രങ്ങളെ മുറിച്ചു കടക്കുന്നുണ്ട്. ഒരർത്ഥത്തിൽ ദലിത് സാഹിത്യത്തെക്കുറിച്ചുള്ള സ്ഥലപരമായ ആലോചനകൾ ഭൗതികവും അതേസമയം ഭാവനാത്മകവുമായ ഇടങ്ങളിലെ ദലിത് സമൂഹത്തിന്റെ സ്ഥാനപ്പെടലുകളെയാണ് പ്രശ്നവൽക്കരിക്കുന്നത്. സാംസ്കാരിക ഭൂമിശാസ്ത്രത്തിന്റെ പൊതുവായ ചില സ്ഥലതത്വങ്ങളെ മുൻനിർത്തിയാണ് ചാരുമാനത്തിലെ ഭാവനാത്മകസ്ഥലത്തെയും ജാതിയുടെ അനുഭവമണ്ഡലത്തെയും പഠനവിധേയമാക്കുന്നത്.

താക്കോൽവാക്കുകൾ:
സ്ഥലഭാവന/ഇടം , ദേശഭാവന, പ്രതിനിധ്യത്തിന്റെ ഇടങ്ങൾ, ദലിത് ,കീഴാളത , സ്ഥലബിംബങ്ങൾ

ആമുഖം

ദേശീയതലത്തിൽ ഹിന്ദുത്വരാഷ്ട്രീയം അരികുവൽക്കരണങ്ങളെ ന്യായീകരിക്കുന്ന ചരിത്രങ്ങളെ വീണ്ടെടുക്കുമ്പോൾ കേരളത്തിലെ ദലിത് ചിന്താധാരകൾ അതിനോട് ജ്ഞാനശാസ്ത്രപരമായി കലഹിക്കുന്നുണ്ട്. ഇന്ത്യയുടെ സാംസ്കാരിക ബഹുത്വവും പലമകളും തിരസ്കരിക്കപ്പെടുകയും ഏകത്വത്തെ സംബന്ധിച്ച ചർച്ചകൾ മേൽക്കൈ നേടുകയും ചെയ്യുന്ന സവിശേഷമായൊരു ചരിത്ര സന്ദർഭത്തിലേയ്ക്ക് പ്രാദേശികമായ പ്രതിരോധാത്മകതയെ ചേർത്ത് വയ്ക്കുന്നവയാണ് മലയാളത്തിലെ ദലിത് എഴുത്തുകൾ. ഇന്ത്യയെന്നാൽ അതിന്റെ വൈവിധ്യങ്ങളല്ല മറിച്ച് അതൊരു ഏകാധിപത്യപരമായ പാരമ്പര്യമാണ് എന്നു വാദിക്കപ്പെടുന്ന വർത്തമാനകാലത്തിൽ പ്രാദേശികമായ ചരിത്രങ്ങൾക്ക് വലിയ പ്രസക്തിയുണ്ട്. അതിനെക്കുറിച്ചുള്ള ചർച്ച തീർത്തും രാഷ്ട്രീയമായ ചില ചോദ്യങ്ങളെ സംബന്ധിച്ച ആലോചന കൂടിയാണ്. വികസനത്തിലും വിജ്ഞാനത്തിലും പുരോഗമനവകാശപ്പെടുന്ന കേരളത്തിലും ജാതിബന്ധങ്ങൾ പലമട്ടിൽ സജീവമായിരിക്കുന്നുവെന്ന് ദലിത് ആഖ്യാനങ്ങൾ തെളിയിക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട ഇടപെടലുകൾ നടത്തുന്ന ഒരു സാഹിത്യ വിഭാഗമെന്ന നിലയിൽ ദലിത് പ്രശ്നങ്ങളെ കേന്ദ്രപ്രമേയമാക്കിയ ചെറുകഥകളിൽ പ്രിൻസ് അയ്യനത്തിന്റെ ചാരുമാനം എന്ന കഥയിലെ ദേശഭാവനയെയും ജാതിയുടെ സാമൂഹിക ജീവിതത്തെയുമാണ് ഈ പ്രബന്ധം വിശകലന വിധേയമാക്കുന്നത്. അടിസ്ഥാനപരമായി ജാതിയെന്ന സാമൂഹിക ബഹിഷ്കരണ സംവിധാനത്തിന്റെ പ്രവർത്തന തത്വങ്ങളെയാണ് ഈ കഥ വിമർശന വിധേയമാക്കുന്നത്. ജാതിയെന്ന സാമൂഹിക സ്ഥാപനത്തിന്റെ പരാധീനതകളെയും അതിലുള്ളടങ്ങിയിട്ടുള്ള കീഴാള ജീവിതത്തെയും ആഖ്യാനം ചെയ്യുന്ന ഈ കഥ കേരളീയ സമൂഹത്തിലെ അടരുകളെയാണ് അടയാളപ്പെടുത്തുന്നത്.

ഈ പ്രബന്ധത്തിൽ കീഴാളർ എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് ജാതിയുടെ ശ്രേണീകരണത്തിൽ ഏറ്റവും താഴെ സ്ഥാനപ്പെടുന്ന ജനസമൂഹങ്ങളെയാണ്(പി സനൽ മോഹൻ,2021,പുറം 19).കീഴിലൊതുക്കപ്പെട്ട ജീവിതമെന്നതുകൊണ്ട് അർത്ഥമാക്കുന്നത് കീഴാള സമൂഹങ്ങൾ നേരിട്ട സാമൂഹിക സാമ്പത്തിക അടിച്ചമർത്തലുകളുടെ അനന്തരഫലത്തെ കുറിയ്ക്കാനാണ്.ഇന്ത്യൻ സാഹചര്യത്തിൽ ദലിത് എന്ന സംജ്ഞ സാമൂഹികവും സാമ്പത്തികവുമായ അരികുവൽക്കരണങ്ങൾ നേരിടുന്ന സമൂഹങ്ങളെ അടയാളപ്പെടുത്താനാണ് ഉപയോഗിക്കുന്നത്. ഈ പദം സവിശേഷമായൊരു സമരബോധത്തെ ഉൾവഹിക്കുന്നുണ്ടെന്ന് അതിന്റെ പ്രയോഗ ചരിത്രം തെളിയിക്കുന്നു. ആദിവിഭാഗങ്ങൾ, ദ്രാവിഡർ,അസ്പൃശ്യർ,അയിത്ത ജാതിക്കാർ,പട്ടികജാതി-പട്ടിക വർഗ്ഗക്കാർ,ഹരിജനങ്ങൾ എന്നീ ജനവിഭാഗങ്ങളെയെല്ലാം കുറിയ്ക്കുന്ന പദമാണ് ദലിത്(കെ.സി പുരുഷോത്തമൻ,2008,പുറം 14 ,15,16). ഇതൊരു ജാതിയെന്ന നിലയിൽ ചുരുക്കി മനസ്സിലാക്കേണ്ടതല്ല. മറിച്ച് അതിൽ നിന്നും മോചിതമാവാൻ ശ്രമിക്കുന്നവരെന്ന യുക്തിയാണ് ദലിതെന്ന പദത്തിന്റെ ചരിത്രജീവിതം വെളിപ്പെടുത്തുന്നത്.

മലയാള ചെറുകഥാസാഹിത്യത്തിലെ ദലിത് പ്രാതിനിധ്യങ്ങൾ

മലയാളത്തിൽ അരികുവൽക്കരിക്കപ്പെട്ട ജനസമൂഹങ്ങളുടെ ജീവിതാനുഭവങ്ങൾ പ്രമേയമാക്കിക്കൊണ്ട് ഉയർന്നു വന്നിട്ടുള്ള സാഹിത്യകൃതികളുടെ പ്രത്യയശാസ്ത്രപരമായ അടിത്തറയായത് കൊളോണിയൽ ആധുനികതയുടെയും ഇടതുപക്ഷത്തിന്റെയും ചിന്താപദ്ധതികളാണ്. ഏറ്റവുമധികം അദലിതരായ സാഹിത്യകാരന്മാർ ഇടപെട്ട മേഖല കൂടിയാണ് മലയാളത്തിലെ ദലിത്പക്ഷസാഹിത്യം. പ്രത്യക്ഷത്തിൽ ദലിത് പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന അത്തരം കൃതികളുടെ വിമോചനാത്മകമായ ഉള്ളടക്കത്തിനു അനുഭവനിഷ്ഠമായ ഇടങ്ങളുടെ അഭാവം സൃഷ്ടിച്ച പരാധീനതകളുണ്ടായിരുന്നു. മാത്രമല്ല ഇന്ത്യയിലെ മറ്റു ഭാഷകളിൽ ദലിത് സാഹിത്യത്തിനുണ്ടായ വികാസം മലയാളത്തിലുണ്ടോ എന്ന വസ്തുത പരിശോധിക്ക

പ്പെടേണ്ടതാണ്. കാരണം കേരളത്തിലെ ദലിത്പക്ഷമെന്ന സാഹിത്യ സംവർഗം സവിശേഷമായ പ്രത്യയശാസ്ത്രങ്ങൾക്കകത്താണ് രൂപപ്പെട്ടത്. അത് ജാതിപരമെന്നതിനേക്കാൾ വർഗപരമായിരുന്നു എന്നതാണ് മറ്റൊരു വിഷയം.

മലയാളത്തിലെ ചെറുകഥാസാഹിത്യത്തിൽ ശക്തമായ ദലിത് പ്രതിനിധാനങ്ങളുടെ ഇടങ്ങൾ ഉണ്ടായി വന്നിട്ടുണ്ടെങ്കിലും അത് തീർത്തും സ്വതന്ത്രമോ വികസിതമോ ആണെന്നു പറയാൻ സാധിക്കില്ല. ജീവിതാനുഭവങ്ങളുടെ ലളിതമായ ആഖ്യാനങ്ങളിലൂടെ ഏറെ ചിന്തിപ്പിക്കാനുള്ള സാധ്യതകൾ തുറന്നു നൽകുന്ന ഒരു സാഹിത്യരൂപമെന്ന നിലയിൽ ഏറെ ജനകീയമായ ഒന്നാണ് ചെറുകഥാസാഹിത്യം. അതുകൊണ്ടു തന്നെ ദലിത് പ്രമേയങ്ങളെ ചുരുങ്ങിയ ഘടനയ്ക്കകത്തു നിന്നുകൊണ്ട് ആലോചിക്കാനുള്ള ചെറുകഥയുടെ ശേഷിയെ വളരെയധികം പ്രയോജനപ്പെടുത്തിയ നിരവധി കഥാകാരന്മാർ മലയാളത്തിലുണ്ട്. ടി.കെ.സി വടുതല, സി. അയ്യപ്പൻ, ഡി.രാജൻ തുടങ്ങിയവർ അക്കൂട്ടത്തിൽ പ്രമുഖരാണ്.ഇത്തരത്തിൽ ഉത്തരാധുനിക കഥാസാഹിത്യത്തിൽ ദലിത്പക്ഷമായിരിക്കുന്ന എഴുത്തുകാരിൽ ഏറ്റവുമധികം ശ്രദ്ധേയനാണ് പ്രിൻസ് അയ്മനം. ദലിത്പക്ഷമെന്ന പ്രയോഗം സവിശേഷമായ ഒരു സന്ദർഭത്തെയാണ് കുറിയ്ക്കുന്നത്. ദലിതർ എഴുതുന്ന സാഹിത്യം എന്ന നിർവ്വചനം ഏറെ സങ്കീർണ്ണമായ ഒന്നാണ്. കാരണം ഒരു കൃതി രൂപപ്പെടുത്തുന്ന പ്രത്യയശാസ്ത്രപാഠത്തിലെ വിമോചനാത്മകമായ ഉള്ളടക്കമാണ് അതിനെ ദലിത്പക്ഷവും ദലിത് വിരുദ്ധവുമാക്കുന്നത്. എതിർപ്പിന്റെ രാഷ്ട്രീയമോ സവർണവിരുദ്ധതയോ മാത്രമല്ല ഒരു കൃതിയെ ദലിത് സാഹിത്യമാക്കുന്നത്. മറിച്ച് എഴുത്ത് വിഭാവനം ചെയ്യുന്നതും ആഖ്യാനം ചെയ്യുന്നതുമായ വിമോചനമാണ്. ആ അർത്ഥത്തിൽ ദലിത്പക്ഷമായിരിക്കുന്ന പ്രത്യയശാസ്ത്ര പരിസരമാണ് പ്രിൻസ് അയ്മനത്തിന്റെ കൃതികളെ വ്യത്യസ്തമാക്കുന്നത്.

പ്രിൻസ് അയ്മനം– അരികുവൽക്കരിക്കപ്പെട്ട ചരിത്രജീവിതങ്ങളുടെ കഥാകാരൻ

ഉത്തരാധുനിക ദലിത് സാഹിത്യത്തിന്റെ കേന്ദ്രമായി വർത്തിക്കുന്നത് പ്രാദേശികമായ പ്രതിരോധാത്മകതയാണ്. പുറന്തള്ളപ്പെട്ട സമൂഹങ്ങളുടെ നേരിടുള്ള അനുഭവസ്ഥലങ്ങളിലൂടെ ഒരു ദേശത്തെ ദലിത്പക്ഷത്തിലൂടെ കണ്ടെടുക്കുമ്പോൾ അതൊരു ചരിത്രഘട്ടത്തിന്റെ പ്രതിനിധാനമായി മാറുന്നുണ്ട്. സവിശേഷമായ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങളിൽ ഉരുവംകൊണ്ട കീഴാള ജീവിതങ്ങളെ ആഖ്യാനത്തിന്റെ കാതലായ അംശമാക്കിക്കൊണ്ട് സാമാന്യമായ ചരിത്രപാഠങ്ങളെ അപനിർമ്മിക്കുന്ന എഴുത്തുകാരനാണ് പ്രിൻസ് അയ്മനം. ദലിത് സാഹിത്യത്തിലെ നവീന ഭാവുകത്വത്തെ കുറിയ്ക്കുന്ന എഴുത്തുകാരൻ കൂടിയാണ് അദ്ദേഹം. ദലിത് ജീവിതത്തിലേയ്ക്കും ചരിത്രത്തിലേയ്ക്കും നിർബാധം കടന്നുകയറിയ ജാതിയുടെ ആധിപത്യത്തെ ആഖ്യാനത്തിലെ ഭാഷയുൾപ്പെടെയുള്ള ഘടകങ്ങളിലൂടെ വിമർശിക്കാനും വിധേയത്വം പുലർത്തുന്ന ഒരു പദം പോലും അതിൽ പ്രവേശിക്കാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കുന്ന ഒരു കഥാകാരൻ കൂടിയാണ് അദ്ദേഹം. ഓരോ വരിയിലും ദലിത്പക്ഷമായിരിക്കുകയെന്ന ഉറച്ച ബോധ്യമാണ് പ്രിൻസ് അയ്മനത്തെ വ്യത്യസ്തനാക്കുന്നത്. കാലവും സ്ഥലവും ജാതിബന്ധങ്ങളും സൂക്ഷ്മമായി ആവിഷ്കരിക്കപ്പെടുന്ന അദ്ദേഹത്തിന്റെ കഥാലോകത്തിൽ ദലിത് സമൂഹത്തിലെ നാനാവിധ സമൂഹങ്ങൾക്ക് ദൃശ്യത കൈവരുന്നുണ്ട്. ജെ. ദേവിക പരിഭാഷപ്പെടുത്തിയ "കൂർത്തുമൂർത്ത" മലയാളകഥകളുടെ ഏറ്റവും പുതിയ ഇംഗ്ലീഷ് സമാഹാരം "Feeling Kerala"-യിൽ പ്രിയപ്പെട്ട പ്രിൻസ് അയ്മനത്തിന്റെ "പൊതിച്ചോറു നേർച്ച" എന്ന കഥയും ഉൾപ്പെട്ടിട്ടുണ്ട്. മലയാളത്തിൽ സ്വന്തമായി ഒരു സമാഹാരം വരുംമുമ്പേ രാജ്യാന്തര പുരസ്കാരത്തിലേയ്ക്കുകത്തു വരുന്ന ആദ്യ മലയാള കഥാകൃത്ത് ആവാം പ്രിൻസ് എന്നും വിലയിരുത്തപ്പെടുന്നു. സമകാലിക മലയാളം വാരികയിൽ വന്ന ചാരുമാനം മറ്റൊരു പ്രശസ്ത കഥയാണ്.

ചാരുമാനം – ദേശവും ജാതിയും

അപ്പർ കുട്ടനാടെന്ന സ്ഥലരാശി നിരവധി സാഹിത്യ കൃതികളിൽ പശ്ചാത്തലം മാത്രമായിട്ടല്ലാതെ കഥയിലെ ഒരു സജീവ ഘടകമായി സാന്നിധ്യമറിയിറച്ചു തുടങ്ങിയിട്ടു ഒരുപാട് കാലമായിട്ടുണ്ട്. അതിന്റെ സവിശേഷമായ ഭ്രമിശാസ്ത്രം ദലിത് സമൂഹങ്ങളുടെ അധ്വാനത്തെ പ്രത്യക്ഷീകരിക്കുന്നവയാണ്. തകഴിയിൽ നിന്ന് തുടങ്ങി അയ്മനം ജോണും എസ് . ഹരീഷും വരെയുള്ള എഴുത്തുകാർ അപ്പർ കുട്ടനാട്ടിലെ സവിശേഷമായ ജീവിതത്തെ പലമട്ടിൽ ആവിഷ്കരിച്ചു പോന്നിട്ടുണ്ട്. അപ്പർ കുട്ടനാടെന്ന ദേശഭാവനയും അതിലുള്ളടങ്ങിയ ജാതിയുടെ സാമൂഹിക ജീവിതവുമാണ് പ്രിൻസ് അയ്മനത്തിന്റെ ചാരുമാനം എന്ന കഥയുടെ കേന്ദ്രപ്രമേയങ്ങൾ.

പത്തനംതിട്ട,ആലപ്പുഴ,കോട്ടയം എന്നീ ജില്ലകളുടെ പല ഭാഗങ്ങളുമുൾക്കൊള്ളുന്ന പ്രദേശമാണിത്. സമുദ്രനിരപ്പിൽ നിന്ന് ശരാശരി 1 മീറ്റർ ഉയരമുള്ള താഴ്ന്ന പ്രദേശമാണ് അപ്പർ കുട്ടനാട്. വിശാലമായ നെൽവയലുകളും കായലുകളും കനാലുകളും ഇതിന്റെ സവിശേഷതയാണ്. പമ്പ, അച്ചൻകോവിൽ, മണിമല നദികൾ ഉൾപ്പെടെ നിരവധി നദികളുടെ ആസ്ഥാനം കൂടിയാണ് ഈ പ്രദേശം. ഭ്രമിശാസ്ത്രപരമായ പ്രത്യേകതകളാൽ ജലവുമായി പല തരത്തിലും വിനിമയത്തിൽ ഏർപ്പെടുന്ന ജനവിഭാഗങ്ങൾ അപ്പർ കുട്ടനാടിലുണ്ട്. അപ്പർ കുട്ടനാട്ടിൽ ജലാശയങ്ങൾ സവിശേഷമായ ഒരു സ്ഥലരാശിയായി രൂപപ്പെട്ടു വരുന്നത് കാണാം. മനുഷ്യരുടെ ദൈനംദിന ജീവിതവ്യവഹാരങ്ങളിൽ കര മാത്രമല്ല ജലപാതകൾക്കും നിർണായകമായ സ്വാധീനമുണ്ട്. അതിൽ കരയെ അപേക്ഷിച്ച് കർക്കശമായ ജാതിനിയമങ്ങൾ ബാധകമല്ലാതിരുന്ന ജലാശയങ്ങൾ കീഴാള സമൂഹങ്ങളുടെ ചലനാത്മകതയെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. ഗ്രാമങ്ങൾക്കകത്ത് അതിർത്തികളില്ലാതെ നിരുപാധികം ഒഴുകിയിരുന്ന നദികളും കനാലുകളും അതിലൂടെയുള്ള യാത്രകളും ദലിത് സമൂഹത്തിന്റെ ജീവിതാനുഭവങ്ങളെയും ദേശവുമായി ബന്ധപ്പെട്ട സാമൂഹിക-സാംസ്കാരിക-സാമ്പത്തിക ബന്ധങ്ങളെയും രൂപപ്പെടുത്തുകയുണ്ടായി. എന്നാൽ ചരിത്രത്തിൽ ഇവയൊന്നും വേണ്ടവിധത്തിൽ ചർച്ച ചെയ്തിട്ടില്ല. എന്നാൽ ചാരുമാനമെന്ന കഥ അപ്പർ കുട്ടനാടെന്ന ദേശത്തിന്റെ ചരിത്ര ജീവിതത്തിലെ കീഴാളമായ അടരുകളെയാണ് ആവിഷ്കരിക്കുന്നത്. കഥാശരീരത്തിലെ സന്ദർഭങ്ങളും സംവാദങ്ങളും ഭാഷയും അടക്കമുള്ള എല്ലാ ഘടകങ്ങളും ഏറെ വഴക്കത്തോടെയാണ് കഥാകൃത്ത് ആഖ്യാനം ചെയ്തിട്ടുള്ളത്. ഒരു ദേശത്തെ അതിന്റെ നിർമാണത്തിലും നിലനിൽപ്പിലും പങ്കാളിത്തമുള്ള ജനസമൂഹങ്ങളുടെ പക്ഷത്തുനിന്നും അടയാളപ്പെടുത്തുന്നതിലൂടെ അതിന്റെ ഭാവനാത്മകസ്ഥലത്തെ ദലിത്പക്ഷത്തുനിന്നുകൊണ്ട് പുനർനിർമ്മിക്കുകയാണ് കഥാകാരൻ ചെയ്യുന്നത്.

കുട്ടനാട് ഒരു കാർഷികഭ്രമിയായി മാറിയത് കർഷക അടിമകളായിരുന്ന ദലിത് വിഭാഗങ്ങളുടെ അധ്വാനത്തിലൂടെയാണ്. പുലയരും പറയരും ചതുപ്പുകൾ കുത്തിപ്പൊക്കിയാണ് കൃഷിക്കനുയോജ്യമായ ഇടമാക്കി കുട്ടനാടിനെ മാറ്റിയത്. മനുഷ്യാധ്വാനത്തിന്റെ ഭ്രമിയെന്നാണ് തകഴി കുട്ടനാടിനെ വിശേഷിപ്പിച്ചതെന്നും എന്നാൽ അതിൽ പണിയെടുത്തവർ ചരിത്രത്തിന വെളിയിലായിയെന്നും അവരുടെ അടിമജീവിതം നരകതുല്യമായിരുന്നുവെന്നും 'കുട്ടനാടിന്റെ ചരിത്ര'ത്തിൽ ഗംഗ കാവാലം നിരീക്ഷിക്കുന്നുണ്ട്(ഗംഗ കാവാലം,2023,പുറം 13). "തെൻ പാണ്ടി കുട്ടങ്കടങ്കർക്കാ വെൺപൂഴിയൻറിയരുവാവതൻ വടക്കുനൻറായ ചീതമലാടു പുന്നാടു ചെന്തമിഴ് ചേരേതമിൾ പന്നിരുനാട്ടെൺ" എന്ന തോൽക്കാപ്പിയതിന്റെ വ്യാഖ്യാനത്തിൽ പറയുന്ന കുട്ടം ,കുട്ടനാടാണ് എന്നു അനുമാനിക്കാം. ഐന്തിണകളിലും ഇതിനെക്കുറിച്ചു പരാമർശമുണ്ട്.

തൊഴിൽ, ആചാരവിശേഷങ്ങൾ, ഭക്ഷണം, ഭാഷ തുടങ്ങിയ ജീവിതവ്യാപാരങ്ങളിലെല്ലാം തന്നെ കുട്ടനാട്ടുകാർക്ക് ചില സമാനതകളുള്ളതിനാൽ ഒരു ഫോക്സ്മൂഹത്തിന്റെ സ്വഭാവങ്ങൾ

അവർ പുലർത്തിപ്പോരുന്നുണ്ട്. അതിനകത്തുതന്നെ ജാതി, ഉപജാതി, മതം, ദേശം, ലിംഗം തുടങ്ങിയവയനുസരിച്ച് വ്യതിരിക്തതകളും ഭിന്നതകളുമുണ്ടെങ്കിലും ഭൂമിശാസ്ത്രത്തിന്റെ സമാനതകൾ കുട്ടനാടൻ ദേശക്കാരെ ഒരു നാട്ടുകൂട്ടായ്മയായി ചേർത്തുനിർത്തുന്നു.ഇതിനെ സാംസ്കാരിക ഭൂമിശാസ്ത്രം (cul-tural geography)) എന്നുവിളിക്കാം. മനുഷ്യരും അവരധിവസിക്കുന്ന സ്ഥലവും തമ്മിലുള്ള ബാന്ധവമാണ് ഇവിടെ ശ്രദ്ധാകേന്ദ്രം. ഭൂപ്രകൃതിയും മനുഷ്യപ്രകൃതിയും ചേർന്ന് എങ്ങനെയാണ് സാംസ്കാരിക ഭൂപ്രകൃതി (cultural landscape) ഉരുവംകൊള്ളുന്നത് എന്ന അന്വേഷണം കൗതുകകരമാണ്.ഒരു പ്രത്യേക സ്ഥലത്ത് വസിക്കുന്ന മനുഷ്യരുടെ ജീവിതമൂല്യങ്ങൾ, ലാവണ്യബോധങ്ങൾ, ഭൗതികവും വ്യാവഹാരികവുമായ പ്രകടനങ്ങൾ, മനുഷ്യജീവിതംകൊണ്ട് സ്ഥലത്തിനുലഭ്യമാകുന്ന അർഥത്തികവുകൾ, മനുഷ്യപ്രകൃതിയെ രൂപപ്പെടുത്തുന്നതിൽ സ്ഥലരാശി വഹിക്കുന്ന പങ്ക് എന്നിവയൊക്കെ സാംസ്കാരിക ഭൂമിശാസ്ത്രത്തെ നിർണയിക്കുന്ന ഘടകങ്ങളാണ്. മനുഷ്യസ്വത്വത്തെ രൂപീകരിക്കുന്നതിൽ സ്ഥലവും സ്ഥലസ്വത്വത്തെ നിർണയിക്കുന്നതിൽ മനുഷ്യരും പരസ്പരപൂരകമായി വർത്തിക്കുകയാണിവിടെ(അയ്മനം ജോൺ / എസ് ഹരീഷ് /മോഡറേറ്റർ അജു കെ നാരായണൻ,ഫെബ്രുവരി 7,2023). ദേശമെന്ന നിലയിൽ ഒരു സ്ഥലത്തിനു മനുഷ്യജീവിതങ്ങളിലൂടെ ഉണ്ടായി വരുന്ന അർത്ഥങ്ങൾ വളരെ പ്രധാനമാണെന്ന സാംസ്കാരിക ഭൂമിശാസ്ത്ര സങ്കല്പനങ്ങളെ മുൻനിർത്തിയുള്ള അജു.കെ.നാരായണന്റെ പ്രസ്താവന ഏറെ ആലോചനകൾക്ക് തുടക്കമിടുന്നുണ്ട്. ചാരുമാനത്തെ സംബന്ധിച്ച് ഈയൊരു വസ്തുത വളരെ ശരിയാണ്. കലർപ്പ് സമൂഹങ്ങളിലൂടെയാണ് അപ്പർ കുട്ടനാടെന്ന ഭാവനദേശത്തെയാണ് ചാരുമാനം നിർമ്മിച്ചെടുക്കുന്നത്. അതിലുള്ളടങ്ങിയിട്ടുള്ള അരികുവത്കരിക്കപ്പെട്ട ജാതിസമൂഹങ്ങളുടെ ഇടപാടുകളെ സവിശേഷമായി അടയാളപ്പെടുത്താനും കഥയ്ക്ക് കഴിയുന്നുണ്ട്.

പുലിക്കുട്ടിശ്ശേരി കടവിലെ കുഞ്ഞാപ്പിയും കേശുപിള്ളയുമാണ് ഈ കഥയിലെ കേന്ദ്ര കഥാപാത്രങ്ങൾ. അവരേറെയും വള്ളത്തിലും വെള്ളത്തിലുമാണ് ജീവിച്ചതെന്ന പ്രയോഗം അപ്പർ കുട്ടനാടിലെ ജലജീവിതത്തെ കൃത്യമായി അടയാളപ്പെടുത്തുണ്ട്. അതൊരു നിർദ്ദിഷ്ട ഭൂമിശാസ്ത്ര സ്ഥാനത്തേയ്ക്ക് കഥയെ തുഴഞ്ഞു കൊണ്ടുപോവുന്നതിന്റെ സൂചന കൂടിയാണ്. കടവുകളിൽ നിന്നു കടവുകളിലേയ്ക്കും മീനച്ചലാറിൽ നിന്നു വേമ്പനാട്ട് കായലിലേയ്ക്കും വള്ളത്തിലൂടെയും വെള്ളത്തിലൂടെയും നീങ്ങുന്ന രണ്ടു മനുഷ്യരിലൂടെ എഴുത്തുകാരൻ ഒരു നാടിന്റെ കഥ പറയുകയാണ്. അവർ തമ്മിലുള്ള സംഭാഷണങ്ങളിലൂടെ ആ നാട്ടിൽ നിലനിൽക്കുന്ന ഒരു വ്യവസ്ഥിയിൽ സ്വയം സ്ഥാനപ്പെടുന്നവരായി മാറുകയാണ് കുഞ്ഞാപ്പിയും കേശുപിള്ളയും.

കച്ചവടക്കാരനായ കേശുപിള്ളയും സഹായിയും ഊന്നുകാരനുമായ കുഞ്ഞാപ്പിയും ഈരാറ്റുപേട്ട മുതൽ ആലപ്പുഴയും മുഹമ്മയും വരെ വ്യാപിച്ചു കിടക്കുന്ന പ്രദേശങ്ങളിൽ വള്ളത്തിലൂടെയുള്ള യാത്ര ചെയ്താണ് വ്യാപാരം നടത്തിപ്പോന്നിരുന്നത്. പുലയനായ കുഞ്ഞാപ്പിയും മേൽജാതിക്കാരനായ കേശുപിള്ളയും തമ്മിലുള്ള സംഭാഷണങ്ങളിലൂടെയാണ് കഥ പുരോഗമിക്കുന്നത്. കാരണവരായ ഭാർഗ്ഗവൻപിള്ളയോട് തെറ്റിപിരിഞ്ഞാണ് കേശുപിള്ള ചന്തകളിൽ നിന്നു ചന്തകളിലേയ്ക്കും ആറ്റുവക്കത്തെ ചെറിയ കച്ചവടങ്ങളിലേയ്ക്കും തിരിയുന്നത്. കെട്ടുവള്ളത്തിലൂടെയാണ് തന്റെ ജീവിതത്തെ അദ്ദേഹം കരുപിടിപ്പിച്ചത്. പക്ഷെ അതിന്റെയറ്റത്ത് കുഞ്ഞാപ്പിയുടെ ഊന്നലുണ്ടായിരുന്നു. അങ്ങനെ ഒരിക്കൽ പേട്ടയിലെ മലഞ്ചരക്ക് വ്യാപാരിയായിരുന്ന അബൂബക്കർ എന്ന ബക്കറിക്കയിൽ നിന്ന് അവിചാരിതമായി കൈവരുന്ന പണം കേശുപിള്ളയുടെ മനസ്സിലെ കുതന്ത്രങ്ങളെ പൊക്കിയെടുക്കുന്നു. പിന്നെ അയാൾ മറ്റൊരാളായി മാറുന്നു. അതിന്റെ അവകാശിയായ അബൂബക്കർ മരിക്കുന്നതോടെ ഈ രഹസ്യമറിയുന്ന കുഞ്ഞാപ്പിയെക്കൂടി തന്ത്രപരമായി കൊല്ലുന്നു. വാമൊഴികളും നുണകളും നിർമ്മിക്കുകയും നിയന്ത്രിക്കുകയും ചെയ്ത അയാൾ കുഞ്ഞാപ്പിയെ പ്രതിനായകനാക്കുന്നു. കേശുപിള്ളയാവട്ടെ

കപടമായ പുരോഗമനവാദിയായ നായകനായി ചരിത്രത്തിൽ തുടരുന്നു. അയാൾക്ക് ഒരു കുഞ്ഞു ജനിക്കുന്നതോടെയാണ് കഥ അവസാനിക്കുകയും ചെയ്യുന്നു.

ആഖ്യാനത്തിന്റെ ആരംഭം മുതൽക്ക് തന്നെ വളരെ സൂക്ഷ്മമായ ചലനങ്ങളെ വരെ പൊളിറ്റിക്കലായും ചരിത്രപരമായും അവതരിപ്പിക്കാൻ കഥാകാരൻ ജാഗ്രത കാണിക്കുന്നുണ്ട്. അതായത് ഒരു പൊതുഇടം പങ്കുവെയ്ക്കപ്പെടുമ്പോൾ ഉപരിവർഗത്തിലെ പ്രതിനിധിയും ദലിത് ജീവിതാവസ്ഥകളുടെ പ്രതിനിധിയും തമ്മിലുണ്ടാവുന്ന സംവാദാത്മകമായ അന്തരീക്ഷമാണ് കഥയുടെ കാതലായ ഭാഗം. ജാതിയുടെ അനുഭവലോകത്തെ രണ്ടു കർത്തൃത്വങ്ങളിൽ നിന്നുകൊണ്ടാണ് കേശുപിള്ളയും കുഞ്ഞാപ്പിയും അഭിമുഖീകരിക്കുന്നത്. അവ തമ്മിൽ ഏറ്റുമുട്ടുമ്പോൾ ചില സന്ദർഭങ്ങളിൽ കേശുപിള്ളയ്ക്ക് മൗനമല്ലാത്ത മറുപടിയില്ല. ഇത് വളരെ പ്രധാനപ്പെട്ട ഒരു കഥാസന്ദർഭമാണ്. കേശുപിള്ള സ്വജനപക്ഷപാതത്തിന്റെ പേരിൽ അമ്മാവനുമായി പിണങ്ങിയിട്ടുള്ള ജാതിയും മതവും വിട്ട പുരോഗമനവാദിയെന്ന് അവകാശപ്പെടുന്ന ഒരു വ്യക്തിയാണ്. മലയാള സാഹിത്യത്തിലെ ഉന്നതകുലജാതരായ കഥാപാത്രങ്ങൾക്ക് ഈയൊരു പശ്ചാത്തലം കൊണ്ട് കേശുപിള്ളയുമായി ചേർച്ച വരുന്നുണ്ട്. ഇന്ദുലേഖയിലെ മാധവനെപ്പോലെ വ്യവസ്ഥിതിയോട് കലഹിക്കുമ്പോഴും അതിന്റെ പ്രതാപങ്ങളെ പൂർണമായും വിട്ടുകളയാത്ത ഒരാളെപ്പോലെയാണ് കേശുപിള്ളയും. ഇക്കാലമത്രയും കേശുപ്പിള്ളയെപ്പോലുള്ള കഥാപാത്രങ്ങളെ പ്രകീർത്തിച്ച ശീലിച്ച സാഹിത്യാഭിരുചിയെ പ്രഹരിക്കുന്ന ആഖ്യാനമാണ് ചാരുമാനം. അരികുവൽക്കരിക്കപ്പെട്ടവരെ ചാരി നിന്നുകൊണ്ട് അതിലൂടെ അവരുടെ അധ്വാനത്തെ മുതലെടുത്ത വളരുന്ന,വേണ്ടിവന്നാൽ തങ്ങളുടെ ഉള്ളിലുള്ള വൈകൃതങ്ങൾ കെട്ടിച്ചമത്തി ചരിത്രത്തിനടിയിൽ കുഴിച്ചുമൂടാനും മടിയില്ലാത്ത ഉപരിവർഗ്ഗത്തിന്റെ അനുഭവലോകത്തെ കുഞ്ഞാപ്പിയുടെ ദലിത് കർതൃത്വത്തിലൂടെ വിമർശിക്കുന്നുണ്ട്. ഏകപക്ഷീയമായ ഉന്നതകുലജാതന്മാരായ നായകന്മാരുടെ പുരോഗമനനാട്യത്തെ പ്രശ്നവൽക്കരിക്കുന്നുണ്ട്.

ചാരുമാനം എന്നത് താഴെ നിന്നും മുകളിലേക്കു ചരക്കുകൾ കയറ്റുന്നതിനുള്ള ഭൗതിക സംവിധാനമായിരിക്കുമ്പോഴും അതിനേക്കാൾ വ്യാപ്തിയുള്ളൊരു സാമൂഹിക അർത്ഥതലമാണ് അതിനുള്ളത്. അധഃസ്ഥിത വിഭാഗങ്ങളുടെ അധ്വാനത്തെ അടിസ്ഥാനമാക്കി സാമൂഹിക സാംസ്കാരിക സാമ്പത്തിക മുന്നേറ്റങ്ങൾ കൈവരിക്കുന്ന ഉപരിവർഗത്തിന്റെ അധികാരബന്ധങ്ങളെയാണ് ചാരുമാനം പ്രതീകവൽക്കരിക്കുന്നത്. ഈ പ്രക്രിയയിൽ അധ്വാനിക്കുന്നവർ അദൃശ്യമാകുകയും നേട്ടം കൈവരിക്കുന്നവർ ചരിത്രത്തിന്റെ കേന്ദ്രസ്ഥാനങ്ങളിലേക്ക് ഉയരുകയും ചെയ്യുന്നു. അതേസമയം ചാരുമാനമെന്ന പേരുതന്നെ ദേശഭാവനയിലും പ്രാദേശിക സ്മൃതികളിലും നിലനിൽക്കുന്ന ഏകപക്ഷീയമായ അധികാരചരിത്ര വ്യാഖ്യാനങ്ങളോടുള്ള ഒരു സൂക്ഷ്മമായ പ്രതിരോധമായി വായിക്കാവുന്നതാണ്. മേൽക്കോയ്മയുടെ പുരോഗതിക്കായി അധഃസ്ഥിതരുടെ ശരീരവും സമയവും ഉപയോഗിച്ചെടുത്ത ചരിത്രത്തെ ഈ പദം വെളിപ്പെടുത്തുകയും ചോദ്യം ചെയ്യുകയും ചെയ്യുന്നു.

കുഞ്ഞാപ്പി വള്ളം തള്ളിയിട്ടും കേശുപിള്ള ഉറക്കച്ചടവിൽ നിന്നും പുറത്തു വന്നിട്ടില്ല. ഏറെ തലമുറകൾ അധ്വാനം കൊണ്ട് നിർമിച്ചെടുത്ത ജന്മിത്വമെന്ന സാമൂഹിക പദവി അതിന്റെ സുഖലോലുപതകളിൽ നിന്നും പുറത്തു വന്നിട്ടില്ലെന്ന് ഈ സവിശേഷമായ ആഖ്യാന സന്ദർഭം പറയാതെ പറയുന്നുണ്ട്. പിള്ളേച്ചാ എന്ന പേരാണ് നിങ്ങളുടെ മുതൽ മുടക്കെന്ന കുഞ്ഞാപ്പിയുടെ വിമർശനത്തെയും ഇതിനോട് ചേർത്ത് വായിക്കാൻ കഴിയും. ഉന്നത ജാതിയിൽ പിറന്നവന് പാരമ്പര്യമാണ് മൂലധനം. അതിന്മേൽ പിടിച്ചു കയറാനും എളുപ്പമാണ്. എന്നാൽ എത്രയധ്വാനിച്ചിട്ടും ആറ്റിന്റെ പുറമ്പോക്കിൽ ചെറിയ വീടല്ലാതെ മറ്റൊന്നും സ്വന്തമാക്കാൻ കുഞ്ഞാപ്പിയ്ക്ക് കഴിഞ്ഞിട്ടുമില്ല. മുടക്ക് മുതലെന്നത് വരിക്കാമാലിയെന്ന തറവാട്ടു പേരും ജാ

തിയുമാണെന്ന കുഞ്ഞാപ്പിയുടെ വിമർശനം സാംസ്കാരിക മൂലധനമെന്ന ബോർദ്യവിയൻ ആശയത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്.സാംസ്കാരിക മൂലധനം ഒരു വ്യക്തിയുടെ ബാഹ്യസമ്പത്തിന്റെ തന്നെ ഭാഗമാണ്.എന്നാൽ അത് കൊടുക്കാനും വാങ്ങാനും സാധിക്കുന്നതല്ല. മാത്രമല്ല സാമ്പത്തികമോ രാഷ്ട്രീയമോ ആയ മൂലധനങ്ങൾക്കു മേൽ ഉടമസ്ഥാവകാശമുള്ള ഒരാൾക്കു പോലും സാംസ്കാരിക മൂലധനത്തിന്റെ അഭാവം പല പ്രശ്നങ്ങളും സൃഷ്ടിക്കാൻ സാധ്യതയുണ്ട്. മറ്റേത് മൂലധനരൂപത്തെക്കാളും സാമൂഹ്യ സംവിധാനത്തിൽ പ്രാധാന്യമർഹിക്കുന്നതും മേൽ നിലനിർത്തുന്നതുമായ ഒന്നാണ് സാംസ്കാരിക മൂലധനം . ഇത് ചില അധികാര മണ്ഡലങ്ങളെ കേന്ദ്രീകരിച്ചാണ് നിലനിൽക്കുന്നത്. അനഭിലഷണീയമായ പല പ്രത്യാഘാതങ്ങളും ഈ മൂലധനത്തിന്റെ കുത്തകാവകാശവുമായി ബന്ധപ്പെട്ടുണ്ടാവുന്ന പ്രശ്നങ്ങളുടെ തുടർച്ചയാണ്. ആർജ്ജിക്കാവുന്ന ഒന്നായി ഒരു പരിധി വരെ സാംസ്കാരിക മൂലധനത്തെ പരിഗണിക്കാൻ സാധിക്കില്ല. അതൊരു വ്യക്തിയുടെ ശേഷികൾക്കും അപ്പുറത്ത് പാരമ്പര്യവുമായിക്കൂടി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. ആ പാരമ്പര്യത്തിലേക്ക് കണ്ണി ചേർക്കപ്പെടാനും തനതായ രീതിയിൽ അതിനെ പോഷിപ്പിക്കാനും ഒരു വ്യക്തിക്ക് കഴിയുമ്പോഴാണ് ഈ മൂലധനരൂപം സമൂഹത്തിൽ ഉയർന്ന സ്ഥാനപ്പെടലുകൾക്ക് വഴിയൊരുക്കുന്നത്. അദൃശ്യവും പഴമയുമായി ഏറെ ബന്ധപ്പെട്ടു കിടക്കുന്നതുമായ സാംസ്കാരിക മൂലധനത്തിന് ആധിപത്യത്തിന്റെയും അധികാരബന്ധങ്ങളുടെയും നിഗൂഢമായ മറ്റൊരു തലം കൂടിയുണ്ട് . ചില മേൽകോയ്മകൾ ഉറപ്പിച്ചെടുക്കാൻ തക്കവണ്ണം മൻവിധികളോട് കൂടി സ്ഥാപിത താല്പര്യക്കാർ നിർമ്മിച്ചെടുക്കുന്ന ഒന്നാണ് ഇതെന്ന് കരുതുന്നതിലും തെറ്റില്ല.

സാംസ്കാരിക മൂലധനത്തിന്റെ കൈമാറ്റത്തിന്റെയോ ഏറ്റെടുക്കലിന്റെയോ സാമൂഹ്യ സാഹചര്യങ്ങൾ സാമ്പത്തിക മൂലധന സമാഹരണത്തേക്കാൾ മറച്ചു വെക്കപ്പെട്ടതാണ്. സാംസ്കാരിക മൂലധനമെന്ന അദൃശ്യ ശക്തി സമൂഹത്തിൻറെ സമസ്തമേഖലകളിലും ഇടപെടുന്നുണ്ട്. അത് പ്രതീകാത്മക മൂലധനമായി കൂടിയാണ് പ്രവർത്തിക്കുന്നത്. ഉദാഹരണമായി വിവാഹകമ്പോളത്തിൽ സാമ്പത്തിക പശ്ചാത്തലത്തിൽ അതിനോടൊപ്പം പരിഗണിക്കപ്പെടുന്ന ഒന്നാണ് സാംസ്കാരികമായ പാരമ്പര്യം. അതുകൊണ്ടാണ് കൂടിക്കുഴഞ്ഞു ജീവിച്ചുവെന്ന അവകാശപ്പെടുന്ന കേശുപിള്ള ചങ്ങനാശ്ശേരിയിൽ പോയി ജാതി നോക്കി കല്യാണം കഴിച്ചതെന്ന കുഞ്ഞാപ്പി വിമർശിക്കുന്നത്. അതിൽ തന്നെയും സാമ്പത്തികമായ താല്പര്യങ്ങളുണ്ടെന്നത് മറ്റൊരു പ്രശ്നമാണ്. എന്നിരുന്നാലും അടിസ്ഥാനപരമായി ജാതി സ്വയമേ ഒരു സാംസ്കാരിക മൂലധനമായി പരിവർത്തിപ്പിക്കപ്പെടുന്ന ഒരു സാമൂഹ്യ സാഹചര്യമാണ് കേരളത്തിലുള്ളതെന്ന വ്യംഗ്യമായി സൂചിപ്പിക്കുകയാണ് ചാരുമാനത്തിലെ കുഞ്ഞാപ്പിയുടെ എതിർ വാദങ്ങൾ.പാർശ്വവൽക്കരണത്തിന് ഒരു സുപ്രധാന യുക്തിയായി പ്രവർത്തിക്കാൻ അതിന് പല സാമൂഹ്യ സാഹചര്യങ്ങളിലും സാധിക്കുന്നുണ്ട്.' പാരമ്പര്യം എന്ന കണ്ണിയിലേക്ക് നീളുന്ന ഈ മൂലധനരൂപം അനീതിയുടെ രൂപത്തിൽ താഴേക്കിടയിലുള്ള മനുഷ്യരുടെ മെച്ചപ്പെട്ട സാമൂഹ്യ പദവിയെ നിഷേധിക്കുന്നുണ്ട്. ഒരു സാമൂഹ്യ മണ്ഡലത്തിലെ ഘടനയിൽ അസമമായ വിഭവവിതരണത്തിന്റെ അടിസ്ഥാനവുംസാംസ്കാരിക മൂലധനമാണ്.

“ഞാനത്ര കൊല്ലവായി പിള്ളേച്ചന്റെ കൂടെക്കൂടീട്ട്.ഇന്നേവരെ എന്റതല്ലാത്തൊരു കാലണാനെലത്ത് കെടന്നാ ഞാനെടുക്കുന്ന കണ്ടിട്ടൊണ്ടോ.ഇല്ലല്ലോ.പിന്നെന്നാ എന്നോടൊരു വിശ്വാസക്കൊറവ്.” “അങ്ങനെ ചോയിച്ചാ....”.പിള്ളേച്ചന് ഉത്തരം മുട്ടി.”(പ്രിൻസ് അയ്മനം,ആഗസ്റ്റ് 7,2020). ഈ സംഭാഷണം വിശ്വാസം, സ്വത്ത്, ജാതി–വർഗ്ഗ ബന്ധങ്ങൾ എന്നിവ തമ്മിലുള്ള ആഴത്തിലുള്ള വൈരുദ്ധ്യങ്ങളെ വളരെ ലളിതമായ ഭാഷയിൽ തുറന്നു കാണിക്കുന്നതാണ്. ഇവിടെ സംസാരിക്കുന്നയാൾ തന്റെ ദാരിദ്ര്യവും അധഃസ്ഥിത സ്ഥാനവും ചൂണ്ടിക്കാണിച്ചുകൊണ്ട്, സ്വത്ത് കൈവശപ്പെടുത്താനുള്ള സാധ്യത തന്നെ ഇല്ലാത്ത ഒരാളോടുള്ള ‘വിശ്വാസക്കുറവ്’ എത്രത്തോളം അസംബന്ധമാണെന്ന് തെളിയിക്കുന്നു.പിള്ളേച്ചന് “ഉത്തരം മുട്ടി”

എന്ന വാചകം നിർണായകമാണ്. ഈ മൗനം നൈതിക പരാജയത്തിന്റെ സൂചനയാണ്. സ്വത്തില്ലാത്തവനോട് പോലും സംശയം പുലർത്തപ്പെടുന്ന എന്നത് വ്യക്തിഗത അനുഭവത്തിൽ നിന്നുള്ള സംശയം അല്ല. അത് വ്യക്തിയെ ലക്ഷ്യമിടുന്നില്ല. മറിച്ച് ഒരു സാമൂഹിക സ്ഥാനത്തെ ലക്ഷ്യമിടുന്നതാണ്. അധഃസ്ഥിതർ കുറ്റം ചെയ്തവരായിട്ടല്ല ചെയ്യാൻ സാധ്യതയുള്ളവരായിട്ടാണ് (potential offender) ഉപരിവർഗസമൂഹം കരുതുന്നത്. ഈ ബോധ്യത്തന്റെ അടിസ്ഥാനം ജാതിപദവിയാണ്.

ജാതിയെന്ന സാമൂഹ്യസ്ഥാപനം മേൽജാതിക്കാരനും കീഴാളനും അനുവദിക്കുന്ന സാമൂഹ്യപദവിയനുസരിച്ച് അവരുടെ വിഭവ വിനിയോഗത്തെ പരിമിതപ്പെടുത്തുന്നുണ്ട്. അതുകൊണ്ടാണ് അരികുവൽക്കരിക്കപ്പെട്ട സമൂഹങ്ങൾ സത്യസന്ധരും അധ്വാനശീലമുള്ളരും നല്ലനടപ്പുകാരുമായിട്ടും അവർക്ക് കൈവരാത്ത ആനുകൂല്യങ്ങൾ കുതന്ത്രവും അത്യാഗ്രഹവും കൈമുതലാക്കിയവരായാലും ഉപരിവർഗത്തിലെ പ്രതിനിധികൾക്ക് ലഭിക്കുന്നത്. അതിന്റെ മാനദണ്ഡം മൂല്യവ്യവസ്ഥയോ വ്യക്തിയുടെ ജീവിതമോ അല്ല മറിച്ച് തീർത്തും ജാതിപരമായ വർഗീകരണം മാത്രമാണെന്ന ശക്തമായ വാദമാണ് എഴുത്തുകാരൻ മുന്നോട്ടു വെയ്ക്കുന്നത്. ഇതേ ജാതിയാണ് സത്യസന്ധനായ കുഞ്ഞാപ്പിയെ കള്ളനും ചതിയനും പെണ്ണുപിടിയനുമാക്കിയത്. വാമൊഴിയിലൂടെ കേശുപിള്ള സൃഷ്ടിച്ചെടുക്കുന്ന പുലയന്റെ ചതിയുടെ ചരിത്രം വിശ്വസിക്കാനും പ്രചരിപ്പിക്കാനും അന്നാട്ടിലുവർക്ക് യാതൊരു ബുദ്ധിമുട്ടുമില്ല. മുഹമ്മ കള്ളുഷാപ്പിൽ കാണാറുള്ള കെട്ടിയോൻ ചത്ത മരയ്ക്കാത്തിപ്പെണ്ണിനോട് ബന്ധമുള്ള കുഞ്ഞാപ്പിയുടെ കെട്ടിച്ചമച്ച ചരിത്രം തുടങ്ങിവെച്ചത് പിള്ളേച്ചനാണ്. എന്നാൽ അത് നാട്ടുകാരുടെ കൂടി സംഭാവനയാൽ സിൽക്ക് ജുബ്ബയും സ്വർണമാലയുമിട്ട കുഞ്ഞാപ്പിയായി മാറി. അതുകേട്ടു കേശുപിള്ള ഭയപ്പെടുന്നുണ്ട്. സത്യം പുറത്തു വന്നാൽ പ്രത്യക്ഷപ്പെട്ടേക്കാവുന്ന പ്രതിരോധങ്ങളെക്കുറിച്ചുള്ള മേൽജാതിക്കാരന്റെ ഭയമാണ് ഇതിലൂടെ വ്യക്തമാവുന്നത്. ഇത് ചരിത്രത്തോടുള്ള ഭയം കൂടിയാണ്. അതിനെ മുൻകൂറായി പ്രതിരോധിക്കാനാണ് നുണകളെ പറഞ്ഞു പറഞ്ഞു വിശ്വസിപ്പിക്കുന്നത്. അതിന്റെ പരിണതഫലത്തെ പ്രതീകാത്മകമായി കഥാകൃത്ത് ആവിഷ്കരിക്കുന്നുണ്ട്. കുഞ്ഞാപ്പിയുടെ കുടുംബം അപ്രത്യക്ഷമാവുന്നു. ഇതു ചരിത്രപരമായ ഒരസാന്നിധ്യമാണ്. ദലിത് സമൂഹങ്ങളുടെ അധ്വാനവും ജീവിതവും മൂല്യവ്യവസ്ഥയും സംസ്കാരവും ആധിപത്യത്തിന്റെ സാമൂഹിക വ്യവഹാരങ്ങൾക്കകത്തെ ചരിത്രനിർമ്മിതിയിൽ അപ്രത്യക്ഷമാവുന്നതിന്റെ സൂചനകൾ കൂടിയാണിത്. എന്നാലത് ഒരു ജനനത്തോടെ വീണ്ടും പ്രത്യക്ഷപ്പെടുന്നു.

മേൽജാതികൾക്ക് കാർഷികമേഖലയിലുണ്ടായിരുന്ന പ്രഭുത്വം കൊണ്ട് നാട്ടിലെ ഇതര തൊഴിലുകൾ മോശമാണെന്ന ധാരണ രൂപപ്പെട്ടിരുന്നു. അതുകൊണ്ടാണ് മേൽജാതി പയ്യനായ കേശവപിള്ളയ്ക്ക് ചെയ്യാൻ പറ്റിയ തൊഴിലുകൾ ഇല്ലാതെ പോയത്. പിന്നെയുള്ളത് കച്ചവടമായിരുന്നു. ഇതു വ്യാപാരത്തിലെ ഇടനിലക്കാരെന്ന നിലയിൽ ഉയർന്നു വരുന്ന ഒരു മധ്യവർഗ്ഗസമൂഹത്തെക്കൂടി കേശുപിള്ളയിൽ കാണാൻ സാധിക്കും. ഏതുവിധേനയും സാമൂഹ്യാധികാരം കൈവശം വെയ്ക്കാനുള്ള സ്വതസിദ്ധമായ പ്രേരണയിലൂടെയാണ് അയാളിലെ ജാതിയെ കഥ അടയാളപ്പെടുത്തുന്നത്.

ഈ ലോകത്ത് എല്ലാം കച്ചവടം ചെയ്യാൻ സാധിക്കുമെന്ന അയാളുടെ ചിന്തയിലെ സ്ത്രീവിരുദ്ധതയെക്കൂടി ആവിഷ്കരിക്കുന്ന കഥാസന്ദർഭങ്ങൾ അനവധിയായി ആവിഷ്കരിക്കുന്നുണ്ട്. സൂക്ഷ്മമായി പരിശോധിച്ചാൽ എല്ലായിടത്തും അരികുവൽക്കരിക്കപ്പെടുന്ന സ്ത്രീസ്വത്വത്തെ കഥാകാരൻ ഉപരിവർഗ്ഗത്തിന്റെ ജീവിത സന്ദർഭത്തിൽ നിന്നുകൊണ്ടും ദലിത് പരിസരങ്ങളിൽ നിന്നുകൊണ്ടും വ്യതിരിക്തമായി ആലോചിക്കുന്നുണ്ട്. ലക്ഷ്മിക്കുട്ടിയെന്ന കഥാപാത്രത്തിലൂടെ ലൈംഗികമായും സാമൂഹികമായും സാമ്പത്തികമായും ആധിപത്യത്തിന്റെ ഇരകളാക്കപ്പെടുന്ന സ്ത്രീകളുടെ അടഞ്ഞ ജീവിതത്തെയാണ് ആവിഷ്കരിക്കുന്നത്. തീപിടിച്ച കമ്പ

പ്പുരയായി കേശുപിള്ളയും പച്ചമണ്ണിൽ മെനഞ്ഞ കമ്പത്തറയായി വെന്തുനീറിയും കിടന്ന ലക്ഷ്മിക്കുട്ടിയും അടുത്ത തലമുറയെ ഉൽപാദിപ്പിക്കാനുള്ള ലൈംഗികോപകരണം മാത്രമായി കാണുന്ന മനോഭാവത്തെ വെളിവാക്കുന്നുണ്ട്. സ്ത്രീയുടെ വൈകാരികതലത്തിൽ കാലങ്ങളായി അനുഭവിച്ച അവഗണനകൾ ഉറഞ്ഞുകൂടി കിടക്കുന്നതിനാലാണ് അവൾക്ക് സന്തോഷകരമായ പ്രേരണയുടെ സ്ഥാനത്ത് ഉള്ളുനീറ്റുന്ന ഇടപാടായി ലൈംഗികാനുഭവം മാറുന്നത്. അത് വ്യക്തിത്വമുള്ള സ്ത്രീയെന്ന നിലയിലേയ്ക്ക് ലക്ഷ്മിക്കുട്ടിയെ ആലേഖനം ചെയ്തതിന്റെ ഫലമാണ്. സാമ്പ്രദായികമായ ഒരു സ്ത്രീ സങ്കൽപ്പത്തിന്റെ ഉടച്ചു വാർക്കലാണ് ഇതിലൂടെ കഥാകാരൻ നിർവഹിക്കുന്നത്. കാരണം തനിക്കായി പണം ചെലവാക്കുകയും സ്നേഹമെന്ന വ്യാജേന സന്താനലബ്ധിയെന്ന ഒറ്റ ഉദ്ദേശത്തിൽ സമീപിക്കുകയും ചെയ്യുന്ന ഒരു പുരുഷനോട് തോന്നുന്ന വിധേയത്വം ലക്ഷമിക്കുട്ടിയിൽ കാണാൻ സാധിക്കില്ല. അടിമത്തത്തെ പ്രതിരോധിക്കുന്ന ഒരു കഥാപാത്രമെന്ന നിലയിൽ വികസിക്കാൻ അവർക്ക് സാധിക്കുന്നില്ലെങ്കിലും തനിക്കുമേലുള്ള പുരുഷാധിപത്യത്തെ അവൾ തിരിച്ചറിയുന്നുണ്ട്. അതേസമയം കുഞ്ഞാപ്പിയുടെ ഭാര്യ ചിന്നയാവട്ടെ ഭർത്താവിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകളിൽ ജീവിക്കുമ്പോഴും ശക്തയായ ഒരു കഥാപാത്രമായി നിലകൊള്ളുന്നു. കഞ്ഞാപ്പിയെക്കുറിച്ചു ഉള്ളുലക്കുന്ന കഥകൾ കേട്ടിട്ട് അതിന്റെ അരിശം കരപ്പൻ പിടിച്ച കുഞ്ഞിന്റെ ദേഹത്ത് തീർക്കുന്ന ചിന്നയെയാണ് കാണുന്നത്. ഇത്തരം സന്ദർഭങ്ങളിൽ ബോധക്ഷയം വരുകയോ ആത്മഹത്യ ചെയ്യുകയോ നാടുവിട്ടു പോവുകയോ ചെയ്യുന്ന സ്ത്രീകളെ മാത്രം കണ്ടു ശീലിച്ച മലയാള സാഹിത്യത്തിന് ചിന്ന ഒരു അദ്ഭുത വ്യക്തിത്വമായിരിക്കാം. ജീവിതത്തിന്റെ പരാധീനതകളിൽ തങ്ങി നിൽക്കാതെ നിരുപാധികം മുന്നോട്ടു നീങ്ങുന്ന,പോരാടുന്ന സ്ത്രീകളെക്കൂടി ഉൾക്കൊള്ളാൻ ശേഷിയുള്ള ഒരിടം മലയാളത്തിൽ ഉണ്ടായി വരുന്നുവെന്നത് പ്രധാനമാണ്. ഏതു തരത്തിലുള്ള പ്രമേയങ്ങൾ കൈകാര്യം ചെയ്യുമ്പോഴും അത് അടിസ്ഥാനപരമായി സ്ത്രീപക്ഷമായിരിക്കാനുള്ള മര്യാദയും അരികുവൽക്കരിക്കപ്പെടുന്നവരുടെ വിമോചനത്തെ വിഭാവനം ചെയ്യാൻ കഴിയുന്ന വ്യവഹാരവുമായി ചെറുകഥാസാഹിത്യത്തെ മാറ്റുന്നതിൽ പ്രിൻസ് അയ്മനത്തിന്റെ ആഖ്യാനത്തിന് സവിശേഷമായ സ്ഥാനമുണ്ട്.

വിയർക്കാതെ കിട്ടിയ വറ്റിൽ നിന്നും ഏമ്പക്കം വരില്ലെന്ന് അപ്പനെ ഉദ്ദരിച്ചുകൊണ്ട് കുഞ്ഞാപ്പി പറയുന്നുണ്ട്. എന്നാൽ എല്ലാകാലത്തും വിയർക്കാതെ ശീലിച്ച കേശുപിള്ളയുടെ ജാതിയ്ക്ക് അങ്ങനെയൊരു തത്വവും ധാരണയിലില്ല. അതുകൊണ്ട് തന്നെ മുതലെടുക്കുക,ചൂഷണം ചെയ്യുക എന്നിവ പ്രമാണങ്ങളാക്കിയ അധികാര സമൂഹത്തിന്റെ പ്രതിനിധിയെന്ന നിലയിൽ അങ്ങനെയെന്തെങ്കിലുമൊന്ന് ചരിത്രപരമായി ഉരുത്തിരിഞ്ഞു വന്ന ഏതെങ്കിലുമൊരു മൂല്യബോധം അയാളെ പിന്തിരിപ്പിക്കാൻ ഉണ്ടായില്ല എന്നതും ശ്രദ്ധേയമാണ്. സാമാന്യമായി മനുഷ്യർക്ക്, അതിൽ തന്നെ വിശേഷിച്ചു കഷ്ടപ്പാടുകളും ദുരിതവുമുള്ള ആളുകൾക്കു സൗജന്യമായി കൈവരുന്ന മുതലിന്മേലുണ്ടാവുന്ന ആഗ്രഹം അവരുടെ മനസ്സിലെ വൈകൃതങ്ങളെ പുറത്തു കൊണ്ടുവന്നേക്കാം. എന്നാൽ അതിൽ നിന്നും മനുഷ്യരെ പിന്തിരിപ്പിക്കുന്ന മൂല്യങ്ങളാണ് തലമുറകളായി മനുഷ്യരുടെ വ്യവഹാരങ്ങളിലൂടെ ഊറിക്കൂടുന്ന സംസ്കാരമായി പരിണമിക്കുന്നത്. കുഞ്ഞാപ്പിയടക്കമുള്ള പുലയസമൂഹത്തെ സംബന്ധിച്ച് അത് അധ്വാനത്തിന്റെ മഹത്വമാണ്,അല്ലാതെ എളുപ്പവഴികളല്ല. കേശുപിള്ളയെന്ന മേൽജാതിക്കാരനെ സംബന്ധിച്ചു അത്തരമൊരു വിയർപ്പിനു പ്രസക്തിയില്ല. കാലങ്ങളായുള്ള ചൂഷണങ്ങൾക്ക് നേതൃത്വം നൽകിയ മനുഷ്യത്വരഹിതമായ ആധിപത്യമല്ലാതെ അയാളിൽ മറ്റൊന്നും ശേഷിച്ചിട്ടില്ല. അതുകൊണ്ടാണ് കൂടെയുള്ള ഒരാളെ കൊന്നിട്ടും അയാളിൽ അതിന്റെ കുറ്റബോധം പ്രവർത്തിക്കാത്തത്. ഈ രണ്ടു കഥാപാത്രങ്ങൾ തമ്മിലുള്ള സംവാദാത്മകമായ സന്ദർഭങ്ങളിൽ ജാതിയുടെ സാമൂഹിക ജീവിതത്തെ സംബന്ധിച്ച ധാരണകളെ കഥ സംഗ്രഹിക്കുന്നുണ്ട്. തുടർന്നു കാണുന്നത് പ്രതിനായകനെന്ന നിലയിലുള്ള കുഞ്ഞാപ്പിയുടെ വ്യക്തിത്വത്തെ

ദേശഭാവനയോട് ചേർത്തു വെയ്ക്കാനുള്ള കേശുപിള്ളയുടെ ബോധപൂർവ്വമായ ശ്രമമാണ്. അവിടെ മുതൽക്കാണ് കഥ ആധിപത്യത്തിന്റെ ഏകപക്ഷീയമായ ചരിത്രനിർമ്മിതിയെ ആഖ്യാനം ചെയ്യുന്നത്.

കുഞ്ഞാപ്പിയുടെ ആറാമത്തെ വിരൽ തനിക്കു നേരെ ചൂണ്ടുന്നത് കേശുപിള്ള റാന്തലിന്റെ വെട്ടത്തിൽ കാണുന്നുണ്ട്. അയാളുടെ കെട്ടിവരിയലുകൾക്ക് പുറത്താണ് അധികമുള്ള ആ വിരൽ. അത് വീണ്ടും പ്രത്യക്ഷപ്പെടുന്നത് കേശുപിള്ളയ്ക്ക് ജനിച്ച കുട്ടിയുടെ കൈയ്യിലാണ്. മടക്കി പിടിച്ച അഞ്ചുവിരലുകൾക്കൊടുവിൽ നിവർന്നു നിൽക്കുന്ന ആറാമത്തെ വിരൽ. ഈയൊരു ജനനം കുഞ്ഞാപ്പിയുടെ പുനർജന്മനാണെന്ന് പ്രഥമ വായനയിൽ തോന്നാം. ആറാമത്തെ വിരൽ ചില സംസ്കാരങ്ങളിൽ നല്ലതായും ഭാഗ്യമായും പറയാറുണ്ട്. എന്നാൽ മറ്റു ചിലതിൽ ശാപമെന്നും വിശ്വസിച്ചു പോരുന്നുണ്ട്. ആറാമത്തെ വിരൽ ഒരു ശാപമാണെന്ന് വിശ്വസിക്കുന്ന ഒരു സംസ്കാരത്തിന്റെ ഒരു ഉദാഹരണം റൊമാനി ജനതയാണ്(Isabel Fonseca ,2003,പുറം 63-64). ഇന്ത്യൻ ഉപഭ്രഖണ്ഡത്തിൽ നിന്ന് ഉത്ഭവിച്ച് നൂറ്റാണ്ടുകൾക്ക് മുമ്പ് യൂറോപ്പിലേക്കും ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും കുടിയേറിയ ഒരു വംശീയ വിഭാഗമാണ് റൊമാനി ജനത. റോമാനി ജനതയ്ക്ക് സമ്പന്നമായ സംസ്കാരവും ചരിത്രവുമുണ്ട്, എന്നാൽ അവർ നൂറ്റാണ്ടുകളായി വിവേചനവും പീഡനവും നേരിട്ടിട്ടുണ്ട്. റൊമാനികൾ വിവേചനം കാണിക്കുന്ന ഒരു മാർഗം അവർ ശപിക്കപ്പെട്ടവരാണെന്ന വിശ്വാസമാണ്. ഈ വിശ്വാസം പലപ്പോഴും ആറാമത്തെ വിരൽ അല്ലെങ്കിൽ ഇരുണ്ട ചർമ്മം പോലെയുള്ള ശാരീരിക സവിശേഷതകളെ അടിസ്ഥാനമാക്കിയുള്ളതാണ്. ആറാമത്തെ വിരൽ ഒരു ശാപമാണെന്ന വിശ്വാസം ഹാനികരമാണ്, കാരണം അത് റൊമാനിയോടുള്ള വിവേചനത്തിനും അക്രമത്തിനും ഇടയാക്കും. ഉദാഹരണത്തിന്, ആറാമത്തെ വിരലുകളുള്ള റൊമാനി കുട്ടികളെ സ്കൂളിൽ കളിയാക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്യാം. ആറാമത്തെ വിരലുകളുള്ള റൊമാനി മുതിർന്നവർക്ക് ജോലിയോ പാർപ്പിടമോ കണ്ടെത്തുന്നത് ബുദ്ധിമുട്ടായേക്കാം. ആറാമത്തെ വിരൽ ശാപമാണെന്ന വിശ്വാസത്തിന് ശാസ്ത്രീയമായ തെളിവുകളൊന്നുമില്ലെന്ന് ഓർക്കണം. പോളിഡാക്റ്റിലി എന്നത് ഒരു ജനിതക അവസ്ഥയാണ്, ഇത് ഓരോ കൈയിലും അഞ്ചിൽ കൂടുതൽ വിരലുകളോ അല്ലെങ്കിൽ ഓരോ കാലിലും അഞ്ച് വിരലുകളിൽ കൂടുതലോ ഉള്ള ഒരു വ്യക്തിയെ ജനിപ്പിക്കുന്നു. അത് നിർഭാഗ്യത്തിന്റെയോ മറ്റെന്തെങ്കിലും ലക്ഷണമോ അല്ല. പക്ഷെ കഥയോട് ബന്ധപ്പെടുത്തുമ്പോൾ ആറാമത്തെ വിരൽ ജാതീയമായ വിവേചനത്തിന്റെയും പീഡനത്തിന്റെയും പ്രതീകമാണ്. അതു കുഞ്ഞാപ്പിയുടെ നിവർന്നു നിൽക്കുന്ന ഒരു ചോദ്യചിഹ്നമായി മാറുന്നു. സ്വാഭാവികമായും കേശുപിള്ള ഈ വിരൽ കാണുകയാണെങ്കിൽ സന്തോഷിക്കുകയില്ലെന്നു മാത്രമല്ല അയാളിൽ അകാരണമായ ഭയത്തിനും സാധ്യതയുണ്ട്. അത് കുഞ്ഞാപ്പിയുടെ കുഞ്ഞാണോ എന്നു സംശയം തോന്നാവുന്ന വളരെ ശ്രദ്ധമായ ആലോചനകൾക്ക് വക തരുന്ന ചില സന്ദർഭങ്ങളും കഥയിലുണ്ട്. ആർത്തവത്തിന്റെ കണക്കു അന്വേഷിക്കുമ്പോഴുള്ള ലക്ഷ്മിക്കുട്ടിയുടെ ആശങ്ക, ലക്ഷ്മിക്കുട്ടിയെ കൂടെ പൊറുപ്പിക്കാൻ പറയുമ്പോൾ കുഞ്ഞാപ്പി നീട്ടിത്തുപ്പിയ മുറുക്കാൻ ചോര എന്നെഴുതിയ പോലെ എന്ന പ്രസ്താവന, കുഞ്ഞാപ്പിയെയും കേശുപിള്ളയെയും മാത്രമേ കാണാറുള്ളൂ എന്ന പ്രസ്താവന ഇതെല്ലാം അവ്യക്തമായ സൂചനകളാണ്. എന്നാലത് വേണ്ടത്ര വ്യക്തമല്ല. എന്നാൽ അവിടേയ്ക്ക് കഥയെ ദീർഘിപ്പിക്കാതെ ഈ ആറാം വിരലിന്റെ ശാസ്ത്രീയമായ വശമാണ് പരിശോധിക്കുന്നതെങ്കിൽ അത് ശാപമാണെന്ന വിശ്വാസത്തിന് ശാസ്ത്രീയമായ തെളിവുകളൊന്നുമില്ലെന്ന് മനസ്സിലാക്കാം. പോളിഡാക്റ്റിലി എന്നത് ഒരു ജനിതക അവസ്ഥയാണ്, ഇത് ഓരോ കൈയിലും അഞ്ചിൽ കൂടുതൽ വിരലുകളോ അല്ലെങ്കിൽ ഓരോ കാലിലും അഞ്ച് വിരലുകളിൽ കൂടുതലോ ഉള്ള ഒരു വ്യക്തിയെ ജനിപ്പിക്കുന്നു. അത് നിർഭാഗ്യത്തിന്റെയോ മറ്റെന്തെങ്കിലും ലക്ഷണമോ അല്ല. അങ്ങനെയാണെങ്കിൽ അത് കുഞ്ഞാപ്പിയുടെ കുഞ്ഞായിരിക്കാം. അയാൾ കുഴിച്ചു മൂടാൻ ശ്രമിച്ച കീ

ഴാള ചരിത്രത്തിന്റെ പൊങ്ങിവരവുമായിരിക്കാം.

ഉപസംഹാരം

പ്രിൻസ് അയ്മനത്തിന്റെ ചാരുമാനം, ദലിത് സമൂഹത്തിന്റെ ജീവിതാനുഭവങ്ങൾക്ക് ചരിത്രത്തിൽ ഇടമില്ലാതെ പോവുന്നത് മാത്രമല്ല മുന്നോട്ടുവയ്ക്കുന്ന പ്രശ്നം. മറിച്ച് അതിനെ അധീശത്വ വ്യവഹാരങ്ങൾ അതിനെ ദുർവ്യാഖ്യാനിക്കുകയും ചെയ്യുന്നുണ്ട് എന്നതാണ്. കഥയുടെ പല മുഹൂർത്തങ്ങളും അതിന്റെ സാമൂഹ്യവും സാംസ്കാരികവും ചരിത്രപരവുമായ സന്ദർഭങ്ങളിലേയ്ക്ക് നിവർന്നു നിൽക്കുകയും ജാത്യനുഭവങ്ങളുടെ ആഖ്യാനത്തെ പ്രതിരോധത്തിന്റെ ചരിത്രമാക്കി മാറ്റുകയും ചെയ്യുന്നുണ്ട്. ജാതിയെ സംബന്ധിച്ച സംവാദങ്ങളും സംഘർഷങ്ങളും ലിംഗനീതിനിഷേധവുമൊക്കെ കഥാശരീരത്തിലുടനീളം സാമാന്യവത്കരിക്കപ്പെട്ട കുട്ടനാടിന്റെ ചരിത്രത്തെ ദലിത് കർതൃത്വത്തിൽ നിന്നുകൊണ്ട് പ്രശ്നവത്കരിക്കുന്നുണ്ട്. കീഴാളസമൂഹത്തിന്റെ അധ്വാനങ്ങളുടെയും ചെറുത്തുനിൽപ്പുകളുടെയും ചരിത്രങ്ങളാൽ അനുഭവങ്ങളിൽ നിന്നും ഊറിക്കൂടിയ ഭാവനാത്മക ഇടങ്ങളും ആധിപത്യത്തിന്റെ ഇടങ്ങളും മുഖാമുഖം വരുന്ന ആഖ്യാനമെന്ന നിലയിൽ ചാരുമാനത്തിനു വലിയ പ്രാധാന്യമുണ്ട്. ഇവിടെ സ്ഥലം ഒരു മൂകസാക്ഷിയല്ല. മറിച്ച് കീഴാളരുടെ ചരിത്രപരമായ മൗനത്തെ മറികടക്കുന്ന ഒരു സജീവ സാന്നിധ്യമാണ്. ആരും കാണില്ലെന്നും കേൾക്കില്ലെന്നും ഉറപ്പിച്ച സംഭവങ്ങൾക്കും കഥയിൽ ദൃക്സാക്ഷികളുണ്ട്. അതിന്റെ ആഖ്യാനം ചരിത്രത്തിന്റെ നിഗൂഢതകളിലേക്കുള്ള റാന്തലിന്റെ വെളിച്ചമാണ്. നിവർത്തിപിടിച്ച ആറാമത്തെ വിരൽ പോലെ പുറത്തു വരാത്ത സത്യങ്ങൾക്ക് നേരെ ചൂണ്ടുന്ന ഉന്നം തെറ്റാത്ത കീഴാളപക്ഷചരിത്രത്തിലേയ്ക്ക് ഊന്നലുകൾ കൊടുത്ത സർഗാത്മകവും സംഘർഷഭരിതവുമായ സൃഷ്ടിയാണ് പ്രിൻസ് അയ്മനത്തിന്റെ ചാരുമാനം.

പിൻകുറിപ്പുകൾ

മാതൃഭൂമി അക്ഷരോത്സവത്തിൽ സണ്ണി എം.കപിക്കാടാണ് വ്യവസ്ഥാപരമായ പുറന്തള്ളൽ/ അരികുവൽക്കരണം എന്ന ആശയം പ്രയോഗിക്കുന്നത്.'അകത്തില്ല പുറത്തുണ്ട് ' ,MBIFL Jan 30-Feb 2, 2020

The three words space, place, and environment encompass much of what geographers do. Their meaning has been contested within geography over the years in fierce debates (particularly in the radical journal Antipode) over, for example, how and why localities and places might be said to matter and how properly to view relations between place and space",David Harvey,Spaces of Capital-Towards a Critical Geography,Routledge,New York,ISBN 0-415-93240-8 - ISBN 0-415-93241-6,2001,P 185

"Space cannot be defined only on the basis of geography but the definition need the support of various other disciplines in humanities and social science".Dr.Krishanan Romina(Asst. Proffesor JNU),Lecture on Space and Territory,Consortium for educational communication, An Inter University Centre of UGC on Electronic Media,2017

കെ.കെ. കൊച്ച്/ ഡോ. അജയ് ശേഖർ(അഭിമുഖം),ചാഞ്ചാടുന്ന ബുദ്ധിജീവി,കെ .കെ. കൊച്ചിന്റെ ജീവിതം,ഫ്രീ തിങ്കേഴ്സ് ഫോറം,സെപ്റ്റംബർ 2021,https://youtu.be/HvBBU40S3sA

R Krishnakumar, DH News Service, Thiruvananthapuram, FEB 01 2018

https://www.deccanherald.com/displaying-artists-body-near-temple-at-kochi-sets-off-outrage-660576.html

ഗ്രന്ഥസൂചി

അനിൽകുമാർ ടി കെ, ദലിത് സാഹിത്യം ചരിത്രവും വർത്തമാനവും, കേരള

സാഹിത്യ അക്കാദമി, തൃശ്ശൂർ, 2018

അനിൽ കെ എം, ശരീരം ജാതി അധികാരം അസ്പൃശ്യതയുടെ പ്രാതിഭാസികത,

പ്രോഗ്രസ് ബുക്സ്, കോഴിക്കോട് ,2018

കൊച്ച് കെ.കെ ,വായനയുടെ ദലിത്പാഠം, ടുഡേ ബുക്ക്സ്,തിരുവനന്തപുരം,2023

കൊച്ച് കെ.കെ,ദലിതൻ,ഡി സി ബുക്ക്സ് ,കോട്ടയം,2019

ഗെയിൽ ഓംവേദ്, ദളിത് ചിന്തകൾ മർദ്ദിത ജനതയുടെ ചരിത്രം സംസ്കാരം വർത്തമാനം, മാതൃഭൂമി ബുക്സ്, കോഴിക്കോട് ,2010

ഗംഗ കാവാലം,കുട്ടനാടിന്റെ ചരിത്രം,ടുഡേ ബുക്ക്സ്,തിരുവനന്തപുരം,ആഗസ്റ്റ് 2023

ജോബിൻ ചാമക്കാല (എഡി), ദളിത് സാഹിത്യം വിചാരം വായന, ആത്മാ ബുക്ക്സ്, കോഴിക്കോട്, 2021

പ്രദീപൻ പാമ്പിരിക്കുന്ന്, പ്രദീപൻ പാമ്പിരിക്കുന്നിന്റെ ലേഖനങ്ങൾ, സുനിൽ പി ഇളയിടം, അനിൽ കെ എം (സമാഹരണം ,ആമുഖം), കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ 2020

പുരുഷോത്തമൻ നായർ കെ സി ദലിത് സാഹിത്യ പ്രസ്ഥാനം,കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2008

രാജേഷ്.കെ.എരുമേലി,ദലിത് ,ചരിത്രം സംസ്കാരം സാഹിത്യം,ക്വവൈവ് ടെക്സ്റ്റ്, മാവേലിക്കര,നവംബർ 2022

രേണുകുമാർ എം.ആർ,മുഴുസൂര്യനാകാനുള്ള ശ്രമങ്ങൾ,സൈകതം ബുക്സ്,കോതമംഗലം,2013.

രവിചന്ദ്രൻ കെ.പി(എഡി),അപരഹിംസയുടെ ആട്ടപ്രകാരങ്ങൾ,ഐ ബുക്ക്സ്, കോഴിക്കോട്,2023,

സനൽ മോഹൻ പി., കീഴാളപക്ഷ ചരിത്രവും വീണ്ടെടുപ്പിന്റെ പാഠങ്ങളും, പ്രസക്തി ബുക്സ് പത്തനംതിട്ട, 2021

സന്തോഷ് ഒ.കെ ,അസാന്നിധ്യങ്ങളുടെ പുസ്തകം,ഡിസി ബുക്സ്,കോട്ടയം,2021,

സന്തോഷ് ഒ.കെ,അനുഭവങ്ങൾ അടയാളങ്ങൾ:ദലിത്.ആഖ്യാനം.രാഷ്ട്രീയം,അദർ ബുക്സ്, കോഴിക്കോട്,2022

ഇംഗ്ലീഷ്

Mary Douglas,Purity and Danger: An Analysis of Pollution and Taboo,Routledge,UK,1966

Arjun Dangle(Edi),Poisoned Bread:Translations from Modern Marati Dalit Literature,Orient Longman,Mumbai

Soja,Edward,Thirdspace: Journeys to Los Angeles and Other Real-and-Imagined Places,BlackWell Publishers,UK 1996,P 65

ആനുകാലികങ്ങൾ

അയ്മനം ജോൺ / എസ് ഹരീഷ് /മോഡറേറ്റർ അജു കെ നാരായണൻ,കുട്ടനാടൻ

വെട്ടത്തിൽ ഒരു വട്ടമേശ-അയ്യനം ജോൺ , എസ്. ഹരീഷ്,ദേശാഭിമാനി,ഫെബ്രുവരി 7,2023

ഐജാസ് അഹമ്മദ്/ വിജയ് പ്രഷാദ്,അംബേദ്കർ ഉൾക്കാഴ്ചയുള്ള വിമർശകൻ, മാതൃഭൂമി ആഴ്ചപ്പതിപ്പ്,മെയ് 9,2021

കൊച്ച് കെ.കെ,ഇപ്പോൾ ഇടപെട്ടില്ലെങ്കിൽ ഈ സമരം തോൽക്കും, മാതൃഭൂമി ആഴ്ചപ്പതിപ്പ്,2013 ജൂലൈ 7

കൊച്ച് കെ.കെ,അയ്യങ്കാളി ലഹളക്കാരനോ ജ്ഞാനിയോ?,മാതൃഭൂമി ആഴ്ചപ്പതിപ്പ്, സെപ്റ്റംബർ 21,2014

മാത്യു സാം,അന്നദിനജീവിത പരികല്പനകളും സമൂഹവും;ഹെൻറി ലഫേബേവിന്റെ ചിന്താപദ്ധതിയെ മുൻനിർത്തിയുള്ള അന്വേഷണം,സമീക്ഷ,സോഷ്യോളജി ഗവേഷണ ജേർണൽ,വാല്യം 5,2021-2022

മീര വേലായുധൻ/ കെ.പി സേതുനാഥ്,കായൽ സമ്മേളനവും ഹിന്ദുത്വവും ,മാതൃഭൂമി ആഴ്ചപതിപ്പ്,ഫെബ്രുവരി 23,2014

പ്രിൻസ് അയ്യനം,പൊതിച്ചോറ് നേർച്ച,മലയാളം വാരിക,സെപ്റ്റംബർ 22,2019

പ്രിൻസ് അയ്യനം,ചാരുമാനം,സമകാലിക മലയാളം വരിക,ആഗസ്റ്റ് 7,2020

7

കീഴാളസ്ത്രീ: സ്വത്വം ശരീരം ലൈംഗികത

ഡോ. ധന്യ പി.ഡി.
അസിസ്റ്റന്റ് പ്രൊഫസർ, കെ. കെ. ടി. എം. ഗവ. കോളേജ്, പുല്ലൂറ്റ്

പ്രബന്ധസംഗ്രഹം

സാംസ്കാരിക വ്യവഹാരമെന്ന നിലയിൽ തീരദേശത്തെ കീഴാളസ്ത്രീജീവിതങ്ങളെ സാഹിത്യം ആവിഷ്കരിച്ചത് എങ്ങനെയെന്ന അന്വേഷണം സമകാലിക പ്രസക്തമാണ്. തീരദേശത്തെ സാംസ്കാരികസ്വത്വത്തെ, സ്ത്രീലൈംഗികതയുമായി ബന്ധപ്പെട്ട സങ്കൽപ്പനങ്ങളെ മുൻനിർത്തി പുനർനിർമ്മിക്കാനുള്ള ശ്രമങ്ങൾ സാഹിത്യകൃതികൾ നടത്തുന്നത് കാണാം. തീരദേശ സ്ത്രീപ്രതിനിധാനം എപ്രകാരമാണ് സാഹിത്യത്തിൽ കടന്നുവരുന്നതെന്ന അന്വേഷണമാണ് തിരഞ്ഞെടുത്ത നോവലുകളെ ആസ്പദമാക്കി പ്രബന്ധത്തിൽ നടത്തുന്നത്.

താക്കോൽവാക്കുകൾ
കീഴാളസ്ത്രീ, സ്വത്വം, ശരീരം, ലൈംഗികത, കീഴാളകർതൃത്വം

ആമുഖം

മതാധിപത്യവും പുരുഷാധിപത്യവും നിറഞ്ഞുനിൽക്കുന്ന വ്യവസ്ഥിതി, അതിന്റെ വ്യത്യസ്ത വ്യവഹാരങ്ങളായ സാഹിത്യം,സിനിമ മുതലായവയിലൂടെയെല്ലാം നിർമ്മിച്ചെടുത്തതാണ് സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീസ്വത്വം. കൃത്രിമമായി സൃഷ്ടിച്ചെടുക്കപ്പെട്ട ഈ സ്ത്രീ ബിംബങ്ങൾ സാംസ്കാരികമായ മൂല്യബോധങ്ങൾ ഉൾച്ചേർന്നവയാണ്. ഇത്തരം നിർമ്മിതികളെ മാതൃകകളാക്കിക്കൊണ്ടാണ് സ്ത്രീപ്രതിനിധാനം സാഹിത്യത്തിലും സജീവമായത്. ഈ സാഹചര്യത്തിൽ തീരദേശത്തെ കീഴാള സ്ത്രീപ്രതിനിധാനത്തിന്റെ സ്വഭാവമെന്തെന്ന അന്വേഷണം ചരിത്രത്തിൽ സമാനാവസ്ഥയിൽ പുലരുന്ന സ്ത്രീയവസ്ഥകളെക്കുറിച്ചുകൂടിയായിത്തീരുന്നുണ്ട്.

'കടൽക്കാക്കകളി'ലെ പാതിവ്രത്യസങ്കല്പം

സ്ത്രീകളുടെ 'ശാരീരികശുദ്ധി'യുമായി ബന്ധപ്പെട്ട സങ്കല്പങ്ങളിലൂന്നിയുള്ള മൂല്യബോധത്തിന് തീരദേശസാഹിത്യം അമിതപ്രാധാന്യം കല്പിക്കുന്നുണ്ട്. ജോസഫ് പനയ്ക്കലിന്റെ

'കടൽകാക്കകൾ' എന്ന നോവലിൽ കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് അപകടം സംഭവിക്കുന്നത് 'പാതിവ്രത്യം' കാത്തുസൂക്ഷിക്കാത്ത സ്ത്രീകൾ കാരണമാണെന്ന ആരോപണമുണ്ട്. ഒരു തൊഴിലാളി കടലിൽ വീണ് മരിച്ചപ്പോൾ പ്രസ്തുത നോവലിലെ സ്ത്രീകഥാപാത്രങ്ങളുടെ സംഭാഷണം ഇപ്രകാരമാണ്. "വീട്ടിലിരിക്കുന്ന പെണ്ണുങ്ങൾക്കു ശുദ്ധിയില്ലാണ്ടാകുമ്പോഴാണ് കടലീപ്പോണ ആണുങ്ങൾക്ക് ഇത്തരം ആപത്തുണ്ടാകണേന്നാ കാർന്നോന്മാരു പറഞ്ഞിട്ടൊള്ളത്. ഒന്നോർത്താ ആ വിശ്വാസങ്ങള് നല്ലതാണ്. അതൊക്കെ ഇല്ലാണ്ടായതാ ഇന്നത്തെ കൊഴപ്പം" (1998:50). സമൂഹത്തിൽ സദാചാരം പുലരുമെങ്കിൽ അന്ധവിശ്വാസമാണെങ്കിൽത്തന്നെ അവയെല്ലാം പാലിക്കപ്പെടുന്നത് നല്ലതാണെന്ന പൊതുമണ്ഡലത്തിന്റെ ബോധ്യം തന്നെയാണ് ഈ നോവലും പങ്കുവയ്ക്കുന്നത്. 'പാപത്തിന്റെ ശമ്പളം മരണമാണ്' എന്ന് നോവലിൽ മറ്റൊരിടത്തും സൂചനയുണ്ട്. വീട്ടിലിരിക്കുന്ന പെണ്ണുങ്ങളുടെ 'ചാരിത്ര്യ ശുദ്ധി'യെ മാത്രം ആശ്രയിച്ചാണ് കടലിൽ പോകുന്ന പുരുഷന്മാരുടെ ആയുസ്സിരിക്കുന്നതെന്ന അന്ധവിശ്വാസത്തെ ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറുകളിലെഴുതിയ ഈ നോവലും പിന്താങ്ങുന്നുവെന്നത് നിലനില്ക്കുന്ന പുരുഷകോയ്മാവ്യവസ്ഥകളെത്തന്നെ പിൻപറ്റലാണ്. കാലഹരണപ്പെട്ട ഇത്തരം ബോധ്യങ്ങളിൽനിന്ന് ഒരിഞ്ചുപോലും മുന്നോട്ട് പോകാൻ നോവലിന് കഴിയുന്നുമില്ല.

സദാചാരചിന്ത: 'വലക്കാരി'ൽ

സാറാതോമസിന്റെ 'വലക്കാർ' എന്ന നോവലിലും കടപ്പുറത്തിന്റെ സദാചാരസങ്കല്പങ്ങളെക്കുറിച്ച് നിലനില്ക്കുന്ന മിത്ത് പ്രവർത്തിക്കുന്നുണ്ട്. "പത്തു പതിനാറു വയസ്സാകുമ്പോൾതന്നെ പെണ്ണിനെ ഒരാണിന്റെ കൈയിൽ ഏല്പിച്ചിരിക്കണം. തൊറയിലെ ഒരു ചട്ടമാണിത്. കടലിൽ പോകുന്ന ചെറുവാല്യക്കാരെ അവർ വഴിതെറ്റിച്ചുകൂടാ. തൊറേല് പെണ്ണുങ്ങൾ പിഴച്ചാൽ കടലിൽ പോകുന്നവർക്കാണാപത്ത് എന്നു പണ്ടുള്ളോരു പറയുന്നതിൽ കാര്യമുണ്ട്" (1994:16). ഈ വിശ്വാസപ്രമാണത്തെ മുറുകെ പിടിച്ചുകൊണ്ട്, 'കടൽ മുടിയാതിരിക്കാനായി തന്റെ മകളെ അവളുടെ ഇഷ്ടം നോക്കാതെ ഒരാൾക്ക് വിവാഹം ചെയ്തുകൊടുക്കുന്നുണ്ട്, നോവലിലെ കഥാപാത്രമായ ഫിലോ. കടൽ 'മുടിയാതിരി'ക്കാനായി, സ്ത്രീകളുടെ സ്വാതന്ത്ര്യത്തെയും കാമനകളെയും തടവിലിടുന്ന, നിലനിൽക്കുന്ന സാമൂഹ്യവ്യവസ്ഥ ഉല്പാദിപ്പിച്ച ബോധ്യങ്ങളെ പിൻപറ്റുകയാണ് ഈ നോവലും. സദാചാരലംഘനം നടത്തുന്നവർക്ക് കടുത്ത ശിക്ഷ വിധിക്കുന്നതും നോവലിൽ കാണാം. വിവാഹേതര ലൈംഗികബന്ധം കൊടിയ പാപമായാണ് ഈ നോവൽ ആവിഷ്കരിക്കുന്നത്. കാമുകീകാമുകന്മാരായ മൈക്കലും വെറോണിക്കയും ശാരീരികവേഴ്ചയിലേർപ്പെടുന്നത് കണ്ടുപിടിക്കപ്പെട്ടതിനാൽ മതസ്ഥാപനം അവർക്ക് ശിക്ഷ വിധിക്കുന്നു. പള്ളിയിൽ ദിവ്യബലി സമയത്ത് മരക്കുരിശും ഏന്തി നിന്ന് പശ്ചാത്തപിക്കേണ്ടിവരുന്നുണ്ട്, അവരിരുവർക്കും. സദാചാരലംഘനം നടത്തുന്നത് നാടുവിട്ടുപോകേണ്ടുന്ന കുറ്റകൃത്യമായാണ് മതസ്ഥാപനങ്ങൾ ഗണിക്കുന്നതെന്ന് നോവൽ പറയുന്നു. 'തൊറയിലെ ആണുങ്ങളും പെണ്ണുങ്ങളും വിശ്വസ്തത പുലർത്തിയില്ലെങ്കിൽ ഈ ഭൂമുഖത്ത് തങ്ങളുടെ അവസാനം ക്ഷണിച്ചുവരുത്തലായിരിക്കും' എന്ന് പള്ളിവികാരി പ്രസംഗിക്കുമ്പോൾ ലൈംഗികതയെ പാപബോധവുമായും ധാർമ്മികതയുമായും ബന്ധപ്പെടുത്തുന്ന തീരദേശത്തിന്റെ രീതി കാണാം.

ലന്തൻ ബത്തേരിയിലെ ലൂത്തിനിയകളിലെ ലൈംഗികതയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ

എൻ.എസ്.മാധവന്റെ 'ലന്തൻ ബത്തേരിയിലെ ലൂത്തിനിയകൾ' എന്ന നോവലിൽ ലൈംഗികതയിൽ സ്ത്രീശരീരത്തിനുമാത്രം 'അശുദ്ധി'കല്പിച്ചു നൽകുന്നതിനെക്കുറിച്ചുള്ള ചിന്തകളെ പ്രശ്നവൽക്കരിക്കുന്നുണ്ട്. കണക്കുകെട്ടത്തിൽ കുടുംബത്തിലെ ഇളമുറക്കാരിയായ ജെസീക്കയ്ക്ക് പുഷ്പാംഗദൻ മാഷിൽ നിന്ന് നേരിടേണ്ടി വരുന്ന ശാരീരികപീഡനം അവളുടെ മനസ്സിൽ തീരാക്കളങ്കം പോലെ കിടക്കുന്നു. കുമ്പസാരത്തിലൂടെ ആ പാപം കഴുകി കളയാൻ

അവൾ ശ്രമിക്കുന്നു. ജെസീക്ക നിരപരാധിയാണെന്ന് പീലാത്തോസച്ചൻ വിധിച്ചെങ്കിലും തെറ്റുകാരനായ പുഷ്പാംഗദൻ ക്രിസ്ത്യാനിയല്ലാത്തതിനാൽ ശിക്ഷ വിധിക്കാൻ സാധിക്കുന്നില്ല. പീഡനമേല്ക്കേണ്ടി വന്ന ജെസീക്കയെ തന്നെയാണ് സമൂഹം കുറ്റപ്പെടുത്തുന്നത്. താൻ നിരപരാധിയാണെന്ന് സ്ഥാപിച്ചെടുക്കാനായി പുഷ്പാംഗദൻ മാഷ് 'പൊഴേച്ചാടി' ആത്മഹത്യ ചെയ്യുന്നതോടെ സമൂഹം ജെസീക്കയെ ഒറ്റപ്പെടുത്തുന്നു. ഒടുവിൽ ഉന്മാദാവസ്ഥയിലേക്ക് വഴുതി വീഴുന്ന ജെസീക്കയെ അവതരിപ്പിച്ചുകൊണ്ടാണ് നോവൽ അവസാനിക്കുന്നത്. പെണ്ണിന് നീതി നല്കാത്ത പുരുഷാധിപത്യലോകത്തിന്റെ നിയമവ്യവസ്ഥയാണ് ജെസീക്കയെ ഭ്രാന്തിയാക്കുന്നത്. കുടുംബത്തിലെ കാരണവരായ ളയിവലിയപ്പൂപ്പൻ ജീവിതത്തിൽ പുലർത്തുന്ന 'ലൈംഗിക സദാചാര'ത്തെയും ഈ നോവൽ പ്രധാനമായി കാണുന്നുണ്ട്. 'പറങ്കിച്ചി' ലൈംഗികബന്ധത്തിനു ക്ഷണിക്കുമ്പോൾ അദ്ദേഹമത് ശക്തിയുക്തം എതിർക്കുന്നു. തന്റെ അനുവാദമില്ലാതെ ശരീരത്തിൽ സ്പർശിക്കാൻ ശ്രമിക്കുന്ന പുഷ്പാംഗദൻമാഷിന്റെ പ്രവൃത്തിയെ ജസീക്കയും എതിർക്കുന്നുണ്ട്. തീരദേശത്ത് നിലനിൽക്കുന്ന സദാചാരസങ്കല്പങ്ങളുടെ തുടർച്ച തന്നെയാണ് ഈ സന്ദർഭങ്ങളിലെല്ലാം കണ്ടെത്താനാവുക.

ജീവിതത്തിന്റെ പുസ്തകം: ലൈംഗികചോദനകളുടെ ജൈവികത

'ജീവിതത്തിന്റെ പുസ്തകം' എന്ന കെ.പി.രാമനുണ്ണിയുടെ നോവലിൽ സ്ത്രീശരീരത്തെയും ലൈംഗികതയെയും സംബന്ധിച്ച് തികച്ചും ജൈവികമായ ബോധ്യങ്ങളാണ് പുലരുന്നത്. തീരദേശജീവിതത്തിന്റെ അകൃത്രിമമായ സഞ്ചാരപഥങ്ങൾ നോവലിലെ നായകകഥാപാത്രമായ ഗോവിന്ദവർമ്മരാജയ്ക്ക് സമ്മാനിക്കുന്നത് 'അതിജീവനകാമ'ത്തിന്റെ അനുസ്യൂതിയാണ്. കുടുംബമെന്ന സ്ഥാപനത്തിന്റെ കെട്ടുപാടുകൾ പൊട്ടിച്ചു കളയുന്ന നൈസർഗ്ഗിക ജീവിതമാണ് അതിയന്നൂർ കടപ്പുറത്ത് ഗോവിന്ദവർമ്മരാജ നയിക്കുന്നത്. പുരുഷാധിപത്യമൂല്യങ്ങളിൽ അധിഷ്ഠിതമായ അണുകുടുംബവ്യവസ്ഥയെ നിർണ്ണയിക്കുന്ന സാമൂഹിക വ്യവസ്ഥകൾ, മനുഷ്യരുടെ ജീവിതത്തെ തികച്ചും യാന്ത്രികമാക്കി. സ്ഥാപനവല്ക്കരിക്കപ്പെട്ട കുടുംബജീവിതത്തിനകത്ത് ലൈംഗികതയെന്നത് കേവലം അനുഷ്ഠാനമായി മാറുന്നു. ആധുനിക പൗരബോധത്തിന്റെ ക്രമീകരണങ്ങൾക്കകത്ത് തളച്ചിടപ്പെട്ട ജൈവിക ചോദന അതിന്റെ എല്ലാ വിലക്കുകളെയും മറികടന്ന് ആനന്ദത്തിന്റെ കൊടുമുടികളിലേക്ക്, സ്വാതന്ത്ര്യത്തിന്റെ പ്രസാദത്തിളക്കത്തിലേക്ക് പാഞ്ഞു കയറുന്ന പ്രക്രിയയാണ് 'ജീവിതത്തിന്റെ പുസ്തക'ത്തിന്റെ പൊരുളായി പ്രവർത്തിക്കുന്നത്. വിജയൻ-ശ്യാമള ശില്പബന്ധത്തിലും ഗോവിന്ദവർമ്മരാജ സുബൈദ-സുശീല ബന്ധത്തിലുമെല്ലാം ജൈവിക കാമനകളുടെ ആനന്ദത്തോളമെത്തുന്ന പൂർത്തീകരണമാണ് നടക്കുന്നത്.

'ദ്വീപി'ലെ സ്ത്രീജീവിതം

ലക്ഷദ്വീപിലെ ദ്വീപസമൂഹങ്ങളിലൊന്നിൽ പുറംലോകം കാണാതെ കഴിയുന്ന മണിച്ചിമ്പി എന്ന കഥാപാത്രത്തിന്റെ ജീവിതം അവതരിപ്പിക്കുകയാണ് 'ദ്വീപ്' എന്ന നോവലിൽ തുളസി. രാഷ്ട്രീയവും സാംസ്കാരികവുമായ വ്യവഹാരമണ്ഡലങ്ങളുടെ പൊതുവിടത്തിലേക്ക് സ്ത്രീകൾ പ്രവേശിക്കുന്നതിനെ ഈ നോവൽ വിലക്കുന്നുണ്ട്. സ്ത്രീകൾക്ക് സ്വാതന്ത്ര്യം തീരെയില്ലാത്ത സ്ഥിതിവിശേഷമാണ് ദ്വീപിലുള്ളത്. കച്ചവടത്തിനും മറ്റുമായി ദ്വീപിലെത്തുന്നവർ പലപ്പോഴും അവിടെനിന്ന് പെണ്ണുകെട്ടുകയും ദ്വീപ് ഉപേക്ഷിച്ച് പോകുമ്പോൾ മൊഴിചൊല്ലി ബന്ധം അവസാനിപ്പിക്കുകയും ചെയ്യാറുണ്ട്. ഒരു ഭർത്താവ് മൊഴിചൊല്ലിയാൽ മാത്രമേ സ്ത്രീക്ക് മറ്റൊരു വിവാഹബന്ധം പാടുള്ളൂ എന്ന നിയമവ്യവസ്ഥയും ദ്വീപസമൂഹങ്ങളിൽ നിലനില്ക്കുന്നുണ്ട്. സ്വന്തം ദ്വീപല്ലാതെ മറ്റു ദ്വീപുകൾ പോലും സ്ത്രീകൾക്ക് കാണുവാൻ സാധിച്ചിരുന്നില്ല. കടൽകടന്ന് പുറംലോകത്തേക്ക് പോകുവാനും അവർക്കൊരിക്കലും കഴിഞ്ഞിരുന്നില്ല. "സ്വന്തം ദ്വീപൊഴിച്ചു മറ്റൊരു ദ്വീപും അവൾ കണ്ടിട്ടില്ല. എങ്കിലും നാലുപുറവും കടൽ കിടക്കു

ന്ന ദ്വീപുകളുടെ രൂപം ഭാവനയിൽ കാണാൻ അവൾക്കുകഴിയും. ദ്വീപുവിഭവങ്ങൾ കൊണ്ടിറക്കി കച്ചവടം നടത്തുന്ന ബജാറുകൾ നിറഞ്ഞ നഗരങ്ങളെക്കുറിച്ചു പറഞ്ഞുകേട്ട അറിവേ അവൾക്കുള്ളൂ. നഗരങ്ങളെയോ അവ ഉൾക്കൊള്ളുന്ന വൻകരയെയോ മനസ്സിൽ രൂപപ്പെടുത്താൻ അവൾക്കു കഴിഞ്ഞിട്ടില്ല. ശ്രമിച്ചാലും അവ ഭാവനയിൽ നിന്നു വഴുതിപ്പോവുകയേയുള്ളൂ" (2004:17). എന്ന് നോവൽ പറയുന്നുണ്ട്. കരയിൽ കച്ചവടത്തിനു പോകുന്ന ഭർത്താക്കന്മാരുടെ വാക്കുകളിലൂടെയാണ് സ്ത്രീകൾ പുറംലോകത്തെ അറിയുന്നത്. എങ്കിലും ആ ലോകം അവർക്ക് ഭാവനയിൽ പോലും കാണാൻ കഴിയുമായിരുന്നില്ല.

യാഥാസ്ഥിതിക മതം കല്പിച്ചു നല്കുന്ന ആചാരനിബദ്ധമായ നിയമങ്ങളെ ഉല്ലംഘിച്ചുകൊണ്ടൊരു ജീവിതം ദ്വീപ് നിവാസികൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് സാധ്യമല്ല. "ജനിക്കുന്ന പള്ളിയിലെ കബറിനുള്ളിൽ അടിഞ്ഞു കൂടുന്നു. ഇടയ്ക്കുള്ള നീണ്ട വർഷങ്ങൾ വീടിനുള്ളിലെ ഇടുങ്ങിയ മുറികളിലും കടപ്പുറത്തുമായി കഴിക്കാം. ഏറിയാൽ രണ്ടു മൈൽ നീളമുള്ള ദ്വീപിന്റെ വടക്കേയറ്റത്തും തെക്കെയറ്റത്തും വരെ എത്താം. അങ്ങനെ ജീവിച്ചു മണ്ണടിഞ്ഞ ബീബിമാർ എത്രയധികം? ഇന്നു ജീവിക്കുന്നവരെത്ര?.അത്ഭുതങ്ങൾ നിറഞ്ഞ വൻകര കാണണമെന്നുള്ള അമിതമായ അഗ്രഹമോ, നിർബന്ധമോ മണിച്ചിബിക്കും ഇല്ല. അവളുടെ സ്വപ്നങ്ങളെയും ചിന്തകളെയും വളർത്തിയെടുക്കുന്ന ചുറ്റുപാട് നിഷ്കർഷിക്കുന്നതും ഇതത്രെ" (2004:17). ഈ വാചകങ്ങളിൽ നിന്ന് ദ്വീപുജീവിതത്തിന്റെ ഏകദേശ ചിത്രം ലഭിക്കുന്നു. ചുറ്റുമുള്ള കടൽ ഭിത്തികൾക്കിടയിലെ തുരുത്തിൽ പ്രാന്തവല്കരിക്കപ്പെട്ട് കഴിയുന്ന ദ്വീപ് സമൂഹത്തിലെ വംശീയാവസ്ഥകൾ ഈ നോവലിൽ അനാവരണം ചെയ്യപ്പെടുന്നു.

"തുളസിയുടെ 'ദ്വീപ്' എന്ന നോവലിലെ മണിച്ചിബി എന്ന നായികാ കഥാപാത്രത്തിന്റെ ജീവിതകഥയെ അപഗ്രഥിക്കുമ്പോൾ ദ്വീപസമൂഹത്തിലെ സവിശേഷമായ വംശജന്യഗ്രണം ശക്തമായി പ്രതിഫലിക്കുന്നതു കാണാം. ക്രൂരനായ രണ്ടാം പുതിയോന്റെ ബലാല്കാരങ്ങൾക്കു വിധേയമാകുമ്പോഴും മനസ്സുതുറന്നു സ്നേഹിക്കുന്നവന്റെ കൂടെ, ധൈര്യവതിയായിരുന്നിട്ടും അവൾക്കു പോകാൻ സാധിക്കുന്നില്ല. ഈ കഥാപാത്രത്തെ നിത്യഗാധ ദുരന്തത്തിലേക്കു വീഴ്ത്തുന്നതിൽ ഈ വംശസ്വത്വത്തിന്റെ കാതലായ ചില അംശങ്ങളുണ്ട് എന്നും കാണാം. അതുകൊണ്ടു തന്നെ തുളസിയുടെ 'ദ്വീപ്' ബോധപൂർവ്വമല്ലാതെ ഒരു ചരിത്രത്തിന്റെ നേരുകളെ പ്രകാശിപ്പിക്കുന്ന ഒന്നാണ്" (ഉമർ തറമേൽ,ഡോ.,2004:7). ഇത്തരത്തിൽ വംശീയ സ്വത്വത്തിൻറേതായ മുദ്രകളെ മുറുകെ പിടിക്കുന്നതു കൊണ്ടുതന്നെയാണ് സ്ത്രീക്ക് സ്വതന്ത്രമായൊരു ജീവിതം ദ്വീപിൽ സാധ്യമാകാത്തത്. സ്ത്രീയുമായി ബന്ധപ്പെട്ട യാഥാസ്ഥിതിക മത സാമൂഹ്യ നിയമങ്ങളെ പൊളിച്ചെഴുതാൻ സാധിക്കാതെ കടലോര സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കേണ്ടി വരുന്ന യാതനകളിലേക്കാണ് 'ദ്വീപ്' വിരൽ ചൂണ്ടുന്നത്.

പ്രബലമാകുന്ന 'മാതൃ അക്ഷങ്ങൾ'

കൊച്ചിയുടെ തീരപ്രദേശങ്ങളിൽ നിലനിൽക്കുന്ന സങ്കരസംസ്കാരത്തിന്റെ സംഘർഷങ്ങളെ പ്രതിനിധീകരിക്കുന്ന നോവലായ 'ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയുള്ള ഒപ്പീസി'ൽ സമുദായ സത്തയെ നിലനിർത്താനുള്ള സ്ത്രീകഥാപാത്രങ്ങളുടെ ശ്രമങ്ങൾ കാണാം. മലയാളത്തിൽ സമുദായ തന്മകളെ ഉദ്ഘോഷിക്കുന്ന സാഹിത്യരചനകൾ എത്ര വേണമെങ്കിലും കണ്ടെത്താൻ കഴിയും. പക്ഷെ ആധുനികമായ സമുദായ പരിഷ്കരണ ശ്രമങ്ങളുടെ പ്രത്യയശാസ്ത്രമുപയോഗിച്ചാണ് ഇത്തരം കൃതികളെല്ലാം സമുദായ തന്മകളെ ഉറപ്പിക്കുന്നത്. ഈ നോവലുകളിലെല്ലാം സമുദായ സത്തയെ നിലനിർത്തുന്നതും വളർത്തുന്നതും സമുദായ പരിഷ്കർത്താവായ പുരുഷനാണ്. എന്നാൽ ഈ മാതൃകകളിൽ നിന്ന് നിർണ്ണായകമായ രീതിയിൽ 'ജീവിച്ചിരിക്കുന്നവർക്കു വേണ്ടിയുള്ള ഒപ്പീസ്' വേർപിരിയുന്നു. സ്വന്തം കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതിയും കത്തോലിക്കരുടെ മതവിശ്വാസങ്ങളും തദ്ദേശീയ പ്രയോഗങ്ങളും സങ്കര

പൈതൃകങ്ങളുമെല്ലാം നോവലിലെ 'മാതൃഅക്ഷ'ത്തെ കേന്ദ്രീകരിച്ചാണ് നില്ക്കുന്നത്. അവരാണ് അതിന്റെയെല്ലാം സംരക്ഷകരും. നോവലിലെ പുരുഷ കഥാപാത്രങ്ങൾ 'പൂർണ്ണ പുരുഷനായ സമുദായ പരിഷ്കർത്താവിന്റെ നേർ വിപരീതമാണ്' എന്ന് ജെ. ദേവിക ചൂണ്ടിക്കാട്ടുന്നുണ്ട്. (2015:95). ഈ നോവലിൽ സമുദായ തന്മ കാത്തുസൂക്ഷിക്കാനുള്ള പൂട്ടുകൾ ഭദ്രമായി സൂക്ഷിച്ച് അടുത്ത തലമുറയിലേക്ക് കൈമാറുന്നത് സ്ത്രീകളാണ്. ഇത്തരത്തിൽ നോക്കുമ്പോൾ മമ്മാഞ്ഞിയും ഓശയുടെ അമ്മയുമെല്ലാം സമുദായത്തിന്റെ പരിഷ്കരണമെന്ന ഉദ്ദേശ്യത്തോടെ സൃഷ്ടിക്കപ്പെട്ട കഥാപാത്രങ്ങളാണെന്നു കാണാം. സ്ത്രീ കേന്ദ്രകഥാപാത്രമായിരിക്കുമ്പോഴും, അവരുടെ പിന്നിൽ പ്രവർത്തിക്കുന്ന സമുദായ പരിഷ്കർത്താവായ പുരുഷനെ നമ്മുടെ സാഹിത്യം സൃഷ്ടിക്കുന്നത് കണ്ടെത്താനാവും. എന്നാൽ ഇത്തരം വാർപ്പുമാതൃകകളിൽ നിന്നുള്ള ഒരു വഴിമാറി നടപ്പാണ് ഈ നോവലിനെ ശ്രദ്ധേയമാക്കുന്നത്.

കെ.എ.സെബാസ്റ്റ്യന്റെ 'രാജാക്കന്മാരുടെ പുസ്തക'ത്തിൽ ക്ലാരയ്ക്ക് നേരെ ജനനേന്ദ്രിയം പ്രദർശിപ്പിക്കുന്ന പിശാചിനെ വിശ്വാസപ്രമാണം ചൊല്ലി അവൾ ഓടിക്കുന്നതായി പരാമർശമുണ്ട്. ദാമ്പത്യത്തിൽ സ്ത്രീ പുലർത്തേണ്ടുന്ന വിശ്വാസ്യതയുടെയും സദാചാരമൂല്യത്തിന്റെയും ഉത്തമമാതൃകയായി ക്ലാരയെ ഈ നോവൽ അവതരിപ്പിക്കുന്നു.

ഉപസംഹാരം

സ്ത്രീലൈംഗികതയെ പാപബോധവുമായി ബന്ധിപ്പിച്ച് കാണുകയും ഭാര്യാഭർതൃബന്ധത്തിനകത്തു മാത്രം സാധ്യമാകുന്ന ശാരീരികബന്ധത്തെ ആദർശവൽക്കരിക്കുകയും ചെയ്യുന്ന പ്രവണത അപഗ്രഥിച്ച നോവലുകളിലെല്ലാം ഏറിയോ കുറഞ്ഞോ പ്രവർത്തിക്കുന്നുണ്ട്. തീരദേശത്ത് നിലനിൽക്കുന്ന, തൊഴിലുമായി ബന്ധപ്പെട്ട ആചാരാനുഷ്ഠാനങ്ങളോടും കടലമ്മ എന്ന സങ്കല്പത്തോടും ബന്ധപ്പെടുത്തിയാണ് ഇത്തരം ധാരണകളെല്ലാം ഉറപ്പിക്കപ്പെടുന്നതെന്നതും ശ്രദ്ധേയമാണ്. സാന്മാർഗ്ഗികതയുടെയും പാതിവ്രത്യത്തിന്റെയും കാവൽക്കാരായി സ്ത്രീകളെ കല്പിക്കുന്ന ഈ ശ്രദ്ധപദ്ധതി, ദേശീയ സാമൂഹിക വ്യവസ്ഥിതിയിൽ ഉൾപ്പെട്ടുകൊണ്ട് നവീകരിക്കപ്പെട്ടേക്കാവുന്ന ഒരു സ്വതന്ത്ര സ്വത്വത്തിൽ നിന്ന് അവളെ വിലക്കുകയാണ്. നിലനില്ക്കുന്ന വ്യവഹാരങ്ങളെ പലതരത്തിലും പുരുഷൻ റദ്ദുചെയ്യുകയും പുതിയവ സൃഷ്ടിക്കുകയും ചെയ്യുമ്പോഴും പെണ്ണിന് അതൊന്നു സാധ്യമല്ലാതെ വരുന്നു. സ്ത്രീവിഷയകമായ പ്രശ്നത്തിൽ നോവൽ സ്വീകരിക്കുന്ന നിലപാടുകൾ അതിന്റെ രാഷ്ട്രീയം വ്യക്തമാക്കുന്നുണ്ട്. കുടുംബമെന്ന സ്ഥാപനത്തിലൂടെ മാത്രം സാധ്യമാകുന്ന ലൈംഗികത മാത്രമേ സ്ത്രീക്ക് വിധിച്ചിട്ടുള്ളുവെന്നും അതിനു പുറത്തുള്ള വ്യവഹാരങ്ങൾ നാടു മുടിക്കുമെന്നും സ്ഥാപിക്കുന്നതിലൂടെ പുരുഷാധിപത്യ ധാരണകൾ തന്നെയാണ് ഉറപ്പിക്കപ്പെടുന്നത്.

ഗ്രന്ഥസൂചി

ഉമർ തറമേൽ 2004 'കടലിന്റെ കണ്ണും കരളും', ദ്വീപ് (തുളസി), ഡി.സി. ബുക്സ്, കോട്ടയം

ഉഷാകുമാരി,ജി. 2012 'ശരീരം, ലൈംഗികത, സദാചാരം', തകഴി കാലഭ്രപടങ്ങൾ (ഷാജി ജേക്കബ് (എഡി.)), കൈരളി ബുക്സ്, കണ്ണൂർ

കുശലകുമാരി,പി.കെ. 1997 സമൂഹമനസ്സും മലയാളനോവലും, മലയാള പഠനഗവേഷണ കേന്ദ്രം, തൃശ്ശൂർ

കൃഷ്ണൻ നമ്പൂതിരി,എം. 2014 'ജീവിതത്തിന്റെ ബഹുസ്വരത', ഭാവിയുടെ പുസ്തകം (സുരേഷ്,പി.(എഡി.)), ഡി.സി. ബുക്സ്, കോട്ടയം

ജോണിമിറാൻഡ 2015 ജീവിച്ചിരിക്കുന്നവർക്കു വേണ്ടിയുള്ള ഒപ്പീസ്, പൂർണ്ണ

പബ്ലിക്കേഷൻസ്, കോഴിക്കോട്.

ജോസഫ് പനയ്ക്കൽ 1998 കടൽകാക്കകൾ, ഡി.സി.ബുക്സ്, കോട്ടയം

തുളസി 2004 (1966) ദ്വീപ്, ഡി.സി. ബുക്സ്, കോട്ടയം

ദേവിക,ജെ. 2011(2010) കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ?, സെൻറർ ഫോർ ഡെവലപ്പ്മെൻറ് സ്റ്റഡീസ്, തിരുവനന്തപുരം

ദേവിക,ജെ. 2015 'പൂട്ട് കണ്ടെത്തേണ്ടുന്ന താക്കോലുകൾ', ജീവിച്ചിരിക്കുന്നവർക്കു വേണ്ടിയുള്ള ഒപ്പീസ് (ജോണി മിറാൻഡ), പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്

പത്മനാഭൻ,കെ. 2016 മുക്കുവരും തീരദേശസംസ്കൃതിയും, പുസ്തകഭവൻ, കണ്ണൂർ

മാധവൻ,എൻ.എസ്. 2003, ലന്തൻ ബത്തേരിയിലെ ലുത്തിനിയകൾ, ഡി.സി. ബുക്സ്, കോട്ടയം

രൺജിത്ത്,സി.കെ. 2015 കടലും കടൽജീവിതവും മലയാള നോവലിൽ, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്

രാമനുണ്ണി,കെ.പി. 2012 (2006) ജീവിതത്തിന്റെ പുസ്തകം, ഡി.സി. ബുക്സ്, കോട്ടയം

സാറാതോമസ് 1994 വലക്കാർ, എൻ.ബി.എസ്., കോട്ടയം

സെബാസ്റ്റ്യൻ,കെ.എ. 2005 (2004) രാജാക്കന്മാരുടെ പുസ്തകം, ഡി.സി. ബുക്സ്, കോട്ടയം

8

ദാക്ഷയണി വേലായുധൻ: വീണ്ടെടുക്കപ്പെട്ട കീഴാളചരിത്രം

ഹല്ലീലു റഹുമാൻ വി.എം.
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം.
ആർ എൽ വി കോളേജ് ഓഫ് മ്യൂസിക് & ഫൈൻ ആർട്സ്,
തൃപ്പൂണിത്തുറ

പ്രബന്ധസംഗ്രഹം

ചെറായി രാമദാസ് എഴുതിയ 'കാലശാസനകൾക്കു കീഴടങ്ങാത്ത ദാക്ഷയണി വേലായുധൻ'എന്ന ജീവചരിത്രകൃതിയെ അടിസ്ഥാനമാക്കി പുനരവതരിക്കപ്പെട്ട ദളിത് ചരിത്രത്തെ വിശകലനം ചെയ്യാനുള്ള ശ്രമമാണ് പ്രബന്ധം.മുഖ്യധാരാകൃതികളിൽ രേഖപ്പെടുത്താതെ പോയ കീഴാളമനുഷ്യരുടെ ജീവിതവും പോരാട്ടങ്ങളും കൂടി ഉൾപ്പെടുന്നതാണ് യഥാർത്ഥചരിത്രം.സാമൂഹികമായ അവസരനഷ്ടങ്ങളുടെ യാതനകൾ പേറുന്നതും കീഴാളരാണ്.അവരുടെ ജീവചരിത്രാഖ്യാനങ്ങൾ മുഖ്യധാരയുടെ അവഗണനയ്ക്കെതിരായ പോരാട്ടമായും മാറുന്നു.

താക്കോൽവാക്കുകൾ

ദളിത്ഫെമിനിസം, ജാതി, ഓർമ്മ, മുഖ്യധാര, ദാരിദ്ര്യം, ജീവചരിത്രം.

സാഹിത്യം സമൂഹത്തിനു നേർക്കുപിടിച്ച കണ്ണാടിയാണെന്നിരിക്കേ വരേണ്യലോകത്തെ മാത്രം പ്രതിഫലിപ്പിച്ചാൽ അത് ഭാഗികമാകും.അരികുവൽക്കരിക്കപ്പെട്ട മനുഷ്യർ കൂടി ഉൾപ്പെടുമ്പോഴാണ് സാഹിത്യവും ചരിത്രവുമെല്ലാം അല്പമെങ്കിലും പൂർണ്ണതയിലെത്തുക. ജാതീയമായ വിവേചനത്തോടും അപരവൽക്കരണത്തോടുമുള്ള അതിരുകളില്ലാത്ത എതിർപ്പാണ് ദാക്ഷായണി വേലായുധന്റെ ജീവചരിത്രത്തിൽ മുഴങ്ങുന്നത്. ദളിത് സമൂഹം പുലർത്തുന്ന അടിമമനോഭാവത്തിന് ചരിത്രപരവും സാമൂഹികവുമായ നിരവധി കാരണങ്ങളുണ്ടെന്ന് ഡോ. അംബേദ്കർ നിരീക്ഷിക്കുന്നു.ഈ അടിമമനോഘടനയെ മറികടക്കൽ എളുപ്പമുള്ള കാര്യമല്ല. പ്രതികൂല സാഹചര്യങ്ങളോട് നിരന്തരം ഏറ്റുമുട്ടി പെൺകരുത്ത് വീണ്ടെടുക്കുന്നതിന്റെ ചരി

തമാണ് ദക്ഷായണിയുടെ ജീവിതം.

ഡോ. അംബേദ്കറുടെ ഇന്ത്യൻ രാഷ്ട്രീയത്തിലേക്കുള്ള വരവ് ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന സാമൂഹികവ്യവസ്ഥിതിയെ വലിയൊരു പിളർപ്പിലേക്ക് നയിച്ചു. അതിനുശേഷമാണ് ദളിത് പ്രസ്ഥാനങ്ങൾക്ക് കൃത്യമായ ദിശാബോധവും അവരുയർത്തിയ ദർശനങ്ങൾക്കും പ്രവർത്തനമണ്ഡലങ്ങൾക്കും ശരിയായ ലക്ഷ്യബോധവും കൈവന്നത്. ജാതി,വർണ്ണമൂല്യങ്ങളിൽ അധിഷ്ഠിതമായ സാഹിത്യബോധ്യങ്ങളായിരുന്നു അതുവരെ നിലവിലുണ്ടായിരുന്നത്. ഇത്തരം സങ്കൽപനങ്ങളോട് കലഹിച്ചും പ്രതിരോധമുയർത്തിയുമാണ് ദളിതെഴുത്ത് വികസ്വരമായത്''. കേവലമൊരു സാഹിത്യപ്രസ്ഥാനത്തിലുപരി രാഷ്ട്രീയമായ അടിത്തറയുള്ള സാമൂഹികപ്രസ്ഥാനം കൂടിയാണത്. അതുകൊണ്ടുതന്നെ സാഹിത്യമാനദണ്ഡങ്ങൾ കൊണ്ടുമാത്രം ദളിത് രചനകളെ വിലയിരുത്തുവാൻ കഴിയുകയില്ല. സാമൂഹികവും രാഷ്ട്രീയവുമായ മാനദണ്ഡങ്ങൾ വളരെ പ്രധാനമാണ്.

പത്തൊമ്പതാംനൂറ്റാണ്ട് കേരളത്തെ സംബന്ധിച്ചിടത്തോളം സമസ്തമേഖലകളിലും പരിവർത്തനത്തിന്റെ കാഹളംമുഴങ്ങിയ കാലഘട്ടമായിരുന്നു. ജാതിയിലും വിവേചനത്തിലും അധിഷ്ഠിതമായ മനുസ്മൃതിയുടെ സ്ഥാനത്ത് ബ്രിട്ടീഷുകാർ പുതിയ നിയമങ്ങൾ കൊണ്ടുവന്നു. കീഴ്ജാതിക്കാർക്കും ആഭരണവും മേൽമുണ്ടും ധരിക്കാമെന്നു വന്നു. സാക്ഷരതയുടെ വളർച്ച, അച്ചടിയുടെയും വായനയുടെയും വളർച്ച,കുലത്തൊഴിലിനപ്പുറം ഇഷ്ടമുള്ള തൊഴിൽ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം എന്നിവ പതുക്കെപ്പതുക്കെ നടപ്പിലായി. ജാതി, ജന്മി, നാടുവാഴിത്ത വ്യവസ്ഥയിൽ വിള്ളൽവീഴുകയും ഭരണക്രമത്തിൽ മാറ്റങ്ങൾ ഉണ്ടാവുകയും ചെയ്തു. ഭ്രപ്രഭുത്വത്തിലും ജൻമിസമ്പ്രദായത്തിലും അധിഷ്ഠിതമായ കേരളീയസാമൂഹ്യഘടന ഇളക്കി പ്രതിഷ്ഠിക്കപ്പെട്ടു. പത്തൊമ്പതാംനൂറ്റാണ്ട് ഉറന്നിട്ട സാമൂഹ്യനവോത്ഥാനത്തിന്റെ സാധ്യതകളെ പ്രതിരോധപരമായി ഉപയോഗിച്ചുവെന്നതാണ് ദാക്ഷായണി വേലായുധന്റെ ജീവിതം മാതൃകാപരമാക്കുന്നത്.

കേരളത്തിലെ മുഖ്യധാരാചരിത്രകൃതികളിൽ ദളിത്ജീവിതം അർഹിക്കുന്ന പ്രാധാന്യത്തോടെ രേഖപ്പെടുത്തപ്പെട്ടില്ല. എഴുതപ്പെടാതെപോയ കീഴാളജീവിതം എവിടെയൊക്കെയോ ചിതറിക്കിടക്കുന്നതായി സൂക്ഷ്മവിശകലനത്തിൽ കണ്ടെത്താനാകും.ഇന്ത്യൻ ഭരണഘടനയിൽ ഒപ്പുവെച്ച ആദ്യ ദളിത് വനിതയായ ദാക്ഷായണി വേലായുധന്റെ ജീവചരിത്രം ചെറായി രാമദാസിലൂടെ സജീവമായത് അടുത്ത കാലത്താണ്. മുഖ്യധാരയുടെ ആധിപത്യത്തിൽ മുങ്ങിമറഞ്ഞ ദാക്ഷായണിയുടെ ജീവിതം വീണ്ടെടുക്കാനുള്ള ശ്രമം ഒറ്റപ്പെട്ടതാണെന്നു കരുതരുത്.അനേകം വീണ്ടെടുപ്പുകളുടെ രേഖകൾ കൂടിയാണ് സമകാലിക ദലിത് ചരിത്രം.വിനു എബ്രഹാം രചിച്ച നഷ്ടനായിക എന്ന നോവൽ മലയാളസിനിമയിലെ ആദ്യ ദളിത് നായിക പി കെ റോസിയുടെ (രാജമ്മ) ജീവിതം കണ്ടെടുക്കാനുള്ള ശ്രമമാണ്. രമേശൻ മുല്ലശ്ശേരി രചിച്ച 'ഗോബരഹ' എന്ന നോവൽ ഇന്ത്യയിലെ ആദ്യ ദലിത് ക്രിക്കറ്റർ പൽവാങ്കർ ബാലുവിന്റെ ജീവചരിത്രകൃതിയുമാണ്. ഇപ്രകാരമുള്ള വീണ്ടെടുക്കലുകളിലൂടെയാണ് ദളിത്ചരിത്രം സമകാലികലോകത്ത് സജീവമാകുന്നത്.

കാണുന്നീലൊരക്ഷരവും എന്റെ വംശത്തെപ്പറ്റി എന്ന സങ്കടം മറച്ചുവെയ്ക്കലിന്റെ കപടലോകത്തേക്ക് വിരൽചൂണ്ടുന്നു.കാണാതെ പോയ അക്ഷരങ്ങളെ, ചരിത്രത്തെ പുനരവതരിപ്പിക്കാനുള്ള ശ്രമം കീഴാളർ ഉയർത്തുന്ന പ്രതിരോധമാണ്. ഇത്തരം തമസ്കരണങ്ങൾക്കു പിന്നിൽ അനേകം കൈവഴികളുമുള്ളതിനാൽ ഇവയൊക്കെ യാദൃശ്ചികമായി സംഭവിക്കുന്നവയാണെന്നു കരുതരുത്. മറിച്ച് ആസൂത്രിതമെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.സവർണ്ണന്റെ ജീവിതപരിസരങ്ങൾക്ക് ചരിത്രവും സാഹിത്യകൃതികളും പ്രാധാന്യം നൽകുമ്പോൾ ബദൽവഴിതേടുന്ന കീഴാളജീവചരിത്രകൃതികളുടെ പ്രസാധനം പ്രധാനമാണ്. ദളിത് വിവേചനത്തിന്റെ ആഴ

ങ്ങൾ സമസ്ത മേഖലകളിലും വ്യാപിച്ചിരിക്കുന്നു. മറക്കപ്പെടുകയും മറയ്ക്കപ്പെടുകയും ചെയ്യുന്നതു കൂടിയാണ് ചരിത്രം. ഇറ്റാലിയൻ എഴുത്തുകാരനായ മിലൻ കുന്ദേര വ്യക്തമാക്കിയതു പോലെ മറവിയ്ക്കെതിരായ ഓർമ്മകളുടെ പോരാട്ടം അധികാരത്തിനെതിരെയുള്ള പോരാട്ടവുമാണ്.ചരിത്രത്തിൽ നിന്നും കാണാതെ പോയ അക്ഷരങ്ങളെ, ജീവിതങ്ങളെ വീണ്ടെടുക്കാനുള്ള ശ്രമമാണ് ചെറായി രാമദാസിൻ്റെ കൃതി.

ചരിത്രം അദൃശ്യയാക്കിയ ദാക്ഷായണി വേലായുധന്റെ ജീവചരിത്രം സമഗ്രമായി രേഖപ്പെടുത്തപ്പെട്ട കൃതിയാണ് 'കാലശാസനകൾക്കു കീഴടങ്ങാത്ത ദാക്ഷായണി വേലായുധൻ'. ബിരുദം നേടിയ ആദ്യ ദളിത് വനിതയാണ് ദാക്ഷായണി.അവരുടെ ജീവിതവും പോരാട്ടവും ഇന്ത്യയിലെ പുതുതലമുറകൾക്ക് ഊർജ്ജം പകരേണ്ട മാതൃകയായിരുന്നെങ്കിലും മറവിയിലേക്കെറിയപ്പെട്ടു. ഭരണഘടനാനിർമ്മാണസഭയിലെ ഏക ദളിത് വനിതയുമാണവർ. ജാതിചിന്തകൾ ഇന്നത്തേക്കാൾ ശക്തമായ കാലത്ത് കൊച്ചിയിലെ മുളവുകാടുദ്വീപിൽ നിന്നും ഡൽഹിയിലെത്തുകയും ദേശീയരാഷ്ട്രീയത്തിൽ തന്റേതായ വ്യക്തിമുദ്ര ചാർത്തുകയും ചെയ്തു. പുതിയ ഇന്ത്യയെ രൂപപ്പെടുത്താനുള്ള ശ്രമങ്ങളിൽ സൂക്ഷ്മനിലപാടെടുക്കാൻ പ്രാപ്തയായ ആ മഹത് വ്യക്തിത്വത്തെ അറിഞ്ഞിരിക്കേണ്ടത് നമ്മുടെ കടമയാണ്. നാല് നിയമനിർമ്മാണസഭകളിൽ അംഗമാകാൻ ദാക്ഷായണി വേലായുധന് സാധിച്ചു. കൊച്ചി നിയമസഭ, കോൺസ്റ്റിറ്റ്യുവൻറ് അസംബ്ലി, കോൺസ്റ്റിറ്റ്യുവൻറ് അസംബ്ലി ലെജിസ്ലേറ്റീവ്, പ്രൊവിഷണൽ പാർലമെൻറ് എന്നിവയിൽ അംഗമാകാനും സൂക്ഷ്മമായ ഇടപെടലുകളിലൂടെ സമൂഹത്തിന് വെളിച്ചം നൽകാനും സാധിച്ചു. പുതിയ ഇന്ത്യയെ രൂപപ്പെടുത്തുന്നതിനൊപ്പം ദളിത് സമൂഹത്തിനു വേണ്ടിയും അവർ പൊരുതി.

സ്വതന്ത്ര ഇന്ത്യയ്ക്കുവേണ്ടി ഒരു ഭരണഘടന രൂപപ്പെടുത്താൻ ശ്രമിച്ചപ്പോൾ രാജ്യമൊട്ടാകെ നിന്ന് ഭരണഘടനാനിർമ്മാണസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത് 299 പേരാണ്. സഭയിലെ ഏക ദളിത് സ്ത്രീയായി തെരഞ്ഞെടുക്കപ്പെട്ടത് ദക്ഷായണി വേലായുധനാണ്. ഇത്തരമൊരു നേട്ടത്തിലേക്ക് അവരെത്തിയത് വായിൽ വെള്ളിക്കരണ്ടിയുമായി പിറന്നതു കൊണ്ടല്ല, ദീർഘപോരാട്ടങ്ങളുടെ കനൽപ്പാതകളിലൂടെയാണ്. ദാരിദ്ര്യത്തിലും ദളിതത്വത്തിലും പെൺമയിലും പിറന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഭരണഘടനാനിർമ്മാണസഭയിൽ എത്തിച്ചേരാനുള്ള വഴി മുള്ളുകളും കൂപ്പിച്ചില്ലുകളും നിറഞ്ഞ ദുർഘടപാതയായിരിക്കും. പോരാട്ടങ്ങളുടെ തുടർക്കണ്ണികളാണ് ദാക്ഷായണിയുടെ ജീവിതത്തിൽ കാണാനാവുക. കൊച്ചിരാജ്യത്തിലെ പട്ടികജാതി പെൺകുട്ടികളിൽ ആദ്യമായി എസ്എസ്എൽസി പരീക്ഷ 1931 മാർച്ചിൽ അവർ പാസായി. ഇന്ത്യയിലെ തന്നെ ആദ്യത്തെ ദലിത് ബിരുദധാരിണിയുമാണവർ. കൊച്ചി നിയമസഭയിലെ പട്ടികജാതിക്കാരിയായ ആദ്യ നിയമസഭാംഗവും അവരാണ്.ഇപ്രകാരമുള്ള ഒരുപാടു റെക്കോഡുകൾ ചാർത്തിക്കിട്ടിയ മഹത്ജീവിതമാണ് ദാക്ഷായണിയുടേത്.

നിയമസഭയിലും ഭരണഘടനാനിർമ്മാണസഭയിലും സ്വന്തം ജനതയുടെ യാതനകളെപ്പറ്റി മൂർച്ചയുള്ള വാക്കുകളിലൂടെ അവർ സംസാരിച്ചു. ദളിതർ നേരിടുന്ന പ്രശ്നങ്ങളെ തീപടർന്ന വാക്കുകളിലൂടെ പ്രശ്നവൽക്കരിച്ചു. അറിവിന്റെ ഉന്നത ശൃംഗങ്ങൾ കീഴടക്കിയ ദാക്ഷായണി,ഇംഗ്ലീഷിൽ തന്നെ രാജ്യത്തോട് സംസാരിച്ചു. ചരിത്രം ഇങ്ങനെയൊക്കെയാണെങ്കിലും ഇന്നിന്റെ ഓർമ്മകളിൽ ആ ജനനായികയില്ല. സ്വന്തം ജന്മദേശമായ മുളവുകാട്ടിലെ പുതുതലമുറയും അവരെ മറന്നു.ഇത്തരം തമസ്കരണങ്ങളിൽ നിന്നും ഭരണകൂടത്തിന്റെ ഇഷ്ടാനുസരണം ചരിത്രം വളച്ചൊടിക്കുന്നതിലേക്കുള്ള ദൂരം ചെറുതാണ്.

ദാക്ഷായണിയുടെ മാതാപിതാക്കൾ മുളവുകാട് കല്ലുച്ചംമുറി കുഞ്ഞനും എളങ്കുന്നപ്പുഴ തയ്യിത്തറ മാണി(അന്ന)യുമാണ്.അവരുടെ അഞ്ചുമക്കളിൽ നാലാമത്തെയാളായി 1912 ലാണ് ജന

നം തൊട്ടടുത്ത വർഷം, 1913 ൽ കേരളത്തിൽ കായൽസമ്മേളനം നടന്ന വർഷമാണ്.കര യിൽ സമ്മേളനം നടത്താൻ അനുവാദമില്ലാത്തതിനാൽ എറണാകുളം കായലിൽ കൂട്ടിക്കെ ട്ടിയ വള്ളങ്ങളിലിരുന്ന് തങ്ങളുടെ ആദ്യ രാഷ്ട്രീയസംഘടന ഉണ്ടാക്കുന്നതിനു വേണ്ടി പുല യർ നടത്തിയ സമ്മേളനം. തുടർന്നു രൂപീകരിക്കപ്പെട്ട കൊച്ചി പുലയസഭയുടെ പ്രസിഡണ്ടാ യത് ദാക്ഷയണിയുടെ ഇളയച്ഛൻ കൃഷ്ണേതിയാണ്.

പുലയർക്ക് ദൈവം കൽപ്പിച്ചു നൽകിയ ജോലിയാണ് കൃഷിപ്പണി. അതിൽ തന്നെ അവർ തൃപ്തരായിക്കഴിയണമെന്നും ഗ്രമസ്തപ്പണിയ്ക്കും മറ്റുദ്യോഗങ്ങൾക്കും പുലയർ ശ്രമിക്കരുതെന്നും കൊച്ചിയിലെ ആകൃിംഗ് ദിവാനായിരുന്ന കസ്തൂരി രംഗയ്യർ മുപ്പുതുകളിൽ പ്രസ്താവിക്കുകയുണ്ടാ യി. വരേണ്യർ രൂപപ്പെടുത്തിയ ഇത്തരം 'ദൈവകൽപ്പന' അനുസരിച്ചിരുന്നെങ്കിൽ ദാക്ഷാ യണിയെ പോലെയുള്ള കീഴാളർ എറണാകുളം മഹാരാജാസ് കോളേജിലെ പഠിതാക്കളാവി ല്ലായിരുന്നു. പുലയസമുദായത്തിൽ നിന്നും മേൽവസ്ത്രം ധരിച്ച് പൊതുവിടത്തിലെത്തിയ ആദ്യ സ്ത്രീയാണ് ദാക്ഷായണി. പുലയസ്ത്രീകൾക്ക് മേൽവസ്ത്രം ധരിക്കാനുള്ള അവകാശം അക്കാല ത്തുണ്ടായിരുന്നില്ല. മഹാരാജാസ് കോളേജിൽ ബി എസ് സി കെമിസ്ട്രി പഠനത്തിനായി ദാ ക്ഷായണി എത്തിച്ചേർന്ന ആദ്യദിനം.അവരുടെ ഫോട്ടോയെടുക്കാൻ വേണ്ടി പത്രക്കാരുടെ പട കാത്തുനിന്നെങ്കിലും അവർക്ക് ദാക്ഷായണിയെ തിരിച്ചറിയാനായില്ല. കാരണം സവർ ണ്ണവിദ്യാർത്ഥിനികളെ പോലെ തന്നെ വസ്ത്രം ധരിച്ചാണ് അവർ കോളേജിന്റെ പടികടന്ന ത്. പുലയപ്പെൺകിടാവിന്റെ വസ്ത്രധാരണത്തെക്കുറിച്ചുള്ള അന്നത്തെ സാമാന്യസങ്കല്പത്തി ന്റെ അടിസ്ഥാനത്തിലാണ് പത്രക്കാർ ദാക്ഷായണിയെ തിരഞ്ഞത്. പിന്നീട് കെമിസ്ട്രി ലാ ബിൽ വച്ചാണ് അവർ ദാക്ഷായണിയെ കണ്ടെത്തുന്നത്.

എറണാകുളം മഹാരാജാസ് കോളേജിലെ ജൂബിലി സ്മാരകപ്രസംഗത്തിന് എത്തിയ ദി വാൻ ബഹദൂർ സർ ടി. വിജയരാഘവാചാര്യർ തന്റെ പ്രസംഗത്തിനിടെ ദാക്ഷായണിയെ അഭിനന്ദിച്ച കാര്യം മഹാരാജാസിന്റെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലോകത്തിൻറെ നാനാഭാഗത്തുനിന്നും തനിയ്ക്ക് മംഗളപത്രം കിട്ടിയിട്ടുണ്ടെങ്കിലും അവയെക്കാൾ കൂടുതൽ തന്നെ സന്തോഷിപ്പിച്ചത് മഹാരാജാസിൽ നിന്നും ലഭിച്ച മംഗളപത്രമാണെന്ന് ദിവാൻ പ്രസംഗി ച്ചു. അതിൻറെ കാരണം പുലയസമുദായത്തിൽപ്പെട്ട ഒരു വിദ്യാർത്ഥിനി ഇത്രത്തോളം പഠി ച്ചുയർന്ന്, പുരുഷന്മാർ ധാരാളം നിറഞ്ഞിരിക്കുന്ന സദസ്സിൽ വച്ച് യാതൊരുവിധ ചാഞ്ചാല്യ വുമില്ലാതെ മംഗളപത്രം വായിച്ചുവെന്നുള്ളതുമാണ്. അധഃകൃതരുടെ ഉന്നമനത്തിനു വേണ്ടി നട ത്തിയ പരിശ്രമങ്ങൾ ചെറിയതോതിലെങ്കിലും വിജയിച്ചതിലുള്ള സന്തോഷവും ദിവാൻ പ്രക ടിപ്പിച്ചു.

ദാക്ഷായണിയ്ക്ക് എറണാകുളം മഹാരാജാസ് കോളേജിലെ പഠനകാലത്ത് കെമിസ്ട്രി ലാ ബിലുണ്ടായ ദുരനുഭവത്തെക്കുറിച്ച് മകളായ മീര വേലായുധൻ വ്യക്തമാക്കുന്നുണ്ട്. ലാബിലെ ഉപകരണങ്ങൾ തൊടാൻ അനുവാദമുണ്ടായിരുന്നില്ല. കീഴാളസ്ത്രീ, പരീക്ഷണവസ്തുക്കളിൽ തൊട്ടാൽ അശുദ്ധമാകുമല്ലോ. ദാക്ഷായണിയെ ലാബിൽ അകറ്റിനിർത്തിയ സവർണ്ണയായ അധ്യാപികയുടെ ശാസ്ത്രാവബോധം നമ്മെ അത്ഭുതപ്പെടുത്തും. പരീക്ഷണങ്ങൾ മറ്റുള്ളവർ ചെയ്യുന്നത് ദൂരെനിന്നു കണ്ടുപഠിക്കാനേ അവൾക്ക് അനുവാദമുണ്ടായിരുന്നുള്ളൂ. ഈ ജാതി വെറിയർക്കിടയിൽ നിന്നുകൊണ്ട് ബിരുദപഠനത്തിൽ ഉന്നതവിജയം നേടിയത് അവരുടെ യുള്ളിലെ പോരാട്ടവീര്യത്തെ വെളിപ്പെടുത്തുന്നു.

1936 ലെ കൊച്ചി രാജഭരണറിപ്പോർട്ടിൽ ദാക്ഷായണിയുടെ ബിഎ വിജയം സൂചിപ്പിച്ചി രിക്കുന്നു. കെ.കെ.ദാക്ഷായണിയെ വിദ്യാഭ്യാസവകുപ്പിൽ പ്രത്യേക പരിഗണനയോടെ അധ്യാ പികയായി നിയമിച്ചതും റിപ്പോർട്ടിൽ പറയുന്നു. അധ്യാപികയായി മാറിയപ്പോൾ പുലയത്തി ടീച്ചർ എന്ന ആക്ഷേപം അവർക്ക് കേൾക്കേണ്ടിവന്നുവെന്നതും യാഥാർത്ഥ്യം. ബിരുദം

നേടിയ ദാക്ഷായണിയ്ക്ക് എറണാകുളം പട്ടണവാസികളുടെ ആദരം ലഭിക്കുകയുണ്ടായി. കോളേജിൽ നിന്ന് ഒരു കിലോമീറ്റർ മാത്രം അകലെയുള്ള വേദിയിൽ, 1935ൽ നാട്ടുകാർ സംഘടിപ്പിച്ച ചടങ്ങിൽ വച്ചായിരുന്നു ആദരിക്കൽ. 1913ൽ പുലയർ കായൽസമ്മേളനം നടത്തിയ കൊച്ചിയിൽ തന്നെയാണ് 1935 ആകുമ്പോഴേക്കും പുലയസ്ത്രീയെ പട്ടണത്തിൽ വച്ച് ആദരിക്കലും നടന്നത്.

1935 ജൂലൈയിൽ ദാക്ഷായണിയ്ക്ക് തൃശ്ശൂർ ജില്ലയിലെ പെരിങ്ങോതികര (പെരിങ്ങോട്ടുകര) ഹൈസ്കൂളിൽ ടീച്ചറായി ജോലി കിട്ടി.ഈഴവർക്ക് മുൻതൂക്കമുള്ള പ്രദേശമായതിനാലും ജാതിവിവേചനം അവിടെ കഠിനമല്ലാത്തതിനാലുമാണ് പെരിങ്ങോതികരയിൽ നിയമനം നൽകിയത്.എന്നാൽ അവിടെവച്ചും കടുത്ത വിവേചനം ദാക്ഷായണി നേരിട്ടു.സ്കൂളിനു സമീപമാണ് അക്കാലത്ത് അവർ താമസിച്ചിരുന്നത്.വീട്ടുസഹായിയായി ഒരു പെൺകുട്ടിയും കൂടെയുണ്ടായിരുന്നു.വേട്ടുവജാതിയിൽപ്പെട്ട അവൾക്കോ ദാക്ഷായണിയ്ക്കോ സമീപത്തെ കിണറ്റിൽ നിന്ന് വെള്ളംകോരാൻ അനുവദമുണ്ടായിരുന്നില്ല.പിന്നീട് ദാക്ഷായണിയുടെ അമ്മയെത്തിയപ്പോഴാണ് പ്രശ്നം പരിഹരിക്കപ്പെട്ടത്.അമ്മ അപ്പോഴേക്കും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത് അന്നയെന്നെ പുതിയ പേരും സ്വീകരിച്ചിരുന്നു.മറ്റൊരു സന്ദർഭത്തിൽ,വീട്ടിൽ നിന്നും സ്കൂളിലേക്കു പോകുമ്പോൾ സ്കൂളിനടുത്തു താമസിക്കുന്ന ഒരു നായർസ്ത്രീയെ ദാക്ഷായണി വഴിയിൽ കണ്ടുമുട്ടി.വഴിയുടെ ഇരുവശവും നെൽപ്പാടങ്ങളാണ്. വഴിമാറിക്കൊടുക്കുവാൻ നായർസ്ത്രീ ദാക്ഷായണിയോട് ആവശ്യപ്പെട്ടെങ്കിലും അവർ തയ്യാറായില്ല.വാക്കുതർക്കങ്ങൾക്കൊടുവിൽ നായർസ്ത്രീ വഴിയിൽ നിന്നും പാടത്തേക്കിറങ്ങിമാറുകയും ദാക്ഷായണി നടന്നുപോവുകയും ചെയ്തു.

1945 ജൂൺ മുതൽ കൊച്ചി നിയമസഭയിൽ നോമിനേറ്റു ചെയ്യപ്പെട്ട അംഗമായി ദാക്ഷായണി പ്രവർത്തിച്ചു.തനിക്കുണ്ടായിരുന്ന സർക്കാർ ജോലി നിയമസഭാംഗമാകുന്നതിനു തടസ്സമാണെന്നറിഞ്ഞപ്പോൾ ഉപേക്ഷിച്ചു.കൂടുതൽ വരുമാനമുള്ള സർക്കാർ ജോലിയേക്കാൾ ദളിതരുടെ വിമോചനത്തിനായി പ്രവർത്തിക്കാനുള്ള ഇച്ഛാശക്തിയാണ് അവരെ നയിച്ചത്.ദാക്ഷായണിയുടെ ആദ്യത്തെ കൊച്ചി നിയമസഭാപ്രസംഗം നടക്കുന്നത് 1945 ഓഗസ്റ്റ് രണ്ടിലെ ബജറ്റ് ചർച്ചാവേളയിലാണ്.കൊച്ചി നിയമസഭയിൽ ദാക്ഷായണി നടത്തിയ കന്നിപ്രസംഗം ചരിത്രരേഖയാണ്. കീഴാളർ നേരിടുന്ന അടിമത്തത്തെ,ജാതിവിവേചനത്തെ കനൽവാക്കുകളിൽ അവതരിപ്പിച്ചു.അതുവരെ പ്രമാണിമാർ മാത്രം ഉപയോഗിച്ചിരുന്ന ഇംഗ്ലീഷ് ഭാഷയിൽ അധ:കൃതയായ ഒരു സ്ത്രീ ദീർഘമായി പ്രസംഗിച്ചപ്പോൾ സഭ തരിച്ചിരുന്നിരിക്കണം. ബജറ്റ് നിർദ്ദേശങ്ങളെ വിശകലനം ചെയ്ത വേളയിൽ അധ:കൃതരുടെ ഉന്നമനത്തിനു വേണ്ടി നീക്കിവെച്ചിരിക്കുന്ന തുക തീരെ കുറവാണെന്ന് ദാക്ഷായണി ചൂണ്ടിക്കാട്ടി.പഞ്ചായത്ത്,മുനിസിപ്പൽ ഭരണസമിതികളിൽ കീഴാളർക്ക് ജനസംഖ്യാനുപാതികമായ പ്രാധിനിത്യം വേണമെന്നും ആവശ്യപ്പെട്ടു.സർക്കാർ ജോലിക്കാര്യത്തിൽ സ്റ്റാഫ് സെലക്ഷൻ ബോർഡ് അധ:കൃത സമുദായത്തോട് നീതി ചെയ്യുന്നില്ലെന്നും അവർ വ്യക്തമാക്കി.

1941 ലാണ് ദാക്ഷായണിയുടെ വിവാഹം നടന്നത്.ഗാന്ധിജിയുടെ വലിയ ഭക്തയും ആരാധികയുമായിരുന്ന ദാക്ഷായണി.വാർധ ആശ്രമത്തിൽ വച്ചാകണം വിവാഹം എന്നു നിർദ്ദേശിച്ചതും അവരാണ്.ഇന്ത്യയിലെ ആദ്യത്തെ ദലിത് രാഷ്ട്രപതിയായിരുന്ന കെ ആർ നാരായണന്റെ ഇളയച്ഛനായ ആർ.വേലായുധനായിരുന്നു വരൻ.ഉഴവൂർ സ്വദേശിയായ അദ്ദേഹം തിരുവിതാംകൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദം നേടിയ വ്യക്തിയാണ്. വധൂവരന്മാർ വാർധയിലെത്തി ഗാന്ധിജിയുടെയും കസ്തൂർബയുടെയും സാന്നിധ്യത്തിൽ ഒരു കുഷ്ഠരോഗിയുടെ കാർമികത്വത്തിൽ വിവാഹിതരായി.ഗാന്ധിഭക്തയായിരുന്നപ്പോഴും അംബേദ്കറിന്റെ സഹപ്രവർത്തകയായിരുന്നപ്പോഴും ഇരുവരുടെയും അഭിപ്രായങ്ങളോടുള്ള എതിർപ്പ് പ്രകടിപ്പിക്കു

ന്നതിനോ ഇരുവരെയും ചോദ്യംചെയ്യുന്നതിനോ ദാക്ഷായണി മടിച്ചിരുന്നില്ല.ഗാന്ധിസത്തിൽ അടിയുറച്ചു വിശ്വസിക്കുമ്പോഴും ഗാന്ധിയുടെ ചില നിലപാടുകളെ അവർ ചോദ്യംചെയ്തു.ഹരിജൻ എന്ന ഗാന്ധിയുടെ വിശേഷണത്തെ അവർ അംഗീകരിച്ചില്ല. അയിത്തം നിലനിൽക്കുന്നിടത്തോളം കീഴാളമനുഷ്യരെ ദൈവത്തിൻറെ മക്കൾ എന്നു വിളിക്കുന്നത് പട്ടിയെ നെപ്പോളിയൻ എന്നു വിളിക്കും പോലെയാണ്.ഹരിജൻ പോലെയുള്ള സവിശേഷമായ നാമകരണങ്ങൾക്കും സ്ഥാനപ്പെടുത്തലുകൾക്കുമപ്പുറം അധ:കൃതർക്ക് വേണ്ടത് സാമൂഹ്യനീതിയാണെന്ന് അവർ ചൂണ്ടിക്കാട്ടി.

ദാക്ഷായണിയുടെ ഉന്നതമായ പാണ്ഡിത്യത്തിനും പോരാട്ടവീര്യത്തിനും കിട്ടിയ ബഹുമതിയാണ് ഇന്ത്യൻ ഭരണഘടന നിർമാണസഭാംഗത്വം.1946 ജൂലൈ 22ന് മദ്രാസ് പ്രവിശ്യയിൽ നിന്ന് കോൺഗ്രസ് ടിക്കറ്റിലാണ് അവർ സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്.അംബേദ്കർ നേതൃത്വം വഹിച്ച ഭരണഘടനനിർമ്മാണസഭയിൽ299 അംഗങ്ങളാണുണ്ടായിരുന്നത്.അവരിൽ 15 പേർ മാത്രമായിരുന്ന സ്ത്രീകൾ.അവരിൽ മൂന്നുപേർ മലയാളികളും.അമ്മു സ്വാമിനാഥൻ,ആനി മസ്ക്രീൻ,ഏക ദളിത് സ്ത്രീയായി ദാക്ഷായണിയും.കീഴാളരുടെ അവകാശങ്ങൾക്കു വേണ്ടി ഭരണഘടനനിർമ്മാണസഭയിലും അവർ പടപൊരുതി.ചെയർമാനായ ഡോക്ടർ ബി ആർ അംബേദ്കറുടെ ചില നിലപാടുകളെ വിമർശിക്കാനും മടിച്ചില്ല.ആർട്ടിക്കിൾ 17 ഭരണഘടനയിലെ അയിത്തത്തിനെതിരെയുള്ള വ്യവസ്ഥയാണ്.അയിത്തം നിരോധിക്കുന്ന ആർട്ടിക്കിൾ ഭരണഘടനയിൽ ഉണ്ടാകണമെന്ന് ശക്തിയുക്തം വാദിച്ചു.അയിത്തത്തെ നിയമപരമായി നേരിടാനുള്ള നിലപാടുതറ ഭരണഘടനയിൽ ഒരുക്കിവെക്കുന്നതിൽ ജാഗരുകയാവുകയും ചെയ്തു.

രണ്ടു കൊല്ലവും 11 മാസവും 17 ദിവസവും കൊണ്ടാണ് ഭരണഘടനനിർമ്മാണസഭ ഇന്ത്യയ്ക്കായി ഭരണഘടന രൂപപ്പെടുത്തിയത്.1950 ജനുവരി 24ന് ഭരണഘടനയിൽ സഭാംഗങ്ങൾ ഒപ്പുവച്ചപ്പോൾ ആദ്യ ദളിത് സ്ത്രീയായി ദാക്ഷായണിയും ഒപ്പുവച്ചു. ജനുവരി 26ന് ഭരണഘടന നിലവിൽ വന്നപ്പോൾ ഭരണഘടനനിർമ്മാണസഭ ഇല്ലാതാവുകയും സഭ താൽക്കാലിക പാർലമെൻറായി മാറുകയും ചെയ്തു. അങ്ങനെ ദക്ഷായണിയും പ്രൊവിഷണൽ പാർലമെന്റംഗമായി. തിരുകൊച്ചി നിയമസഭയിൽ നിന്ന് നോമിനേറ്റ് ചെയ്യപ്പെട്ട അംഗമെന്ന നിലയിൽ ഭർത്താവായ ആർ വേലായുധനും പ്രൊവിഷണൽ പാർലമെൻറിലെത്തി. ഇടക്കാല പാർലമെന്റിലെ ആദ്യത്തെ ദലിത് ദമ്പതികളായി അവർ.

മദ്രാസ് സിറ്റി ഡിപ്രെസ്ഡ് ക്ലാസ്സസ് ലീഗ്,യൂത്ത്സ് ഫൈൻ ആർട്സ് ലീഗ് എന്നീ സംഘടനകളുടെ പ്രസിഡണ്ടായിരുന്ന ദാക്ഷായണി. ഭർത്താവായ ആർ വേലായുധൻ ആരംഭിച്ച കോമൺമാൻ എന്ന ഇംഗ്ലീഷ് വാരികയുടെ എഡിറ്ററായും ഗാന്ധി ഈറ പബ്ലിക്കേഷൻസിന്റെ ജനറൽ എഡിറ്ററുമായും ദാക്ഷായണി പ്രവർത്തിച്ചു.1952 ൽ പൊതുതെരഞ്ഞെടുപ്പ് നടന്നതോടുകൂടി ദാക്ഷായണി വേലായുധൻറെ പ്രൊവിഷണൽ പാർലമെൻററി അംഗത്വം അവസാനിച്ചു.നിയമനിർമ്മാണരംഗത്ത് അഖിലേന്ത്യാതലത്തിൽ ഉയർന്നുവന്ന ഏകദളിത് സ്ത്രീയെ അതിനുശേഷം ശ്രദ്ധേയമായ രംഗങ്ങളിലൊന്നും കാണുന്നില്ല. പാർലമെൻറ് വിട്ട ശേഷം അവർ എൽഐസി ഉദ്യോഗസ്ഥയായി കഴിയുകയായിരുന്നു. ഭരണഘടനനിർമ്മാണസഭയിൽ ഉണ്ടായിരുന്ന സ്ത്രീപ്രതിനിധികളിൽ മറ്റാർക്കും ദാക്ഷായണിയോളം അവഗണന നേരിടേണ്ടി വന്നിട്ടില്ല. അമ്മുസ്വാമിനാഥൻ ഇടക്കാല പാർലമെൻറിനു ശേഷമുള്ള ആദ്യ ലോകസഭയിലേക്ക് മത്സരിച്ചുജയിച്ചു. ആനി മസ്ക്രീനും ലോകസഭയിലെത്തി. ദാക്ഷായണിയെയാകട്ടെ എൽഐസി ഉദ്യോഗസ്ഥയെന്ന നിലയിലാണ് പിൽക്കാലം കണ്ടത്. നൂറ്റാണ്ടുകൾ നീണ്ട ജാതിവാഴ്ചയുടെ ക്രൂരമർദ്ദനങ്ങൾ ഏറ്റുവാങ്ങിയ ജനവിഭാഗത്തിൽ നിന്നും അഖിലേന്ത്യാതലത്തിൽ ഉയർന്നുവന്ന സ്ത്രീശബ്ദം പിൽക്കാലത്ത് അവഗണിക്കപ്പെട്ടു.ഇന്ത്യൻ ഭരണഘടന

യുടെ നിർമ്മാണസഭയിൽ അംഗമായ ഒരാൾ പിൽക്കാലത്ത് വെറുമൊരു ഉദ്യോഗസ്ഥയായി മാത്രം പരിണമിച്ചതെന്തുകൊണ്ടാവാം?ദളിതർ നേരിടുന്ന ക്രൂരമായ അവഗണനയ്ക്കുള്ള ഉദാഹരണങ്ങളിലൊന്നായി ഇതും വായിച്ചെടുക്കാം.

ദാക്ഷായണിയുടെ മകൾ മീര വേലായുധൻ അമ്മയെ അനുസ്മരിച്ചപ്പോൾ ബാല്യകാലസ്മരണ പങ്കുവയ്ക്കുകയുണ്ടായി. കുട്ടിക്കാലത്ത് മീര പഠിച്ചുകൊണ്ടിരിക്കേ കുനിക്കുടിയിരിക്കുന്നതു കണ്ടപ്പോൾ അമ്മ പുറത്തുതട്ടിയിട്ട് പറഞ്ഞു.നിവർന്നിരിക്കണം,തലയുയർത്തിപ്പിടിച്ചു നിൽക്കണം.ഒരിക്കലും തല കുനിയ്ക്കരുത്. അക്കാലത്ത് പുലയസമുദായത്തിലെ ഭ്രൂരിഭാഗം പേർക്കും ചെറിയൊരു കൂന് അവരുടെ ശരീരപ്രകൃതത്തിൽ തന്നെ കാണപ്പെട്ടിരുന്നു.മേലാളർക്കു മുന്നിൽ തലകുനിച്ചും നട്ടെല്ലു വളച്ചും നിലകൊണ്ടതിനാൽ കീഴാളശരീരങ്ങൾ കൂന് അലങ്കാരമായി ഏറ്റുവാങ്ങി.ദാക്ഷായണിയുടെ പ്രകാശനം ചെയ്യാനിരിക്കുന്ന ആത്മകഥയുടെ പേര് കടലിനു ജാതിയില്ല(Sea has no cast) എന്നായിരിക്കാമെന്ന സൂചന മകളായ മീര വേലായുധൻ നൽകിയിട്ടുണ്ട്. അമ്മയെഴുതിയ ആത്മകഥാപരമായ കുറിപ്പുകൾ മീരയുടെ കൈവശമാണുള്ളത്. താമസിയാതെ ആ കൃതി പുറത്തുവരുമെന്നു പ്രതീക്ഷിക്കാം. 1913 ൽ കേരളത്തിലെ പുലയർ നടത്തിയ കായൽസമ്മേളനത്തെയും പ്രസ്തുത ആത്മകഥാനാമം ഓർമിപ്പിക്കുന്നു.

1971 മാർച്ചിൽ ഇടക്കാല പാർലമെൻറ് തെരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധിയുടെ എതിർപക്ഷത്തുള്ള സംഘടനാകോൺഗ്രസിന്റെ സ്ഥാനാർത്ഥിയായി അടൂർ സംവരണമണ്ഡലത്തിൽ നിന്ന് മത്സരിച്ചെങ്കിലും ദാക്ഷായണി പരാജയപ്പെട്ടു. ആ സമയത്ത് അവർ എൽഐസിയുടെ ഉദ്യോഗം വിട്ടിരുന്നു. ഇന്ദിരാഗാന്ധിയുമായി വലിയ അടുപ്പത്തിലായിരുന്നെങ്കിലും പിന്നീട് ഇന്ദിരാഗാന്ധിയും ദാക്ഷാണിയയും ഏറെയകന്നു. 1978 ൽ ഡൽഹിയിൽ വച്ചായിരുന്നു അവർ അന്തരിച്ചത്. വിധേയത്വവും അടിമമനോഭാവവും ദാക്ഷായണിയുടെ നിഘണ്ടുവിലില്ലാത്ത വാക്കുകളാണ്. ചോദ്യം ചെയ്യാനും നിലവിലുള്ള വ്യവസ്ഥിതിയെ എതിർക്കാനുള്ള തന്റേടവും വെല്ലുവിളികളെ അതിജീവിക്കാൻ അവരെ പ്രാപ്തിയാക്കി. ബ്രാഹ്മണിസത്തിന്റെ ഉള്ളടക്കം ഫാസിസമാണെന്ന് അന്നേ അവർ വ്യക്തമാക്കിയിരുന്നു.ആശയപരമായി വിപ്ലവകാരിണിയായ ഒരു ദളിത് സ്ത്രീ ഉന്നതപദവികളിലെത്തുന്നതിനോട് പലർക്കും താല്പര്യമുണ്ടായിരുന്നില്ല.മുഖ്യധാരാചരിത്രം കാണാതെപോയ ദളിത് സ്ത്രീകൾ വീണ്ടെടുക്കപ്പെട്ടത് സമകാലികഘട്ടത്തിലാണ്.പുനർജന്മം കിട്ടിയ നവോത്ഥാനനായിക എന്നു ദാക്ഷായണിയെ വിശേഷിപ്പിക്കാം.

നവോത്ഥാനമുന്നേറ്റങ്ങൾ ധാരാളമുണ്ടായ കേരളത്തിലും ദളിതരോടുള്ള മനോഭാവം ഇനിയും മാറേണ്ടതുണ്ട്.പ്രത്യക്ഷമായും പരോക്ഷമായും ജാതിബോധം സമൂഹത്തിൽ പ്രവർത്തിക്കുന്ന കാഴ്ചകളാണ് കൃതിയിലുടനീളം കാണുന്നത്.സാധാരണക്കാരൻ മുതൽ ഭരണഘടന നിർമ്മാണസമിതിയിൽ എത്തിയ വ്യക്തിവരെ ജാതീയമായ വിവേചനവും അപമാനവും അനുഭവിക്കുന്നുവെന്ന് ഈ കൃതി വ്യക്തമാക്കുന്നു.ബഹുമുഖവും ബഹുസ്വരവുമാണ് സമകാലിക ദളിത് സാഹിത്യം.കണ്ടില്ലെന്നു നടിച്ച് ഓരത്തേക്ക് മാറ്റിനിർത്തിയ മനുഷ്യരുടെ സ്വരങ്ങൾ ദളിത് കൃതികളിൽ ശക്തമായി മുഴങ്ങുന്നു.മുഖ്യധാരാചരിത്രത്തിന്റെ ഏടുകളിൽ ദളിത് ജനതയെ കാണണമെന്നില്ല.മൃഗസമാനമായ ജീവിതം നയിച്ച് അരികുകളിലേക്ക് മാറ്റിനിർത്തപ്പെട്ടവരാണവർ.ചരിത്രം രാഷ്ട്രീയപരിണാമങ്ങളുടേതു കൂടിയാണ്. അധികാരത്തിന്റെയും ഭരണകൂടത്തിന്റെയും നിയന്ത്രണങ്ങൾക്കുള്ളിലാണ് ചരിത്രത്തിൻറെ രൂപപ്പെടൽ സാധ്യമാകുന്നതെന്ന സത്യം അവഗണിക്കപ്പെട്ട ദലിത്ചരിത്രം വെളിപ്പെടുത്തുന്നു.വയലിൽ പണി ചെയ്തളർന്നുവരുന്ന തന്റെ അമ്മയുടെ നിശ്വാസത്തോളം വരില്ല സവർണ്ണസാഹിത്യം എന്ന രാഘവൻ അത്തോളിയുടെ വിലയിരുത്തൽ കീഴാളസാഹിത്യത്തിന്റെ ഉൽകൃഷ്ടതയെ സൂചിപ്പിക്കുന്നു.

വ്യവസ്ഥയോടുള്ള നിരന്തരമായ ഏറ്റുമുട്ടലാണ് കീഴാളന്റെ ജീവിതത്തെ വിമതപക്ഷത്തു

നിർത്തുന്നത്.ദളിതരെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം ദരിദ്രമായ ഭൗതികസാഹചര്യങ്ങൾ അടിത്തട്ടിൽ തന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കടുത്തദാരിദ്ര്യവും നിരന്തരമായ വിവേചനവും ചെകുത്താനും കടലിനുമിടയിൽപ്പെട്ടതുപോലുള്ള അരക്ഷിതാവസ്ഥ അവരിൽ സൃഷ്ടിക്കുന്നുണ്ട്.പ്രതിസന്ധിയുടെ തിരകൾക്കിടയിലൂടെ ഒറ്റയ്ക്ക് തോണിതുഴഞ്ഞു മുന്നേറുന്ന തിന്റെ ധീരത ദാക്ഷായണിയുടെ ജീവിതത്തിൽ കാണാം. നിരവധി അടരുകളുള്ള, കൂടുതൽ ആഴത്തിൽ വിശകലനം ചെയ്യപ്പെടേണ്ട ജീവചരിത്ര കൃതിയാണിത് .സാമൂഹിക സാമ്പത്തിക രാഷ്ട്രീയ ചരിത്രമാനങ്ങളുള്ള നിരവധി ആശയങ്ങൾ ഈ കൃതിയിൽ കെട്ടുപിണഞ്ഞുകിടക്കുന്നുണ്ട്. ദാക്ഷായണി വേലായുധൻ സാധ്യമാക്കിയ പോരാട്ടവീര്യം പീഡിതജനതയെ നിരന്തരം പ്രചോദിപ്പിക്കുന്ന കരുത്തായി ഓളംവെട്ടുന്നു.

ഗ്രന്ഥസൂചി

1.ചെറായി രാമദാസ്, കാലശാസനകൾക്കു കീഴടങ്ങാത്ത ദാക്ഷായണി വേലായുധൻ, പ്രണത ബുക്സ്,2023 .

2.രാജേഷ് ചിറപ്പാട് (എഡിറ്റർ), ദലിത് വർത്തമാനം,മൈത്രി ബുക്സ്,2022

3.പ്രദീപൻ പാമ്പിരിക്കുന്ന്, ദലിത് പഠനം:സ്വത്വം സംസ്കാരം സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,2007

4.കെ.വി.ശശി, കീഴാളവിമർശം,മലയാളം സർവകലാശാല പ്രസിദ്ധീകരണം,2019

5.കെ.കെ. കൊച്ച്, ദലിത് നേർക്കാഴ്ചകൾ, റെയ്വൻ പബ്ലിക്കേഷൻസ്,2013

III
GENDER AND POLITCS

9

Transgressing the Gendered Cityscapes: A Case Study of Select Malayalam Horror Films

Dr Arya M. P.
Assistant Professor, Department of English and History,
Christ College (Autonomous), Irinjalakuda.

Abstract

Though settings usually disguise themselves as natural and inconsequential components of the cinematic mise-en-scène, they are charged with significance. Malayalam horror films have interestingly depicted the rural/urban settings as having pronounced impact on the monstrous-feminine characters that such spaces engender. This research paper explores the rural-urban binary for its socio-political, psychological, and ideological conditioning in select Malayalam horror films to unearth them as potential gendered sites of repressed desires, fantasies, fears, and anxieties. The theoretical framework is informed by the post-colonial distinction of ghar-bahir by Partha Chatterjee, Raymond Williams' observations on the city-village binary, and Kristeva's concept of the abject. The primary texts include A. G. Baby's *Lisa* (1978) and *Veendum Lisa* (1987), Shalini Usha Nair's *Akam* (2011), and Ranjith Shanker's *Pretham* (2016), with a brief mention of other horror films. The time lag between the texts is intentional, to analyse the transformation (if any) in the process of gendering that may have occurred across the turn of the century.

The paper argues that the diegetic patterns of dated horror films mirror the stereotypical associations that distinguish the city from the village. Cityscapes, portrayed as exclusively masculine spaces, are conventionally designed to suit only the transgressive woman who holds within her, the possibility of transforming into the monstrous-feminine, thus unsuitable to adorn the patriarchal notion of the normative-feminine. Moreover, it reinforces the postcolonial Indian woman's true identity as belonging to village/wilderness, and unsuited to inhabit the men's cityscapes. The scope of the paper lies in exploring the possibilities of transforming cityscapes as garnering gender-neutral identities.

Keywords:
Rural-urban, cityscapes, monstrous-feminine, ghar-bahir, transgression.

Setting disguises itself as a natural component of the mise-en-scène in films; but it is charged with significance. Apart from forming the background of the plot, it also plays a crucial role in defining the individuals it churns out. The setting of a horror film, usually involving cobwebbed attics, unused alleys, dark streets, haunted houses, and wild premises are imbued with deeper meaning. It creates the first impression of the repressed desires/fantasies/fears/anxieties that the narrative concerns itself with. "As well as serving in quite obvious ways to specify the geographical co-ordinates and socio-economic positioning of film protagonists, settings may also work more subtly to evoke their psychological condition" (Dix 17).

This research paper analyses the socio-political and ideological connotations of the setting of select horror films in Malayalam Cinema, with special reference to the rural-urban divide and their myriad implications. The primary texts selected for this paper include A. G. Baby's *Lisa* (1978) and *Veendum Lisa* (1987), Shalini Usha Nair's *Akam* (2011), and Ranjith Shanker's *Pretham* (2016), with a brief mention of other horror films. The time lag between the texts is intentional, to analyse the transformation (if any) in the process of gendering that may have occurred across the turn of the century, connoted by masculine/feminine presences in the rural/urban settings of these films.

A major distinction of space established in the horror film is its defining, constantly shifting, and conclusive attitudes towards the village and the city. These traditional poles of spatial demarcation also carry forth the baggage of their cultural specificities reflected in various factors like language, clothing, food, living conditions, beliefs, rituals, and practices. Malayalam horror cinema has incorporated the city-village binary very subtly into its diegesis, often mirroring the stereotypical associations that distinguish each locale from the other. Raymond Williams echoes the cultural construction of countrysides and cityscapes when he notes:

> On the country has gathered the idea of a natural way of life: of peace, innocence and simple virtue. On the city has gathered the idea of an achieved centre: of learning, communication, light. Powerful hostile associations have also developed: on the city as a place of noise, worldliness and ambition; on the country as a place of backwardness, ignorance, limitation. (The Country and the City 1).

When the public and private distinctions are superimposed on to the simultaneous development of towns and cities in post-independent India, the countryside assumes a domestic nature in contrast to the city's worldly nature. Partha Chatterjee's classification of the village as the inner authentic space of a nation, free from external influences, and the city as the reflection of the outer public sphere in contact with the west is relevant here. He consequently describes the postcolonial ghar as essentially a female space, opposed with bahir, the public sphere, essentially male (Chatterjee 624).

The 1970s marked the emergence of the rape-revenge sub-genre of the horror films

in Malayalam, also owing to notorious gang-rapes that took the socio-political and cultural spheres of Kerala by storm. One of such founding films was A. G. Baby's horror film *Lisa* (1978). Though abstract in existence, the city-village binary was established on gendered terms as the background to the diegesis after this film. Lisa looks at the city and village in a new light, as a setting that also defines the positioning of the postcolonial female subject in the Indian context.

Lisa discussed cityscape as a transgressive space unsuitable for the normative-feminine. Lakshmi, later possessed by Lisa, is a village girl, brought up under supervision of her father and fiancée cousin. Her new job leads her to the city. Though financially independent and capable of an agentic life, Lakshmi is still guarded by her inquisitive family, who settle her within the confines of a working women's hostel, a microcosm of the village within the the city. Unlike Lakshmi, Lisa is a city-bred orphan, whose murder during a rape attempt is already resonant with her independent nature, modern dressing, drinking, and late-night parties. Though Lisa returns to seek her revenge, the film apparently justifies her murder as a reprimand for her transgression/agency, both results of her urban upbringing.

Unlike Lisa who fends for herself, Lakshmi's family rushes to treat her when she is possessed. She is subjected to a violent exorcism, which recuperates her back to heteropatriarchy. Lakshmi's brief period of transgression and audacity to venture into the public sphere is cut mid-way, and the law acquits her of the unexplained murders that she commits in Lisa's identity. City is depicted as the masculine space of being, which respectable women do not inhabit. The film is supplemented by men who ogle at women when they visit public places like parks and beaches, also part of a city's gendered landscape. Lakshmi's return to her private space in her village as Murali's wife ends the film as the correct and necessary resolution.

Also crucial in the diegetic analysis is the location of the rape, the room of Hotel Maharani. The term hotel must here be contrasted with the other term hostel, which for a Malayalee audience "signifies a women-only space, rife with regulations on one's already few liberties as a female subject" (Rajendran 63). The hotel-hostel binary can be read as a sub-text of the city-village binary. Hostel may be read as a safe and private zone, a gendered bio-bubble that helps women remain patriarchal subjects, even while they inhabit the city. Hotel, on the other hand, is a public space " . . . and feminine incursions into that space are devalued or challenged through rather ugly kinds of misogyny" (Rajendran 63).

In *Pretham*, the luxury resort may be read as an advanced form of a hotel. The owners do have sexual intentions surrounding the women who would visit their resort. Also, the fact that it is at the resort that Clara's nude video is shot points at the unsafe nature of this public space. *Pretham* also incorporates the idea of how the misuse of technology has added to the polarisation of public spaces as anti-women. Even a private space such as a washroom is devoid of privacy, and leads to public insult of Clara that ends in her suicide. Women's bodies are constantly objectified, and presented as a natural consequence of their public appearance in a masculine

space. *Trivandrum Lodge* (Dir. V. K. Prakash, 2012) is a film that subverted this gendered representation of the lodge/hotel as a masculine space through its occupancy by Dhwani, an unconventional woman.

If *Lisa*'s plot builds around an unmarried woman Lakshmi, Veendum Lisa portrays the transgression of a wife Saraswathy. Their names themselves evoke upper-class/caste Hindu Goddesses, and serve as symbols of educated, fertile, and civilised upper-class/caste women. Saraswathi is the ideal wife who hails from a poor -but prestigious-family from a village in Kerala. She is possessed by Lisa, an orphan, and raised in London. Lisa's agentic lifestyle in London and her independent choice of partner is contrasted with patriarchally moulded normative-feminine Saraswathy who agrees to her parents' choice of a life partner. Lakshmi's normative femininity "is one that normalizes submission to patriarchal and heterosexual norms" whereas Lisa's "defiance from this normativized script ends either in death, severe censure, or oblivion" (Rajendran 61).

The circumstances of Lisa's rape are justified through her decision to stay at a bungalow arranged for her by his friends, and share a drink in their company. Lisa is represented as a cultural product of London, a metropolis, represented as unbefitting for a woman of respectable standards to inhabit. Lisa is ousted, and even her lover Kalyan chooses Saraswathi over Lisa. The monstrous-feminine, a product of the city, is the Other of the normative-feminine possessing the naivety of the village. The independence of the ambitious and agentic city woman is thwarted by the hegemonic patriarchal culture of the naïve village.

Also relevant in India's cultural climate post-independence is the nation's metaphorical association with the transgressing woman, which finds replications in the regional cinemas. The postcolonial notions of nationhood which arose alongside independence, but reached its zenith post globalisation, produce a complex ideological parallel in the female body. The progress and development attained by the nation is also looked upon as a moral degeneracy "easily analogous with female sexual transgression/promiscuity with the nation personified as woman" (Bose 35). Non-normative female behaviour in the newly developed urban spaces makes it a liminal space where transgression and regulation form a normal continuum. "The newly freed urban space thus assumes the metonymic equivalent of available sexual freedom for women, its powers, and its dangers" (Bose 35). This process of equating the urban space and development on gendered terms is reflected in Lisa films.

Kerala's socio-cultural sphere in the 1990s was agog with the rise of the feminist movement. Hyper-masculine films may be considered as Malayalam Cinema's response to the feminist uprisings of the times. Apart from the celebration of alpha-male roles, they also pushed feminine roles to the margins, asserting women's insignificance and lack of efficiency in driving forth the society. This also reflected in the horror genre, which introduced the mentally-impaired female psyche as the reason for horror through the trope of the avenging monstrous-feminine. The recurring representation of mad women on screen may be read as a crude response to the

women who transgressed their familial and social boundaries to voice their concerns and called for public attention and help.

Manichithrathazhu (1993) recast the mould of the typical horror genre by introducing a psychological perspective to it. The film is an amalgam of horror-comedy, psychological thriller, and a murder-revenge horror film, all rolled into one. However, the scientific explanation provided about the ghostly presence in the film dismisses the actual presence of a monstrous-feminine, instead putting a diseased female psyche to trial. Apart from the commercial success, it has attracted considerable critical attention from various perspectives, the gendered criticism being the most noted. The film narrates the story of Ganga, a young wife who suffers from multiple-personality disorder, and assumes herself as Nagavalli, an erstwhile dancer with an avenging heart. Ganga is cured with the help of a western-educated psychiatrist (Sunny) and a tantric expert (Brahmadathan Namboothirippad).

What makes *Manichithrathazhu* noted in terms of its setting is the background of its protagonist Ganga. Echoing the socio-political stature of Kerala where an increasing number of female students migrated to other states and even outside India, Ganga has been born and brought up in Kerala, but pursued her higher education in Calcutta, a metropolis. Not only does Calcutta alter Ganga's sartorial patterns and knowledge systems, it also cures her bereaved psyche of the abandonment (from her parents) she felt while at Kerala. When she returns to Kerala with her husband Nakulan, she is a well-read, agentic researcher who has an individuality of her own. Also embellished with the titular "daughter-in-law" who does not belong to the family, she is perfectly laid out as the "abject" in the family, a potential threat to the patriarchal power structures.

After Ganga is cured, i. e., brought back into the patriarchal mold of the ideal wife, she decides to return to Calcutta, instead of staying back at their ancestral home. Though her dialogue reflects her earnest desire to just cater to Nakulan's needs, it also connotes her need to distance herself from the rural and traditional circumstances and relocate to the city. Though not explicitly suggested, the film exhibits the modern, educated woman as being a product of the city and belonging to it, unlike the naïve, rural women who belong to the village.

After the turn of the century, commendable transformations have come about in portraying normative women as unwelcome in public/urban places. In *Pretham*, Suha Liza confidently inhabits the resort to spend her vacation, and even dares to walk into the room of one of the owners, despite knowing his evil intentions. However, its protagonist is led to commit suicide, despite her attempts to break the taboo of being an AIDS patient and rising above the ostracization that society imposes upon her. Akam portrays Seetha, who is an amiable neighbour to Sreenivas. She is married to Anu, fifteen years younger to her. They live in the city apartment, as their families have not accepted them. Seetha represents the entry of normative women into the cityscape, and their agency to choose their life partner at their will. Zadie's late-night presence in the office is also an affirmative nod towards public and professional spaces developing into gender-neutral spaces in the course of time.

Akam is also a film that showcased the monstrous-feminine's entry into the public domain, where Ragini inhabits city apartments, cinema halls, railway platforms, etc., making her "abject" because of her mere presence in such spaces. The film concludes on an ecofeminist note where Ragini takes Srinivas to the wilderness, considered the traditional yakshi's abode. Unlike the cityscape where Srinivas is very confident, as he is an architect and hence, has complete knowledge, the wilderness confuses and confounds him. Thus, Akam underlines wilderness as organically feminine, while cityscapes take a masculine makeover.

Another aspect of the horror film setting is the positioning of the haunted house mostly in a remote rural surrounding. The haunted house is often the cause of local gossip. Local gossip -a stereotyped characteristic of the rural culture- plays a pivotal role in spreading horror stories that get transformed as local myths in the collective unconscious of society in due course of time. Roland Barthes states that "myth cannot possibly be an object, a concept, or an idea; it is a mode of signification, a form. Later, we shall have to assign to this form historical limits, conditions of use, and reintroduce society into it: we must nevertheless first describe it as a form" (107).

Generally, this process of myth-making begins from an unnatural disaster/death that befalls a house and estranges the family from the immediate neighbourhood. Neighbouring families, local tea shops, and the local population play their respective roles in exaggerating, spreading, and establishing the horror tale. Thus, the setting may be analysed as an active participant in the construction of a culture's oral mythical traditions. The role enacted by various elements in society in forming a myth is underlined by Barthes, "Every object in the world can pass from a closed, silent state to an oral state, open to appropriation by society, for there is no law, whether natural or not, which forbids talking about things" (107).

Raymond Williams evaluates the local tea shop as "an ideologically loaded space" ("Culture is Ordinary" 4), a space wherein a culture thrives and develops. It also becomes the meeting point from where local gossip spreads, in truth's journey towards myth. In Bhargavi Nilayam, the local tea shop that the writer visits becomes the centre of dissemination of information about the house. The writer learns of Bhargavi's past, and the local populace learns of the new developments at Bhargavi Nilayam through the writer.

In *Yakshi*, it is Sreenivasan's neighbour who describes the past of the house in vivid detail to him, establishing its status as a haunted mansion owing to a lady's suicide. Dasappankutty (a distant relative and worker at Madampilly) and Kattuparamban (a local tantric expert) are disseminators of Madampilly's secrets in *Manichithrathazhu*. In *Ennu Swantham Janakikutty*, Janakikutty's grant-aunt Unichiriyamma proves the gossip-monger who instills Kunjathol's tragedy in her mind. In Indriyam, the caretaker of the Thripangottu Royal Family's summer palace narrates the lore of Neeli to the youngsters. Thus, the unfortunate death/murder (mostly) of a woman survives the test of time and reaches mythical proportions when it is carried forth through the hands of various agents of propagation.

Oral speech is not the only way of publicising a mythical narrative. “It can consist of modes of writing or of representations; not only written discourse, but also photography, cinema, reporting, sport, shows, publicity, all these can serve as a support to mythical speech” (Barthes 108). After the appropriation by literature and horror film, the yakshi myth became associated with any woman who suffered an unnatural death, by exploiting the chances of her retaliation, and resurrecting her as the monstrous-feminine. Thus, Malayalam horror cinema may itself be considered as a form of metalanguage that etches various versions of the already popular myth of the avenging yakshi in the spectator’s psyche.

Though myth-making related to the monstrous-feminine might have originated from the rural locales, the horror film has extended her location to the cityscape as well. Horror narratives like *Pacha Velicham, Ayushkalam, Vismayathumbathu, Kanakanmani, Akam, and Pretham* surround the urban landscape. Though a generalisation is not possible, when rural settings focus mostly on problems in the private sphere like thwarted affairs and honour killings, the urban settings portray the potential misogynist dangers that women might have to suffer when they try to enter predominantly masculine public spaces.

Conclusion

This research paper explores the city-village binary as an abstract categorization that yields a concrete hold on the characters it shapes, with regard to Malayalam horror films. An analysis of the cityscape and the village represented in the chosen primary films ranging from 1970s to 2010s is made, keeping the characters they engender -the monstrous-feminine and the normative-feminine- in mind. It is observed that women are ideally imagined as belonging to the private sphere/house (*ghar* in Partha Chatterjee’s terms), and men to the public sphere (*bahir* in Partha Chatterjee’s terms).

Women who venture into the public sphere to find a career/job/partner/identity of their own are subjected to abjection, and prone to be labelled as the monstrous-feminine, literally in horror films, and metaphorically in other genres of films. They are subjected either to religious exorcism or psychiatric treatment, or to the interference of a superior masculine figure to be recuperated into the patriarchal molds already designed for the ideal postcolonial female subject. Moreover, the village is considered to be the ideal locale suited to spread gossips that in the course of time, evolve into myths regarding the monstrous-feminine, with the local teashops, neighbouring houses, and the naïve populace having their roles to play in the dissemination of such coloured tales.

The major finding of this paper is that the socio-political process of gendering in Kerala finds its reflection in the horror films produced in Malayalam, thus making film a medium of popular culture that echoes the state’s patriarchal standards in assessing its citizenship. The paper is also limiting, as its chosen films are few in number, and the categorization includes only the city-village binary. There are several other possibilities with reference to the haunted house, its inhabitants, the caste, class,

and other intersectional issues to be explored within every regional cinema in India, that can expand the vistas of research in new dimensions.

Works Cited:

Akam. Directed by Shalini Usha Nair, performances by Fahadh Fazil, Anumol, Box office Cinema, 2011.

Barthes, Roland. "Myth Today." Mythologies. Translated and edited by Annette Lavers, Vintage, 1993.

Bose, Brinda. "Modernity, Globality, Sexuality, and the City: A Reading of Indian Cinema." The Global South, vol. 2, no. 1, 2008, pp. 35–58. JSTOR, www.jstor.org/stable/40339281. Accessed 29 Dec. 2024.

Chatterjee, Partha. The Nation and Its Fragments. Princeton UP, 1993.

Dix, Andrew. Beginning Film Studies. Second ed., Viva Books, 2017.

Kristeva, Julia. Powers of Horror: An Essay on Abjection. Translated by Leon S. Roudiez. Columbia UP, 1982.

Lisa. Directed by Baby, performances by Vidhubala, Seema, Kanakadurga, Prem Nazir, Jayan, Dhanya Productions, 1978.

Manichithrathazhu. Directed by Fazil, performances by Mohanlal, Shobhana, Suresh Gopi, Swargachithra, 1993.

Pretham. Directed by Ranjith Shankar, performances by Jayasurya, Shruthy, Aju Varghese, Govind Padmasurya, Sharaf U Dheen, Dreams N Beyond, 2016.

Rajendran, Aneetta. "You Are Woman: Arguments with Normative Femininities in Recent Malayalam Cinema." Economic and Political Weekly, vol. 49, no. 17, 2014, pp. 61–69. JSTOR, www.jstor.org/stable/24480121. Accessed 28 Dec. 2024.

Veendum Lisa. Directed by Baby, performances by Shari, Innocent, Manorama, Asha Creations, 1987.

Williams, Raymond. The Country and the City. The Hogarth P, 2013.

---. "Culture is Ordinary." Raymond Williams on Culture and Society, edited by Jim McGuigan. Sage, 2013.

10

Embodying Resistance: Gendered Violence, Body Politics and the Assertion of Agency in Sithara's "Fire"

Dr. Anu Lakshmi Babu
Assistant Professor of English, NSS Hindu College,
Changanacherry, Kerala

Abstract

ആയിഷ മായനും നിലമ്പൂർ ആയിഷയ്ക്കും തൊഴിലുമായി ബന്ധപ്പെട്ട അനുഭവിക്കേണ്ടിവന്ന പ്രശ്നങ്ങൾ കേവലം മതാധികാരം മാത്രമല്ല. പ്രാദേശികത, സാമൂഹികചുറ്റുപാട് തുടങ്ങിയ പലഘടകങ്ങൾ ഉൾച്ചേരുന്നതായി കാണാം. ജസ്റ്റിസ് ഫാത്തിമാ ബീവിക്ക് തൊഴിലെടുക്കാൻ പ്രശ്നമില്ലാതിരിക്കുകയും ആയിഷ മായൻ പ്രശ്നം അനുഭവിക്കുന്നതായും കാണാം. പ്രാദേശിക ഭേദവും അവരുടെ സാമൂഹിക അന്തരീക്ഷവും ഇതിൽ ഘടകങ്ങളാകുന്നു. നിലമ്പൂർ ആയിഷയുടെ പിതാവ് നാട്ടിലെ പ്രമാണിയായിരുന്നു. സാമ്പത്തികാധികാരം കൈയാളുന്ന ആൾ. ആ സമയത്ത് വിദ്യാഭ്യാസം നിഷേധിച്ചിരുന്നില്ല, മരണത്തോടെയാണ് ജീവിതം മാറിമറിയുന്നത്. ആ സാമ്പത്തിക അധികാരം തുടർന്നുപോയിരുന്നെങ്കിൽ ഒരുപക്ഷേ, ഈ സാമൂഹികവിഭജനം അവർ നേരിടേണ്ടിവരില്ലായിരുന്നു. " സ്ത്രീകൾ ഒരു ഏകീകൃതവിഭാഗമല്ലെന്നും സ്ത്രീകളുടെ അനുഭവങ്ങൾ നിർവചിക്കപ്പെടുന്നത് വിവിധ ആധിപത്യ വ്യവസ്ഥകളിൽ അവർ വഹിക്കുന്ന വൈവിധ്യമാർന്ന സ്വത്വങ്ങളുടെയും സാമൂഹികവും രാഷ്ട്രീയവുമായ റോളുകളുടെയും വിഭജനത്തിലൂടെയാണ്" (2020:7) എന്ന് ഇന്റർസെക്ഷണൽ ഫെമിനിസം വ്യക്തമാക്കുന്നു. അതായത് ഈ സ്ത്രീകളുടെ പ്രശ്നങ്ങളെ കേവലം മാതാധികാരത്തിന്റെ പ്രശ്നമായല്ല കാണേണ്ടത്. മറിച്ച് ഈ സ്ത്രീകൾ ജനിച്ചുവളർന്ന സാഹചര്യം, സാമൂഹിക അന്തരീക്ഷം, പ്രാദേശികത, സംസ്കാരം, ജാതി, സാമ്പത്തികം, അധികാരശ്രേണി എന്നിവയുമായൊക്കെ ബന്ധപ്പെട്ടാണ് ഇവരുടെ വിദ്യാഭ്യാസവും തൊഴിലും നിലനിൽക്കുന്നത് എന്ന് കാണാൻ സാധിക്കും.

ഗ്രന്ഥസൂചി

1.അഷ്റഫ് കെ. ടി, ജസ്റ്റിസ് ഫാത്തിമാബീവി നീതിയുടെ ധീരസഞ്ചാരം, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2020

2.കടവത്തൂർ, സി മുഹമ്മദ്, കാഫർ മായന്റെ പെൺമക്കൾ, പുടവ, മാർച്ച് 2013

3.ചക്രവർത്തി ഉമ, ജാതിയെ ലിംഗവൽക്കരിക്കുമ്പോൾ, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2008

4.ദേവിക ജെ , സ്ത്രീവാദം നവസിദ്ധാന്തങ്ങൾ, എഡി. വി. സി. ഹാരിസ്,ഉണ്ണികൃഷ്ണൻ ബി, കോട്ടയം: ഡിസി ബുക്സ്,2000.

5.നിലമ്പൂർ, ആയിഷ, ജീവിതത്തിടെ അരങ്ങ്, കോട്ടയം: കറന്റ് ബുക്സ്, 2005

6.നൂർജഹാൻ,നൂറ. എം. ഹലീമാബീവിയുടെട ജീവിതം പത്രാധിപ, കോട്ടക്കൽ: ബുക്ക് കഫെ,2020

7. ബി. എസ്. ഷെറിൻ, ദേശീയത ഫെമിനിസം പ്രതിവ്യവഹാരങ്ങളുടെ രാഷ്ട്രീയം, മലപ്പുറം: ബുക്ക് പ്ലസ് പബ്ലിഷേഴ്സ്, 2023

8. ഭാനു എം, സബീന, ശരീരം തന്മ സമൂഹം: മുസ്ലിംസ്ത്രീ പ്രതിനിധാനം സമകാലീക മലയാളനോവലിൽ, കാലടി: ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല,2022

9. ശ്രീദേവി കെ നായർ, സ്ത്രീവാദവും മിത്തോളജിയും, ഫെമിനിസം എഡി:എൻ ജയ കൃഷ്ണൻ, തിരുവനന്തപുരം: കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്,2011

10.ഹുസൈൻ കെ ടി. ഷംഷാദ്, ന്യൂനപക്ഷത്തിനും ലിംഗപദവിക്കുമിടയിൽ, തിരുവനന്തപുരം: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2005

11.Aira Rosa Frasquet , Pascua Marta Ruiz, Introduction to intersectional feminism, Barcelona, servei civil internacional,2020

12.Crenshaw Kimberle , Demarginalizing the Intersection of Race and Sex:

A Black Feminist Critique of Antidiscrimination Doctrine, Feminist Theory and Antiracist politics, Chicago:University of Chicago Legal Forum,volume 1989 Issue 1 Article 8

13.Hanifa,Farzana, ayisha Raufa pioneer of Muslim women emarcipation in SriLanka, Srilank:, oscial scientist Asosciation, 2014

14.Sarkar Mahua, Muslim women and the politics of invisibility(in) late colonial Bangal, journal of historical sociology,vol 14,No2, June 2001

15.(https://youtu.be/ViDtnfQ9FHc ?si=b8n9XAf-tX9mj-rs).

12

പത്മരാജന്റെ നായികമാർ

ഡോ. രേഖ എസ്.
അസിസ്റ്റന്റ് പ്രൊഫസർ
ശ്രീ നാരായണ വനിതാ കോളേജ്, കൊല്ലം

പ്രബന്ധസംഗ്രഹം

ഇന്നും മലയാളസിനിമയിൽ പലരും പരീക്ഷിക്കാൻ മടിക്കുന്ന കഥാപാത്രങ്ങളും കഥാപരിസരങ്ങളും എൺപതുകളിൽ സൃഷ്ടിച്ച സംവിധായകനാണ് പത്മരാജൻ. തന്റെ സിനിമകളിലൂടെ സ്ത്രീപുരുഷ ബന്ധങ്ങളെക്കുറിച്ച് നിലനിന്നിരുന്ന പല വിശ്വാസങ്ങളെയും പൊളിച്ചെഴുതാൻ അദ്ദേഹത്തിനു സാധിച്ചു. ശക്തരും മികവുറ്റതുമായ സ്ത്രീകഥാപാത്രങ്ങൾ പത്മരാജന്റെ സിനിമകളുടെ പ്രത്യേകതകളാണ്. നമുക്ക് പാർക്കുവാൻ മുന്തിരിത്തോപ്പുകളിലെ സോഫിയ, ദ്രുവാനത്തുമ്പികളിലെ ക്ലാര, രാധ, ഞാൻ ഗന്ധർവനിലെ ഭാമ, ക്ലൂടെവിടെയിലെ ആലീസ്, ഫയൽവാനിലെ ചക്കര, നൊമ്പരത്തിപ്പൂവിലെ ജിജിയും പദ്മിനിയും നവംബറിന്റെ നഷ്ടത്തിലെ മീര എന്നിങ്ങനെ നീളുന്ന അദ്ദേഹത്തിന്റെ സൃഷ്ടിയിലൂടെ പ്രക്ഷകരിൽ നിറഞ്ഞ കഥാപാത്രങ്ങൾ. സമൂഹം കല്പിച്ച് കൊടുത്ത സങ്കുചിത ചിന്തകളുടെ വേലിക്കെട്ടു പൊളിച്ചു കളഞ്ഞവരാണ് മിക്ക പെൺകഥാപാത്രങ്ങളും. ഓരോ കഥാപാത്ര വ്യക്തിത്വത്തിനും അവർ അർഹിക്കുന്ന രീതിയിലുള്ള ഒരു ജീവിതവും സിനിമാന്ത്യത്തിൽ പത്മരാജൻ നൽകുന്നുണ്ട്. ഈ നായികാ കഥാപാത്രങ്ങളുടെ വിശകലനമാണ് ഈ പഠനത്തിൽ.

താക്കോൽ വാക്കുകൾ

സബ്ലിമേഷൻ, നെഗറ്റീവ് ആണത്തം, ഓട്ടിസം, ലിംഗസമത്വം, മോൾഡ്, പരമ്പരാഗത സ്തൈണത

എൺപതുകളുടെ തുടക്കത്തിൽ വളരെയേറെ പ്രാധാന്യമുള്ള സ്ത്രീ കഥാപാത്രങ്ങൾ പത്മരാജനെപ്പോലെ ആരും സൃഷ്ടിച്ചിരുന്നില്ല. പുരുഷാധികാര ഘടനയിൽ നിന്നും പുറത്തുകടക്കാതെ സിനിമാഖ്യാനങ്ങൾ സ്ത്രീകഥാപാത്രങ്ങളെ അരികുവത്കരിച്ചപ്പോൾ അതിനെ മറികടക്കാനുള്ള പത്മരാജന്റെ ശ്രമങ്ങളായിരുന്നു നിരവധി സ്ത്രീപ്രാധാന്യമുള്ള കഥാപാത്രങ്ങൾ. 'നമ്മുക്ക് പാർക്കാൻ മുന്തിരിത്തോപ്പുകൾ' എന്ന സിനിമയിൽ ചാരിത്ര്യമെന്ന സങ്കല്പത്തെ തകർത്തെറിഞ്ഞു. പുരുഷകാഴ്ചപ്പാടിലൂടെ ചിത്രീകരിച്ച ദ്രുവാനത്തുമ്പികൾ സിനിമയിൽ ജയകൃഷ്ണനെന്ന നായക കഥാപാത്രത്തെക്കാൾ അന്തസ്സും സ്വതന്ത്രചിന്തകളും അഭിപ്രായങ്ങളും

പുലർത്തിയ കഥാപാത്രങ്ങളായിരുന്നു രാധയും ക്ലാരയും. രണ്ടു സ്ത്രീകളുടെ ജീവിതത്തിലെ വിവിധ വശങ്ങൾ ചിത്രീകരിക്കുന്ന നൊമ്പരത്തിപ്പൂവ്- എന്നിവയെല്ലാം ശ്രദ്ധേയമായ സ്ത്രീപ്രാധാന്യമുള്ള സിനിമകളാ യിരുന്നു. സ്ത്രീ ജീവിതത്തിലെ കഠിനമായ ശിക്ഷാനടപടികളെ ഭയന്ന് മാനേജ്മെന്റിന്റെ വേലിക്കെട്ടുകൾ പൊട്ടിച്ചെറിഞ്ഞ് ദേശാടനക്കിളിയെപ്പോലെ സഞ്ചരിച്ച കൗമാരക്കാരായ സാലിയും നിമ്മിയും ഇന്നലകളിൽ ഓർമ്മകൾ നഷ്ടപ്പെട്ടുപോയ മായ, ഒരു അപകടത്തെത്തുടർന്ന് ബുദ്ധിസ്ഥിരത നഷ്ടപ്പെടുന്ന ജിജി എന്ന അനാഥക്കുട്ടി അവളെ എടുത്തു വളർത്തുന്ന പദ്മിനി, തിങ്കളാഴ്ച നല്ല ദിവസത്തിലെ ജാനകിക്കുട്ടിയെന്ന അമ്മ, തുടങ്ങിയവരെല്ലാം പ്രേക്ഷകർക്കുള്ളിൽ എക്കാലവും നിറഞ്ഞുനിന്ന കഥാപാത്രങ്ങളാണ്.

1979-ൽ പദ്മരാജൻ സംവിധാനം ചെയ്ത ആദ്യസിനിമയിലെ പെരുവഴിയമ്പല ത്തിൽ 'ദേവയാനി' എന്ന നായികാ കഥാപാത്രം വളരെ ദുരന്ത പശ്ചാത്തലത്തിൽ ജീവിക്കുന്ന ലൈംഗിക തൊഴിലാളിയാണ്. ശൃംഗാരശീലയും അതേസമയം മൂർച്ചയുള്ള നാവിന്റെ ഉടമയുമാണവൾ. എന്നിട്ടും നായകനായ രാമനുമായി ഊഷ്മളമായ സൗഹൃദം പൂലർത്താൻ അവൾക്ക് സാധിക്കുന്നുണ്ട്. സ്ത്രീയെ വില്പനചരക്കായി കാണുന്ന സമൂഹത്തിൽ പെണ്ണുങ്ങളുടെ ശരീരത്തിൽ പാടുകൾ വീഴുമ്പോൾ അവരെ ഉപേക്ഷിച്ചു കളയുന്നുവെന്ന യാഥാർത്ഥ്യം ദേവയാനിയിലൂടെ വെളിപ്പെടുത്താൻ ശ്രമിക്കുന്നു. "ഇവിടെ എനിക്കെന്തിലും പറയാൻ ആരാണുള്ളത്. ഇവിടം വന്നുപോകുന്നവർ മാത്രമേയുള്ളൂ" (പെരുവഴിയമ്പലം :1979 -1:12:05.) എന്നും "ആരെക്കെയോ വരുന്നു.. പോന്നു, മണിപറയുന്നതാ നേര്... കുന്നുംപുറത്തെ ദേവയാനിക്കു ഒന്നുമില്ല. ഈ കുന്നുപോലും" - എന്നിങ്ങനെ തന്റെ ജീവിതം രാമന് മുമ്പിൽ അവൾ തുറന്നിടുന്നുണ്ട്. നാട്ടിലെ പ്രധാന റൗഡിയായ പ്രഭാകരപിള്ളയെ കൊലപ്പെടുത്തിയിട്ട് പോലീസിൽ നിന്നും രക്ഷപ്പെടാനാണ് രാമൻ ദൂരെ കുന്നിന്റെ മുകളിൽ വേശ്യാവൃത്തി നടത്തുന്ന ദേവയാനിയുടെ വീട്ടിൽ അഭയം പ്രാപിക്കുന്നത്. ആ വീട്ടിൽ വിശ്വംഭരനും ഒരു വൈദ്യനും മാത്രമാണ് വിരുന്നുകാരായി എത്തുന്നത്. ആർദ്രത മറന്ന ആണത്തത്തിന്റെ ലോകത്തിൽ മാതൃത്വത്തിന്റെ വാത്സല്യം രാമനോട് കാണിക്കുന്നത് സമൂഹത്തിൽനിന്നും പുറത്താക്കപ്പെട്ട ദേവയാനിയാണ്. വേശ്യയാണെങ്കിലും വ്യക്തമായ നിലപാടുകളും അഭിപ്രായമുള്ള കഥാപാത്രമായിട്ടാണ് പത്മരാജൻ അവളെ അവതരിപ്പിക്കുന്നത്.

ഒരു സ്ത്രീയുടെ ജീവിതത്തെ മുൻനിർത്തി ആണത്തത്തിന്റെ കഥപറയുന്ന സിനിമയാണ് പത്മരാജന്റെ ഒരിടത്തൊരു ഫയൽവാൻ (1981) എന്ന സിനിമ. ആണത്തം എന്ന സങ്കല്പം ചക്കരയുടെ കാഴ്ചപ്പാടിലൂടെ ഇതിൽ ചിത്രീകരിക്കുന്നു. അതായത് മൂന്നു നായക കഥാപാത്രങ്ങളുടെ വളർച്ചയും തുടർച്ചകളും ചക്കരയെന്ന സ്ത്രീയെ മുൻനിർത്തിയുള്ളതാകുന്നു. ചക്കരയെ വിവാഹം ചെയ്യുന്ന ഫയൽവാൻ, ഗർഭിണിയാക്കി കടന്നു കളയുന്ന ജോബ്, പ്രണയിക്കുന്ന കണ്ണൻ എന്നിങ്ങനെ മൂന്നു പുരുഷന്മാരാണ് അവളുടെ ജീവിതത്തിൽ കടന്നു വരുന്നത്. ഗോദയിൽ ശരീരം കൊണ്ട് മാസ്മരികത തീർത്ത ഫയൽവാൻ ചക്കരയ്ക്ക് കൗതുകകരമായ മനുഷ്യനാണ്. ഫയൽവാന്റെ കസർത്തുകളെല്ലാം ഒളിഞ്ഞും പതുങ്ങിയും നിന്നു അവൾ കണ്ടു രസിക്കുന്നു. ഫയൽവാനുമായുള്ള വിവാഹത്തിൻറെയന്നു "അയാളെ താങ്ങാനിത്തിരി പാടാ' - എന്നു വേദനയോടെ തമാശപറയുന്ന കണ്ണന്റെ മുന്നിൽ നിന്നും അവൾ ഓടിപ്പോകുന്നു. അവന്റെ തീവ്രമായ പ്രണയം ചക്കര മനസ്സിലാക്കാൻ കാലതാമസമുണ്ടായെന്നു മാത്രം. ആദ്യരാത്രിയിൽ ഗുസ്തിക്കാരനെപ്പോലെ ഫയൽവാൻ ചക്കരയെ എടുത്തുയർത്തി വായുവിൽ വട്ടം കറക്കുന്നു. കാണികളില്ലാത്ത മണിയറയിൽ ചക്കരയുടെ മനസ്സ് വളരെ പെട്ടെന്ന് ഉദ്വേഗത്തിൽ നിന്നും ആഹ്ലാദത്തിലേയ്ക്ക് സഞ്ചരിക്കുന്നു. അവസാനം തളർന്നുറങ്ങുന്ന അവളെ വാത്സല്യത്തോടെ നോക്കിനിൽക്കുന്ന ഫയൽവാനെക്കാണാം. നാടുമുഴുവൻ ഫയൽവാന് 'സെക്സിലും സ്റ്റണ്ടില്ലാ എന്നവപാദം പരക്കുമ്പോൾ ചക്കരയെ ഉപേക്ഷിച്ച് അയാൾ നാടുവിടുന്നു.

ഫയൽവാന്റെ പാലായനവും ആദ്യ ഭാര്യയായ ബിപാത്തുവിന്റെ കത്തും ലഭിക്കുന്നതോടെ ചക്കരയുടെ ജീവിതത്തിൽ ജോബുമായുള്ള അടുത്തഘട്ടം ആരംഭിക്കുന്നു. 'പൂച്ചക്കണ്ണൻ' എന്നാണ് കുസൃതിയോടെ ജോബിനെ വിളിക്കുന്നത്. 'നാട്ടീപ്പെട്ട നല്ലൊരു പെണ്ണിനെ വെറുതെ പാഴാക്കി കളഞ്ഞല്ലോ' എന്ന ജോബിൻറെ പരിഭവം തീരുന്നത് ചക്കരയെ ഗർഭിണിയാക്കി കുവൈറ്റിലേയ്ക്ക് കടന്നുകളയുമ്പോഴാണ് "ഭർത്താവിന്റെ കൂടെ കിടന്ന് ഉറങ്ങിയില്ലെങ്കിൽ ഭാര്യ അവൾക്ക് തോന്നിയതുപോലെ ചെയ്യോ" (ഒരിടത്തൊരു ഫയൽവാൻ: 1981-1:48:18) എന്ന കണ്ണന്റെ ചോദ്യത്തിന് 'ചെലപ്പോ' എന്നവൾ പ്രതികാരത്തോടെ ഉത്തരം പറയുന്നു. തന്റെ ശരീരത്തെ മാത്രം ലക്ഷ്യമിട്ട ജോബ് ഇനി വരില്ലായെന്നവൾക്കറിയാം. അയാൾക്ക് വേണ്ടി കരയാതെ കാത്തിരിക്കാതെ കണ്ണനെ തന്റെ ഭർത്താവാക്കാൻ ചക്കര തീരുമാനിക്കുന്നു. ജോബിൽ നിന്നും ഗർഭിണിയായെങ്കിലും അവളെ വിവാഹം കഴിക്കാൻ കണ്ണൻ തയ്യാറാണ്. ജോബിൻ, ഫയൽവാൻ എന്നിവരെപ്പോലെ ശാരീരികശക്തിയില്ലാത്ത കണ്ണനെ അവന്റെ ആഴത്തിലുള്ള പ്രണയം മനസ്സിലാക്കി ചക്കര സ്വീകരിക്കുന്നു. ഫയൽവാൻ തിരിച്ചു വന്ന ചക്കരയെ ചോദ്യം ചെയ്യുമ്പോൾ അവൾ ധൈര്യത്തോടെ കണ്ണനെ അയാൾക്ക് മുന്നിൽ നിർത്തുന്നു. അങ്ങനെ ഫയൽവാനെക്കാളും ജോബിനെക്കാളും ചക്കരയുടെ ജീവിതത്തിൽ കണ്ണൻ വിജയിച്ചു കയറുന്നു. ചക്കര എന്ന കഥാപാത്രത്തിലൂടെ സിനിമ മുന്നോട്ടു വയ്ക്കുന്ന ആണത്തം കണ്ണന്റേതാണ്. ശക്തനായ ഫയൽവാനെക്കാൾ തവളപിടിത്തക്കാരനും ദുർബലനുമായ കണ്ണന്റെ ആണത്തം മേൽക്കൈ നേടുന്നത് പ്രണയത്തിന്റെയും സംരക്ഷണത്തിന്റെ യും മാനദണ്ഡത്തിലാണ്. അവിടെ ജോബും ഫയൽവാനും ദുർബലരായിത്തീരുന്നു.

1982-ൽ റിലീസായ പത്മരാജന്റെ 'നവംബറിലെ നഷ്ടം' എന്ന സിനിമയിലെ നായിക മീരാപിള്ള ശ്രദ്ധേയമായ നായികാകഥാപാത്രമാണ്. ജീവിതത്തിന്റെ മുഴുവൻ സ്നേഹവും സ്നേഹനഷ്ടവും വഞ്ചനയും ചതിയും പ്രതികാരവും അനുഭവിക്കേണ്ടി വന്ന യുവതിയാണവർ. സിനിമയുടെ അവസാനഭാഗത്ത് നവംബർ മാസത്തിൽ മാനസികാ രോഗ്യാശുപത്രിയിലെ പതിനൊന്നാം നമ്പർ സെല്ലിൽ അവൾ അടയ്ക്കപ്പെടുകയും തുടർന്ന് ആത്മഹത്യ ചെയ്യുകയും ചെയ്യുന്നു. ആ രംഗത്തിന് ഉചിതം പോലെ പത്മരാജൻ നൽകിയ പേരാണ് 'നവംബറിന്റെ നഷ്ടം.' പത്മരാജന്റെ ഒട്ടുമിക്ക സിനിമകളെപ്പോലെ ഇതും പ്രേക്ഷകർ തള്ളിക്കളഞ്ഞെങ്കിലും കാലത്തിനു മുമ്പേ സഞ്ചരിച്ച ചിത്രമായി ഇതിനെ കണക്കാക്കാം. പിൽക്കാലത്ത് സിനിമാനിരൂപകർ ഇതിനെ മനഃശാസ്ത്രപരമായി വിശകലനം ചെയ്യുകയുണ്ടായി. മീര എന്ന കഥാപാത്രത്തിന്റെ ജീവിതത്തിനും പ്രതികാരത്തിനും എൺപതുകൾ പാകപ്പെടാത്തതുകൊണ്ടാവാം അത് പരാജയപ്പെട്ടത്.

സിനിമയുടെ തുടക്കം അച്ഛനെക്കുറിച്ചുള്ള ദുഃസ്വപ്നങ്ങളിൽനിന്നാണ് ആരംഭിക്കുന്നത്. "ഞാൻ എന്തോ അച്ഛനെ സ്വപ്നം കണ്ടു നിലവിളിച്ചു. ഇന്നും കുന്തവും പരിചയുമൊക്കെയായിട്ടാണ് വന്നത്" (നവംബറിലെ നഷ്ടം:1982 - 00 : 04 : 36) എന്നിങ്ങനെ സഹോദരനോട് മീര അത് വിശദീകരിക്കുന്നുണ്ട്. അച്ഛൻ അവൾക്ക് വില്ലനാണ്. ഭാര്യയെയും മക്കളെയും ഉപേക്ഷിച്ച് പോയിട്ട് അവസാനം ദുരിതങ്ങളിൽ ചെന്നുവീഴുന്ന ഒരു കഥാപാത്രം ഒരു പുരുഷനെന്ന നിലയിൽ അയാളാണ് അവളിൽ മാനസികരോഗത്തിന്റെ വിത്തുകൾ വിതറുന്നത്. അച്ഛന്റെ സ്ഥാനത്ത് അവളുടെ മുഴുവൻ സംരക്ഷണവും സഹോദരൻ ഏറ്റെടുക്കുന്നുവെങ്കിലും പുരുഷന്മാരെ പൂർണമായും വിശ്വസിക്കാൻ അവൾ തയ്യാറാകുന്നില്ല. എന്നിട്ടും അവളുടെ സീനിയറായ ദാസ് എന്ന വ്യക്തിയുമായി പ്രണയത്തിലാവുന്നുണ്ട്. അവനെ മാത്രമെ വിവാഹം കഴിക്കുകയുള്ളൂവെന്ന് സഹോദരനോട് പറയുന്നുണ്ടെങ്കിലും അവിടെയും വഞ്ചിക്കപ്പെടാനായിരുന്നു അവളുടെ വിധി. പ്രണയവഞ്ചന അവളെ പൂർണ മനോരോഗിയാക്കുന്നു. മീരയിൽ കാണുന്ന മനോരോഗത്തിനെ സബ്ലിമേഷൻ എന്ന് നിർവചിക്കാം. സമൂഹം അംഗീകരിക്കാത്ത ഒന്നിനെ മനസ്സ് കൊണ്ടു സ്വീകാര്യമാക്കി തൃപ്തിയടയുന്ന മനസ്സിന്റെ പ്രതിരോധ തന്ത്രമാണ്. രോ

ഗം തീർത്ത തടവറയിൽ കഴിയുമ്പോൾ ദാസിനെ മാനസികാരോഗാശുപത്രിയിൽ വീണ്ടും കാണുകയും അയാളുമായി കൂടുതൽ അടുക്കുകയും ചെയ്യുന്നു. ചതിയുടെ ചെകുത്താൻ പല്ലുകൾ അയാളിൽ കണ്ടെത്തുന്നു. മീര മനസ്സുകൊണ്ട് ദാസിനോട് പ്രതികാരം മാത്രം മാർഗമായി കാണുന്നു. ഒരു സ്ത്രീയെക്കൂടി കീഴടക്കിയെന്ന വ്യാജാഭിമാനത്തിന്റെ സംതൃപ്തിയിൽ സുഖമായി ഉറങ്ങുന്ന അയാളെ മീര കഴുത്തിൽ ബൽറ്റ് മുറുക്കി കൊല്ലുകയും ലക്ഷ്യസാക്ഷാത്കാരം നേടുന്നു. ഈ സിനിമയിൽ മനുഷ്യമനസ്സിന്റെ സങ്കീർണതയും മനോരോഗത്തിൻറെ വിവിധ തലങ്ങളും ചിത്രീകരിക്കുന്നു.

പുരുഷാധിപത്യത്തിന്റെ നെറികേടുകളോട് സന്ധി ചെയ്യാൻ തയ്യാറാകാത്ത ആലീസ് എന്ന പെൺകുട്ടി തന്റെ കൂട് അഥവാ സ്വത്വം തേടിയുള്ള അന്വേഷണമാണ് കൂടെവിടെ (1983) എന്ന സിനിമ. ഊട്ടിയിലെ ഒരു ബോർഡിംഗ് സ്കൂളിൽ അദ്ധ്യാപികയായ ആലീസ് സ്കൂൾ മാനേജ്മെന്റിന്റെ നിർദേശം മറികടന്ന് രവി പുത്തൂരാൻ എന്ന മോശം വിദ്യാർത്ഥിയെ മികച്ച വിദ്യാർത്ഥിയായി മാറ്റിയെടുക്കുന്നതാണ് ഇതിലെ കഥാതന്തു. പട്ടാളക്കാരനായ സഹോദരനോടൊപ്പമാണ് അവൾ താമസിക്കുന്നത്. സഹോദരനായ ക്യാപ്റ്റൻ ജോർജ്ജ് അപകടത്തിൽ മരിക്കുന്നതോടെ ഒറ്റയ്ക്കാകുന്ന ആലീസ് അദ്ദേഹത്തിന്റെ സുഹൃത്തായ ക്യാപ്റ്റൻ തോമസിനെ വിവാഹം കഴിക്കാൻ തീരുമാനിക്കുന്നു. രവിയുമായുള്ള അടുപ്പം തോമസിൽ സംശയം നിറയുകയും അവനെ കൊല്ലുന്നതിനു കാരണമായിത്തീരുന്നു. തുടർന്ന് തോമസുമായുള്ള ബന്ധം ഒഴിവാക്കി മറ്റൊരിടത്തേയ്ക്ക് അവർ പോകുന്നു. ആദ്യം നായികയുടെ പേര് എഴുതിക്കാണിക്കുമ്പോൾ മനസ്സിലാകും നായികാ പ്രാധാന്യമുള്ള ചിത്രമാണിതെന്ന്.

സമൂഹത്തിലെ അധികാരകേന്ദ്രങ്ങളോടാണ് ഇതിലെ നായിക പ്രതിരോധം തീർക്കുന്നത്. ഒന്ന് അതിസമ്പന്നരായ മക്കൾ മാത്രം പഠിക്കുന്ന സ്കൂൾ മാനേജ്മെന്റിനോടാണ്, രവിപുത്തൂരാൻ എന്ന കുട്ടിയെ മോശക്കാരനായ വിദ്യാർത്ഥിയായി മുദ്രകുത്തി സ്കൂളിൽനിന്നും പുറത്താക്കാൻ ശ്രമിക്കുമ്പോൾ അമ്മയില്ലാത്ത അവന്റെ അരക്ഷിതാവസ്ഥ മനസ്സിലാക്കി അവന്റെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പാഠ്യേതര പ്രവർത്തനങ്ങളിലൂടെ പഠനത്തിലും മിടുക്കനാക്കുന്നു. സ്കൂൾ മാനേജ്മെന്റിനോടുള്ള അവളുടെ നിശബ്ദപ്രതിഷേധമാണിവിടെ അരങ്ങേറുന്നത്. "എല്ലാവരും കൂടി ക്രിമിനലാക്കാൻ തുടങ്ങിയാൽ വളരെ എളുപ്പമാ. അതും ആരുമില്ലാത്ത ഒരു കുട്ടിയെ" (കൂടെവിടെ:1983 - 00 : 43 : 32) എന്നിങ്ങനെയാണ് മാനേജ്മെന്റിന്റെ പ്രവർത്തികളെ അവൾ നോക്കിക്കാണുന്നത്. പട്ടാളച്ചിട്ട പുലർത്തുന്ന തോമസ് എന്ന വ്യക്തിയുമായി വിവാഹം നിശ്ചയിച്ചതിനുശേഷം അവളോടു അയാൾ കാണിക്കുന്ന അധീശത്വത്തിനോടുള്ള പ്രതിരോധമാണ് രണ്ടാമത്തേത്. മാനുഷികതയിലും പാരസ്പര്യത്തിലും ജീവിക്കുന്ന പുരുഷനെ സ്വപ്നം കാണുന്ന വ്യക്തിയാണ് ആലീസ്. സ്ത്രീസമത്വത്തിന്റെയും ലിംഗസമത്വത്തിന്റെയും പുതുകാഴ്ചകളാണ് പത്മരാജൻ ഇവിടെ അവതരിപ്പിക്കുന്നത്. അയാളുടെ ആണധികാരം അതിരു കടക്കുമ്പോൾ വിവാഹത്തെക്കുറിച്ച് "ഇപ്പോൾ ഉടനെ പറ്റില്ല. എനിക്ക് ആലോചിക്കണം. ഞാൻ തോമസിനെ ഇപ്പോൾ മനസ്സിലാക്കി തുടങ്ങുന്നതേയുള്ളൂവെന്ന് എനിക്ക് സംശയം തോന്നുന്നു. പേടി തോന്നുന്നുവെന്നു" (കൂടെവിടെ:1983 - 2 : 00 : 22) അവൾ തുറന്നു പറയുന്നുണ്ട്. പുരുഷാധികാരത്തിന്റെ അടിമയായി കഴിയാതെ സ്വാതന്ത്ര്യത്തോടുകൂടി താമസിക്കാനുള്ള ഒരു കൂടാണ് അവൾ അന്വേഷിക്കുന്നത്.

പത്മരാജൻ 1986-ൽ തിരക്കഥയെഴുതി സംവിധാനം ചെയ്ത സിനിമയാണ് നൊമ്പരത്തിപ്പൂവ്. ശാന്തസ്വഭാവിയും അന്തസ്സും പ്രതിഫലിക്കുന്ന പ്രതിരോധശക്തിയുള്ള പത്മിനി എന്ന കോളേജ് ടീച്ചറാണ് ഇതിലെ പ്രധാന കഥാപാത്രം. ദുരിതങ്ങളുടെ കൊടുങ്കാറ്റു വഹിക്കുന്ന ഒരു സ്ത്രീ. ഭർത്താവിന്റെ ബൈക്കപകടത്തിൽ രണ്ടു പെൺകുട്ടികൾ നഷ്ടപ്പെടുന്നു. തുടർന്ന് ഭർത്താവുമായി പൊരുത്തപ്പെടാനാവാതെ അയാളിൽനിന്നും വേർപിരിയുന്നു. സുഹൃത്തുമായി

വാടകവീട്ടിൽ കഴിയുമ്പോഴാണ് ജിജി എന്ന കൊച്ചു പെൺകുട്ടി അവളുടെ മങ്ങിയ ജീവിതത്തിൽ പ്രകാശമായി മാറുന്നത്. ഒട്ടും നാടകീയതയില്ലാതെയാണ് അവരുടെ ബന്ധം പത്മരാജൻ വരച്ചു ചേർക്കുന്നത്. ജിജിയുടെ സ്കൂളിൽ വച്ചാണ് ഡോ. പത്മനാഭനെ പത്മിനി പരിചയപ്പെടുന്നത്. അയാളുടെ ചിന്തകളും ഉപദേശങ്ങളും അവളിൽ വളരെയധികം മാറ്റങ്ങളുണ്ടാക്കുന്നു. ഭാര്യയുമായി വേർപെട്ട് കഴിയുന്ന അയാളുടെ സാമീപ്യം അവളിൽ ഊർജം നിറയ്ക്കുന്നു. പത്മിനിയും പത്മരാജനും തികച്ചും സമാനരാണ്. സഹാനുഭൂതിയുടെ ബാഹ്യസ്രോതസ്സുകളിലൂടെ ഇരുവരും തങ്ങളുടെ ജീവിതത്തിലെ ശൂന്യത നികത്താൻ ശ്രമിക്കുന്നു. മക്കളുടെ മരണത്തിൽ പത്മിനിയുടെയും ഭർത്താവിന്റെയും ദുഃഖം പത്മരാജൻ കൈകാര്യം ചെയ്യുന്നതും വ്യത്യസ്തമായിട്ടാണ്. മക്കളുടെ മരണത്തിന്റെ ദുഃഖത്തിൽ നിന്നും പത്മിനി കരയാതിരിക്കുമ്പോൾ ഭർത്താവായ സേതു വളരെ പെട്ടെന്ന് മുന്നോട്ട് പോകുന്നു. അനാഥയായ പെൺകുട്ടിയിൽ ആശ്വാസം കണ്ടെത്താൻ പത്മിനി ശ്രമിക്കുമ്പോൾ അവളുടെ പ്രവർത്തികളെ വളരെ അസ്വസ്ഥതയോടെയാണ് അയാൾ പരിഗണിക്കുന്നത്. അവരുടെ ബന്ധം എത്രത്തോളം ദുർബലമായിരുന്നുവെന്ന് തെളിയിക്കുന്നതാണ് അവർ തമ്മിലുള്ള സംഭാഷണങ്ങളെല്ലാം. പത്മിനി ജിജിയെ വീട്ടിലേയ്ക്കു നിർബന്ധമായി കൂട്ടിക്കൊണ്ടുപോകാൻ ശ്രമിക്കുമ്പോൾ "വരുന്നില്ലേ വരണ്ടേ, ഹോസ്റ്റലിൽ പോയി നിൽക്കട്ടെ. പിറകെ വിളിക്കാൻ ആരുമില്ലെന്നു കാണുമ്പോൾ തനിയെ ഇങ്ങു വന്നുകൊള്ളും"–(നൊമ്പരത്തിപ്പൂവ്:1986- 2 : 04 : 45) എന്നിങ്ങനെ തികച്ചും ബാലിശമായിട്ടാണ് സേതു പ്രതികരിക്കുന്നത്. പത്മിനിയുമായി ചേർത്തു വായിക്കാവുന്ന ഈ സിനിമയിലെ മറ്റൊരു കഥാപാത്രമാണ് അനിത. അതിരു കവിഞ്ഞ മദ്യപാനിയായ ഭർത്താവിൽനിന്നും രക്ഷപ്പെടാൻ ശ്രമിച്ചാലും അവളെ തന്റെ കിടക്കയിലേയ്ക്കു നയിക്കുന്നതിൽ അയാൾ വിജയിക്കുന്നു. പത്മരാജന്റെ നൊമ്പരത്തിപ്പൂവ് ലോകത്തിൽ അനിതയും പത്മിനിയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഭർത്താവിൽനിന്നോ കുട്ടികളിൽനിന്നോ അകന്നു നിൽക്കാൻ കഴിവില്ലാത്ത പുരുഷാധിപത്യത്തിന്റെ പരിചിതമായ ബന്ധങ്ങളാൾ ബന്ധിക്കപ്പെടുന്ന സ്ത്രീകളാകുന്നു അവർ.

പെണ്ണിന്റെ പരിശുദ്ധിക്കു സമൂഹം കൊടുത്ത അളവുകോലുകളെ തകർത്തെറിഞ്ഞ സിനിമയാണ് 'നമ്മുക്ക് പാർക്കാൻ മുന്തിരിത്തോപ്പുകൾ' (1986). തികച്ചും പക്വതയാർന്ന പ്രണയ സങ്കല്പമാണ് നായികാനായകനിലൂടെ അവലോകനം ചെയ്യുന്നത്. തന്റെ പ്രണയം സോളമൻ സോഫിയയെ അറിയിക്കുന്നിടത്തും ആ പക്വത പ്രകടമാകുന്നുണ്ട്. വളരെ കഠിനമായ ജീവിത പശ്ചാത്തലത്തിൽ വളർന്നു വന്നവളാണ് ഇതിലെ നായികയായ സോഫിയ. രണ്ടാനച്ഛന്റെ ക്രൂരതകൾ അവളെ വല്ലാതെ അലട്ടിയിരുന്നു. അതെല്ലാം സോളമനോട് തുറന്നു പറയുന്നതിൽ അവൾ ഒട്ടും വിമുഖത കാട്ടിയിരുന്നില്ല. "എന്നെയും അമ്മയും സേവ് ചെയ്യാൻ എന്തോ ത്യാഗം ചെയ്തുവെന്നാണ് അയാളുടെ ഭാവം. ഞാനിതെല്ലാം ആരോടെങ്കിലും പറഞ്ഞുവെന്നറിഞ്ഞാൽ ഞങ്ങളെ വല്ലാതെ ഉപദ്രവിക്കുക്കും"-(നമ്മുക്ക്പാർക്കാൻ മുന്തിരിത്തോപ്പുകൾ-1986 - 00 : 50 : 19) എന്നിങ്ങനെ തന്റെ അവസ്ഥ അവൾ സോളമനോട് വിവരിക്കുന്നുണ്ട്. അതുകൊണ്ട് അവളുടെ പശ്ചാത്തലം അയാൾക്ക് ഒരു പ്രശ്നമേ അല്ല. പത്താം ക്ലാസിനപ്പുറം പഠനം നേടാൻ പോലും സ്വാതന്ത്ര്യമില്ലാത്തവളാണ് സോഫി. വേലികെട്ടിത്തിരിച്ച ആ വീട്ടിനു വെളിയിൽ പോകാൻ പോൾ പൈലോക്കോരൻ അവളെ അനുവദിച്ചിരുന്നില്ല. സോഫിയയ്ക്കു ഒരു നല്ല ഭാവി ഉണ്ടാകുന്നത് അംഗീകരിക്കാൻ അയാൾ തയ്യാറായിരുന്നില്ല. ഒരു ദിവസം വീട്ടിൽ ആരുമില്ലാത്ത സമയത്ത് അയാൾ സോഫിയയെ മാനഭംഗപ്പെടുത്തി സോളമനുമായുള്ള അവളുടെ വിവാഹബന്ധത്തെ ഇല്ലാതാക്കാൻ ശ്രമിക്കുന്നു. ഇവിടെ എൺപതുകളിലെ സിനിമകളിൽ കാണാൻ സാധിക്കാത്ത ഒരു പക്വതയാണ് പത്മരാജൻ കാണിക്കുന്നത്. വിവാഹപൂർവ്വബന്ധത്തിന്റെ ഫലമായി ജനിച്ചത്, പഠനം നിർത്തേണ്ടി വന്നത്, റേപ്പുചെയ്യുന്ന രണ്ടാനച്ഛനുണ്ടായത് അവളുടെ തെറ്റല്ല എന്നു മനസ്സിലാക്കി ഒരു പുരുഷൻ അവളെ സ്വീകരിക്കാൻ

തയ്യാറാകുന്നതായി പത്മരാജൻ ചിത്രീകരിക്കുന്നു. അതാണ് യഥാർത്ഥ പ്രണയമെന്ന് സംവിധായകൻ സമൂഹത്തിന് കാണിച്ചു കൊടുക്കുന്നു. പ്രണയത്തിനും വിവാഹത്തിനും പാതിവ്രത്യത്തിന്റെ അനാവശ്യകതയാണ് ഇവിടെ ദൃശ്യവത്കരിച്ചിരിക്കുന്നത്.

സ്കൂൾ വിദ്യാഭ്യാസം ബോർഡിങ്ങിലെ പട്ടാളച്ചിട്ടകളിൽ തളച്ചിടാൻ വിധിക്കപ്പെട്ട സാലിയുടെയും നിമ്മിയുടെയും കഥയാണ് 'ദേശാടനക്കിളി കരയാറില്ല' (1986) എന്ന സിനിമ. ലെസ്ബിയൻ തലത്തിലുള്ള വിഷയമാണ് പത്മരാജൻ കൈകാര്യം ചെയ്തതെന്ന ചർച്ചകളും പിൽക്കാലത്ത് അതിനെക്കുറിച്ച് നടന്നിട്ടുണ്ട്. ആണിന്റെ തന്റേടത്തോടെയുള്ള ശാലിയും പെണ്ണിന്റെ എല്ലാവിധ ചേഷ്ടകളുമുള്ള നിമ്മിയും തമ്മിലുള്ള ശുദ്ധ സൗഹൃദമാണ് സിനിമയിൽ നിറഞ്ഞു നിൽക്കുന്നത്. ഹരിശങ്കർ എന്ന വ്യക്തിയെ പ്രണയിക്കുന്ന നിമ്മിയെ ശാലി ഒരിക്കലും എതിർക്കുന്നില്ല. മൗനസമ്മതം നൽകുകയും ചെയ്യുന്നുണ്ട്. ഹരിശങ്കറിനെ കാണാൻ താത്പര്യപ്പെടുന്ന നിമ്മിയോട് "ഹാ എന്താ ഉഷാർ. മോളേ നീ രക്ഷപെട്ടു. ഒരാളോടെങ്കിലും മനസ്സുകൊണ്ട് പ്രേമമോ ഫാസിനേഷനോ, ലൗവ്വോ എന്തു കന്തമോ ആകട്ടെ മനസ്സുകൊണ്ടു ഒരടുപ്പം തോന്നിയാൽ പാതിരക്ഷപ്പെട്ടു"-(ദേശാടനക്കിളികരയാറില്ല:1986 - 1 : 09 : 45)എന്നിങ്ങനെ ശാലി പറയുന്നുണ്ട്. ഇതിൽനിന്നും ശാലിക്ക് നിമ്മിയോട് സ്വവർഗാനുരാഗം ഇല്ലെന്ന് മനസ്സിലാക്കാം. ഇങ്ങനെ ഒരു വിഷയം കൈകാര്യം ചെയ്യുമ്പോഴുണ്ടായ പരിമിതികളും എതിർപ്പുകളും പരിഗണിക്കാത്ത സംവിധായകനാണ് പത്മരാജൻ. ദേശാടനക്കിളിയെ പ്പോലെ പറന്നു നടക്കാൻ ആഗ്രഹിച്ച സാലി ബോർഡിങ് സ്കൂളിന്റെ ചുമരുകൾക്കുള്ളിൽ അടയ്ക്കപ്പെടുകയായിരുന്നു. അവിടെ തന്റെ ജീവിതത്തെ തളച്ചിടാൻ സാലി തയ്യാറാകുന്നില്ല. പല പ്പോഴും ബോർഡിങ്ങിലെ വിലക്കുകൾ ലംഘിച്ചും ചുയിംങ്ങം ചവച്ചും അവൻ തന്റെ ബാല്യത്തിന്റെ നിസംഗതകൾ മറയ്ക്കുന്നു. തന്റെ അതേ വേദനകളുള്ള നിമ്മിയെ ചേർത്തുപിടിച്ച് ബോർഡിങ്ങിന്റെ വിലക്കുകൾ പൊട്ടിച്ചെറിയാൻ തീരുമാനിക്കുന്നു. ഒരു ആണിന്റെ തന്റേടത്തോടുകൂടി നിമ്മിയെ ചേർത്തു നിർത്താനും സംരക്ഷിക്കാനും അവർ ശ്രമിക്കുന്നുണ്ട്. ഹരിശങ്കറിന്റെ വിവാഹവാർത്തയറിഞ്ഞ് ദുഃഖിക്കുന്ന നിമ്മിയെ ശകാരിക്കുന്ന ശാലിയിൽ ഒരു സുഹൃത്തിനെക്കാൾ കാമുകഭാവം കണ്ടതിനാലാണ് പലരും ഇവരെ ലെസ്ബിയനായി വ്യാഖ്യാനിക്കുന്നത്. ഒരിക്കലും കൂട്ടിലകപ്പെടാൻ വേദനിക്കാനിഷ്ടപ്പെടാത്ത അവർ ദേശാടനക്കിളിയെപ്പോലെ മറ്റൊരു ലോകത്തേയ്ക്ക് പറന്നു പോവുകയായിരുന്നു. ഇന്നത്തെ കാലത്ത് ചർച്ച ചെയ്യുന്ന പരമ്പരാഗത സ്ത്രൈണതയെ മുറുകെപിടിക്കുന്ന നിമ്മിയെയും ആധുനിക സ്ത്രീയോ കഥാപാത്രങ്ങളുടെ പ്രതിനിധിയായ സാലിയെയും കാലത്തിനു മുമ്പേ തീരശ്ശീലയിലവതരിപ്പിച്ച സംവിധായകനാണ് പത്മരാജൻ.

അന്നുവരെ തിരശ്ശീലയിൽ ചിത്രീകരിച്ച പൈങ്കിളി പ്രണയകഥയിലെ നായികമാരിൽ നിന്നും വ്യത്യസ്തമായി തന്റേടത്തോടെ തങ്ങളുടെ പ്രണയത്തെ ന്യായീകരിക്കുകയും പുതിയമാനം ഉയർത്തിപ്പിടിക്കുകയും ചെയ്ത സ്ത്രീ കഥാപാത്രങ്ങളാണ് പത്മരാജന്റെ തൂവാനത്തുമ്പികളിലെ ക്ലാരയും രാധയും. സ്ത്രീപുരുഷ ബന്ധത്തിന്റെ വേറിട്ട കാഴ്ചയായ, ആർക്കും അത്ര പെട്ടെന്ന് പിടികൊടുക്കാത്ത മണ്ണാർത്തൊടിയിലെ ജയകൃഷ്ണൻറെ കാമുകിയായ ക്ലാര. നല്ല പ്രണയിനി എന്നതിനെക്കാൾ പ്രണയിനിയായ ഫെമിനിസ്റ്റ് എന്നവളെ വിശേഷിപ്പിക്കാം. സൗന്ദര്യത്തിന്റെയും വിവേകത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പ്രതീകമാണവൾ. ജയകൃഷ്ണന്റെ പ്രണയം അവൾ രാധയ്ക്കു വിട്ടുകൊടുക്കുന്നു. ഭർത്താവും കുഞ്ഞുമായി യാത്രപറഞ്ഞ് പോകുന്ന ക്ലാരയെക്കുറിച്ച് ഒരുപാട് ചർച്ചകൾ മലയാള സിനിമാ ലോകത്ത് നടന്നിട്ടുണ്ട്. ജയകൃഷ്ണന്റെ ആഢ്യത്വ തറവാടു ചുറ്റുപാടുകളെ അംഗീകരിക്കാൻ സ്വതന്ത്രമോഹിയായ ക്ലാര വെറുത്തതാവാം ഒന്നാമത്തെ കാരണം. അവളുടെ സ്വാതന്ത്ര്യചിന്ത പ്രകടമാകുന്ന നിരവധി സന്ദർഭങ്ങൾ സിനിമയിലുണ്ട്. "മുറികൾ എനിക്കിനി വയ്യ. പണ്ട് ജീവിതം മടുത്തതുപോലെ മുറികളും എനിക്ക് മടുത്തു. ചുമരുകൾ. ചുമരുകൾക്കുള്ളിലെ ചുമരുകൾ. സൈഡ്റൂമിന്റെ, ബെഡ്റൂമിന്റെ, ബാ

ത്റൂമിന്റെ എല്ലായിടത്തും ചുമരുകൾ. അവിടുന്നു വിട്ടാൽ ഓടുന്ന കോചുമരുകൾ. കാറിന്റെയോ, ട്രെയിനിന്റെയോ ചുമരുകൾ"-(തൂവാനത്തുമ്പികൾ:1987 - 1 : 49 : 37) എന്നിങ്ങനെ ജയിൽപ്പുള്ളികളെപ്പോലെ ജീവിച്ചു മടുത്തുവെന്ന് അവൾ തുറന്നുപറയുന്നുണ്ട്. കാല്പനിക പ്രണയത്തിൽ വശംവദയല്ല ഇവിടെ ക്ലാര. മനസ്സുറപ്പിന്റെ കാര്യത്തിൽ തന്റെ തീരുമാനങ്ങളെ ഇടയ്ക്കിടെ വികാരത്താൽ മാറ്റുന്ന രാധയെക്കാളും ഒരുപടി മുന്നിലാണവൾ. തന്റെ തീരുമാനങ്ങൾക്കു മുമ്പിൽ സ്നേഹത്തിനും സഹതാപത്തിനും ഒരു പരിഗണനയും അവൾ നല്കുന്നില്ല. രാധയെക്കാളേറെ ജയകൃഷ്ണനെ മനസ്സിലാക്കുന്നതും ക്ലാരയാണ്.

ക്ലാരയുമായി താരതമ്യപ്പെടുത്തി വളരെയധികം ആഘോഷിക്കപ്പെടാതെ പോയ കഥാപാത്രമാണ് രാധ. ആദ്യം ജയകൃഷ്ണന്റെ ആണധികാരം അവളിൽ വെറുപ്പുളവാക്കുന്നു വെങ്കിലും പിന്നീട് അയാളുടെ സത്യസന്ധതയിലും തുറന്ന പ്രകൃതത്തിലും അവൾ ആകൃഷ്ടയാകുന്നു. സ്നേഹത്തിനും സ്നേഹിച്ച പുരുഷനും വേണ്ടി എന്തും ചെയ്യുന്ന കുലസ്ത്രീയല്ല രാധ. തന്റേതായ അഭിപ്രായങ്ങളും നിബന്ധനകളും എപ്പോഴും അവൾ ജയകൃഷ്ണനോട് വ്യക്തമാക്കുന്നുണ്ട്. പ്രണയിച്ച പുരുഷനുവേണ്ടി ചില വിട്ടുവീഴ്ചകൾക്ക് അവൾ മുതിരുന്നുണ്ട്. അവൾക്ക് കൊടുത്ത വാക്ക് മറികടന്ന് ക്ലാരയെ കാണാൻ പോയ ജയകൃഷ്ണനോട് അവൾ ക്ഷമിക്കുന്നത് അയാളോടുള്ള സ്നേഹം കൊണ്ടാണ്. ഇപ്പോൾ തന്നെ വിവാഹം രജിസ്റ്റർ ചെയ്യാമെന്നു പറഞ്ഞ ജയകൃഷ്ണനോട് "ഒരു കാര്യം ഉറപ്പിച്ചോളൂ എന്നെങ്കിലും ഞാനൊരു വിവാഹരജിസ്റ്ററിൽ ഒപ്പിട്ടാൽ അതു ജയേട്ടന്റെ ഒപ്പിന്റെ അടുത്തേ ആവൂ. അല്ലെങ്കിൽ അങ്ങനെ ഒന്നുണ്ടാവില്ല. ഞാൻ ഒപ്പിട്ടോളാം എന്നെങ്കിലും ഒരു ദിവസം. പക്ഷേ ഇന്നില്ല." (തൂവാനത്തുമ്പികൾ:1987- 2 : 22: 39)എന്നിങ്ങനെ തന്റെ ഹൃദയം വ്യക്തമാക്കുന്നുണ്ട്. മരംചുറ്റിയാടുന്ന നായികമാരിൽനിന്നും തീർത്തും വ്യത്യസ്തമായി തന്റേടവും സ്വന്തമായ അഭിപ്രായങ്ങളും തീരുമാനങ്ങളും പ്രകടിപ്പിക്കുന്ന രണ്ടു കഥാപാത്രങ്ങളെ പത്മരാജൻ ഇവിടെ സൃഷ്ടിച്ചിരിക്കുന്നു.

കടൽത്തീരത്ത് ഉല്ലസിച്ചുകൊണ്ടിരിക്കുന്ന ഭാമയ്ക്ക് ഒരു ചെറിയതടിയുടെ രൂപത്തിലുള്ള ഗന്ധർവ്വനെ കിട്ടുന്നിടത്താണ് പത്മരാജന്റെ ഞാൻ ഗന്ധർവ്വൻ (1991) എന്ന സിനിമ ആരംഭിക്കുന്നത്. ആധുനിക സമൂഹത്തിൽ പഴയ ഗന്ധർവ്വ മിത്തിന്റെ പുനരാഖ്യാനമാണ് ഈ സിനിമ. പഴയ മുത്തശ്ശിക്കഥകളിലെ ഗന്ധർവ സങ്കല്പം ലൈംഗിക ഉണർവിനായുള്ള ഒരു രഹസ്യമുദ്രാവാക്യമാണ്. ഒരു സ്വർഗ്ഗീയ അപരിചിതനോടൊപ്പം അതിശയകരമായ ലൈംഗിക ഉണർവിന്റെ സങ്കല്പകൊടുമുടിയിൽ നിൽക്കുന്ന കൗമാരക്കാരിയാണ് ഭാമ. യുക്തിരഹിതയായ ഒരു കൗമാരക്കാരിയെപ്പോലെ അവൾ മിഥ്യയെ പര്യവേഷണം ചെയ്യുകയും ഗന്ധർവ്വനെന്ന സങ്കല്പത്തിൽ വിശ്വസിക്കുകയും ചെയ്യുന്നു. ആഴമേറിയതും വിലക്കപ്പെട്ടതുമായ അവളുടെ ആഗ്രഹങ്ങളെ പൂർത്തീകരിക്കുന്ന ബിംബമാണ് ഇതിലെ ഗന്ധർവ്വ ബിംബം. പരമ്പരാഗതമായ ഗാർഹികാന്തരീക്ഷത്തിൽ അർദ്ധരാത്രിയിൽ നായികയെ ഉണർത്താനും അമ്മയുടെ അടുത്തുനിന്നു ദോശകഴിക്കാനും അനാട്ടമി ക്ലാസിൽ തവളയെ കീറിമുറിക്കാനും സഹായിക്കാൻ അവളുടെ മിഥ്യാലോകത്ത് ഗന്ധർവ്വന് സാധിക്കുന്നുണ്ട്. കൗമാരക്കാരിയായ ഒരു കലാപക്കാരിയുടെ ചിന്തകളിലാണ് ഗന്ധർവ്വനെന്ന പ്രണയമിത്ത് നിറച്ചു പത്മരാജൻ മനോഹര സിനിമയാക്കിയത്. ഗന്ധർവ്വൻ ഭാമയോട് തൻറെ പ്രണയം ഇപ്രകാരമാണ് വർണിക്കുന്നത്. "ഒരു പൂവിൽനിന്നും തെൻ വലിച്ചെടുക്കുന്ന തേനീച്ചകളെപ്പോലെ സ്നേഹിക്കാനോ സ്നേഹിക്കപ്പെടാനോ ഞങ്ങൾക്ക് അനുവാദമില്ല." (ഞാൻ ഗന്ധർവ്വൻ: 1991- 0 : 45 : 27) തനിക്ക് സ്നേഹിക്കപ്പെടാൻ കഴിയാത്ത അമാനുഷികനാണ് ഗന്ധർവ്വനെന്ന് മനസ്സിലാക്കുന്ന മാനസികാവസ്ഥയിൽ പിന്നീടവൾക്കു എന്തു സംഭവിക്കുമെന്ന ചിന്ത എപ്പോഴും ഭാമ എന്ന കഥാപാത്രം പ്രേക്ഷകരിൽ ഉണർത്തുന്നു. മുത്തശ്ശിക്കഥകളിലെ ഗന്ധർവ്വൻ കന്യകമാരെ വശീകരിച്ച് അവരുടെ ജീവനും രക്തവും ഊറ്റിയെടുത്ത് അവരെ മറവിയിലേയ്ക്കു തള്ളിവിടുന്നു. പക്ഷേ ഭാമയുടെ കാര്യത്തിൽ അതൊന്നുമല്ല സംഭവിച്ചത്. സ്ത്രീകൾ മുഴുവൻ ആഗ്രഹിക്കുന്ന സൗന്ദര്യവും മനോ

ഹരവുമായ പുഞ്ചിരിയുമുള്ള ഗന്ധർവനെ പ്രണയിക്കാൻ ലഭിച്ചതിന്റെ ആഹ്ലാദത്തിലായിരുന്ന ഭാമ. ശാപമേറ്റ് ഭൂമിയിൽ വന്ന അയാൾക്ക് ശാപമോക്ഷത്തിനുള്ള മാർഗം കന്യകയെ പ്രാപിക്കലായിരുന്നു. ചാട്ടവാറടികളിൽനിന്നും അയാളെ രക്ഷിക്കാൻ ഒടുവിൽ ഭാമ തന്റെ കന്യകാത്വം ഗന്ധർവന് നൽകുന്നു. അതിലവൾക്ക് സങ്കടമില്ല. സ്വയം പ്രണയത്തിനായി നൽകിയവളാണവൾ. ഇനി വിരഹമാണ് സംഭവിക്കുന്നതെന്നും ഓർമകളിലെങ്ങോ ഒരു പൂക ച്ചരുൾപോലെ മാഞ്ഞുപോകുമെന്നും അവൾക്കറിയാം. ഇനി ഭാവിയെക്കുറിച്ച് ഒരു ചിന്തയുമില്ല. ഇങ്ങനെ അപൂർണമായിട്ടാണ് ഭാമയുടെ ജീവിതം പത്മരാജൻ പറഞ്ഞുവച്ചത്. നിരവധി അന്തഃസംഘർഷങ്ങളിലൂടെ കടന്നുപോകുന്ന കഥാപാത്രമാണിത്.

ഉപസംഹാരം

ഇന്നത്തെ പുതുതലമുറയോട് ഇഷ്ടമുള്ള സിനിമാ നായികമാരെക്കുറിച്ചു ചോദിച്ചാൽ അവർ ഒഴിവാക്കാത്ത പേരുകളാണ് ക്ലാര, ഭാമ, രതി, മീര.... എന്നിവർ. സ്ത്രീ എന്ന വാക്കിന്റെ പൂർണതകളാണ് പത്മരാജന്റെ പെൺകഥാപാത്രങ്ങൾ. ഉത്തരം കിട്ടാത്ത സമസ്യയാണ് പെൺമനസ് എന്ന വാക്യത്തെ പരിഹസിച്ച് അവയെ ഇത്രയധികം തൊട്ടറിഞ്ഞ സ്ത്രീ നിരൂപകർ പോലും കാണില്ല. ഓരോ സ്ത്രീയ്ക്കും അവളുടെ വ്യക്തിത്വവും അഭിപ്രായങ്ങളും തുറന്നു പറയാനുള്ള ഒരു തലം അദ്ദേഹത്തിന്റെ സിനിമകളിൽ ഉണ്ടായിരുന്നു. ഓരോ കഥാപാത്രങ്ങളെയും വളരെ കൈയൊതുക്കത്തോടും തന്മയിത്വത്തോടുമാണ് സൃഷ്ടിച്ചിരിക്കുന്നത്. മോൾഡ് ചെയ്ത കഥാപാത്രങ്ങളെ സൃഷ്ടിക്കാൻ കാലത്തിനു മുമ്പേ അദ്ദേഹത്തിനു സാധിച്ചു. നവംബറിന്റെ നഷ്ടത്തിലെ മീര, ദേശാടനക്കിളി കരയാറില്ല എന്നതിലെ ശാലി, ഋവാനത്തുമ്പികളിലെ ക്ലാര എന്നിവരെല്ലാം ഇതിന് തെളിവാണ്. നവംബറിലെ നഷ്ടത്തിലെ പ്രമേയം 22 എഫ് കെ കോട്ടയത്തിൽ വിശകലനം ചെയ്യാൻ ശ്രമിച്ച പ്രമേയമാണ് കാലങ്ങൾക്ക് മുമ്പേ ചർച്ച ചെയ്തത്. ആണത്തത്തിന്റെ അധികാര സീമയിൽ അടഞ്ഞു കിടക്കാതെ സ്വാതന്ത്ര്യത്തിന്റെ വാതായനങ്ങൾ തേടി പറന്നുപോയ ക്ലാരയും ദാമ്പത്യത്തിൽ തുല്യ സമത്വം ആവശ്യപ്പെടുന്ന ആലീസിനെയുമെല്ലാം എൺപതുകളിൽ തിരശ്ശീലയ്ക്കു മുമ്പിലെത്തിക്കാൻ കഴിഞ്ഞതാണ് പത്മരാജനെന്ന സംവിധായകന്റെ മികവ്. കാലങ്ങൾ എത്ര കഴിഞ്ഞാലും ഇവരെല്ലാം പുനർവായനയ്ക്കും ചർച്ചകൾക്കും വിധേയമായിക്കൊണ്ടിരിക്കുമെന്നതാണ് അദ്ദേഹത്തിന്റെ നേട്ടം.

ഗ്രന്ഥസൂചി

1. പത്മരാജൻ, ദുരന്തകാമനകളിലെ ഗന്ധർവ്വൻ, ഡോ. സജിത് ഏവൂരേത്ത്, മാതൃഭൂമി ബുക്സ്, 2011.
2. പത്മരാജന്റെ പ്രിയപ്പെട്ട തിരക്കഥകൾ - ഡി.സി. ബുക്സ്, 2020.
3. പത്മരാജൻ സിനിമ ഓർമ പഠനം, എഡി: രാകേഷ് നാഥ്, ഒലിവ് പബ്ലിക്കേഷൻസ്, 201
4. വസന്തത്തിന്റെ അഭ്രജാലകം, രാധാലക്ഷ്മി പത്മരാജൻ, മാതൃഭൂമി ബുക്സ്, 2013

13

Subverting Patriarchy: Analysing the Journey of Women Empowerment in K.R. Meera's fiction *Jezebel*

Dr.K.T.Vandana
Associate Professor of English, Government College, Munnar,
Idukki District, Kerala-685612

Abstract:

K.R. Meera's courtroom drama Jezebel, is a fiction portraying the struggles undergone by women in toxic patriarchy and how they redefine their destinies in a male dominated society. The main plot of the fiction revolves around the transition of the female protagonist Jezebel from a victim to a self-assured woman. The sub plot revolves around the predicament of characters with queer identity. The social conditioning in our society is to strictly adhere to gender binaries and to consider men as decisive and women as weaker ones. Even Jezebel, a doctor by profession, finds it difficult to mark a space in the socioeconomic landscape. The novel in parallel uses the image of Jezebel from the Old Testament to highlight the trials and tribulations suffered by women to attain righteousness from ages and gives the message that the struggle is still continuing. This paper aims to study the hardships endured by Jezebel to achieve empowerment and equity through the lens of intersectionality. The paper also discusses themes such as identity fluidity, queer aesthetics, detached mothering and redefinition of love.

Keywords:

Toxic patriarchy, Intersectionality, Identity fluidity, Queer aesthetics.

Introduction

K.R. Meera is a celebrated Indian author who is renowned for her female-centered works that delves deep into the inner lives of women and her works addresses the themes such as gender inequality, critiquing patriarchy, subversion of traditional roles and solidarity of women. Her writings also focus on the themes such as challenging the traditional roles entrusted on women, mythological reinterpretations, female freedom and agency. Before becoming a full-time writer, Meera was a journalist specialized in investigative journalism and she was the first woman journalist to be hired in Malayala Manorama. She has more than a dozen works to her credit and has proved herself in genres such as novels, novellas, short-story collections, essays and children's literature. She bagged several accolades such as Kendra Sahitya Academy Award (2015), Kerala Sahitya Academy Award (2009, 2013), Vayalar Award (2014), Odakkuzhal Award (2013), Muttathu Varkey Award (2018) and the English translation of her novel *Aarachaar* titled Hangwoman was shortlisted for DSC Prize for South Asian Literature in 2016. Her craftsmanship of exceptional and inspirational story telling carved a niche for her among the literary luminaries of our country.

K.R. Meera's fiction *Jezebel* is the English translation of her much-acclaimed Malayalam novel *Sooryane Aninja oru Sthree.* The book is translated into English by Abhirami Girija Sriram and K.S. Bijukumar in 2022. The fiction is written in the form of a courtroom drama and portrays the predicament of an academically brilliant doctor *Jezebel* who enters into an abusive marriage and her life in a toxic patriarchal family. K.R. Meera is always known for crafting bold and beautiful women characters who fight and mark their identity in the society. The fiction Jezebel also portrays a bunch of unique women characters belonging to different generations and their struggles to win a space in this patriarchal society. As Meena.T. Pillai points out in her article published in The Hindu, 'What is most subversive about the novel is the manner in which women- simple, ordinary women, themselves blaze a trail of emancipation and paint luminous shades of red and green and blue in their lives. The modern-day Jezebel, a doctor, refuses to mute her songs in tune to the dictum of an overbearing patriarchal family into which she has been married. Instead, she learns to shape her destiny, however slowly and laboriously. (www.thehindu.com)

This paper aims to analyse the fiction through the lens of Intersectionality, the term coined by Prof. Kimberle Crenshaw in 1989. It is 'a framework used to understand how various forms of inequality, discrimination, and social identities (such as race, gender, class, sexuality, and disability) intersect and overlap. It emphasises that people are not defined by a single social category but by multiple interconnected aspects of their identity that can result in unique experiences of privilege or oppression'. ("Intersectionality Theory: Understanding the Framework for Social Justice"). In the interview held in connection with the 20th anniversary celebrations of African American Policy Forum, Prof. Crenshaw expressed that, "Intersectionality is a lens through which you can see where power comes and collides, where it interlocks and intersects. It's not only simply that there's a race problem here, a gender problem

here, and a class or LBGTQ problem there. Many times, that framework erases what happens to people who are subject to all of these things". (Columbia Law School)

The novel in the form of an arc narrative opens with Jezebel's trial in the court accusing 'of having paid a contract killer to murder her husband' (Meera 3). She compares herself to Jesus and her body to Cross to endure the pain of extreme torture. She entered into marital life unexpectedly when her cousin Tresa disappeared on the day of 'girl seeing' (Meera 5). Groom was also a doctor by profession with good academic records and an MD in Pathology. Jezebel expressed her consent to their marriage with a normal girl seeing function and an email from the groom Jerome George Marakkaran that meets her ideal partner expectations. She misunderstood him for the best partner of her dreams. An arranged marriage in a middle-class Christian family in Kerala is normally a decision made by elders of the family. Thus, she walks into a loveless unconsummated marriage with Jerome George Marakkaran who is having a gay relationship with one of his classmates. Jerome's father Mr. George Jerome Marakkaran and his mother Lilly George Marakkaran knew about the clandestine relationship of their son. On the very night of her marriage all her dreams about 'the perfect partner' shattered as she was forced to have oral sex and was insulted by Jerome "But your name…I like that one! Do you know what the name Jezebel means? Whore! Whore! Whore!" (Meera 26). This was a great shock for Jezebel. From day one of her marriage till Jerome's accident, she was continuously abused by Jerome.

Let us analyze the bitter experiences faced by Jezebel in the novel through the lens of intersection of gender, societal expectations and patriarchy. Women are anticipated to perform traditionally entrusted roles of devoted partners, care takers of family members and guardians of legacy and honour of the family (In-laws). These gender roles are bestowed upon them and are expected to perform these duties without any complaints. All these responsibilities are considered as simple and effortless. Jezebel was repetitively reminded about her such responsibilities by her husband and father-in-law. Jezebel's Ammachi also reminds her about the duties she needs to perform at the bride groom's household. Her Ammachi, who sought refuge in God, feared that mothers are often blamed for not bringing up their daughters properly. She is always afraid of the societal expectations about the new bride in the bride groom's family. Jezebel who was brought up as an obedient daughter was also prone to the social conditioning of the society. In the initial phase of her marriage, she was ready to tolerate everything to maintain the goodwill of her family. When she stood independent, she was criticized for not being a good wife in the society and also in the court. Biblical references about queen Jezebel are mentioned in the novel to express the woeful situation of character Jezebel. Patriarchal norms and expectations in the novel make Jezebel's life miserable. Jerome George Marakkaran is brought up in a rigid patriarchal family where he sees the autonomy of his father over his mother and elder brother. He expresses his pride in being a male. George Jerome Marakkaran is presented in the novel as a figure of patriarchal surveillance that constantly observes and evaluates the behaviour of Jezebel according to his rigid

moral standards. He says on Jezebel's first visit to Jerome's house in Mumbai. "In this house what I say is law. After marriage, a woman has no money or property of her own. Before marriage, it's her father's: afterwards, her husband's. Once you get your salary, hand it over to Jerome. He'll give you whatever you need. That is the law in this house" (Meera 47). His authority is not limited to his role as the head of their family but also cultural and religious legitimacy associated with other elders in the family such as Lilly George Marakkaran and her elder son. No one dare to question him.

Identity fluidity in Jezebel.

The fiction also explores the theme identity fluidity through some of the major characters. Identity fluidity can be described as a shift in the identity of individuals based on the aspects such as gender, sexuality, personality and cultural background. Jerome George Marakkaran, Ann Mary and Jezebel are the characters who undergo identity fluidity in the fiction as a response to personal experiences and societal contexts. Jerome, the daddy's boy, in the novel appears as a figure of passive patriarchy, is a gay and maintains a relationship with his friend Avinash Gupta. The intensity of their relationship can be seen from the way Avinash takes care of him when Jerome lapse into a coma. Jerome's gay identity is a hidden family truth and Lilly Marakkaran reveals to Jezebel's family that, "I knew that my son did not need a woman to sleep with. For that Avinash Gupta was enough" (Meera 238). Lilly George Marakkaran also discloses, "Georgekutty brought him up to disrespect the womb that bore him. Perhaps that's why he couldn't bring himself to love bodies with wombs. Jezebel, I've always agonised about you. I hope the marriage would change him. I understood that it was not so in the morning you came to stay with us after your marriage. When he came back after going out that morning, I could smell that boy, Avinash, on him. A smell that always filled Jerome's room. He would come home under the pretext of combined study. I have seen them in bed together. The first time I wished my eyes would go blind. I thought it was a great sin. Then I thought it must be his way. This is how God has created him. When Georgekutty began to look a bride for him, I thought he would protest. I was wrong. Then I thought he would have changed. I was wrong again" (Meera 238-239). Lilly George Marakkaran has endured male supremacy of her husband. Jerome also acts as a male dominant husband to satisfy the ego of his father and thus destroys the relationship goals and aspirations of Jezebel. At the core of Jerome's characterization lies the identity crisis and the consequence of heteronormative coercion. His inability to balance between his identity and societal expectation created emotional absence and relational failure.

Dr. Sandeep's illegitimate daughter Ann Mary in the novel is born with hormonal imbalance. 'Ann Mary ought to have been born a man. Because of a hormonal defect, her body became that of a woman's. And yet she has no uterus. Her breast was not fully formed. When he realized that she would not menstruate Sandeep was distraught' (Meera 82). Ann Mary was born as a result of an illicit relationship between Anita, an elderly woman and Sandeep who was then a high school boy. Hormonal imbalance

of Ann Mary and her illicit birth as the third child in the family intensify the crisis. Ann Mary owns the body of a male and the mind of a girl. Anita's husband George Zaccharia trains her as an expert automobile mechanic. Anita's death worsens Ann Mary's situation which leads to her rescue by Jezebel. Her rescue compounds the issue as she was molested by Jerome George Marakkaran. Things change afterwards as she reaches in her biological father's custody and him being a doctor could understand the strange condition of Ann Mary. Though Ann Mary was mistreated by George Zaccharia, she takes care of him in his last days making him repent of his deeds. She leaves this positive note to Jezebel. "I am not scared of anything anymore, Aunty. I have my Achan. I have you Doctor Aunty. There are people who love me. But Papa has no one. Not even his own children. He let me stay in his place for so long, alle? He taught me car repair work, alle?" (Meera 221). At the end of the fiction Ann Mary walks confidently into a peaceful life with her father.

Jezebel's transformation is closely associated with identity fluidity. An ambitious girl with a lot of dreams enters into a marital relationship expecting everything to be happy and content. Her marriage was unconsummated and was really a rollercoaster. She had had to live with a gay partner, face toxic patriarchy and rejection from the people whom she had fallen for. She was insulted in each session in the court. Towards the end of the fiction, Jezebel feels a soulful connection with Advait (transitioned version of Tresa) and leaves a hint to readers about her future life in his companionship. Her journey towards empowerment is not about attaining a fixed identity but to reject imposed roles and to embrace fluid nature of identity.

Empowerment in Jezebel

Jezebel's journey of empowerment is not a sudden transition. It is a gradual process shaped by continuous confrontation with intersecting systems such as oppression including patriarchy, religion and heteronormativity. In the beginning of the novel, Jezebel is presented as a confident, educated individual with the professional identity of a brilliant doctor. But her marriage exposes the rigid standard of patriarchal norms. Her high professional profile and intellectual strength were valued less at Jerome's family. She was continuously scrutinized in performing her duty as a wife and a daughter-in- law. Coercion of traditional roles redefines Jezebel's identity. Jezebel's empowerment in the novel emerges through self-awareness and resistance. She gradually starts to react and question the structures that confine her. Her empowerment is not through a conventional model of rebellion. It has got a deep connection with self-realization and internal transformation. Jezebel opens up to her Ammachi with a courage that she has never shown in her lifetime. "All these years, I lived the way you wanted me to- prayed before every mealtime, went to church every Sunday, confessed, partook the holy communion, fasted during the lent, and did not do a thing you forbade-Ammachi. I agreed to the marriage proposal you found me. The very first night, I found out that he was not the one for me. But you kept me trapped in it, Ammachi. For Two-and-a-half years, I suffered his, and his father's, cussing and swearing. And what did I get in return? I'm a doctor. If I diagnose an illness, I treat

it with medicine. If one medicine doesn't work, I give another. If nothing works, I surgically remove the infected part. All these days, I had the medicine you prescribed. And what did I gain? I ended up with an illness I hadn't had in the first place. All my happiness has gone. I can't take it anymore" (Meera151).

The act of reclaiming her identity is made possible through the help of a few supporting systems that surrounded her. Jezebel's Valyammachi, a few friends from medical college and Lilly George Marakkaran supported in her journey of resistance, healing and empowerment. Valyammachi emerges as a significant character in the emotional and moral landscape of Jezebel. Unlike her Ammachi who hold rigid values of patriarchy, Valyammachi is presented as a personification of compassion, wisdom and quiet resistance. Valyammachi can be considered as the real catalyst for the changes that Jezebel pursues in her life. She becomes the source of strength and inspiration of Jezebel. Her interference helped Jezebel to understand her self-worth and agency. Lilly George Marakkaran also helps Jezebel to challenge the patriarchal norms in her own ways by risking her life. She never wanted another victim like her in the family. So, Lilly George Marakkaran supports Jezebel to chase her aspirations. She even persuades Jezebel's Ammachi that, "Sara, have we all not ruined her life enough? At least now, can't we leave this poor thing alone?" (Meera 239). Thus, with the support system of a few women Jezebel challenges the patriarchal norms that governed and shaped her life. The women's support system through their networks of care, compassion and intersubjectivity enabled Jezebel to gradually navigate her struggles and rebuild her identity.

Conclusion

K.R. Meera's fiction *Jezebel* can be considered as a powerful critique of challenges faced by women in a masculinized power structure. The novel also explores the existence and crisis of the third gender in our society. Jezebel's journey towards empowerment can be considered as a journey of self-discovery that enabled her to chase dreams by challenging rigid patriarchal norms. Thus, the novel highlights how to attain women empowerment by lifting each other up and how to mark their niche through solidarity by challenging androcentric culture. K.R. Meera makes it crystal clear through the closing line of the fiction. 'And so, the woman adorned with the sun will weep and wail no more' (Meera 387).

BIBLIOGRAPHY

1. Coulumbia Law School.

"Kimberlé Crenshaw on Intersectionality, More than Two Decades Later." www.law.columbia.edu, 6 June 2017, www.law.columbia.edu/news/archive/kimberle-crenshaw -intersectionality-more-two-decades-later. Accessed 17 Oct. 2025.

2. H.R, Harishma, and Shilipi Bhattacharaya.

"Queer Aesthetics and Identity Fluidity in K.R.Meera's 'Jezebel.'" International Journal of Novel Research and Development, vol. 10, no. 2, Feb. 2025, pp. b888–93. www.ijnrd.org/papers/IJNRD2502191.pdf.

3. "Intersectionality Theory:

Understanding the Framework for Social Justice." www.oxford-review.com, oxford-review.com/the-oxford-review-dei-diversity-equity-and-inclusion-dictionary/intersectionality-theory-definition-and-explanation. Accessed 17 Oct. 2025.

4. Meera. Jezebel. Penguin Random House India Private Ltd, 2022.

5. Pillai, Meena T.

"Voicing Women's silences." The Hindu, 14 June 2018, www.thehindu.com/books/kr-meeras-sooryane-aninja-oru-sthree-turns-around-the-story-of-jezebel/article24143397.ece.

14

Different, Invisible, Excluded and Lost: A Journey through the Lost Words and Worlds of the Victorian Women.

Dr Tresa Peter
Asst Professor Department of English,
Prajyoti Niketan College, Pudukad

Dr Deepthi T Divakaran
Asst Professor, Department of English
Govt. Brennen College, Thalassery

Abstract

Dictionaries are ordinary individuals' keys to the world of language, teaching them the meanings and uses of words. Often perceived as objective and neutral, Dictionaries construct reality for its users. The compilation and publication of the first edition of the *Oxford English Dictionary* was a historic event for the English people. The *OED* despite being a monumental work, was a biased towards the interests of a certain section of society- the elite, white male- alienating the women, especially the poor and the marginalised. Pip Williams, as she imaginatively reconstructs the efforts of the people behind the *OED*, questions the exclusion of women's words and resists the attempts to make them invisible by recording the lives of lost people and the lost words.

Keywords:

Resistance, language and power, women's voices, marginalised language

Though 'reality' can be understood or accessed differently, language remains one of the primary ways through which the individual accesses 'reality' and constructs his/her view of the world. The word "reality" is often a complex term with different dimensions. Reality can be either physical or cultural. A man or a woman is a physical reality, usually yet unknowingly perceived as a cultural reality. The perception and understanding of a cultural reality are often mediated through language. This makes language the main way we access reality, even though it can be complex and biased. Language, therefore, is a social phenomenon which reflects the way of life of its community of speakers, mirroring the world in which they live. Every word in a language is a reflection of its speakers' thoughts and emotions. As Simon Winchester says, dictionary is an attempt to capture "the meaning of everything" (qtd.in Dickson). Dr Johnson's attempt was to create a dictionary that preserved the purity of the language, fixed its pronunciation and standardised its usage to ensure longevity (Dickson). The words and concepts that constitute the semantic field are documented in reference works such as encyclopedias and dictionaries. These reference works, though considered objective and unpolitical, can exclude or suppress reports of controversial words and concepts due to censorship, patronage and ideology. They might reflect the views and usages of only one group. They can shape readers' view in the direction chosen by the editors. (1-2).

The first edition of the *Oxford English Dictionary* hailed as a "national asset of truly historic proportions' (Winchester 221) was the culmination of the "self-denying" (222) labours of a group of human beings who toiled under the guidance of Mr. James Murray. Several nonfiction works have documented the creation of this historical document. Simon Winchester's T*he Meaning of Everything, The Surgeon of Crowthorne and John Willinsky's Empire of Words*: The Reign of the *OED* are some of the works that discuss the creation of the OED. Simon Winchester turns a blind eye to the women contributors, but Willinsky examines the *OED* closely to check if it truly shows the history of the English language in the way it collects and uses citations. Pip Williams' The Dictionary of Lost Words is a partly fictional, partly non-fictional attempt which retains the historical trajectory of the compilation of the OED and the important people involved in the process while imaginatively constructing the lost stories of the marginalised members of the nation. By analysing Pip Williams' *The Dictionary of Lost Words,* this paper argues that the first edition of the Oxford English Dictionary represents an aristocratic and exclusivist conceptualisation of language and society. Esme Nicole, through her Women's Words and Their Meanings, resists the alienation of women from language and culture and reclaims their words, thereby bringing them back to the human mental landscape. The *OED*, despite its attempts to be the 'whole of the English language' has indeed omitted several words (Willinsky 176). This exclusion has adversely affected the women, especially the poor and downtrodden, of the society, erasing their lived reality from the semantic field. According to Kate Millet, 'every avenue of power within the society lies within the male preserve' (qtd in Herbert 26). Language is one such avenue of power which

has been controlled by men making reality biased, unfair and painful to women. Language, as George W. Grace opines, is the one essential tool possessed only by human beings, which makes the social construction of reality possible (3). The exclusion of women from the 'avenue' of language has had a detrimental effect on the construction of reality for women.

Pip Williams, in her author's note, focuses on the two questions that led to the creation of the novel: Do the same words signify different things to men and women? If so, when one group (such as women) is excluded from the process of defining those words, does this exclusion affect the meaning of the word and render it incomplete? (405). Her inquiry was inspired by Simon Winchester's *The Surgeon of Crowthorne,* 'a nonfiction account of the relationship between the Editor of the Oxford English Dictionary, James Murray and Dr William Chester Minor, one of the more prolific volunteers. The work presented the Dictionary as a product of male endeavour , as all the editors, most of the assistants and volunteers were men. The documents - literature, newspaper articles and manuals- used as evidence for how words used were written by men (406).

നോവലിന്റെ അവസാന ഭാഗമാകുമ്പോൾ മീനാക്ഷിയുടെ മരണശേഷം അവരുടെ ഭൂമി സ്മാരകമാക്കാൻ പാർട്ടിക്കാരും വിലയ്ക്കുവാങ്ങാൻ മുൻ ജന്മിമാരായ തട്ടിൽ വീട്ടുകാരും ശ്രമിക്കുന്നതു കാണാം. വേലൻ തുരുത്തുമായുള്ള സകല ബന്ധങ്ങളിൽനിന്നും ഒഴിഞ്ഞു പോരാനാണ് സ്ക്രൈബ് സുഗുണന്റെ ഉപദേശം. അതവിടെക്കിടന്ന് കാട് പിടിച്ച് പോകാതെ വേഗം വിറ്റ് കാശ് കൈയിലാക്കല്ലേ നല്ലത് എന്നയാൾ നിർദ്ദേശിക്കുന്നു(പുറം 367). ഏത് രീതിയിലുള്ള ചൂഷണമായിരുന്നാലും ഓരോ കാലത്തും അത് തുടർന്നുകൊണ്ടേയിരിക്കുന്നു.

2018- ലെ വെള്ളപ്പൊക്കം ഒരു ചരിത്രശേഖരം എന്ന നിലയിൽത്തന്നെ കൃതിയിൽ രേഖപ്പെടുത്തുന്നുണ്ട്. കെ. എന്നഎഴുത്തുകാരൻ ഫെസ്ബുക്കിൽ എഴുതുന്നു, "പുറപ്പെട്ട കേരളത്തിലേക്ക് അല്ല ഞാൻ തിരിച്ചു വന്നത്. ചരിത്രങ്ങൾ ഏറെ സൃഷ്ടിച്ച മനുഷ്യരും സമൂഹവും ആണ്. ഇത്ര വലിയ തിരിച്ചടി മുൻപൊരിക്കലും ഉണ്ടായിട്ടില്ല. ദുഃഖങ്ങളും നഷ്ടങ്ങളും ഉള്ളിലൊതുക്കി കരുത്തോടെ നിവർന്നു നിൽക്കാൻ മനുഷ്യനു കഴിയുമോ?"(പുറം 349). വെള്ളപ്പൊക്കം ഗ്രാമീണ ജീവിതത്തിൽ ആഴത്തിലുള്ള വൈകാരിക ആഘാതം സൃഷ്ടിച്ചു. വെള്ളം ഇറങ്ങിയെങ്കിലും കടകൾ തുറന്ന് സാധനങ്ങൾ വലിച്ചുവാരി ഇട്ടിരിക്കുന്നു. എല്ലായിടത്തും ചീഞ്ഞ ഗന്ധം. ആളുകൾ മുഖാവരണം ധരിച്ചിട്ടുണ്ട്. വളണ്ടിയർമാർ അണുനാശിനി സ്പ്രേ ചെയ്യുന്നു. വീണു കിടക്കുന്ന മതിലുകളുടെ ദൃശ്യമാണ് ഉടനീളം കണ്ടത്. വീടിനകത്ത് നിറയെ ജന്തുക്കൾ. വീടുകൾ ആളൊഴിഞ്ഞു കിടക്കുന്നു. പൂർണ്ണനിശബ്ദമായൊരു നാട് എന്ന് പറയുമ്പോൾ കാട്ടൂർ കടവിലെ അന്നത്തെ ദയനീയമോ ഭീകരമോ ആയ അവസ്ഥ വ്യക്തമാണ്.

ജാതിബന്ധങ്ങൾ

ജാതിഭേദത്തിന്റെ തീരാവേദനകൾ ഈ നാടിനു പറയാനുണ്ട്. ജാതിയുടെ ശ്രേണീകരണം സൃഷ്ടിച്ച സംഘർഷങ്ങൾ കൃതിയിലുടനീളം കാണാം. ജാതിബന്ധങ്ങളിൽ മാത്രമല്ല രാഷ്ട്രീയബോധ്യങ്ങളിലും ഇത്തരം കാപട്യങ്ങൾ കടന്നുകൂടിയിട്ടുണ്ട്. ആദർശം മുറുകെപ്പിടിച്ച് ജീവിച്ച മീനാക്ഷിയെപ്പോലുള്ളവരുടെ തിക്താനുഭവങ്ങൾ അതിനു തെളിവാണ്. വേലൻതുരുത്തിലെ മീനാക്ഷിയും പുല്ലാനിക്കാട്ടെ ചന്ദ്രശേഖരനും തമ്മിലുള്ള വിവാഹബന്ധം വഴിപിരിഞ്ഞത് ഈ ജാതിവിശ്വാസങ്ങളിൽനിന്നും പുറത്തുകടക്കാൻ ചന്ദ്രശേഖരന് കഴിയാതെ പോ

യതിനാലാണ്. ജാതിബന്ധങ്ങളുടെ അസമത്വത്തിനെതിരെ പ്രവർത്തിച്ച് ദാമ്പത്യജീവിതം പോലും ഉപേക്ഷിക്കേണ്ടിവന്ന മീനാക്ഷിയുടെ ചോദ്യങ്ങൾക്ക് മുമ്പിൽ പുതിയകാലരാഷ്ട്രീയം ഉത്തരം മുട്ടി നിൽക്കുകയാണ്. അവരുടെ മകൻ ദിമിത്രിയുടെ ജീവിതത്തിലൂടനീളം ജാതി അയാളെ വേട്ടയാടുന്നുണ്ട്. അച്ഛന്റെ ഉയർന്ന ജാതിയും വേല സമുദായക്കാരിയും കമ്മ്യൂണിസ്റ്റുമായ അമ്മയുടെ ആദർശജീവിതവും അയാളെ ആത്മസംഘർഷങ്ങളിലെത്തിക്കുന്നു. പുല്ലാനിക്കാട്ട് കുളമ്പ് ബംഗ്ലാവിൽ ഗുരുമഠത്തിലെ കാവടിക്ക് രാത്രി സൽക്കാരം നടക്കുക പതിവുണ്ട്. സൽക്കാരത്തിന്റെ സർവ്വാധികാരിയായിരുന്ന ചേന്ദൻ എന്ന ഭൃത്യൻ ദിമിത്രിയെ അവിടെനിന്നും മാറ്റി നിർത്തും. ആ സമയത്ത് പൂമുഖത്തോ കളത്തിലോ കയ്യാലയിലോ പ്രത്യക്ഷപ്പെടാൻ അയാൾക്ക് അനുവാദം ഉണ്ടായിരുന്നില്ല, "പൊറത്ത് വന്നാലുണ്ടല്ലോ, അടിച്ച് എല്ലൊടിച്ചിടും ഞാൻ. ചേന്ദന നിനക്ക് അറിയാണ്ടാണ്. ബംഗ്ലാവിലെ പെലേനാ ഞാൻ. വേലൻമാരുടെ വീട്ടിലെ കുട്ടീനെ സൽക്കരിക്കാനൊന്നും എന്നെ കിട്ടില്ല. അതു ഞാൻ പറഞ്ഞുട്ടുണ്ട്"(പുറം 106) കാട്ടൂർ കടവിന്റെ മാത്രമല്ല ഒരു കാലഘട്ടത്തിലെ കേരളത്തിന്റെ പ്രതിച്ഛായയാണ് നോവൽ അനാവരണം ചെയ്യുന്നത്.

മീനാക്ഷിയുടെ ഇളയച്ഛന്റെ മകനാണ് ശിവരാമൻ. വല്യച്ചനിൽനിന്ന് പാട്ടും വാദ്യവും കളമെഴുത്തും പഠിക്കാനാണ് അദ്ദേഹം വേലൻ തുരുത്തിലെത്തിയത്. കല്ലടക്കാവിൽ അരങ്ങേറ്റം കഴിഞ്ഞപ്പോൾ കണ്ടൻകുട്ടിയാശാൻ അവനോട് പറഞ്ഞു, "ശിവരാമാ വാദ്യത്തിൽ നീ മുമ്പനാകും. അതിനൊത്ത വെഷമോം സങ്കടോം നിനക്കുണ്ടാവൂലോന്ന് ആലോചിക്കുമ്പോഴാ എന്റെ സംഭ്രമം. വേലക്കുടീന്ന് കൊട്ടാനെറങ്ങ്യോർക്ക് വെയർപ്പ് മാത്രല്ല, കണ്ണീരും വിധിച്ചിട്ടുണ്ട്". വാദ്യത്തിൽ ആ മികവ് അംഗീകരിക്കപ്പെട്ടു. എന്നാൽ തിരുക്കുറുംബക്കാവ് ശീവേലിക്ക് അമ്പലത്തിൽ കടന്ന് കൊട്ടണമെന്ന ആഗ്രഹം വല്യച്ചൻ കണ്ടൻകുട്ടി ആശാനും അച്ഛൻ വെള്ളാനി വേലുകുട്ടിക്കും സാധിച്ചില്ല. നീണ്ടകാലത്തിന്റെ പരിശ്രമത്തിനുശേഷം ശിവരാമന്റെ അപേക്ഷ കുറുംബക്കാവ് ദേവസ്വം അനുവദിച്ചു. എന്നാൽ പൂരത്തിനു കൊട്ടുമ്പോൾ പലയിടത്തുനിന്നുമായി പരിഹാസവും പൂക്കുവിളിയും ഉണ്ടായി. അതയാൾ ശ്രദ്ധിച്ചില്ല. പക്ഷേ ഒന്നാം ശീവേലി കഴിഞ്ഞു ഉണ്ണാനിരിക്കുമ്പോൾ ശിവരാമന്റെ ഭക്ഷണത്തിലേക്ക് പുളിശ്ശേരിയിലെ പിഴിഞ്ഞ ഒരു മാങ്ങയണ്ടി എതിർപ്പന്തിയിൽനിന്നും വന്നുവീണു. കൂട്ടച്ചിരിയും. വല്യച്ചന്റെ വാക്കുകളോർത്ത് അന്നവൻ കരഞ്ഞു.

സവർണ്ണക്ഷേത്രങ്ങളിൽ കീഴാളവിഭാഗത്തിൽപ്പെട്ട വാദ്യകലാകാരന്മാർക്ക് വിലക്കുണ്ട്. അമ്പലവാസികൾക്കാണ് പരിഗണന. ഈഴവരുടെ ക്ഷേത്രങ്ങളിൽനിന്നും ഇപ്പോൾ ദളിതരായ വാദ്യക്കാരെ വിലക്കാൻ തുടങ്ങിയിരിക്കുന്നു. വാദ്യകലാകാരന്മാർക്കുള്ള ഒരു സർക്കാർ പുരസ്കാരം സ്വീകരിച്ചുകൊണ്ട് ടി.വി. ചാനലിൽ പതറിയ ശബ്ദത്തിൽ സങ്കടപ്പെട്ടുകൊണ്ട് ശിവരാമൻ പറയുന്നു, "കൂടൽമാണിക്യത്തിലെ ഉത്സവശീവേലിക്ക് നടപ്പന്തലിൽ പ്രമാണിയായി മുന്നീനിന്ന് കൊട്ടണന്ന് ഒരു ആഗ്രഹണ്ട്. ഈ ജമ്മത്ത് അത് നടക്കോന്നറിയില്ല". ലോകപ്രശസ്ത ചാക്യാർകൂത്ത് കലാകാരനായിരുന്നിട്ടും തന്റെ തട്ടകമായ ഇരിങ്ങാലക്കുട കൂടൽമാണിക്യത്തിലെ കൂത്തമ്പലത്തിൽ അരങ്ങേറാനാകാത്ത വേണുജിയെപ്പോലുള്ളവരെ ഈ സന്ദർഭത്തിൽ ഓർത്തു പോകുന്നു.

സവർണ്ണത സാഹിത്യത്തിലും പ്രത്യക്ഷപ്പെടുന്നതിലെ പ്രതിഷേധം സത്യപ്രതൻ എന്ന കഥാപാത്രത്തിന്റെ വാക്കുകളിലും ഉണ്ട്. "ബ്രാഹ്മണരും അമ്പലവാസികളും കേകയിൽ എഴുത്തുന്നത് മാത്രമാണ് കവിത എന്ന് ഒരു വിചാരണ്ടല്ലോ. ഞങ്ങൾ കുറച്ചു കവികൾ ഇവിടെ വേറെയുണ്ട് ആരുടെയും പരിഗണനയ്ക്ക് ഞങ്ങൾ കാത്തുനിൽക്കാറില്ല"(പുറം 74). നവോത്ഥാനസമരങ്ങളുടെ ഭാഗമായ ഇരിങ്ങാലക്കുടയും പരിസരപ്രദേശങ്ങളും ഈ ജാതി ബന്ധങ്ങളിൽനിന്നും ഇന്നും പൂർണ്ണമുക്തമല്ല എന്ന് തെളിയിക്കുന്ന ഒട്ടനവധി സംഭവങ്ങൾ ഈ നോവലിലുണ്ട്.

സാംസ്കാരികനവോത്ഥാനം എന്നത് ഒരു കാപട്യം മാത്രമാണെന്ന് മലയാളത്തിലെ പുതിയകാലസാഹിത്യം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. സന്തോഷ് ഏച്ചിക്കാനത്തിന്റെ പന്തിഭോജനം പോലുള്ള കഥകൾ നമുക്ക് മുന്നിലുണ്ട്. കാട്ടൂർ കടവിൽ വളരെ വ്യക്തമായി ഈ കാപട്യം തുറന്നുകാട്ടുന്നു. സംവരണത്തിന്റെ ഭാഗമായി ജോലിയിൽ പ്രവേശിക്കുന്നവരോട് പ്രകടിപ്പിച്ചിരുന്ന അസ്വസ്ഥതയുടെ ഇരയാണ് റീജണൽ ഡയറക്ടർ എന്ന പദവിയിലിരുന്ന മോന്ന മ്മ ജോൺ. "അടുക്കളപ്പുറത്തെ ഓട് പൊളിച്ച് അകത്തുവന്നോരുടെ ഒരു അഹങ്കാരം" (പുറം 324) എന്നാണ് അവർ പരിഹസിക്കപ്പെടുന്നത്.

ജാതിബന്ധങ്ങൾ മാത്രമല്ല മതഭീകരതയെയും നോവലിസ്റ്റ് അടയാളപ്പെടുത്തുന്നു. അത് കാട്ടൂർകടവിന് അകത്തല്ല. മെഹമൂദ് എന്ന ദിമിത്രിയുടെ സുഹൃത്തിന്റെ അനുഭവത്തിലൂടെയാണ്. ജോർജ് സ്കൂയറിൽ പ്രഭാഷണം കഴിഞ്ഞ് വിനയരാജൻ എന്ന അധ്യാപകന്റെ വീട്ടിൽ മെഹമൂത് വിശ്രമിക്കുകയായിരുന്നു. അവിടേക്ക് മലയാളിയായി കയറിവന്ന അതിഥിയാണ് മുസ്ലീമുകളെ തങ്ങൾക്ക് ഭയമാണ് എന്ന പ്രസ്താവന പുറപ്പെടുവിക്കുന്നത്. കാട്ടൂരിലെ കെ. എന്ന എഴുത്തുകാരന്റെ ഫേസ്ബുക്ക് പോസ്റ്റിലൂടെ നോവലിസ്റ്റ് ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്. മലയാളിയുടെ മതേതരപൊതുബോധം എന്നത് വെറും മിഥ്യയാണെന്ന് നോവൽ രേഖപ്പെടുത്തുന്നു. ഇസ്ലാമോഫോബിയയുടെ തീക്ഷണത മുഖംമൂടി മാറ്റി വെളിപ്പെടുന്നുണ്ടിവിടെ.

ആശയങ്ങൾക്കുമേൽ ആചാരങ്ങൾ വന്ന് മൂടുമ്പോൾ മതങ്ങൾക്ക് സംഭവിക്കുന്ന ദുരവസ്ഥയെ തിരിച്ചറിയേണ്ടതുണ്ട്. മതങ്ങളുടെ വൈകാരിക അവസ്ഥയിൽനിന്ന് പുറത്തുകടന്ന് സംവാദങ്ങളിലൂടെ മതദർശനങ്ങൾക്ക് പരിവർത്തനം വരുത്തേണ്ടതുണ്ട് എന്ന നാരായണ ഗുരുവിന്റെ ദർശനത്തെ അവതരിപ്പിച്ചു കൊണ്ടാണ് നോവൽ അവസാനിക്കുന്നത്.

സ്ത്രീപ്രതിനിധാനം

അടിച്ചമർത്തുന്ന സാമൂഹികനിയമങ്ങൾക്കും ആചാരങ്ങൾക്കുമെതിരെ ഇറങ്ങിത്തിരിച്ച സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. എങ്കിൽപോലും അവർക്ക് കേരളത്തിന്റെ സാമൂഹിക ഘടനയിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്താൻ സാധിച്ചിട്ടുണ്ട്. പരമ്പരാഗത പുരുഷാധിപത്യ മാനദണ്ഡങ്ങളെ അവർ വെല്ലുവിളിക്കുകയും ഭാവിതലമുറയിലെ സ്ത്രീകൾക്ക് അവരുടെ അവകാശങ്ങൾക്കായി പോരാടുന്നതിന് വഴിയൊരുക്കുകയും ചെയ്തു. എന്നാൽ ഗണ്യമായ സംഭാവനകൾ ഉണ്ടായിരുന്നിട്ടും, മുഖ്യധാരാചരിത്രങ്ങളിൽ ഈ സ്ത്രീകളുടെ പങ്ക് പലപ്പോഴും അവഗണിക്കപ്പെടുകയാണ് ഉണ്ടായത്. നിരവധി വെല്ലുവിളികൾ നേരിട്ടിട്ടും കൂടുതൽ നീതിയുക്തമായ ഒരു സമൂഹം സൃഷ്ടിക്കുന്നതിനായി പ്രവർത്തിച്ച സ്ത്രീകളുടെ പ്രതിരോധശേഷി ശ്രദ്ധേയമാണ്.

കരുത്തുറ്റ സ്ത്രീ കഥാപാത്രങ്ങളെ മാത്രമാണ് കാട്ടൂർകടവിൽ അശോകൻ ചെരുവിൽ അവതരിപ്പിക്കുന്നത്. പി. കെ. മീനാക്ഷി എന്ന കമ്മ്യൂണിസ്റ്റ്കാരിയാണ് നോവലിലെ പ്രധാന കഥാപാത്രം. എന്നാൽ അതിനുമുമ്പേ അതിഭീകരമായ പോലീസ് മർദ്ദനങ്ങൾക്ക് വിധേയയായി മരണപ്പെട്ടുപോയ കൗസല്യ എന്ന സ്ത്രീയുടെ മകളാണ് മീനാക്ഷി എന്നതാണ് ഏറ്റവും ശ്രദ്ധേയം. ചകിരിപ്പണിക്കാരുടെ രണ്ടാമത്തെ സമരത്തോടനുബന്ധിച്ച് ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽവച്ചായിരുന്നു കൗസല്യക്ക് മർദ്ദനമേറ്റത്. പോലീസുകാരുടെ ചോദ്യങ്ങൾക്ക് അതിശക്തമായ ഭാഷയിലാണ് കൗസല്യ മറുപടി പറഞ്ഞത്, "നിയമം നോക്കണ്ട ആൾക്കാരാണ് പോലീസ്. ലേബറുകാരടെ ഉത്തരവ് പ്രകാരൊള്ള കൂലി വേണന്നാണ് ഞങ്ങൾ പറയണ്. തൊള്ളായിരത്തി അമ്പത്തഞ്ചിൽ സമരം തീർന്നപ്പോ മുണ്ടശ്ശേരി മാഷും പനമ്പിള്ളീം കൂടി എഴുതീണ്ടാക്ക്യ കരാറാണ്. അത് നടപ്പാക്കാത്ത യോഹന്നാനെയാണ് നിങ്ങൾ അറസ്റ്റ് ചെയ്യേണ്ടത്"(പുറം168). ഇതുകേട്ട് കുപിതനായ പോലീസ് ഉദ്യോഗസ്ഥൻ ബൂട്ട്സിട്ട കാലുകൊണ്ട് കൗസല്യയുടെ നാഭിയിൽ ആഞ്ഞുചവിട്ടി. ചോരവാർന്ന കൗസല്യ ഒരു പകൽ മുഴുവൻ അവിടെത്തന്നെ കിടന്നു. ഏത് അധികാരശക്തിക്ക് മുൻപിലും ഭയപ്പെടാതെ വ്യക്ത

മായി സംസാരിക്കാൻ ശക്തിയുള്ള സ്ത്രീയായിരുന്നു അവർ.

ആ അമ്മയുടെ മകളായ മീനാക്ഷിയും മരണംവരെ തന്റെ ആദർശങ്ങളിൽ ഉറച്ചു നിൽക്കുകയും പ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തു. ഒടുവിൽ കൈക്കൂലി കേസിൽ മകൻ അറസ്റ്റിലായ വിവരമറിഞ്ഞ് പ്രതികരിക്കാനാകാതെ ജീവിതത്തോട് വിട പറയുകയായിരുന്നു മീനാക്ഷി. നിയമലംഘനങ്ങളും പോലീസും അറസ്റ്റും ഒന്നും അവരുടെ ജീവിതത്തിൽ പുത്തരിയല്ല. വിപ്ലവകാരിയായിരുന്ന മീനാക്ഷി സമരങ്ങളിൽ പങ്കെടുത്ത് കൊടിയമർദ്ദനമേറ്റിട്ടുണ്ട്. പക്ഷേ, താൻ വിശ്വസിച്ച ആദർശത്തിന്റെ പേരിലാണ് അവർ അത് സ്വീകരിച്ചത്. ആശുപത്രിയിൽ മീനാക്ഷിയെ കാണാനെത്തുന്ന എം. എൽ. എ. ഓർക്കുന്നു. കാണുമ്പോഴൊക്കെ മീനാക്ഷി അയാളോട് ചോദിക്കും, "എന്താടോ എമ്മല്ലേ? കൂടൽമാണിക്യം നടേൽ കൂട്ടൻകുളംസമരത്തിന്റെ സ്മാരകണ്ടാക്കാന്ന് താൻ പറഞ്ഞിട്ട് എത്ര കാലായി? ബോർഡ് വെച്ച എസി കാറിൽ ഇങ്ങനെ പാഞ്ഞു നടക്കൽ മാത്രാണോ തന്റെ എമ്മല്ലേപ്പണി(പുറം 69). ഗവൺമെന്റ് ജോലിക്കാരനായ മകൻ വലിയ വീടും ആർഭാടങ്ങളുമായി അങ്ങോട്ട് ക്ഷണിച്ചിട്ടും വേലൻതുരുത്തിലെ ചെറിയ വീടുവിട്ടുപോകാൻ അവർ തയ്യാറായില്ല. അതിനവർ പറയുന്ന കാരണം, നാലുലക്ഷം രൂപ സർക്കാർ തന്നിട്ട് പണിത വീടാണിത്. ജനങ്ങളുടെ നികുതിപ്പണം. പാവങ്ങൾക്ക് വേണ്ടി നീക്കിവെച്ചതാണ്. വീടു പണിതിട്ട് അത് ഒഴിച്ചിടണത് കുറ്റമാണ് ക്രിമിനൽ കുറ്റം. കേരളം കണ്ട കരുത്തുറ്റ എത്രയോ സ്ത്രീ കഥാപാത്രങ്ങളിൽ ഒരാൾ മാത്രമാണ് മീനാക്ഷി. പ്രതിരോധശേഷി, ആത്മവിശ്വാസം, ദൃഢനിശ്ചയം എന്നിവയെല്ലാം ഉൾക്കൊള്ളുന്ന ശക്തയായ സ്ത്രീയാണവർ. ശാരീരികശക്തി മാത്രമല്ല, ആന്തരിധൈര്യം, വൈകാരിക ബുദ്ധി, വെല്ലുവിളികളെ നേരിടാനുള്ള കഴിവ് എന്നിവയെല്ലാം അവരെ വ്യത്യസ്തയാക്കുന്നു.

കാട്ടൂർകടവിലെ മറ്റൊരു സ്ത്രീ കഥാപാത്രം പുല്ലാനിക്കാട്ടെ വല്യമ്മയാണ്. കീഴ്ജാതിയുടെ പേരിൽ മകന്റെ ഭാര്യയായി കയറിവന്ന മീനാക്ഷിയെ ആ വീട് മുഴുവൻ ഉപേക്ഷിച്ചപ്പോഴും അവരെ സഹഭാവനയോടെ കാണാൻ സാധിച്ചത് ഈ വല്യമ്മയ്ക്കാണ്. മാത്രമല്ല അമ്മയോടൊപ്പം വേലൻ തുരുത്തിൽ താമസിച്ചിരുന്ന ദിമിത്രിയെ വിളിച്ചുകൊണ്ടുപോയി കൂടെ നിർത്തി വിദ്യാഭ്യാസം നൽകിയതും പുല്ലാനിക്കാട്ടെ വല്യമ്മ തന്നെ. സഹാനുഭൂതിയും അനുകമ്പയും നിറഞ്ഞ കഥാപാത്രം. സ്ത്രീയുടെ മറ്റൊരു തലമാണത്. ശക്തയായ സ്ത്രീ എന്നതിന് പലപ്പോഴും മറ്റുള്ളവരോട് സഹാനുഭൂതിയും അനുകമ്പയും പ്രകടിപ്പിക്കാനും അത് നടപ്പിലാക്കാനും ഉള്ള കഴിവ് എന്നും അർത്ഥമുണ്ട്.

തന്നോടും തന്റെ മൂല്യങ്ങളോടും സത്യസന്ധത പുലർത്തുന്ന ശക്തമായ കഥാപാത്രമാണ് മുത്തുലക്ഷ്മി. ദിമിത്രിയുടെ കൗമാരക്കാലത്തെ പ്രണയിനിയായും പിന്നീട് മാവോയിസ്റ്റ് നേതാവായും നോവലിൽ പ്രത്യക്ഷപ്പെടുന്ന അവർ. മുത്തുലക്ഷ്മിയെക്കുറിച്ച് പോലീസ് ഉദ്യോഗസ്ഥൻ പറയുന്ന വാക്കുകൾ ഇപ്രകാരമാണ്, "ഇത്രയ്ക്കും ബോൾഡ് ആയ സ്ത്രീയെ ഞാൻ മുൻപ് കണ്ടിട്ടില്ല. ഇപ്പോൾ അമ്പത്തിയഞ്ചു വയസ്സുണ്ട്. ഗൗരിയമ്മപോലും തന്റെ അഡ്വഞ്ചർ ലൈഫ് മുപ്പത്തിയഞ്ചാമത്തെ വയസ്സിൽ പൂർത്തിയാക്കി സ്റ്റേറ്റ് കാറിൽ കയറി. ഇവിടെ ഈ പ്രായത്തിലും ഇത്ര മനക്കരുത്ത് ഉണ്ടാവുക എന്ന് വെച്ചാൽ അത്ഭുതമാണ്" (പുറം 57). ജയിലിൽവച്ച് അവർ ദിമിത്രിക്കെഴുതുന്ന കത്തിൽ (പുറം 60-66) പ്രശ്നങ്ങളെ സംയമനത്തോടെയും പ്രതിസന്ധികളെ പരിഹാസത്തോടെയും നേരിടുന്ന ആത്മവിശ്വാസവും ദൃഢനിശ്ചയവുമുള്ള ഒരു സ്ത്രീയെ കാണാൻ കഴിയും.

ദിമിത്രിയുടെ ഭാര്യയാണ് മറ്റൊരു കഥാപാത്രം. ഗവൺമെന്റ് ജോലിയിലായിരിക്കുമ്പോഴും കറപുരളാത്ത വ്യക്തിത്വമാണ് ദിമിത്രിയുടെ ഭാര്യയുടേത്. ഒടുവിൽ കൈക്കൂലി കേസിൽ അറസ്റ്റിലായ ഭർത്താവിനെ ഉപേക്ഷിച്ച് വീട് വിട്ടിറങ്ങുന്ന അവർ. കഥാപാത്രങ്ങളായിരിക്കുമ്പോൾതന്നെ ചരിത്രം വിസ്മരിച്ചുപോയ ഒട്ടനവധി സ്ത്രീകളുടെ പ്രതിനിധികളാകുന്ന കാട്ടൂർ

കടവിലെ സ്ത്രീ കഥാപാത്രങ്ങൾ.

ചരിത്രം നോവലിൽ

വ്യത്യസ്ത കാലഘട്ടങ്ങളിലെ സാമൂഹികസന്ദർഭങ്ങൾ, സാംസ്കാരികമാനദണ്ഡങ്ങൾ, ബൗദ്ധികപ്രവണതകൾ എന്നിവയെല്ലാം സാഹിത്യകൃതികളിൽ കടന്നുവരുന്നു. വസ്തുതയും ഫിക്ഷനും ഇടകലർന്നാണ് സാഹിത്യത്തിൽ അവതരിപ്പിക്കുക. എഴുതപ്പെട്ടകാലത്തെ മൂല്യങ്ങളെയും ഉത്കണ്ഠകളെയും അഭിലാഷങ്ങളെയും സാഹിത്യം പ്രതിഫലിപ്പിക്കുന്നു. ചരിത്ര സന്ദർഭങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ നൽകുന്നു.

കേരളത്തിന്റെ നവോത്ഥാന - രാഷ്ട്രീയചരിത്രത്തിന്റെ നിരവധി സംഭവങ്ങൾ നോവൽ പ്രമേയത്തിന്റെ ഭാഗമാകുന്നുണ്ട്. ചെറിയകുട്ടിയായിരുന്നപ്പോൾ കണ്ടൻകുട്ടി ആശാന്റെ തോളിലിരുന്ന് 1946- ൽ ഇരിങ്ങാലക്കുടയിൽ നടന്ന കുട്ടംകുളം വഴിനടപ്പ് സമരത്തിൽ മീനാക്ഷി പങ്കെടുത്തു എന്നാണ് ചരിത്രം. പോലീസിന്റെ അടിയേറ്റ് ആശാൻ വീണപ്പോൾ പി. സി. കുറുമ്പ, കുഞ്ഞിനെ വാരിയെടുത്തു. പോലീസ് അറസ്റ്റ് ചെയ്തപ്പോൾ പി. കെ. ചാത്തൻ മാഷുടെ ഭാര്യ കാളി അവളെ വാങ്ങി. അന്നുരാത്രി കാളിയുടെ വീട്ടിലാണ് അവളും അമ്മ കൗസല്യയും കിടന്നത്(പുറം 31).

വിയ്യൂർ ജയിലിനെക്കുറിച്ച് ദിമിത്രിക്കുള്ള അറിവിൽ കാട്ടൂർ കടവിന്റെ ദേശചരിത്രവുമായി ബന്ധപ്പെട്ട ഓർമ്മകളുണ്ട്. തലശ്ശേരി ബഹളത്തിൽ പ്രതിയായി പുല്ലാനിക്കാട്ടെ ഒരു കാരണവർ - കുറുപ്പസ്വാമി എന്ന നാട്ടുപ്രമാണി ഇവിടെ തടവുശിക്ഷ അനുഭവിച്ചിരുന്നു. അദ്ദേഹം ജയിലിൽ വച്ച് കല്ലുവെട്ടേണ്ടിവന്നു എന്നത് ദേശചരിത്രത്തിലെ പ്രധാനരേഖയാണ് എന്ന് നോവൽ രേഖപ്പെടുത്തുന്നു.

കല്ലട തുരുത്തിലെ ഉണ്ണി ചേട്ടന്റെ വീട്ടിൽ പാർട്ടി നേതാക്കൾ ഒളിച്ചു താമസിച്ചതായി വിവരം കിട്ടിയ പോലീസ്, വന്ന് നോക്കിയപ്പോൾ ആരുമില്ല. ഒറ്റുകാർ പറഞ്ഞു ഇവിടെ അടുത്ത് ഒരു ഒടിയൻ ഉണ്ട്. അയാളാണ് എല്ലാവരെയും അപ്രത്യക്ഷനാക്കിയത്. അച്യുതമേനോനും പി. ഗംഗാധരനുമെല്ലാമാണ് ആ നേതാക്കൾ. നേതാക്കളെ കിട്ടാത്ത ദേഷ്യത്തിന് പോലീസ് കണ്ടൻകുട്ടി ആശാനെയാണ് തല്ലിച്ചതച്ച് പിടിച്ചു കൊണ്ടുപോകുന്നത്.

മിച്ചഭൂമിസമരത്തിന്റെ പ്രചരണജാഥയ്ക്കായി എ. കെ. ജി. യോടൊപ്പം ഫാ. വടക്കനും ജോൺ മാഞ്ഞൂരാനും സുശീല ഗോപാലനുമെല്ലാം കാട്ടൂർ കടവിൽ എത്തിയതായി നോവൽ രേഖപ്പെടുത്തുന്നുണ്ട്. അമ്മയെ കാണാൻ എത്തിയ ദിമിത്രിയോട് മീനാക്ഷി പറയുന്നു, "കഴിഞ്ഞാഴ്ച പി. സി. കുറുമ്പ ചേച്ചി മരിച്ചപ്പോൾ ഞാൻ കാണാൻ പോയിരുന്നു. ആൾക്കാർ വന്ന് എന്നെ കൊണ്ടോയതാണ്. കൊറച്ച്നേരം അവിടെയിരുന്നു. പഴയ ചിലരെ കണ്ടു. ആരും അങ്ങനെ ബാക്കീല്യ. ചാത്തൻ മാഷെഭാര്യ കാളിച്ചേച്ചീം പിക്കേടെ ഭാര്യ ശാരദേം ഒക്കെ നേരത്തേ പോയല്ലോ. എന്റെ പ്രായാർന്നു ശാരദകുഞ്ഞിന്. അവളും പോയി"(പുറം 76). പി.സി. കുറുമ്പ, പി.കെ. കാളി, ശാരദ കുമാരൻ, ശാരദ കുഞ്ഞൻ തുടങ്ങിയവരെല്ലാം ഇരിങ്ങാലക്കുടയിലും പരിസരങ്ങളിലും നടന്ന സമരങ്ങളിൽ സജീവമായി ഇടപെട്ടവരാണ്. കേരളനവോത്ഥാന ചരിത്രങ്ങളിൽ ഇടം പിടിക്കാതെപോയ ഈ പേരുകൾ അശോകൻ ചെരുവിൽ തന്റെ നോവലിൽ രേഖപ്പെടുത്തുന്നു. തലശ്ശേരി ലഹള, കുട്ടംകുളം സമരം, നടവരമ്പ് കർഷകസമരം, മിച്ചഭൂമിസമരങ്ങൾ തുടങ്ങിയവയെല്ലാം ഈ നാടിനെ പ്രകമ്പനം കൊള്ളിച്ച രാഷ്ട്രീയ മുന്നേറ്റങ്ങളാണ്.

ഇത്തരത്തിൽ കാട്ടൂർ കടവിന്റെ ഭൂതവർത്തമാനകാലങ്ങളെ ഇഴചേർത്തുകൊണ്ടാണ് നോവൽ പുരോഗമിക്കുന്നത്. ചരിത്രത്തെ വസ്തുനിഷ്ഠമായ സംഭവങ്ങളുടെ ക്രമം എന്ന നിലയില്ലാതെ, വ്യക്തിഗതവും സാമൂഹികവുമായ അർത്ഥങ്ങളുടെ രൂപീകരണത്തിനുള്ള ഒരു പ്രക്രിയ എന്ന നിലയിൽ കാണാനുള്ള ശ്രമം ഇവിടെ കാണാനാകും.

കെ. എന്ന എഴുത്തുകാരനിലൂടെ കഥാകൃത്ത് സ്വയം പ്രത്യക്ഷപ്പെടുകയാണ് എന്ന വ്യാഖ്യാനം ഉണ്ടായിട്ടുണ്ട്. ഒരു കാലഘട്ടത്തിലെ യുവത്വത്തിന്റെ ആത്മസംഘർഷങ്ങളാണ് ഇവിടെ അവതരിപ്പിക്കുന്നത്. രാഷ്ട്രീയനോവൽ എന്ന കാഴ്ചപ്പാടോടെ സ്വീകരിക്കപ്പെട്ട കൃതിയാണ് കാട്ടൂർ കടവ്. അപരവൽക്കരിക്കപ്പെട്ടവന്റെ ആശ്രയം എന്ന് കരുതിയിരുന്ന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമാണ് കൃതിയിൽ ഉടനീളം പ്രത്യക്ഷപ്പെടുന്നത്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ഉണ്ടാകുന്ന പിളർപ്പിൽ പകച്ചുപോകുന്ന ഒരവസ്ഥയുണ്ട് നോവലിൽ. പ്രത്യയശാസ്ത്രങ്ങൾ പരാജയപ്പെടുമ്പോൾ അതിനുവേണ്ടി ജീവിക്കുന്ന രക്തസാക്ഷികളായവരുടെ നിസ്സഹായത ദയനീയമാണ്.

ചരിത്രം, സാഹിത്യം എന്നിങ്ങനെയുള്ള ഗണകൽപ്പനയുടെ സാംഗത്യം പലപ്പോഴും ചോദ്യം ചെയ്യപ്പെടാവുന്നതാണ്. കാട്ടൂർകടവ് എന്ന ദേശത്തിന്റെ സാമൂഹ്യ- രാഷ്ട്രീയ ചരിത്രമാണ് ഈ നോവലിൽ ഇതൾ വിരിയുന്നത്. കേരളത്തിന്റെ രാഷ്ട്രീയമനസ്സിന്റെ ആഖ്യാനം എന്നാണ് ഈ കൃതിക്ക് വയലാർ അവാർഡ് നൽകിയപ്പോൾ ജൂറി വിലയിരുത്തിയത്. സമകാലത്തെ പ്രതിനിധീകരിക്കുന്ന സാമൂഹ്യമാധ്യമത്തെ വേദിയാക്കിക്കൊണ്ട് അതിലൂടെ ഒരു ദേശത്തെയും അവിടുത്തെ സമൂഹത്തെയും അവതരിപ്പിക്കുന്ന നോവലാണ് കാട്ടൂർകടവ്. അവിടെ കഴിഞ്ഞ കാലങ്ങളെയും സമകാലത്തെയും കണ്ണിചേർക്കുന്നു. ആദർശജീവിതം നൽകുന്ന ദുരിതങ്ങളെ തുറന്നുകാട്ടുന്നു. ദുരന്തപര്യവസായിയായ ആത്മസംഘർഷങ്ങളെ അവതരിപ്പിക്കുന്നു. സമൂഹമനസ്സിന്റെ സൂക്ഷ്മാംശങ്ങളെ സംശയലേശമെന്യേ വിളിച്ചു പറയുന്നു. വർഗ്ഗസമരങ്ങളുടെ വിജയവും പരാജയങ്ങളും അടയാളപ്പെടുത്തുന്നു. ആഴമേറിയ ജീവിതാനുഭവങ്ങളാണ് വായനക്കാരൻ ഇതിലൂടെ സ്വാംശീകരിക്കുന്നത്. ജീവിതാനുഭവങ്ങളുടെ സങ്കീർണ്ണത ഇവിടെ വ്യക്തമാണ്.

സഹായകഗ്രന്ഥങ്ങൾ

- അശോകൻ ചരുവിൽ 2023 കാട്ടൂർകടവ്, ഡി.സി.ബുക്സ്, കോട്ടയം.
- കുറുപ്പ് കെ. കെ. എൻ. 2018 പ്രാദേശിക ചരിത്രം രചനയും രീതിശാസ്ത്രവും. കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
- കൃഷ്ണകുമാരി 2018 സമരപഥങ്ങളിലെ പെൺപെരുമ, സമത, തൃശ്ശൂർ.

18

മിശ്രരചനാശൈലി കെ. ആർ. ടോണിയുടെ കവിതകളിൽ

അമൃതലക്ഷ്മി എം. റ്റി.
ഗവേഷക, മലയാളവിഭാഗം,
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.

പ്രബന്ധസംഗ്രഹം

സാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടവും യന്ത്രവൽകൃതലോകവും ഉത്തരാധുനികതയെന്ന സാമൂഹികപ്രവണത രൂപപ്പെടുന്നതിന് കാരണമായി. കലാസാഹിത്യരൂപങ്ങളിൽ സജീവമായി ചർച്ച ചെയ്യപ്പെട്ട ഈ നവീന സൈദ്ധാന്തിക പ്രവണത 1980കളോടെ മലയാളത്തിലും സജീവമായി. ആശയപരമായും ശൈലീപരമായും ആധുനികതയിൽ നിന്നും വ്യത്യസ്തമാണ് ഉത്തരാധുനികത. ഈ സവിശേഷസാഹചര്യം പുതുകവിതകളിൽ രൂപപരമായും പ്രമേയപരമായും പ്രകടമായ മാറ്റങ്ങൾക്ക് ഹേതുവായി. എന്തും കവിതയ്ക്കു വിഷയമാകും എന്ന നിലയിൽ ദളിത്, സ്ത്രീ, പരിസ്ഥിതി, സാമൂഹികസംസ്കാരങ്ങൾ, അരികുവത്കരിക്കപ്പെട്ടവർ, സൈബർ-സാങ്കേതികവിദ്യകൾ എന്നിവ പുതുകവിതയുടെ പ്രമേയപരിസരം വിശാലമാക്കി. രചനാശൈലിയിലും ഈ വ്യത്യസ്തത പ്രകടമാണ്. പാസ്റ്റിഷ് (മിശ്രരചനാശൈലി), പാരഡി, അതികഥനങ്ങൾ എന്നിവയാണ് ശൈലീപരമായി പുതുകവിതകളിൽ പൊതുവേ കടന്നുവന്ന പ്രത്യേകതകൾ. പുതുകവിതകളുടെ ഈ സ്വത്വസവിശേഷതകളെ തന്റെ കവിതകളിലൂടെ മനപ്പൂർവ്വമായി ആഖ്യാനംചെയ്ത കവിയാണ് കെ. ആർ. ടോണി. അദ്ദേഹത്തിന്റെ മിശ്രരചനാശൈലി പ്രയോജനപ്പെടുത്തി പുറത്തുവന്ന കവിതകളെ മുൻനിർത്തി മിശ്രരചനാശൈലി എന്ന ആഖ്യാനസങ്കേതത്തെ പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിലൂടെ.

താക്കോൽവാക്കുകൾ
പുതുകവിത, ഉത്തരാധുനികത, മിശ്രരചനാശൈലി (Pastish), പാരഡി

ആമുഖം

ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും ഫലമായി ആഗോളതലത്തിൽ സംഭവിച്ച സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ ചലനങ്ങളുടെ അനുരണനങ്ങൾ കേരളത്തിലും സ്വാധീനം ചെലുത്തിയിട്ടുണ്ട്. അന്താരാഷ്ട്രസാമ്പത്തികരംഗം, വിദ്യാഭ്യാസം, വാണിജ്യം, രാഷ്ട്രീയം, സാങ്കേതികവിദ്യ, കല, സാഹിത്യം, സംസ്കാരം തുടങ്ങിയ വ്യത്യസ്തമേഖലകളിൽ സംഭവിച്ച ചരിത്രപരവും ആഗോളപരവുമായ മാറ്റങ്ങളുടെ പ്രതിഫലനം കേരളീയ സമൂഹത്തിലുമുണ്ടായി. പിൽക്കാല മുതലാളിത്തത്തിന്റെ ഫലമായി സംജാതമായ ഉത്തരാധുനികതയും അതിന്റെ രാഷ്ട്രീയവും പ്രത്യയശാസ്ത്രവും കേരളസമൂഹത്തെ സ്വാധീനിച്ചു. കേരളത്തിൽ തൊണ്ണൂറുകൾക്ക് ശേഷമാണ് ഈ ഒരു അവസ്ഥ സംജാതമായത്. വിവരസാങ്കേതികവിദ്യയും, ലോകത്തെ ഒരൊറ്റ കുടക്കീഴിലാക്കുന്ന ആഗോളവത്കരണവും കേരളത്തിന്റെ സാമൂഹിക സാംസ്കാരിക ജീവിതത്തെ മാറ്റിമറിച്ചു. ഉത്തരാധുനികലോകത്തിൽ മാറ്റങ്ങൾ അതിവേഗം സംഭവിച്ചു. സാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടം ലോകത്തെ ഒരൊറ്റ കമ്പോളം ആക്കി മാറ്റുന്നതിൽ സ്വാധീനം ചെലുത്തി.

സാമൂഹികമായും സാംസ്കാരികമായും സാഹിത്യപരമായും ആധുനികതയിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ഉത്തരാധുനികത. സാങ്കേതികവിദ്യ ഉത്തരാധുനികതയുടെ മുഖമുദ്രയാണ്. ഈ സാങ്കേതികവിദ്യയുടെ സഹായത്തോടെ പഴയതെല്ലാം പുതുതായി മാറുന്നു. ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഭാഗമായിട്ടാണ് കേരളത്തിൽ ഉത്തരാധുനികത പിറവിയെടുത്തത്.

ആഖ്യാനത്തെയും, പ്രമേയത്തെയും അടിസ്ഥാനപ്പെടുത്തിയാണ് ഉത്തരാധുനികസാഹിത്യം ആധുനികതയിൽ നിന്ന് വ്യത്യസ്തപ്പെട്ടിരിക്കുന്നത്. ബൃഹദാഖ്യാനങ്ങളെ നിരാകരിക്കുകയും ലഘു ആഖ്യാനങ്ങളെ സ്വീകരിക്കുകയുമാണ് മലയാളത്തിലെ ഉത്തരാധുനികസാഹിത്യം. ബഹുസ്വരതയാണ് ഉത്തരാധുനികസാഹിത്യത്തിന്റെ പ്രത്യേകത. വംശവും, ലിംഗവും, പ്രകൃതിയും, അരികുവത്ക്കരിക്കപ്പെട്ട സമൂഹവും ഉത്തരാധുനികസാഹിത്യത്തിന് വിഷയമാകുന്നു. സൈബറിടങ്ങളും സാങ്കേതികതയും വിഷയമാകുന്നു. സൗന്ദര്യാത്മകത മാത്രമേ സാഹിത്യത്തിന് വിഷയമാകൂ എന്ന നിയമത്തെ ഉത്തരാധുനികത തിരുത്തിക്കുറിക്കുന്നു. പരിസ്ഥിതി സംരക്ഷണസമരങ്ങളും യജ്ഞങ്ങളും സാഹിത്യത്തിന് പുതിയ ദിശാബോധം നൽകുന്നതിന് കാരണമായി. മനുഷ്യന്റെ എല്ലാ പ്രശ്നങ്ങളെയും ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഉത്തരാധുനികത സ്പർശിക്കുന്നു. ആഖ്യാനപരമായും ഉത്തരാധുനികകൃതികൾ വ്യത്യസ്തത പുലർത്തുന്നവയാണ്. എഴുത്തിൽ ദൃശ്യമാധ്യമങ്ങളുടെ വിന്യാസവും, പാരഡി, മിശ്രരചന (പാസ്റ്റിഷ്), അതികഥനങ്ങളും ശകലിതാഖ്യാനങ്ങളും മലയാളത്തിലെ ഉത്തരാധുനികതയുടെ ആഖ്യാനപരമായ സവിശേഷതകളാണ്.

മിശ്രരചനാശൈലി

ഉത്തരാധുനികകലാസൃഷ്ടികളിൽ പ്രകടമാകുന്ന പ്രധാന സവിശേഷതകളിൽ ഒന്നായി ജെയിംസൺ ചൂണ്ടിക്കാട്ടുന്നത് മിശ്രശൈലിയെയാണ് (സുധാകരൻ സി. ബി., 1999:38). ഫലിതമില്ലാത്ത പാരഡിയാണ് പാസ്റ്റിഷ് അഥവാ മിശ്രശൈലി. ഒരു സവിശേഷമായ ശൈലിയുടെ അനുകരണമാണ് മിശ്രശൈലി. മറ്റുള്ള എഴുത്തുകാരിൽ നിന്നും മാതൃകകൾ സ്വീകരിച്ച് ഒരു എഴുത്തുകാരൻ രചന നിർവഹിക്കുന്ന പ്രക്രിയയെയാണ് സാങ്കേതികമായി പാസ്റ്റിഷ് എന്ന് പറയുന്നത്. അംഗീകൃത സാംസ്കാരികചിഹ്നങ്ങളുടെയും ശൈലികളുടെയും പൂർവ്വകാല ആഖ്യാനതന്ത്രങ്ങളുടെയും അനുകരണത്തിലൂടെയുള്ള പുനക്രമീകരണത്തിലൂടെയാണ് ഇത് സാധ്യമാക്കുന്നത്. ഉത്തരാധുനികതയിലെ പാരഡി പരിഹാസമുക്തമാണ്. കൂട്ടിച്ചേർക്കൽ,

വ്യത്യസ്ത കാര്യങ്ങളെ ചേർത്തൊട്ടിക്കൽ എന്നൊക്കെയാണ് പാസ്റ്റിഷ് എന്ന പദത്തിനർത്ഥം. പാരഡിയിൽ നിന്നും ഇത് വ്യത്യസ്തമാണ്. പഴയ ശൈലികളുടെ അനുകരണമോ ഓർമ്മപ്പെടുത്തലോ ആയാണ് ഉത്തരാധുനികതയിൽ പാസ്റ്റിഷ് നിലകൊള്ളുന്നത്. സ്ഥിരപ്രതിഷ്ഠ നേടിയ പൂർവ്വബിംബങ്ങളെ അനുകരിച്ച് വക്രീകരിക്കൽ പാസ്റ്റിഷിന്റെ ഒരു പ്രധാന തന്ത്രമാണ്.

"Pastiche is, like parody, the imitation of a peculiar or unique style, the wearing of a stylistic mask, speech in a dead language; but it is a neutral practice of such mimicry, without any of parody's ulterior motives, amputated of the satiric impulse, devoid of laughter and of any conviction that alongside the abnormal tongue you have momentarily borrowed, some healthy linguistic normality still exists. Pastiche is thus blank parody, a statue with blind eyeball" (ഫെഡറിക് ജയിംസൺ, 1984). ഇപ്രകാരമാണ് പാസ്റ്റിഷിനെ ഫെഡറിക് ജെയിംസൺ നിർവചിക്കുന്നത്. പാരഡിയുടെ പ്രാധാന്യം കഴിഞ്ഞ കാലത്താണ് പാസ്റ്റിഷിന്റെ വരവ്. പ്രത്യേകവും അതുല്യവുമായ ശൈലിയുടെ അനുകരണമാണിതെന്നും ഒരു പ്രത്യേക ശൈലിയെ മുഖാവരണമായി സ്വീകരിക്കുകയും പരിഹാസബോധത്തെ പൂർണമായി നഷ്ടപ്പെടുത്തുകയുമാണ് ഈ ശൈലിയുടെ രീതിയെന്നും അദ്ദേഹം കൂട്ടിചേർക്കുന്നു. അദ്ദേഹത്തിന്റെ കാഴ്ചയിൽ ശൂന്യ പാരഡിയാണ് പാസ്റ്റിഷ്.

"Pastiche is a form of imitation that pays homage rather than competes "(ഹോരാൾഡ് ബ്ലൂം, - 1973: 145). പ്രശസ്ത തത്ത്വചിന്തകനും നിരൂപകനുമായ ഹോരാൾഡ് ബ്ലൂം "മുൻകാല എഴുത്തുകാരിൽ നിന്നും സർഗാത്മകസൃഷ്ടിയുടെ ആദരവോടെയുള്ള കടമെടുക്കലാണ് പാസ്റ്റിഷ് " എന്നു നിർവചിക്കുന്നു.

വ്യത്യസ്ത സാഹിത്യഗണങ്ങളെ ഇടകലർത്തിയും കൂട്ടിച്ചേർത്തും ആധുനികതയോട് പ്രതികരിക്കുവാൻ രൂപപ്പെടുത്തിയ വേറിട്ട ഒരു ആഖ്യാനതന്ത്രമാണിത്. പാരമ്പര്യത്തെ ചോദ്യം ചെയ്യുവാനും അസ്ഥിരപ്പെടുത്താനും പുതിയ പാഠങ്ങൾ സൃഷ്ടിക്കുവാനും ഇന്നത്തെ കവികൾ ഈ ശൈലി സ്വീകരിക്കുന്നു. മലയാളത്തിലെ ഉത്തരാധുനിക കവികളായ എൽ. തോമസുകുട്ടി, പി. പി. രാമചന്ദ്രൻ, ലോപ തുടങ്ങിയവർ ഈ രീതി ഉപയോഗിച്ച് കവിതകൾ എഴുതുന്നവരാണ്.

ഹാസ്യാത്മകമായി സമൂഹത്തിൽ നടക്കുന്ന അനീതികളെ ചോദ്യം ചെയ്യുന്ന രീതി പ്രാചീനകാലം മുതൽക്കേ മലയാളസാഹിത്യത്തിൽ നിലവിലുണ്ട്. ഒരു ദൃശ്യകലാരൂപമായ ചാക്യാർകൂത്തിൽ നിന്നാരംഭിച്ച ആക്ഷേപഹാസ്യത്തെ ജനകീയമാക്കിയത് കുഞ്ചൻ നമ്പ്യാരാണ്. നമ്പ്യാരുടെ ഈ ഹാസ്യ പാരമ്പര്യം വി. കെ. എൻ കൃതികളിലും ആവർത്തിക്കുന്നത് കാണാം. നമ്പ്യാരുടെ സത്ഗുണമായ സാമൂഹ്യ പരിഷ്കരണവാഞ്ഛ ആരോഗ്യകരമായ അർത്ഥത്തിലും ഭാഷയിലും ഇ.വി. കൃഷ്ണപിള്ളയിലും കാണാം. ഇപ്രകാരമുള്ള മലയാളഹാസ്യസാഹിത്യവേദിയിൽ പുറംതിരിഞ്ഞു നിന്നാലും വേറിട്ടുനിൽക്കുന്ന കവിതകളാണ് കെ.ആർ ടോണിയുടേത്. മാറ്റത്തിനു തയ്യാറാകാത്ത സമൂഹത്തെ മാറ്റുവാൻ അദ്ദേഹം വ്യഗ്രതപ്പെടുന്നില്ല. എന്നാൽ കുത്തഹാസ്യവും ചരിത്രബോധവും അദ്ദേഹത്തിന്റെ കവിതകളിൽ സദാ പ്രത്യക്ഷപ്പെടുന്നു. ക്രാഫ്റ്റിലും വിഷയസ്വീകരണത്തിലുമുള്ള നിരന്തരപരീക്ഷണങ്ങൾ ടോണിക്ക് മലയാളകവിതാചരിത്രത്തിൽ വ്യത്യസ്തമായ സ്ഥാനം നേടിക്കൊടുത്തു.

പുതിയ കാലത്തിന്റെയും അവ സൃഷ്ടിച്ച ജീവിതരീതികളുടെയും, സൂക്ഷ്മ ചലനങ്ങളെയും, പൊരുത്തക്കേടുകളെയും ഫലപ്രദമായി ആവിഷ്കരിക്കാനുള്ള ഒരു ആഖ്യാനതന്ത്രം എന്ന നിലയിലാണ് കെ.ആർ ടോണി പാരഡിയേയും പാസ്റ്റിഷിനെയും ഉപയോഗപ്പെടുത്തുന്നത്. പാരമ്പര്യത്തെ നിഷേധിക്കാനും ചോദ്യം ചെയ്യാനും തിരുത്താനും ഈ ശൈലിക്ക് കഴിയുമെ

ന്ന് ടോണി തിരിച്ചറിയുന്നു. സമൂഹത്തിന്റെ എല്ലാ മേഖലകളെയും സ്പർശിക്കുവാൻ ടോണിക വിതകൾക്ക് സാധിക്കുന്നു. അരികുവത്ക്കരിക്കപ്പെട്ടതും നാം ശ്രദ്ധിക്കാതെ പോയതുമായ കാ ര്യങ്ങളെയും കവിതയ്ക്ക് വിഷയമാക്കുവാൻ അദ്ദേഹത്തിനു കഴിയുന്നുണ്ട്. കവിതയ്ക്ക് ഉചിതമല്ല എന്ന് പറയപ്പെടുന്ന ഭാഷയെയും ആഖ്യാനതന്ത്രങ്ങളെയും ഉൾക്കൊള്ളിക്കുവാൻ അദ്ദേഹ ത്തിന് സാധിക്കുന്നു. കവിതകൾ എഴുതി സമൂഹത്തിന്റെ പൊതുബോധത്തെ ചരിത്രപരവും സാംസ്കാരികവുമായി വിമർശന വിധേയമാക്കുകയാണദ്ദേഹം. അതിനായി ഏറ്റവും യോജി ക്കുന്ന ആഖ്യാനതന്ത്രത്തെ അദ്ദേഹം തെരഞ്ഞെടുത്തിരിക്കുന്നു. എഴുത്തച്ഛൻ, പൂന്താനം, കുഞ്ചൻനമ്പ്യാർ തുടങ്ങിയവരുടെ കവിതകളുടെ വരികളെയും ശൈലികളെയും കൂട്ടിയിണക്കി പുതിയ കാലത്തിന്റെ പ്രശ്നങ്ങളെ അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട് അദ്ദേഹം. 'അന്ധകാ ണ്ഡം' എന്ന കവിതാസമാഹാരത്തിൽ പാരഡി എന്ന ആഖ്യാനതന്ത്രത്തെ അദ്ദേഹം ശക്ത മായി ഉപയോഗിച്ചിരിക്കുന്നതായി കാണാം.

കൂട്ടിച്ചാത്തനും ഡ്രാക്കുളയും പിന്നെ മിശ്രരചനാശൈലിയും

'സമനില'യാണ് അദ്ദേഹത്തിന്റെ ആദ്യ കവിതാസമാഹാരം. 2019 ൽ അദ്ദേഹം പ്രസിദ്ധീ കരിച്ച 'ഡ്രാക്കുളയും കൂട്ടിച്ചാത്തനും' എന്ന കവിതാസമാഹാരത്തെ പാസ്റ്റിഷ് എന്ന ആഖ്യാ നതന്ത്രം ഉപയോഗിച്ച് പഠിക്കുകയാണ് ഈ പ്രബന്ധത്തിൽ. മുപ്പത്താറു കവിതകൾ അട ങ്ങിയ 'ഡ്രാക്കുളയും കൂട്ടിച്ചാത്തനും' എന്ന കവിതാസമാഹാരത്തിലെ ഓരോ കവിതയും ആശ യപരമായും ആഖ്യാനപരമായും വ്യത്യസ്തത പുലർത്തുന്നവയാണ്.

വ്യത്യസ്തകാര്യങ്ങളെ കൂട്ടിച്ചേർത്തുകൊണ്ട് ഉത്തരാധുനിക ലോകവ്യവസ്ഥയെ അവതരി പ്പിക്കുകയാണ് കവി 'കൂട്ടിച്ചാത്തനും ഡ്രാക്കുളയും' എന്ന കവിതയിൽ. ഡ്രാക്കുള, കൂട്ടിച്ചാത്തൻ എന്നീ വ്യത്യസ്ത ബിംബങ്ങളെ ഒരു കവിതയിൽ കൂട്ടിച്ചേർത്ത് അവതരിപ്പിക്കുന്നു. ഒറിജിനൽ ഡ്രാക്കുളക്കോട്ടയിലേക്ക് പോകുവാൻ തുടങ്ങുന്ന ഒരു ഡിറ്റക്ടീവ് അവിടേക്ക് എത്തിപ്പെടാൻ സാധിക്കാതെ കോട്ടയുടെ പകർപ്പുകളിലേക്ക് എത്തിപ്പെടുന്ന അവസ്ഥയാണ് കവിതയിൽ കാണുന്നത്. യാഥാർത്ഥ്യവും യാഥാർത്ഥ്യത്തിന്റെ പകർപ്പുകളുടെയും ഇടയിൽപെട്ടുപോവുക യാണ് അയാൾ. യാഥാർത്ഥ്യമേത് പകർപ്പുകളേത് എന്ന് തിരിച്ചറിയുവാൻ സാധിക്കാത്ത ഉത്തരാധുനികലോകത്തിന്റെ അവസ്ഥയെ ഈ കവിതയിലൂടെ അദ്ദേഹം വ്യക്തമാക്കുന്നു. എന്നാൽ ഇതേസംഭവം ലോകത്തെവിടെയും സംഭവിക്കുന്നുണ്ടെന്നും അടുത്ത വരികളിലൂടെ അദ്ദേഹം തുടരുന്നുണ്ട്. കേരളത്തിലും ഇതിന് സമാനമായ സംഭവമാണരങ്ങേറുന്നത്. കൂട്ടി ച്ചാത്തന്റെ അമ്പലം തേടി പോകുന്നയാൾക്ക് അതിന്റെ നൂറുകണക്കിന് പകർപ്പുകളാണ് കാ ണാൻ സാധിക്കുന്നത്. യാഥാർത്ഥ്യത്തിനുമേലെ അതിയാഥാർത്ഥ്യത്തെ അവതരിപ്പിക്കു മ്പോൾ പകർപ്പ് ഏതാണെന്നും യാഥാർഥ്യമേതെന്നും അറിയാതെ വഞ്ചിക്കപ്പെടുന്ന മനുഷ്യ രെ ലോകത്തിലെവിടെയും ദർശിക്കാൻ കഴിയും എന്ന വസ്തുത വ്യത്യസ്ത കാര്യങ്ങളെ ചേർ ത്തുവച്ച് മിശ്രരചനാശൈലിയിലൂടെ അദ്ദേഹം അവതരിപ്പിക്കുന്നു. പൂർവ്വബിംബങ്ങളെ അനു കരിച്ച് അവതരിപ്പിക്കൽ പാസ്റ്റിഷിന്റെ മുഖ്യരീതിയാണ്. ഈ രീതി തന്നെയാണ് അദ്ദേഹം ഇവിടെയും അവലംബിക്കുന്നത്. ഡ്രാക്കുളയെ അന്വേഷിച്ചിട്ട് പോകുന്ന ഡിറ്റക്ടീവ് മാർക്ക്സി നും കൂട്ടിച്ചാത്തനെ അന്വേഷിച്ചു വരുന്ന ആറുച്ചാമിക്കും ഒരേ അവസ്ഥ തന്നെ സംജാതമാകുന്നു.

പുരസ്കാരത്തിലെ പെരുമ

പ്രസംഗ രൂപത്തിൽ എഴുതിയ കവിതയാണ് ഈ സമാഹാരത്തിലെ 'ജ്ഞാനപീഠം' എന്ന കവിത. നമ്മുടെ സമൂഹത്തിൽ പുരസ്കാരങ്ങളും അവാർഡുകളും എപ്രകാരം ലഭിക്കുന്നു എന്ന തിനെ കവി ഈ കവിതയിലൂടെ ചോദ്യം ചെയ്യുന്നു. അതിനായി അദ്ദേഹം തെരഞ്ഞെടുത്തി രിക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിലെ ഒരു വാചകത്തെയാണ്. സർക്കാരിനെ യും സാംസ്കാരിക നേതാക്കന്മാരെയും നമിച്ചും അവർക്ക് ശിങ്കിടി പാടിയും മറ്റും നടക്കുന്ന എഴു

ത്തുകാർക്ക് നിലവാരം ഇല്ലെങ്കിൽപ്പോലും പുരസ്കാരങ്ങൾ നൽകുന്ന ഭരണകൂടത്തിനെതിരെയും, യാതൊരു ഉളുപ്പുമില്ലാതെ അത് സ്വീകരിക്കുന്ന അത്തരം വ്യക്തികൾക്കെതിരെയും അദ്ദേഹം ഈ കവിതയിലൂടെ ശബ്ദമുയർത്തുന്നു. മാത്രമല്ല ഒരു വ്യക്തിയുമായി പലതരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങളും വൈരാഗ്യങ്ങളും ഉള്ളപ്പോഴും ആ വ്യക്തി ബഹുമതികൾക്ക് അർഹനാകുമ്പോൾ അല്ലെങ്കിൽ ആ വ്യക്തിക്ക് പ്രശസ്തി ലഭിക്കുമ്പോൾ വിരോധമെല്ലാം മറന്ന് വരുന്ന സ്തുതിപാടകരേയും കവി ആക്ഷേപഹാസ്യത്തിലൂടെ കളിയാക്കുന്നു. അതിനായി അദ്ദേഹം സാംസ്കാരികചിഹ്നമായ ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തെ കവിതയിൽ പരാമർശിക്കുന്നു. ആമുഖത്തിൽ ഇന്ത്യയെ പ്രഖ്യാപിക്കുന്ന വാചകത്തിൽ "Declares India to be a sovereign, socialist, secular and democratic republic" എന്നതിനെ,

"ഇന്ത്യ ഈസ് എ സോവറീൻ സോഷ്യലിസ്റ്റ്

സെക്കുലാർ ഡെമോക്രാറ്റിക് നമോ റിപ്പബ്ലിക്" (ടോണി കെ. ആർ., 2019:19) എന്നാക്കി മാറ്റിയിരിക്കുന്നു.

ഇത്തരം സാംസ്കാരിക ചിഹ്നങ്ങളുടെ അനുകരണത്തിലൂടെ അവയെ വക്രീകരിച്ച് സമകാലിക ഇന്ത്യയുടെ അവസ്ഥയെ കാണിക്കുകയാണ് ഈ കവിതയിലൂടെ . സാമൂഹ്യനീതികേടിനോടുള്ള തന്റെ ശബ്ദത്തെ മിശ്രരചനാശൈലി ഉപയോഗിച്ച് അവതരിപ്പിച്ചിരിക്കുകയാണ് ഇവിടെ.

മതം എന്ന ഭ്രാന്ത്

മതം മനുഷ്യനിൽ എത്രത്തോളം ഭ്രാന്ത് സൃഷ്ടിക്കുന്നു എന്ന് പറയുകയാണ് 'ഭ്രാന്ത്' എന്ന കവിത. അതിനായി അദ്ദേഹം അമ്പലം, പള്ളികൾ തുടങ്ങിയ സാംസ്കാരിക ചിഹ്നങ്ങൾ തെരഞ്ഞെടുത്തിരിക്കുന്നു. നാട്ടിൽ അമ്പലങ്ങളും പള്ളികളും വളരെ ഒത്തൊരുമയോടെയാണ് സ്ഥിതി ചെയ്യുന്നതെന്ന് കവിതയുടെ തുടക്കത്തിൽ അദ്ദേഹം പറയുന്നുണ്ട്. അതിനായി അദ്ദേഹം നാരായണ ഗുരുവിന്റെ 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമിത്" എന്ന കവിതാശകലത്തെ അനുകരിച്ച്

"ജാതി മത ഭേദമെന്യേ എല്ലാവരും

സഹകരിച്ചു കഴിയുന്നു." (ടോണി കെ. ആർ., 2019: 47)

എന്ന് ടോണി എഴുതിച്ചേർക്കുന്നു. പക്ഷേ ഇപ്രകാരം സഹകരിച്ച് കഴിയുന്നു എന്ന് പുറമേ പറഞ്ഞു നടക്കുന്നവർക്കിടയിലെ വൈരുദ്ധ്യതയും അദ്ദേഹം തുടർന്നുള്ള വരികളിൽ അവതരിപ്പിക്കുന്നുണ്ട്. ഓരോ മതത്തിലും പ്രകടമാകുന്ന അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. അതിനെ കളിയാക്കുകയോ പരിഹസിക്കുകയോ ചെയ്യുന്നില്ല, പകരം വസ്തുതകൾ അവതരിപ്പിക്കുന്നു. എന്നാൽ ആ വസ്തുതയിൽ പരിഹാസം ഒളിഞ്ഞിരിക്കുകയും ചെയ്യുന്നുണ്ട്. അമ്പലത്തിൽ വിശ്വാസത്തിന് ഭംഗം വരുത്തുന്ന ആൾക്ക് ഭ്രാന്ത് പിടിക്കുമ്പോൾ അതിൽനിന്നു മുക്തി നേടുവാൻ അവരെ ക്രിസ്തീയ പള്ളിയുടെ മുറ്റത്ത് കെട്ടിയിടുകയും, മുസ്ലിം പള്ളിയിൽ നിന്നും കാക്കമാർ വന്ന് ഭക്ഷണം നൽകുകയും ചെയ്യുമെന്നും കവിതയിൽ പറയുന്നു. മനുഷ്യന് മതങ്ങളോടുള്ള അമിതമായ ഭ്രാന്തിനെ അമ്പലങ്ങൾ, പള്ളികൾ മുതലായ സാംസ്കാരിക ചിഹ്നങ്ങളുപയോഗിച്ചുകൊണ്ട് മിശ്രശൈലിയിൽ അവതരിപ്പിക്കുന്നു. ഒരു മതം തനിക്ക് സൗഖ്യം തന്നില്ലെങ്കിൽ മറ്റൊരു മതം അത് തരും എന്ന സമൂഹത്തിലെ മനുഷ്യരുടെ ബാലിശമായ വിശ്വാസത്തെ ആക്ഷേപഹാസ്യരൂപേണ അദ്ദേഹം ചോദ്യം ചെയ്യുന്നു. ഒടുവിൽ

"നാട്ടിൽ നിറയെ പ്രാന്തന്മാരാണ്" (ടോണി കെ. ആർ., 2019: 48)

എന്നു പറയുന്നതിലൂടെ സമൂഹത്തിലെ എല്ലാവർക്കും വിശ്വാസങ്ങളുടെയും മതത്തിന്റെയും ഭ്രാന്തുണ്ടെന്ന് കവി സൂചിപ്പിക്കുന്നു.

അപ്പനും മകളും

പൂർണ്ണമായും സംഭാഷണശൈലിയിൽ എഴുതിയ കവിതയാണ് 'അപ്പനും മകളും'. ഒരു മനശാസ്ത്രജ്ഞനും പലചരക്ക് കടക്കാരനായ വറീതും തമ്മിലുള്ള സംഭാഷണത്തിന്റെ രൂപമാണ് കവിതയ്ക്ക് സ്വീകരിച്ചിരിക്കുന്നത്. മലയാളം മീഡിയം സർക്കാർസ്കൂളിൽ പഠിച്ചിരുന്ന മകളെ, ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പ്രവേശിപ്പിച്ചത് മുതൽ കുട്ടി അച്ഛനെ അപ്പാ എന്ന് വിളിക്കുന്നില്ല. മകൾ എന്തുകൊണ്ടാണ് അപ്പ എന്ന് വിളിക്കാത്തത് എന്ന് അപ്പനും ഉത്തരം ലഭിക്കുന്നില്ല. അതിനുള്ള ഉത്തരം മനശാസ്ത്രജ്ഞൻ നൽകുന്നു. പരിഹാരം മകളെ മലയാളം മീഡിയത്തിൽ തുടർന്ന് പഠിപ്പിക്കുക എന്നതാണ്. ഇംഗ്ലീഷ് ഭാഷയും സംസ്കാരവും മലയാളത്തനിമയെയും ഭാഷയെയും സംസ്കാരത്തെയും എങ്ങനെ മാറ്റിമറിക്കുന്നു എന്ന് ഈ കവിത നമ്മെ ബോധ്യപ്പെടുത്തുന്നു.

അഭിമുഖത്തിലെ വിമുഖത

ഉത്തരാധുനിക കവികളെയും കവിതകളെയും വിമർശിക്കുന്ന പാരമ്പര്യവാദികൾക്ക് 'അഭിമുഖം' എന്ന കവിതയിലൂടെ അദ്ദേഹം മറുപടി നൽകുന്നു. സംഭാഷണരീതിയിലാണ് കവിത അവതരിപ്പിച്ചിരിക്കുന്നത്. ഒരു കവിയും അഭിമുഖസംഭാഷകയും എന്ന രീതിയിൽ കവിത മുന്നോട്ട് പോകുന്നു. അഭിമുഖ ചോദിക്കുന്ന ഓരോ ചോദ്യവും ബാലിശമാണ്. ഇന്നത്തെ കവികളെയും കവിതകളെയും കളിയാക്കുന്ന മട്ടിലാണ് ചോദ്യങ്ങളുടെ പോക്ക്. എന്നാൽ ഉത്തരങ്ങൾ ഒക്കെത്തന്നെയും ആ ചോദ്യങ്ങളെ സാധൂകരിക്കുന്നവയാണ്. ശക്തമായ തന്റെ നിലപാടുകളെ കവി മുന്നോട്ടുവയ്ക്കുന്നത് ആ ഉത്തരങ്ങളിലൂടെയാണ്. ഉത്തരാധുനികകവിതകൾക്കു വൃത്തം ഇല്ല എന്നും അവ മികച്ച രീതിയിൽ അല്ല എഴുതപ്പെടുന്നത് എന്നുമൊക്കെയുള്ള ചോദ്യങ്ങൾ അഭിമുഖ ചോദിക്കുന്നുണ്ടെങ്കിലും അത് ഗദ്യത്തിന്റെ വൃത്തം ആണെന്നും അത് പഴയ ആളുകൾക്ക് മനസ്സിലാകുന്നില്ല എന്നുമുള്ള താക്കീതും കവിതയിലൂടെ അദ്ദേഹം നൽകുന്നു. ഒടുവിൽ ചോദ്യങ്ങൾ ഇല്ലാതായി തീരുകയും കവിയുടെ പക്കൽ ധാരാളം ഉത്തരങ്ങൾ അവശേഷിക്കുകയും ചെയ്യുന്നു. എനിക്ക് ഒരു ഉത്തരം കൂടി പറയാനുണ്ട് എന്ന് പറയുന്ന കവി

> "ഉ : മത്തൻ കുത്തിയാൽ കുമ്പളം മുളക്കും! " (ടോണി കെ. ആർ., 2019:36)

എന്ന ഉത്തരമാണ് നൽകുന്നത്.

'മത്തൻ കുത്തിയാൽ കുമ്പളം മുളക്കില്ല' എന്ന പഴഞ്ചൊല്ല് ശൈലിയെ വക്രീകരിച്ച് മത്ത കുത്തിയാൽ കുമ്പളം മുളയ്ക്കും എന്നതിലൂടെ ഉത്തരാധുനികസാഹിത്യത്തിൽ എന്തും സാധ്യമാകും എന്ന സൂചനയാണ് അദ്ദേഹം നൽകുന്നത്. ഇപ്രകാരം പഴഞ്ചൊല്ല് ശൈലികളെ അനുകരിച്ചു കൊണ്ടുതന്നെ ഉത്തരാധുനികസാഹിത്യത്തിന്റെ പ്രത്യേകതയെ അദ്ദേഹം അവതരിപ്പിക്കുന്നു. ഇതൊരു മിശ്രരചനാശൈലിതന്ത്രമാണ്.

> "എനിക്ക് കഴിച്ചിട്ട് ഇറക്കാനും
> മധുരിച്ചിട്ട് തുപ്പാനും വയ്യ " (ടോണി കെ. ആർ., 2019: 38)

ഈ ശൈലിയിലൂടെ പുതിയ തലമുറയുടെയും പഴയ തലമുറയുടെയും താല്പര്യങ്ങളിലെ വൈരുദ്ധ്യങ്ങളെ അവതരിപ്പിക്കുകയാണ് 'കയ്പും മധുരവും' എന്ന കവിതയിലൂടെ കെ. ആർ. ടോണി. പഴമയുടെയും പുതുമയുടെയും താല്പര്യങ്ങൾ വ്യത്യസ്തമാണ്. അവർ വളർന്നുവന്ന ജീവിതശൈലിയും വ്യത്യസ്തമാണ്. ആരോഗ്യമേഖലയിൽ പഴയ വൈദ്യന്മാരാണ് കേമന്മാർ എന്നും അതല്ല പുതിയ ഡോക്ടേർസ് ആണ് കേമന്മാർ എന്നും പഴമയും പുതുമയും വാദിക്കുന്നു. അവരുടെ രീതികളും അവർ നൽകുന്ന മരുന്നുകളുടെ പ്രത്യേകതകളും മുന്നോട്ടു വച്ചുകൊ

ണ്ടാണ് രണ്ടുതലമുറയും തങ്ങളുടെതാണ് മികച്ചതെന്നുള്ള തർക്കത്തിലേക്ക് എത്തിനിൽക്കുന്നത്. ഈ തർക്കം ഇപ്രകാരംതന്നെ തുടർന്നുപോകുന്നു. എന്നാൽ പഴമയുടെ പ്രതീകമായ വൈദ്യർക്ക് തന്റെ അമ്മയെയും പുതുമയുടെ ഡോക്ടർക്ക് മകനെയും വൈദ്യശാസ്ത്രത്തിലൂടെ രക്ഷിക്കാനായില്ല. അതായത് പഴമയുടെയും പുതുമയുടെയും പരിമിതികളെയാണ് കവി ഈ വരികളുടെ സൂചിപ്പിക്കുന്നത്. രണ്ടിനും അതിന്റേതായ ഗുണങ്ങളും ദോഷങ്ങളുമുണ്ട്. അത് മനസ്സിലാക്കി നല്ലതിനെ സ്വീകരിച്ച് മുന്നോട്ടു പോവുക എന്നതാണ് യാഥാർത്ഥ്യം. ഈ വസ്തുതയെ 'കയ്ച്ചിട്ട് ഇറക്കാനും വയ്യ മധുരിച്ചിട്ട് തുപ്പാനും വയ്യ' എന്നെ ശൈലിയിലൂടെ അദ്ദേഹം പറഞ്ഞിരിക്കുന്നു. കൈപ്പുള്ള കഷായം വൈദ്യനെയും മധുരമുള്ള സിറപ്പ് ഡോക്ടറെയും പ്രതിനിധീകരിക്കുന്നു. ഒരു പഴഞ്ചൊൽശൈലിയെ വളച്ചൊടിച്ച് തന്റെ ആശയത്തിന് ഉപയുക്തമാകുന്ന രീതിയിൽ അവതരിപ്പിക്കുകയാണ് കെ. ആർ. ടോണി. ഇതുതന്നെയാണ് മിശ്രരചനാശൈലിയുടെ പ്രത്യേകതയും. ആക്ഷേപഹാസ്യത്തിലൂടെ കളിയാക്കുകയല്ല അദ്ദേഹം മറിച്ച് വസ്തുതകളെ മുന്നോട്ടുവയ്ക്കുകയും വായനക്കാരിൽ പുതിയൊരു അനുഭവം സൃഷ്ടിക്കുകയുമാണ് അദ്ദേഹം.

ഭാരതത്തിലെ ഇരുണ്ടകാലഘട്ടം

ഭാരതത്തിന്റെ നിലവിലെ ശോചനീയാവസ്ഥയെ ഇരുണ്ടകാലഘട്ടം ആയിട്ടാണ് 'ഇരുണ്ട കാലഘട്ടം' എന്ന കവിതയിൽ കെ. ആർ. ടോണി സൂചിപ്പിക്കുന്നത്. ഭാരതത്തിൽ പ്രാചീന കാലം മുതലേ അധിനിവേശങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്നു. ഈ അധിനിവേശത്തോടൊപ്പം ഓരോ ഇരുണ്ട കാലഘട്ടവും ഉണ്ടാകുന്നു. അതിനായി അദ്ദേഹം മോഹൻജദാരോ, ഹാരപ്പ എന്നീ സാംസ്കാരിക ചിഹ്നങ്ങളെ മുന്നോട്ടുവയ്ക്കുന്നു . ആര്യാധിനിവേശവും പിന്നീടുണ്ടായ ബ്രിട്ടീഷ് അധിനിവേശവും ഇന്ത്യയിൽ ഇരുണ്ട കാലഘട്ടത്തെ സൃഷ്ടിച്ചു.

> "ഇപ്പോൾ ഭാരതം മുഴുവനായും
> ഒരിരുണ്ട കാലഘട്ടത്തിലൂടെയാണ്
> കടന്നു പോകുന്നത്."7 (ടോണി കെ. ആർ., 2019: 58)

ഇതൊരു ഓർമ്മപ്പെടുത്തലാണ്. ഇവിടെ ഇന്നും അധിനിവേശം സംഭവിച്ചുകൊണ്ടിരിക്കുന്നു, അധിനിവേശം ഇരുണ്ടകാലഘട്ടത്തെയാണ് നമുക്ക് നൽകിക്കൊണ്ടിരിക്കുന്നത് എന്നുമുള്ള ഭാരതത്തിന്റെ നിലവിലെ അവസ്ഥയ്ക്കെതിരെ സാംസ്കാരികചിഹ്നങ്ങൾ നിരത്തി തന്റെ ശബ്ദം ഉയർത്തുകയാണ് കവി.

ട്രാൻസെൻഡെന്റലിസം

ബൈബിൾ കഥയെ അനുവർത്തിച്ചു കൊണ്ട് എഴുതിയ കവിതയാണ് 'ട്രാൻസെൻഡെന്റലിസം'. നല്ല ശമര്യക്കാരന്റെ കഥ എന്ന ഉപമയെ സമകാലിക സന്ദർഭത്തിലേക്ക് താദാത്മ്യപ്പെടുത്തി അവതരിപ്പിക്കുകയാണ് കെ.ആർ.ടോണി. യെരുശലേമിൽ നിന്നു യെറീക്കോയിലേക്കു യാത്ര ചെയ്യുകയായിരുന്ന ഒരു മനുഷ്യൻ കൊള്ളക്കാരുടെ ആക്രമണത്തിനിരയായി. അവർ അയാളെ കവർച്ച ചെയ്തശേഷം മൃതപ്രായനായി വഴിയിൽ ഉപേക്ഷിച്ചു പോകുന്നു. താമസിയാതെ ഒരു പുരോഹിതനും, ദേവാലയശുശ്രൂഷികളുടെ ഗണത്തിൽപെട്ട ലേവായനും ആ വഴി വന്നെങ്കിലും അവർ അയാളെ കാണാത്തമട്ടിൽ കടന്നുപോകുന്നു. ഒടുവിൽ, യഹൂദർ പൊതുവേ താഴ്ന്നവരായി കണക്കാക്കിയിരുന്ന ശമരിയാക്കാരിൽപെട്ട ഒരുവൻ ആ വഴി വന്നു. നിസ്സഹായാവസ്ഥയിൽ കിടന്നിരുന്ന ആ മനുഷ്യനെ കണ്ടു മനസ്സലിഞ്ഞ ശമരിയാക്കാരൻ അയാളെ നിർല്ലോഭം സഹായിക്കുന്നു. എബ്രായ ബൈബിളിൽ ലേവ്യരുടെ പുസ്തകത്തിലെ "നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക" എന്ന പ്രബോധനത്തിന്റെ പശ്ചാത്തലത്തിൽ, "ആരാണ് എന്റെ അയൽക്കാരൻ?" എന്ന ചോദ്യത്തിനു മറുപടി പറയുമ്പോഴാ

ണ് യേശു പ്രസിദ്ധമായ ഈ ഉപമ പറയുന്നത്. അപരിചതനെ സഹായിക്കുന്നവൻ എന്നർത്ഥമുള്ള "നല്ല ശമരിയാക്കാരൻ" എന്ന പ്രയോഗത്തിന്റെ ഉറവിടം ഈ കഥയിൽ നിന്നാണ്.

പ്രസ്തുത ഉപമയെ സമകാലിക സാമൂഹികാവസ്ഥയോടുപമിച്ച് അദ്ദേഹം എഴുതിയിരിക്കുന്നു. കവിതയിൽ ഒരു സാധാരണക്കാരൻ യാത്ര ചെയ്യുമ്പോൾ, കുണ്ടറയിൽ വെച്ച് വെറുക്കപ്പെട്ടവരുടെ കയ്യിലകപ്പെടുകയും ആക്രമിക്കപ്പെടുകയും ചെയ്യുന്നു. ശേഷമെത്തുന്ന മൂന്നുപേരിൽ ആദ്യത്തെ രണ്ടാളുകളും അദ്ദേഹത്തെ ഉപദ്രവിക്കുകയും മൂന്നാമത് എത്തിയ വ്യക്തി അദ്ദേഹം രക്ഷപ്പെടില്ല എന്നറിഞ്ഞ് കൊല ചെയ്യുകയും തുടർന്ന് ആ കൊലപാതകത്തെ രക്ത സാക്ഷിത്വമാക്കി തന്റെ സ്വാർത്ഥലാഭത്തിനും മരിച്ച വ്യക്തിയുടെ കുടുംബത്തെ സഹായിക്കുവാനുമായി ഉപയോഗിക്കുകയും ചെയ്യുന്നു. ഈ മൂവരിൽ ആരാണ് അവനോട് കരുണ കാണിച്ചത് എന്ന ചോദ്യത്തിന് കവി ഉത്തരം പറയുന്നില്ല പകരം

"വെറുക്കപ്പെട്ടവരുടെ കൈയിൽ അകപ്പെട്ട
ആ കൊഞ്ഞാണന് ഈ മൂവരിൽ
ആരാണ് അയക്കാനായി വർത്തിച്ചത് ?
'അവനോടു കരുണ കാണിച്ച നികൃഷ്ടജീവി'
• തോറോ പറഞ്ഞു.
'നീയും പോയി അതുപോലെ ചെയ്യുക'
• യേശു അരുൾ ചെയ്തു"8 (ടോണി കെ. ആർ., 2019:21)

ഈ വരികളിലൂടെ ഇന്നത്തെ കാലഘട്ടത്തിലെ മനുഷ്യന്റെ അവസ്ഥയെ കവി വരച്ചിടുന്നു. മൂന്നു പേരാലും ഉപദ്രവിക്കപ്പെട്ട മനുഷ്യൻ ഇനി അതിജീവിക്കില്ല എന്ന തിരിച്ചറിവിൽ നിന്നും അദ്ദേഹത്തിനാൽ തനിക്ക് എന്ത് ലാഭം നേടാം എന്ന് ചിന്തിക്കുകയും, അതോടൊപ്പം നേടുന്ന ലാഭത്തിന്റെ ഒരു വിഹിതം ഉപയോഗിച്ച് മരണപ്പെട്ട ആ വ്യക്തിയുടെ കുടുംബത്തെ സഹായിക്കുക കൂടി ചെയ്യുന്ന നാലാമന്റെ സമൂഹമാണ് ഇന്നത്തെ സമൂഹം. ഇന്നത്തെ മനുഷ്യന്റെ ആത്യന്തികമായ ലക്ഷ്യം തന്നെ അവനവന്റെ നിലനിൽപ്പാണ്. ഈ തത്ത്വത്തെ അവതരിപ്പിക്കുവാൻ കെ. ആർ. ടോണി ബൈബിൾ കഥയെ ഉപയോഗിച്ചിരിക്കുന്നു. ബൈബിൾ കഥയ്ക്ക് പുതിയൊരു മാനം നൽകി അവതരിപ്പിക്കുകയാണദ്ദേഹം.

ഉപസംഹാരം

മലയാളസാഹിത്യപാരമ്പര്യത്തെയും സാമൂഹിക സാംസ്കാരിക രംഗങ്ങളിലുള്ള പ്രശ്നങ്ങളെയും വളരെ വ്യക്തവും ശബ്ദവുമായ വാക്കുകളിലൂടെ, അനുകരണങ്ങളിലൂടെ ആവിഷ്കരിക്കുകയാണ് കെ. ആർ ടോണിയുടെ കവിതകൾ. ഭാഷയെ പുതുക്കുന്നതിന്റെയും പുനർനിർമ്മിക്കുന്നതിന്റെയും ഭാഗമായിട്ടാണ് തന്റെ കവിതകളിൽ മിശ്രരചനാശൈലി എന്ന രചനാസങ്കേതം അദ്ദേഹം കൊണ്ടുവരുന്നത്. സാധാരണക്കാരന്റെ ഭാഷയിലൂടെയാണ് ടോണിയുടെ കവിതകൾ സാമൂഹ്യപ്രശ്നങ്ങളെ വിമർശിക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്നത്. ഈ വ്യവഹാരഭാഷയിലൂടെ ഉത്തരാധുനികതയുടെ ആഖ്യാനതന്ത്രങ്ങളിൽ ഒന്നായ പാസ്റ്റിഷ് എന്ന മിശ്രരചനാശൈലിയെ അദ്ദേഹം കാര്യഗൗരവമായി ഉപയോഗിക്കുന്നു. എൽ. തോമസുകുട്ടി, പി. പി. രാമചന്ദ്രൻ, ലോപ എന്നിങ്ങനെ പല ഉത്തരാധുനിക കവികളും ഈ രീതി ഉപയോഗിച്ച് കവിതകൾ എഴുതുന്നുണ്ട്. ഒരു സവിശേഷശൈലിയുടെ പുനക്രമീകരണവും അനുകരണവുമാണ് പാസ്റ്റിഷ് . എന്നാൽ പാസ്റ്റിഷിന് പാരഡിയുടെ അത്രത്തോളം ഹാസ്യാത്മകത ഇല്ല. പാരമ്പര്യത്തെ ചോദ്യം ചെയ്യുവാനും അസ്ഥിരപ്പെടുത്താനും പുതിയ പാഠങ്ങൾ സൃഷ്ടിക്കുവാനും ഇന്നത്തെ കവികൾ ഈ ശൈലി സ്വീകരിക്കുന്നു.

അംഗീകൃത സാംസ്കാരികചിഹ്നങ്ങളുടെയും ശൈലികളുടെയും പൂർവ്വകാല ആഖ്യാനതന്ത്രങ്ങളുടെയും അനുകരണത്തിലൂടെ പല വസ്തുതകളെയും പുനർക്രമീകരിക്കുകയാണ് കെ. ആർ. ടോണി ചെയ്യുന്നത്. 'ഡ്രാക്കുളയും കുട്ടിച്ചാത്തനും' എന്ന കവിതാസമാഹാരത്തിൽ ഈ രീതി അവലംബിച്ചുകൊണ്ട് എഴുതിയ കവിതകളെ പഠനവിധേയമാക്കിയതിൽ നിന്നും ക്രൈസ്തവം, ഡ്രാക്കുള, കുട്ടിച്ചാത്തൻ, മതം, അമ്പലം തുടങ്ങിയ ഒട്ടേറെ സാംസ്കാരികചിഹ്നങ്ങളും, ഭരണഘടനാ വാചകങ്ങളും, പഴഞ്ചൊല്ലുകളും, പ്രാചീനകവികളുടെ വരികളിലൂടെയും ശൈലികളുടെ പുനക്രമീകരണത്തിലൂടെയും സമൂഹത്തിൽ നിലനിന്നുപോകുന്ന അനീതികളെ അദ്ദേഹം ചോദ്യം ചെയ്യുന്നു. ഇത് വായനക്കാർക്ക് പുതിയൊരു ആസ്വാദനതലത്തെ അനുഭവവേദ്യമാക്കുന്നു.

ഗ്രന്ഥസൂചി

1. അപ്പൻ കെ. പി., ഉത്തരാധുനികത: വർത്തമാനവും വംശാവലിയും, ഡി.സി. ബുക്സ്, കോട്ടയം, 1997.
2. ടോണി കെ. ആർ., പ്ലമേനമ്മായി, ഡി. സി. ബുക്സ്, കോട്ടയം, 2013.
3. ടോണി കെ. ആർ., ഡ്രാക്കുളയും കുട്ടിച്ചാത്തനും, ഡി. സി.ബുക്സ്, കോട്ടയം, 2019.
4. പോക്കർ പി. കെ., ആധുനികോത്തരതയുടെ കേരളീയപരിസരം, ലീഡ് ബുക്സ്, കോഴിക്കോട്, 2004.
5. പ്രസന്നരാജൻ, ഉത്തരാധുനിക ചർച്ചകൾ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 2011.
6. മാത്യു ഫിലിപ്പ് ടി. (എഡി.)., ആഗോളീകരണവും ബദൽസമൂഹവും, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 2014.
7. മധുസൂദനൻ, ജി., ഭാവുകത്വം 21-ാം നൂറ്റാണ്ടിൽ, കറന്റ് ബുക്സ്, കോട്ടയം, 2006.
8. സുധാകരൻ സി.ബി., ഉത്തരാധുനികത, ഡി സി. ബുക്സ്, കോട്ടയം, 1999.
9. Harold Bloom, The Anxiety of Influence: A Theory of poetry Book, Oxford University press, United States, 1973.

ഓൺലൈൻ സൈറ്റേഷൻ

1. https://sites.duke.edu/criticaltheory/files/2020/01/Jameson-1984-Postmodernism-or-The-Cultural-Logic-of-Late-Capitalism-New-Left-Review-146-Jul-Aug-1984.pdf?utm_source

19

ചിഹ്നവും ഭാഷയും : വിമർശനാത്മക വ്യവഹാരാപഗ്രഥനം

ദിവ്യ പി. എസ്.
ഗവേഷക, മലയാളവിഭാഗം, ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി
കാലടി

പ്രബന്ധസംഗ്രഹം

സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ നൂതന ഉപാധികളിൽ ഒന്നായ വിമർശനാത്മക വ്യവഹാരാപഗ്രഥനം, സാമൂഹ്യസന്ദർഭത്തിനകത്തു നിന്നു കൊണ്ട് ചിഹ്നങ്ങളുടെ സവിശേഷതകളെ അപഗ്രഥിക്കുന്നു. 2018 സെപ്റ്റംബർ 28ലെ സ്ത്രീ പ്രവേശന വിധിയെ ആധാരമാക്കിയുള്ള പോസ്റ്റർ, കാർട്ടൂൺ, മുഖചിത്രം തുടങ്ങിയ വ്യവഹാരങ്ങളെ വിമർശനാത്മക വ്യവഹാരപഗ്രഥന പദ്ധതിയിലൂടെ പഠിക്കുകയാണ് പ്രബന്ധലക്ഷ്യം. വ്യവഹാര വിശകലനത്തിലൂടെ അധികാര ആധിപത്യ പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനം വേർതിരിച്ചറിയാൻ ഈ പഠനം കൊണ്ട് സാധിക്കുന്നു.

താക്കോൽ വാക്കുകൾ :
ചിഹ്ന വ്യവഹാരം, സാമൂഹ്യ സന്ദർഭം, പാഠം, അധികാരം, പ്രത്യയശാസ്ത്രം, വിമർശനാത്മകം

മനുഷ്യജീവിതത്തിന്റെ സർവ്വതലങ്ങളും ചിഹ്നങ്ങളാൽ ബന്ധിതമാണ്. ചിഹ്നങ്ങളിലൂടെ അല്ലാതെ അർത്ഥം പൂർണമാകുന്നില്ല. ഭാഷാ ചിഹ്നങ്ങളും ഭാഷേതര ചിഹ്നങ്ങളും അർഥോൽ പാദനം നടത്തുന്നു. അർത്ഥോൽപാദനം സാധ്യമാകുന്ന എന്തും വ്യവഹാരമാണ്. അതിനാൽ വ്യവഹാര പഠനത്തിൽ ഭാഷയും ഭാഷേതരചിഹ്നങ്ങളും അവ തമ്മിലുള്ള ബന്ധവും അപഗ്ര ഥനാവിധേയമാണ്.ചിഹ്നങ്ങളിലൂടെ അർത്ഥരൂപീകരണം സാധ്യമാകുമ്പോൾ അത് മുന്നോ ട്ടു വെക്കുന്ന ആശയ, പ്രത്യയശാസ്ത്രങ്ങളെ സാമൂഹികസന്ദർഭത്തിന്റെ അടിസ്ഥാനത്തിൽ അപഗ്രഥിക്കാൻ സാധിക്കും. ഓരോ ചിഹ്നവും സമൂഹത്തെയും സംസ്കാരത്തെയും പ്രതിനിധാ നം ചെയ്യുന്നു. ഈ പഠനത്തിൽ ശബരിമല സ്ത്രീപ്രവേശന വിധിയെ മുൻനിർത്തിയുള്ള ഭാഷേ

ഭാഷയും അധികാരവും എന്ന ദർശനത്തെ മുൻനിർത്തി ഭാഷാശാസ്ത്ര മേഖലയിൽ ഉയർന്നു വന്ന വിമർശനാത്മക വ്യവഹാരാപഗ്രഥന രീതിപദ്ധതി നവ മാർക്സിസ്റ്റ് വിചാരധാരകളായ ഫൂക്കോയുടെ 'അധികാരം' ഗ്രാംഷിയുടെ 'ആധിപത്യം' അൽത്തൂസറിന്റെ 'പ്രത്യയശാസ്ത്രം' ഹെബർമാസിന്റെ 'പൊതുമണ്ഡലം' എന്നീ സങ്കൽപ്പനങ്ങളെ പ്രയോജനപ്പെടുത്തുന്നു. ഇതര ഭാഷാശാസ്ത്ര മേഖലകളിൽ നിന്നും വിമർശനാത്മക വ്യവഹാരാപഗ്രഥനത്തെ വ്യതിരിക്തമാക്കുന്നത് സാമൂഹികനീതിയെ ആധാരമാക്കി സാംസ്കാരിക രാഷ്ട്രീയ മാറ്റങ്ങളെയും അധികാര ബന്ധങ്ങളെയും വിശകലനം ചെയ്യുന്നുവെന്നതാണ്. സമൂഹത്തിലെ അധികാരബന്ധങ്ങളിലെ സ്വഭാവത്തെ പഠിക്കാനും മേൽകോയ്മ അസമത്വം ദുർവിനിയോഗം ഇവ വ്യവഹാരത്തിന് അകത്തും പുറത്തും എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കാനും കഴിയുന്ന ബഹുസ്വരമായ ചിന്താ പദ്ധതിയാണ് വിമർശനാത്മക വ്യവഹാരാപഗ്രഥനം,

വിമർശനാത്മക വ്യവഹാരാപഗ്രഥനം

മനുഷ്യന്റെ സ്വത്വപ്രകാശന മാധ്യമമായ ഭാഷയെ ജാതി-മത-രാഷ്ട്രീയ-സാമ്പത്തിക ശ്രേണീബദ്ധമായ സാമൂഹികഘടനയ്ക്കകത്ത് നിലനിൽക്കുന്ന അധികാര ഘടന എങ്ങനെയൊക്കെ നിർണയിക്കുന്നതെന്നു ശാസ്ത്രീയമായും അന്വേഷണാത്മകമായും വിശകലനം ചെയ്യുന്ന ഭാഷാശാസ്ത്ര പഠനമാണ് വിമർശനാത്മക വ്യവഹാരാപഗ്രഥനം. 1970 കളിൽ റോജർ ഫൗളറും സഹപണ്ഡിതന്മാരും ചേർന്ന് ഈസ്റ്റ് ആംഗ്ലിയ സർവ്വകലാശാലയിൽ വികസിപ്പിച്ചെടുത്ത വിമർശനഭാഷാശാസ്ത്രത്തിൽ നിന്നാണ് വിമർശനാത്മകവ്യവഹാരവിശകലനം എന്ന സങ്കല്പം ഉയർന്നു വന്നത്. ആദ്യകാലത്ത് മാനവികശാസ്ത്രം, സാമൂഹികശാസ്ത്രം എന്നീ വൈജ്ഞാനികമേഖലകളിൽ ചർച്ചചെയ്യപ്പെട്ട വ്യവഹാര അപഗ്രഥനം പിന്നീട് സാമൂഹ്യ-സാംസ്കാരിക ജീവിതത്തിലെ പുതിയ മേഖലകൾക്കാണ് തുടക്കം കുറിച്ചത്. വിമർശനാത്മകവ്യവഹാരാപഗ്രഥനം വികസിപ്പിച്ചത് ലാൻ കാസ്റ്റർ സ്കൂളിലെ ഭാഷാപണ്ഡിതരാണ്. അതിൽ നോർമാൻ ഫെയർക്ലോയാണ് പ്രധാനി.

സാമൂഹിക സന്ദർഭത്തെ അടിസ്ഥാനമാക്കി അപഗ്രഥിക്കുന്ന സമീപനമാണ് വ്യവഹാരപഗ്രഥനത്തിനുള്ളത്. സാമൂഹ്യസന്ദർഭത്തിന്റെ അടിസ്ഥാനത്തിൽ വിമർശനാത്മക വ്യവഹാരങ്ങളെ അപഗ്രഥിക്കുമ്പോൾ ഭാഷയ്ക്ക് പിന്നിലുള്ള അബോധപൂർവ്വമായ ഉദ്ദേശ്യങ്ങളും വൈരുദ്ധ്യ നിലപാടുകളും വ്യക്തമാകുന്നു. ചരിത്രപരത, സാംസ്കാരിക വൈവിധ്യം, രാഷ്ട്രീയബോധം, അധികാര പ്രതിരോധങ്ങൾ, പ്രത്യയശാസ്ത്രം തുടങ്ങിയവയൊക്കെ വ്യവഹാരങ്ങളിൽ അന്തർലീനമായിരിക്കും. ഭാഷയുടെ ഘടനയും ധർമ്മവും തമ്മിലുള്ള പരസ്പരപൂരകമായ ബന്ധത്തെ വ്യാഖ്യാനിക്കുകയും അപഗ്രഥിക്കുകയും ചെയ്യുന്നതുവഴി ഭാഷയിൽ മറഞ്ഞിരിക്കുന്ന പ്രത്യയശാസ്ത്രം അധികാരം ആധിപത്യം എന്നിവയെ വെളിച്ചത്തു കൊണ്ടുവരാനും അതുവഴി ഗൗരവപരമായ ചർച്ചകളിലൂടെ വിപുലമായ സാമൂഹിക രൂപീകരണത്തിന് വഴി തുറക്കാനും സാധിക്കുന്നു.

നോർമാൻ ഫെയർക്ലോയുടെ ത്രിമാനരൂപരേഖ

സാമൂഹ്യ ഭാഷാശാസ്ത്രജ്ഞനായ നോർമാൻ ഫെയർക്ലോയാണ് സാമൂഹ്യ രാഷ്ട്രീയ മാറ്റങ്ങൾ വിശദീകരിക്കാൻ പര്യാപ്തമായ ഭാഷാശാസ്ത്രരീതിയായി വിമർശനാത്മക വ്യവഹാരപഗ്രഥനത്തെ വികസിപ്പിച്ചത്. ഫൂക്കോയുടെ അധികാര സങ്കൽപ്പങ്ങളെ പ്രയോജനപ്പെടുത്തികൊണ്ടാണ് അദ്ദേഹം സൈദ്ധാന്തിക രൂപരേഖ ആവിഷ്കരിച്ചത്. ബ്രിട്ടനിൽ പ്രധാനമന്ത്രിയായിരുന്ന മാർഗരറ്റ് താച്ചർ സാമ്പത്തിക നയപ്രഖ്യാപനത്തിനുശേഷം മാധ്യമങ്ങളുമായി നടത്തിയ അഭിമുഖഭാഷയെ അപഗ്രഥിച്ച് അധികാര പ്രത്യയശാസ്ത്രത്തെ പുറത്തു കൊണ്ടുവന്നാണ് അദ്ദേഹം ഈ പഠനശാഖയ്ക്ക് തുടക്കം കുറിച്ചത്. വളരെയധികം ചർച്ചചെയ്യപ്പെട്ട ഈ പഠനത്തിലൂടെ വിമർശനാത്മക വ്യവഹാരാപഗ്രഥനപദ്ധതിയുടെ രാഷ്ട്രീയപ്രാധാന്യം എന്തെ

ന്ന് വ്യക്തമാണ്. സാമൂഹിക രാഷ്ട്രീയ സന്ദർഭങ്ങളെ മുൻനിർത്തി സാമൂഹിക അധികാരം, ആധിപത്യം, അസമത്വം, ദുർവിനിയോഗം എന്നിവ സൂക്ഷ്മമായി മനസ്സിലാക്കാനായി നോർമാൻ ഫെയർക്ലൊ വ്യവഹാര അപഗ്രഥനത്തിനായൊരു ത്രിമാന രൂപരേഖ ആവിഷ്കരിച്ചു.

1. വ്യവഹാരം പാഠമാണ്

2. വ്യവഹാരം ഒരു പ്രയോഗമാണ്

3. വ്യവഹാരം ഒരു സാമൂഹിക പ്രയോഗമാണ്

വ്യവഹാരം പാഠമാണ് : പാഠം എന്നത് പരമ്പരാഗതമായി ലിഖിത ഭാഷയുടെ ഒരു ഭാഗമായാണ് അവതരിപ്പിക്കപ്പെട്ടത്. എന്നാൽ വ്യവഹാരമെന്നത് വ്യത്യസ്ത ലോകവീക്ഷണങ്ങളെ ഭാഷയിലൂടെ അടയാളപ്പെടുത്തുന്നത് എന്ന് നിർവചിക്കുന്നതിലൂടെ (നോർമാൻ ഫെയർക്ലൊ 2003) എഴുത്ത്, ഭാഷണം, ഭാഷേതര ചിഹ്നങ്ങൾ, സാംസ്കാരിക രൂപങ്ങൾ ഇവയെല്ലാം പാഠങ്ങൾ ആകുന്നു. ഇതിൽ പാഠം എന്നത് ഒരു ഉൽപന്നമാണ്. സാമൂഹിക സന്ദർഭത്തിന്റെ അടിസ്ഥാനത്തിൽ പാഠത്തെ വിശകലനം ചെയ്യുന്നു. അതിലൂടെ പാഠം ആരെയൊക്കെയാണ് അഭിസംബോധന ചെയ്യുന്നതെന്നും നിർദ്ധഷ്ടലക്ഷ്യങ്ങളുണ്ടോയെന്നും തിരിച്ചറിയാൻ സാധിക്കുന്നു. അപഗ്രഥനം എന്നത് അതിന്റെ ഘടനയെയും രൂപത്തെയും വ്യവസ്ഥയെയും കുറിച്ചുള്ള വിശകലനമാണ്. വിഷയത്തിന്റെ ഉള്ളടക്കത്തെ കുറിച്ചുള്ള വ്യാഖ്യാനങ്ങൾ മാത്രമല്ല സാമൂഹിക സാംസ്കാരികപ്രയോഗത്തിൽ പ്രവർത്തിക്കുന്നുവെന്നതിന്റെ വിശകലനം കൂടിയാണത്.

വ്യവഹാരം ഒരു പ്രയോഗമാണ്: ഉത്പാദനത്തിന്റെയും ഉപഭോഗത്തിന്റെ രീതികളുടെ വിശകലനവുമായി പാഠവിശകലനത്തെ ഫെയർക്ലൊ ബന്ധിപ്പിക്കുന്നു. വ്യവഹാരക്രമങ്ങളെ എങ്ങനെയാണ് ആകർഷിക്കുകയും പുനഃക്രമീകരിക്കുകയും ചെയ്യുന്നതെന്ന് വിശകലനത്തിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നു. പാഠങ്ങൾ നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്നതിനുള്ള രീതികൾ വിശകലനം നടത്തുന്നതോടൊപ്പം എങ്ങനെ രൂപാന്തരപ്പെടുന്നു എന്നതുകൂടി പരിശോധിക്കുന്നു..

വ്യവഹാരമെന്നത് സാമൂഹിക ഉത്പാദനവും വിതരണവുമാണെന്നിരിക്കെ അതിനെ സാമൂഹിക ഘടനകളുടെ അടിസ്ഥാനത്തിൽ നരവംശശാസ്ത്രപരമായ വിശകലനവും നടത്തേണ്ടതുണ്ട്. സാമൂഹിക സന്ദർഭത്തെ മുൻനിർത്തി പഠിക്കുകയും പാഠം മുന്നോട്ടുവയ്ക്കുന്ന സാമൂഹിക സാംസ്കാരിക ഇടങ്ങളെ ആഴത്തിൽ മനസ്സിലാക്കി സാമൂഹിക-ചരിത്ര സന്ദർഭത്തിന്റെ അടിസ്ഥാനത്തിൽ വ്യവഹാരാപഗ്രഥനം നടത്തുകയും ചെയ്യുന്നു.

വ്യവഹാരം ഒരു സാമൂഹിക പ്രയോഗമാണ്: വ്യവഹാരാപഗ്രഥനം നടത്തുമ്പോൾ അന്തർലീനമായ അധികാരവിധേയത്വ വ്യവസ്ഥയും ഉച്ചനീചത്വങ്ങളും വ്യക്തികളിലോ സമൂഹത്തിലോ ഭരണകൂടത്തിനു സാധ്യമാകുന്ന അധികാരവിനിമയവും ശ്രേണീകരണവും അനാവൃതമാകുന്നു. സാമൂഹ്യരാഷ്ട്രീയ വിഷയത്തിന്റെ അടിസ്ഥാനത്തിൽ പാഠത്തെ വിശകലനം ചെയ്യുമ്പോൾ അധികാര ആധിപത്യപ്രത്യയശാസ്ത്രങ്ങളെ കുറിച്ച് അതിന്റെ വിനിമയത്തെക്കുറിച്ച് സൂക്ഷ്മമായി മനസ്സിലാക്കാൻ സാധിക്കുന്നു.

സമൂഹത്തിലെ അധികാരബന്ധങ്ങളിലെ സ്വഭാവത്തെ പഠിക്കാനും മേൽകോയ്മ അസമത്വം ഇവ വ്യവഹാരത്തിനകത്തും പുറത്തും എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കാനും വിമർശനാത്മക വ്യവഹാരാപഗ്രഥനത്തിന് സാധിക്കുന്നു. നോർമാൻ ഫെയർക്ലോയുടെ ത്രിമാന രൂപരേഖയുടെ അടിസ്ഥാനത്തിലാണ് ചിഹ്നവും ഭാഷയും : വിമർശനാത്മക വ്യവഹാരാപഗ്രഥനം എന്ന ഈ പ്രബന്ധം തയ്യാറാക്കുന്നത്. ഇവിടെ സാമൂഹിക സന്ദർഭം 2018

ലെ ശബരിമല സ്ത്രീ പ്രവേശന വിധിയാണ്. ശബരിമല സ്ത്രീ പ്രവേശനം സംബന്ധിച്ച സുപ്രീം കോടതി വിധി കേരളീയ രാഷ്ട്രീയ സാമൂഹിക മണ്ഡലത്തെ സ്വാധീനിക്കുകയും ധ്രുവീകരിക്കുകയും ചെയ്തു. വ്യക്തിയുടെ ആരാധനാ സ്വാതന്ത്ര്യം, ലിംഗസമത്വം, മതവിഭാഗങ്ങളുടെ സ്വയം ഭരണാധികാരം എന്നിവ തമ്മിലുള്ള സങ്കീർണ്ണമായ വൈരുദ്ധ്യങ്ങളെയാണ് ശബരിമല വിധി അഭിസംബോധന ചെയ്തത്. അയ്യപ്പഭക്തരുടെ വിശ്വാസങ്ങളെയും സ്ത്രീകളുടെ മൗലികാവകാശങ്ങളെയും മുൻനിർത്തി സുപ്രീംകോടതി നടത്തിയ ഇടപെടൽ ഇന്ത്യൻ ഭരണഘടനാധാർമ്മികതയുടെ വിജയമായും അതേസമയം വിശ്വാസത്തിന്മേലുള്ള കടന്നുകയറ്റമായും വ്യാഖ്യാനിക്കപ്പെട്ടു. ഈ സന്ദർഭത്തെ ആധാരമാക്കി സ്ത്രീ പ്രവേശന വിധിയെ മുൻനിർത്തിയുള്ള മുഖചിത്രം, പോസ്റ്റർ, കാർട്ടൺ തുടങ്ങിയവയിലാണ് വിമർശനാത്മക വ്യവഹാരാപഗ്രഥനം നടത്തുന്നത്.

മുഖചിത്രം : വിശകലനം

മുഖചിത്രം അഥവാ കവർ ഫോട്ടോ എന്നതുകൊണ്ട് പുസ്തകങ്ങളുടെ പുറംച്ചട്ടയെയാണ് ഇവിടെ ഉദ്ദേശ്യിക്കുന്നത്. പ്രസിദ്ധീകരണങ്ങളുടെ പ്രമേയവും നിർദ്ദിഷ്ട ലക്ഷത്തിന്റെ ഉള്ളടക്കവും പ്രതിഫലിപ്പിക്കുന്ന ഉയർന്ന നിലവാരമുള്ളതും ആകർഷകവുമായ ഒരു ചിത്രമായിരിക്കണം മുഖചിത്രം. വായനക്കാരുടെ ശ്രദ്ധ പിടിച്ചുപറ്റുകയും കൂടുതലറിയാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സമീപനമായിരിക്കും മുഖചിത്രത്തിന്റേത്. അതുകൊണ്ടു തന്നെ വായനക്കാർക്ക് താല്പര്യത്തിനനുസരിച്ച് പുസ്തകം തിരഞ്ഞെടുക്കാനും സാധിക്കുന്നു. മുഖചിത്രമാണ് വായനക്കാരുടെ ആദ്യ പുസ്തകാനുഭവം. പുസ്തകം വായിക്കണോ വേണ്ടയോ എന്ന തീരുമാനം കൈക്കൊള്ളുന്നതും പുറംചട്ടയെ അടിസ്ഥാനമാക്കിയായിരിക്കും. അതുകൊണ്ടുതന്നെ പ്രസിദ്ധീകരണത്തിന്റെ ലക്ഷ്യം തിരിച്ചറിയുന്ന വിധത്തിലായിരിക്കും മുഖചിത്രത്തിന് രൂപകൽപ്പന ചെയ്യുക. മുഖചിത്രം വരച്ചതോ ഡിജിറ്റൽ ചിത്രീകരണങ്ങളോ ഫോട്ടോ ഗ്രാഫുകളോ അമൂർത്ത കലയോ സൃഷ്ടിപരമായ സംയോജനമോ ആകാം. ചിത്രത്തിനപ്പുറം തുടർന്ന് വായന സാധ്യമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. പ്രസിദ്ധീകരണങ്ങളുടെ സന്ദേശം, ഉള്ളടക്കം എന്നിവ പ്രതിഫലിപ്പിക്കുന്നതായിരിക്കും മുഖചിത്രം. അതു കണ്ടുതന്നെ ആശയത്തെ ശക്തിപ്പെടുത്തുന്ന വിധത്തിലുള്ള ചിഹ്നങ്ങളും ഫോണ്ടുകളുമാണ് തിരഞ്ഞെടുക്കുന്നത്. മുഖചിത്ര ഭാഷയെ വിശകലനം ചെയ്യുമ്പോൾ പുസ്തകം മുന്നോട്ട് വെക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ, രാഷ്ട്രീയം, പ്രത്യയശാസ്ത്രം എന്നിവ തിരിച്ചറിയാൻ സാധിക്കുന്നു.

ശബരിമലയും സ്ത്രീകളും

ലക്ഷ്മി രാജീവ് എഡിറ്റ് ചെയ്ത ശബരിമലയും സ്ത്രീകളും (2019) ഏകയാണ് പ്രസിദ്ധീകരിച്ചത്.

(ചിത്രം 1– ശബരിമലയും സ്ത്രീകളും)

കറുത്തപ്രതലത്തിൽ പലനിറങ്ങളിലുള്ള വളപൊട്ടുകൾ കൊണ്ട് തീർത്ത പതിനെട്ടു പടികൾ. ചുവന്ന നിറത്തിനു കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നു. ഒറ്റക്കാഴ്ചയിൽ ഡി. എൻ. എ. യെ ഓർമിപ്പിക്കുന്നു. അതായതു ഡിയോക്സിറൈബോ ന്യൂക്ലിക് ആസിഡ്, എല്ലാ ജീവജാലങ്ങളുടെയും വളർച്ചയും ഘടനയും പ്രവർത്തനങ്ങളും ഉൾപ്പടെയുള്ള ജനിതക വിവരങ്ങൾ എഴുതപ്പെട്ടിരിക്കുന്ന ന്യൂക്ലിക് അമ്ലം. ഡി. എൻ. എ. യ്ക്ക് ചുറ്റഗോവണിയുടെ രൂപമാണ്. പ്രസ്തുത ചിത്രത്തിന് ജീവന്റെ ചുരുളുകൾ എന്നറിയപ്പെടുന്ന ഡി. എൻ. എ. ജീനുകളുമായുള്ള സാദൃശ്യം വിഷയത്തിന്റെ പ്രാധാന്യത്തെ എടുത്തു കാണിക്കുന്നു. സ്ത്രീപ്രവേശന വിധിയെ സാധൂകരിക്കുന്ന നിരവധി ഘടകങ്ങൾ ചിത്രത്തിലൂടെ വായിച്ചെടുക്കാം.

• കയറ്റം:- ചിത്രത്തിൽ താഴെയുള്ള പടി വീതി കൂടിയും മുകളിലേക്ക് വീതി കുറഞ്ഞും ചിത്രീകരിച്ചതിനാൽ കയറ്റമാണ് സൂചന. അറിവിലേക്ക്, വെളിച്ചത്തിലേയ്ക്ക്, പുതുമയിലേക്ക്, ഉയരത്തിലേക്ക് തുടങ്ങിയ അർഥങ്ങൾ 'പടികയറൽ' എന്ന വാക്കിൽ അന്തർഭവിച്ചിട്ടുണ്ട്. ശബരിമല സ്ത്രീപ്രവേശന വിധി ചരിത്രവിധിയായി മാറുന്നത് അന്യവത്കരിക്കപ്പെട്ട ജനസമൂഹത്തിന്റെ അവകാശങ്ങളെ ഉയർത്തിപ്പിടിക്കുന്നതുകൊണ്ടാണ്. ആ 'ഉയർച്ച' ഈ 'കയറ്റ'ത്തിൽ ദൃശ്യപ്പെടുന്നു.

• നിറങ്ങൾ:- ശബരിമലയും സ്ത്രീകളും എന്ന ഗ്രന്ഥനാമം ചുവന്ന വൃത്തത്തിനുള്ളിലാണ് കൊടുത്തിരിക്കുന്നത്. കറുത്ത പ്രതലത്തിലെ ചുവന്ന വളപ്പൊട്ടുകൾ അത്യധികം പ്രകാശമുള്ളതായിരിക്കുന്നു. താഴെ ചിതറിയ വളപ്പൊട്ടുകൾ രക്തത്തുള്ളികളെ ഓർമിപ്പിക്കുന്നു. ചുവപ്പ് വിജയത്തെയും ആർത്തവത്തെയും അടയാളപ്പെടുത്തുന്നതാണ്. വ്യത്യസ്ത നിറമാർന്ന പതിനെട്ടു പടികൾ എന്നത് പുതുമയുള്ള കാഴ്ചകൂടിയാണ്. കറുത്ത പ്രതലമാണ്, വൈവിധ്യങ്ങളെ തുറന്നു കാണിക്കുന്നത്. സവർണ്ണതയെ അനുസ്മരിപ്പിക്കുന്ന ചിഹ്നങ്ങൾ ചിത്രകാരൻ ഉപേക്ഷിച്ചിരിക്കുന്നു.

• വളപ്പൊട്ടുകൾ :- 'വളയിട്ട കൈകൾ വളയം പിടിക്കും' സൗദി അറേബ്യയിൽ സ്ത്രീകൾക്ക് വാഹനമോടിക്കാനുള്ള അനുമതി ലഭിച്ചതിനെ മുൻനിർത്തി മലയാള മനോരമയിലെ (4/10/2017) വാർത്താ തലക്കെട്ടാണിത്. വിപ്ലവകരമായ മാറ്റത്തെ ആഭരണവുമായി ബന്ധിപ്പിച്ചവതരിപ്പിക്കുമ്പോൾ സ്ത്രീയെ വീണ്ടും അലങ്കാര വസ്തുവിലൊതുക്കി നിർത്തുന്നു. ശബരിമലയും സ്ത്രീകളും എന്ന പുസ്തകത്തിന്റെ മുഖചിത്രത്തിൽ ദൃശ്യപ്പെടുന്നതും വളപ്പൊട്ടുകളാണ്. പൊട്ടിയ വളകളെന്നത് സമരത്തിന്റെ സൂചനയായി കണക്കാക്കാം. നീണ്ട വർഷത്തെ പ്രയത്നത്തിനും സഹനങ്ങൾക്കുമൊടുവിൽ നേടിയ സ്വാതന്ത്ര്യം, അതിൽ തകർന്നടിഞ്ഞവയിൽ നിന്നു പടികൾ തീർത്തിരിക്കുന്നു. പടികൾക്കു ചുറ്റും ചിതറിത്തെറിച്ച രക്തത്തുള്ളികളായും വളപ്പൊട്ടുകൾ മാറിയിരിക്കുന്നു.

ഇത്രയേറെ ആശയങ്ങൾ 'വളപ്പൊട്ടുകൾ' മുന്നോട്ടുവെക്കുന്നുണ്ടെങ്കിലും തീരെ ബലമില്ലാത്ത വിടവുകൾ സൃഷ്ടിക്കുന്ന, സ്ത്രീയുടേതെന്നു ചാർത്തികൊടുത്തിരിക്കുന്ന ആഭരണത്തെയാണ് പതിനെട്ടു പടികളായി അടയാളപ്പെടുത്തിയിരിക്കുന്നത്. ആഭരണം പ്രധാന സൂചകമായി കൊടുത്തുത്തതു കൊണ്ടു മാത്രം സ്ത്രീകളുടേതുമാണ് പതിനെട്ടുപടികൾ എന്ന് ധ്വനിപ്പിക്കുന്നതുകൊണ്ട് പുസ്തകം മുന്നോട്ടുവെക്കുന്ന ആശയത്തെ മുഖചിത്രം ദുർബലപ്പെടുത്തുന്നു. 'ശബരിമലയും സ്ത്രീകളും' എന്ന ഗ്രന്ഥനാമത്തിൽ സ്ത്രീകളുടേതാണ് ശബരിമല എന്ന് ഒറ്റക്കാഴ്ചയിൽ തോന്നിപ്പിക്കാൻ വള എന്ന ആഭരണത്തെ അടിസ്ഥാനമാക്കിയിരിക്കുന്നു.

പോസ്റ്റർ : വിശകലനം

പൊതുജനങ്ങളിലേക്ക് നിർദിഷ്ട ആശയം കൈമാറ്റം ചെയ്യുന്നതിനായി ഉപകരിക്കുന്ന ചിത്രത്തെയാണ് പോസ്റ്റർ എന്നു പറയുന്നത്. പോസ്റ്ററിൽ സന്ദേശം ലളിതവും ചുരുങ്ങിയ വാ

ക്കുകളിൽ ഒതുങ്ങിയതുമായിരിക്കും. ജനങ്ങളെ പോസ്റ്ററിലേക്ക് ആകർഷിക്കുക എന്നിട്ട് ആശയം അവരിലേക്ക് എത്തിക്കുക ഇതാണ് പോസ്റ്ററിന്റെ ലക്ഷ്യം. ഒരു രാഷ്ട്രീയ ആശയത്തെ പറ്റി ബോധവാന്മാരാക്കുക, ഒരു പ്രത്യേക പരിപാടിയിൽ പങ്കെടുക്കാൻ പ്രേരിപ്പിക്കുക, ഒരു ഉൽപന്നം വാങ്ങുവാൻ പ്രേരിപ്പിക്കുക എന്നിവയ്ക്കായി പെട്ടെന്നു ശ്രദ്ധ പതിയത്തക്ക രീതിയിലാണ് പോസ്റ്റർ നിർമ്മിക്കുന്നത്.പോസ്റ്റർ ഡിസൈൻ ഇന്ന് കലയും ശാസ്ത്രവുമാണ്. സന്ദേശം എത്ര ആകർഷകമായി അവതരിപ്പിക്കുന്നുവെന്നതിലാണ് പോസ്റ്ററിന്റെ വിജയം. ഇവിടെ ശബരിമല സ്ത്രീ പ്രവേശന വിധിയുമായി ബന്ധപ്പെട്ട പോസ്റ്ററുകളിൽ ആശയ കൈമാറ്റം എത്രത്തോളം വിഷയത്തോട് നീതി പുലർത്തുന്നതും പ്രത്യയശാസ്ത്രപരമാണെന്നും പരിശോധിക്കുന്നു. ഭാഷാചിഹ്നങ്ങളും ഭാഷേതരചിഹ്നങ്ങളും പോസ്റ്ററുകളിൽ കാണാം.

(ചിത്രം 2)

ആർപ്പോ ആർത്തവം കൂട്ടായ്മയുടെ ഔദ്യോഗിക പോസ്റ്ററാണിത്. 2019 ജനുവരി 12, 13-ൽ എറണാകുളത്ത് മറൈൻ ഡ്രൈവിൽ നടത്തിയ ആർപ്പോ ആർത്തവം പരിപാടിയിലേക്ക് ക്ഷണിച്ചു കൊണ്ടു സോഷ്യൽ മീഡിയയിലാണ് ഈ പോസ്റ്റർ ആദ്യം പ്രത്യക്ഷപ്പെടുന്നത്. പി.എസ്.ജലജയാണ് പോസ്റ്റർ വരച്ചിരിക്കുന്നത്.

അയ്യങ്കാളിയുടെയും പഞ്ചമിയുടെയും ചിത്രമാണ് പോസ്റ്ററിൽ കാണുന്നത്. മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ, പുന്നല ശ്രീകുമാർ, പാ. രഞ്ജിത്, ആനി രാജ, സി.കെ. ജാനു, കൗസല്യ, ശക്തി, അനിത ദുബെ, കെ.ആർ മീര, കെ. അജിത, സണ്ണി എം. കപിക്കാട്, സുനിൽ പി ഇളയിടം, കോവൻ സംഘം, കാസ്റ്റ് കളക്ടീവ്, ഊരാളി തുടങ്ങിയ, പങ്കെടുക്കുന്നവരുടെ പേരുകൾ വലുത് ഭാഗത്ത് ശ്രദ്ധയെ ആകർഷിക്കുന്ന വിധത്തിൽ പല നിറങ്ങളിൽ കൊടുത്തിരിക്കുന്നു. ഇതിൽ പിണറായി വിജയന് മാത്രമാണ് വിശേഷണങ്ങൾ നൽകിയിരിക്കുന്നത്. മുകളിൽ വലിയ വൃത്താകൃതിയിൽ ആർപ്പോ ആർത്തവം എന്ന് എഴുതിയിട്ടുണ്ട്. പരിപാടിയുടെ സമയം സ്ഥലം ഇടതു ഭാഗത്തും താഴെ, ബന്ധപ്പെടേണ്ടവരുടെ മൊബൈൽ നമ്പറും ഫേസ്ബുക്ക് ഐഡിയും ഇമെയിൽ ഐഡിയും നൽകിയിരിക്കുന്നു.ഇടത് ഭാഗത്ത് താഴെയായി, ആർത്തവറാലി Hurray Menses എന്നെഴുതിയിട്ടുണ്ട്, ആർത്തവറാലി ഉണ്ടെന്ന് സാരം. ഏറ്റവും മുകളിയായി ആർത്തവ അയിത്തത്തിനെതിരെ തൊട്ടുകൂടാം എന്ന് എഴുതി ചേർത്തി

ട്ടുണ്ട്. പോസ്റ്റർ നിർമ്മിതിയുമായി ബന്ധപ്പെട്ട ഉദ്ദേശ്യലക്ഷ്യങ്ങൾ കൃത്യമായി പാലിച്ച പോസ്റ്ററാണിതെന്ന് നിസ്സംശയം പറയാം.

1. ശബരിമല സുപ്രീംകോടതി വിധിക്കെതിരെ സംഘപരിവാർ നടത്തിയ ആക്രമണങ്ങളെ പ്രതിരോധിക്കാനുള്ള ശ്രമമായിരുന്നു ആർപ്പോ ആർത്തവം പരിപാടി. അതിന്റെ ഔദ്യോഗിക പോസ്റ്റർ സവർണ ഭരണകൂട നയങ്ങൾക്കെതിരെ ശക്തമായി നിലകൊള്ളുകയും സമൂഹത്തിലെ ക്രൂരമായ അനാചാരങ്ങളെ എതിർക്കുകയും ചെയ്ത സാമൂഹ്യ പരിഷ്കർത്താവ് അയ്യങ്കാളിയുടേതാണ്.

2. സ്ത്രീയുടെ അവകാശങ്ങളെ ഉയർത്തി പിടിച്ച അവർക്ക് വേണ്ടി നിരന്തരം സംവദിച്ച മഹാത്മ അയ്യങ്കാളിയ്ക്കൊപ്പം ഒരു കൈ മൈക്കിൽ മുറുകെ പിടിച്ചും മറുകയ്യിൽ സ്ലൈറ്റ് ഏന്തികൊണ്ടും അദ്ദേഹത്തിന്റെ പ്രഭാഷണം പൂർണമായും ഉൾക്കൊണ്ട് തലയുയർത്തി നിൽക്കുന്ന പഞ്ചമിയാണ് പോസ്റ്ററിന്റെ പ്രധാന ആകർഷണം. സവർണ്ണ ഭീകരതയ്ക്കെതിരെ, ജീവൻ പണയം വെച്ച് ധീരമായി അയ്യങ്കാളിയ്ക്കൊപ്പം ഇറങ്ങി തിരിച്ച ആ എട്ടു വയസുകാരിയെയും നവോത്ഥാന കാലഘട്ടവും ഓർമിപ്പിക്കുകയാണ് പോസ്റ്റർ

3. ചിത്രത്തിൽ, അയ്യങ്കാളിക്കും പഞ്ചമിക്കും പിന്നിലായി നെൽപ്പാടം കാണാം. 'ഞങ്ങളുടെ കുഞ്ഞുങ്ങളെ പള്ളിക്കൂടങ്ങളിൽ പ്രവേശിപ്പിച്ചില്ലെങ്കിൽ നിങ്ങളുടെ പാടങ്ങളിൽ ഞങ്ങളിനി പണിക്കില്ല'. 'പാഠമില്ലെങ്കിൽ പാടത്തേക്കില്ല'. 'കാണായ പാടങ്ങളിലെല്ലാം ഞങ്ങൾ മുട്ടപ്പുല്ല് കുരുപ്പിക്കും' തുടങ്ങിയ അയങ്കാളിയുടെ വാക്കുകൾ 'നെൽപ്പാടം' വരച്ചതിൽ ദൃശ്യപ്പെടുന്നു. അവർണ്ണന്റെ ശക്തിയും സവർണന്റെ അടിയറവും ഈ നെൽകതിരിൽ തെളിയുന്നു. ഞങ്ങളില്ലെങ്കിൽ നിങ്ങളില്ലെന്നുള്ള ഉറച്ച പ്രഖ്യാപനത്തിന്റെ അടയാളമായി നെൽക്കതിർ മാറുന്നു.

ആർത്തവമില്ലെങ്കിൽ നിങ്ങളില്ല, ആർത്തവം അശുദ്ധമല്ല, ആർത്തവം ആഘോഷമാണെന്ന് ഉറക്കെ പ്രഖ്യാപിക്കുന്ന ആർത്തവ അയിത്തിനെതിരെ സംഘടിപ്പിച്ച ആർപ്പോ ആർത്തവം പരിപാടിയുടെ ഔദ്യോഗിക പോസ്റ്ററിൽ നെൽക്കതിർ പ്രതിരോധത്തിന്റെ അടയാളമാണ്.

4. നിറങ്ങൾ: പോസ്റ്ററിന്റെ വിഷയത്തിന് അനുയോജ്യമായ നിറങ്ങളാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ആർപ്പോ ആർത്തവം ആഘോഷമാണെന്നിരിക്കെ ആകർഷകമായ നിറങ്ങളാണ് ചിത്രത്തിൽ കാണാൻ കഴിയുക. പരിപാടിയിൽ സംവദിക്കുന്നവരുടെ ലിസ്റ്റ് ചിത്രത്തിലെ മൈക്കിന്റെ മുന്നിലായി പല നിറങ്ങളിൽ നൽകിയിരിക്കുന്നു. Hurray menses ൽ M ആർത്തവ നിറത്തിൽ കൊടുത്തിരിക്കുന്നു.ആർപ്പോ ആർത്തവം എന്ന് കുറുത്ത ഗോളത്തിൽ എഴുതി ചേർത്തിരിക്കുന്നു. നീലാകാശവും ഒത്ത നടുക്ക് സൂര്യനെ പോലെ അയ്യങ്കാളിയും പഞ്ചമിയും പിന്നിൽ വിളഞ്ഞു നിൽക്കുന്ന നെല്പാടവുമാണ് ചിത്രം. അയ്യങ്കാളിയുടെ പിൽക്കാല ചിത്രങ്ങളിൽ പൊതുവെ കാണുന്ന ചന്ദന പൊട്ടും സ്വർണക്കര മുണ്ടും തലപ്പാവും ഈ ചിത്രത്തിലില്ല എന്നത് എടുത്ത് പറയേണ്ട ഒന്നാണ്. അതായത് സവർണതയുടെ അടയാളങ്ങളൊന്നും ചിത്രത്തിൽ ദൃശ്യപ്പെടുന്നില്ല.

ശബരിമല സുപ്രീംകോടതി വിധിക്കെതിരെ സംഘപരിവാർ നടത്തിയ ആക്രമണങ്ങളെ പ്രതിരോധം തീർക്കുകയായിരുന്നു ആർപ്പോ ആർത്തവക്കാർ. അതിന്റെ ആദ്യപടി എന്ന നിലയിൽ തയ്യാറാക്കപ്പെട്ട ഈ പോസ്റ്റർ പരിപാടിയുടെ ഉദ്ദേശം നിറവേറ്റുന്ന ഒന്നായിരുന്നു.

കാർട്ടൂണുകളിലെ പ്രത്യയശാസ്ത്രം

പ്രതീകാത്മകമായ സൂചനകളിലൂടെ വ്യക്തികളെയോ സംഭവങ്ങളെയോ ആക്ഷേപഹാസ്യത്തിലൂടെ അവതരിപ്പിക്കുന്നതാണ് കാർട്ടൂൺ. അതാതു ദിവസങ്ങളിലെ പ്രധാന വാർത്തകളാണ് പത്രമാധ്യമങ്ങളിലെ കാർട്ടൂണുകൾക്ക് വിഷയം. സമകാലിക സംഭവങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ, രാഷ്ട്രീയം എന്നിവയെക്കുറിച്ചുള്ള ദൃശ്യ വ്യാഖ്യാനങ്ങളാണ് കാർട്ടൂണുകൾ.

നർമ്മത്തിലൂടെ വിരോധാഭാസമെന്ന നിലയിലാണ് കാർട്ടൂണുകൾ വിമർശനം ഉന്നയിക്കുന്നത്. പൊതുജനങ്ങളുടെ ധാരണ രൂപപ്പെടുത്താനും സമകാലിക സംഭവങ്ങളെക്കുറിച്ചുള്ള അഭിപ്രായത്തെ സ്വാധീനിക്കാനും കാർട്ടൂണുകൾക്ക് സാധിക്കുന്നു. ശബരിമല വിധിയുമായി ബന്ധപ്പെട്ട കാർട്ടൂണുകൾ പരിശോധിക്കുമ്പോൾ പുരുഷാധിപത്യ മതബോധത്തിന് അനുകൂലമായി പൊതുജനങ്ങളുടെ അഭിപ്രായങ്ങളെ രൂപപ്പെടുത്തുന്ന വിധം മാധ്യമങ്ങൾ മാറിയിരിക്കുന്നതായി കാണാം.

(ചിത്രം 4. മാതൃഭൂമി)

2018 ഒക്ടോബർ 6 ലെ മാതൃഭൂമിയുടെ കാർട്ടൂൺ സർക്കാറിന്റെ സ്ത്രീപക്ഷ നിലപാടിനെ സി. പി. ഐ. (എം.) സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണന്റെ പ്രസ്താവന ചേർത്ത് ആക്ഷേപിക്കുന്നതാണ് സന്ദർഭം. ശബരിമല സുപ്രീം കോടതി വിധിയെ സി. പി. ഐ. (എം.) സ്വാഗതം ചെയ്യുകയാണുണ്ടായത്. എന്നാൽ പാർട്ടിയുടെ നേതൃത്വത്തിൽ സ്ത്രീകളെ കൊണ്ടുപോകാനും കൊണ്ടുവരാനും ഇടപെടില്ലെന്ന് കോടിയേരി ബാലകൃഷ്ണൻ പറയുകയുണ്ടായി. ഈ വിഷയമാണ് കാർട്ടൂണിൽ അവതരിപ്പിച്ചിരിക്കുന്നത്, സർക്കാർ സ്ത്രീകളെ തോളിലേറ്റി മനഃപൂർവം ശബരിമലയിൽ പ്രശ്നം സൃഷ്ടിക്കുകയാണെന്നും സ്ത്രീകളെ ശബരിമലയിൽ പ്രവേശിപ്പിക്കാനുള്ള കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ തീരുമാനത്തിന് പാർട്ടി സെക്രട്ടറി എതിരു നിൽക്കുന്നുവെന്നും കാർട്ടൂൺ പറയുന്നു. എന്നാൽ ഇത് തെറ്റായ വ്യാഖ്യാനം മാത്രമാണ്. മാതൃഭൂമിയുടെ സ്ത്രീവിരുദ്ധ നിലപാടുകൂടിയാണ് ഗോപികൃഷ്ണന്റെ ഈ കാർട്ടൂണിൽ നിഴലിക്കുന്നത്.

ശബരിമല സ്ത്രീ പ്രവേശന വിധിയെ മുൻനിർത്തിയുള്ള കാർട്ടൂണുകളെ അപഗ്രഥിക്കുമ്പോൾ, രാഷ്ട്രീയ നിലപാടുകൾ വ്യക്തമാക്കുന്നതിൽ നിഷ്പക്ഷ സമീപനമല്ല കാർട്ടൂണുകളുടേതെന്ന് കാണാം. സാമൂഹിക പ്രശ്നങ്ങളെ ഉത്തരവാദിത്തത്തോടെ നിരീക്ഷിച്ച് പ്രതീകാത്മക സൂചനകളിലൂടെ അവതരിപ്പിക്കേണ്ട കാർട്ടൂണുകൾ ഭൂരിഭാഗവും യഥാർത്ഥ വസ്തുതകൾക്ക് നേരെ കണ്ണടയ്ക്കുകയും യാഥാസ്ഥിതിക കാഴ്ചപ്പാട് മുന്നോട്ടു വെക്കുകയും ചെയ്യുന്നു.

ഉപസംഹാരം

ശബരിമല സ്ത്രീ പ്രവേശന വിധിയെ അനുകൂലിക്കുന്ന ഭാഷേതര ചിഹ്നങ്ങളിലെ പ്രത്യയ ശാസ്ത്ര അനാവരണത്തിലൂടെ വ്യത്യസ്തമായ തലങ്ങളിൽ ഭാഷ പ്രവർത്തിക്കുന്നത് എങ്ങനെ യെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. ചരിത്രത്തെയും സാമൂഹിക സന്ദർഭങ്ങളെയും പ്രതീ കാത്മകമായി വായിച്ചെടുക്കാൻ ചിഹ്നപഠനം സഹായിക്കുന്നു. അധികാര പ്രതിരോധങ്ങളെ, സൂക്ഷ്മവും സ്ഥൂലവുമായ ഭാവതലങ്ങളെ ചിഹ്നങ്ങൾ അടയാളപ്പെടുത്തുന്നു. ചിഹ്നശാസ്ത്ര സം ബന്ധമായ കാഴ്ചകളും വിശകലനങ്ങളും അനേകം അർത്ഥതലങ്ങളെ ഉത്പാദിപ്പിക്കുകയും സാമൂഹിക ജീവിതത്തിൽ ഇടപെടുകയും ചെയ്യുന്നു.

ദൃശ്യ-രൂപ സൂചകങ്ങളും ചിഹ്നങ്ങളും കാഴ്ചയുടെ അധികാരമണ്ഡലത്തിൽ അർത്ഥോല്പാ ദനം സൃഷ്ടിക്കുന്നതെങ്ങനെയെന്നും സാമൂഹ്യവ്യവസ്ഥിതിയിൽ പുനർനിർമ്മാണാത്മകമാ യി ഇടപെടുന്നത് എങ്ങനെയെന്നും മനസ്സിലാക്കാൻ കഴിയുന്നു. സാംസ്കാരിക കൂട്ടായ്മയുടെ രൂപീകരണവും സാമൂഹ്യ ബന്ധങ്ങളുടെ രൂപപ്പെടുത്തലും സാമൂഹ്യ സ്ഥാപനങ്ങളുടെ സ്വഭാ വവും അത് സാമൂഹ്യ ക്രമങ്ങളിൽ ഇടപെടുന്നത് എങ്ങനെയെന്നും വ്യവഹാരാപഗ്രഥനത്തി ലൂടെ മനസ്സിലാക്കാം.

ശബരിമല സുപ്രീംകോടതി വിധിയെ മുൻനിർത്തിയുള്ള ചിഹ്നവ്യവഹാരങ്ങളെ അപ ഗ്രഥിക്കുമ്പോൾ ലഭ്യമായ നിഗമനങ്ങൾ താഴെ കൊടുക്കുന്നു.

1. ഒരു പുസ്തകത്തിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുന്നതായിരിക്കും മുഖചിത്രം. പുരോഗമന നിലപാടുകൾ എന്ന് തോന്നിപ്പിക്കുന്ന വിധത്തിലുള്ള മുഖചിത്രത്തിന്റെ വരകളിലെ പ്രത്യയ ശാസ്ത്രം വിപരീതാർത്ഥം നൽകുന്നു.

2. മുഖചിത്രത്തിൽ ശബരിമല വിധിയെ അനുകൂലിക്കുന്ന നിരവധി ഘടകങ്ങൾ കാണാ മെങ്കിലും അതുതന്നെ വൈരുദ്ധ്യങ്ങളുടെയും കാരണമാകുന്നു.

3. കാർട്ടൂണുകളിൽ രാഷ്ട്രീയ വിമർശനം കാണാം. ശബരിമല വിഷയം ഒരു രാഷ്ട്രീയ അജണ്ടയായി കാണുന്നു.

4. മാതൃഭൂമിയുടെ കാർട്ടൂണിന് വലതുപക്ഷ രാഷ്ട്രീയ പ്രത്യയശാസ്ത്രത്തോടുള്ള ചായ്വ് പ്രകടമാണ്.

5. സാമൂഹിക പ്രശ്നങ്ങളെ ഉത്തരവാദിത്തത്തോടെ നിരീക്ഷിച്ച് പ്രതീകാത്മക സൂചന കളിലൂടെ അവതരിപ്പിക്കേണ്ട കാർട്ടൺ വസ്തുതകൾക്ക് നേരെ കണ്ണടയ്ക്കുകയും യാഥാസ്ഥി തിക കാഴ്ചപ്പാട് മുന്നോട്ട് വെക്കുകയും ചെയ്യുന്നു.

6. ലിംഗവിവേചനത്തിനെതിരെയുള്ള സുപ്രധാന വിധിയെ വളരെ ഉത്തരവാദിത്വത്തോ ടെ കൈകാര്യം ചെയ്യാൻ പോസ്റ്ററിന് കഴിഞ്ഞിട്ടുണ്ട്.

ഗ്രന്ഥസൂചി

ഗിരീഷ്, പി.എം. 2013. മലയാള സ്വത്വവും വിനിമയവും, എടപ്പാൾ വള്ളത്തോൾ വിദ്യാപീഠം.

ഗിരീഷ്, പി.എം. 2015. അധികാരവും ഭാഷയും, കോഴിക്കോട്: ഐ ബുക്ക്സ് കേരള.

ലക്ഷ്മി രാജീവ്.2019. ശബരിമലയും സ്ത്രീകളും, മദ്രാസ്:ഏക വെസ്റ്റാൻഡ് പബ്ലിക്കേഷൻ.

2018 ഒക്ടോബർ 6 ലെ മാതൃഭൂമി പത്രം

English Books

Fairclough Norman1 995. Critical Discourse Analysis, London: Longman Group Limited.

Webliography

https://www.google.com/search?client=ms-android-xiaomi-rvo2&sxsrf=AOaemvL06kr

https://www.facebook.com/International ChalulUnion/

https://www.google.com/search?q=sabarimala+troll +

https://books.google.com/books/about/Analysing_Discourse.html?id=V4SOkoy2vElC#:~:text=for%20Social%20Research-,Norman%20Fairclough,discourse.%22%2D%2DPublisher%27s%20description.

20

Narrating Madness: A Systematic Exploration of Kay Redfield Jamison's *An Unquite Mind*

Nina Ann Mathew
Assistant Professor, Department of English and History
Christ College Irinjalakuda (Autonomous)
Affiliated to The University of Calicut

Abstract

Narrative medicine, bridging the disciplines of psychology and literature indubitably accentuates the curative ability of narration or storytelling through various forms of literature. This paper reconnoitres the role of memoir in psychological healing, with a particular focus on Kay Redfield Jamison's work *An Unquiet Mind: A Memoir of Moods and Madness*. Manifesting the ups and downs of being ill, Jamison celebrates the art of validating it. Maniac-depressive illness, as defined, is a sudden shift of moods and energy, motioning that person to be ill and manic. Excavating moods and madness, this study focuses on how it is seen as a stigma to proclaim mental illness, unlike physical illness. This memoir has fearlessly pricked the 'gendered madness' where men acting like this is considered normal and women to be the extreme end of abnormality. Narrated in the first-person point of view, Jamison has comprehensively managed to fathom the gravity of mental illness and thereby recuperating herself from it through the literary form of memoir. Conglomerating the theoretical aspects of narrative medicine, the study shows the therapeutic effect of literature, and thereby an execution of psychological resilience is displayed.

Keywords:
Narrative medicine, manic-depressive illness, gendered madness, bipolar disorder, and illness memoir.

Literature, being aesthetically structured, advances and elaborates through its interdisciplinarity that is attributed to it every single day. A little literature can transform human minds, and these little minds can transport their thoughts and emotions into literature. The portrait of a person is reflected and renewed through literature, and it is not just a discipline that studies writings or texts but is more like a social event that interprets life. The reader and the writer participate in an event of communication that happens with the power of language. Narrating a life in the first-person point of view is not a novel idea. The psychology of a person can be validated through the thorough analysis of his narratives. Narration involves the constant imagination of the reader as well as the listener. It could be fictional as well as an excerpt of lived experiences.

Narrative medicine, which evolved as a multidisciplinary branch incorporating medicine and literature, has gained prominence in recent years. As Rita Charon exemplifies it, it is a "medicine practiced with the narrative competence to recognize, absorb, interpret, and be moved by the stories of illness" (Charon viii). Defining narrative medicine seems to be an arduous undertaking. 'Narrative' and 'medicine' are two terms that do not have a direct connection, but they are joined with a fine line of comprehension and innovation. Some patients can be rehabilitated just by listening to their stories that channeled them to what they are now, and this art of listening and nodding your head with a smile would bring about a therapeutic effect. Doctors realised that medicine alone cannot cure patients, so they began listening carefully to patients to understand their problems and treat them better. It emphasizes the significance of empathizing with the patient, tracing the vestiges of their past life in order to commence treatment. This stands as a background to the emergence of narrative medicine.

Out of all the forms of literature, memoir stands remarkably because of its authenticity and accountability. As it paints the lived experiences, exotic events in one's life, cultural shifts, or even an exceptional perspective about something of a writer, it is noteworthy among the other forms. "A memoir is a special kind of autobiography, usually involving a public portion of the author's life as it relates to a person, historic event, or thing. The text is about the personal knowledge and experiences of the author. In contrast, an autobiography covers the author's entire life to the present and is expected to include details about his or her public and private life" (Doyen 1), states Barbara Doyen in her work *What is a Memoir? What Makes a Memoir Different from an Autobiography or Biography?*. The word 'memoir' originates from the French word memoire and the Latin *memoria* both holding the meaning "memory". It is an account or clarification of a past event in the author's life. It is based on what the author reminisces about, a specific event.

Kay Redfield Jamison's *An Unquiet Mind: A Memoir of Moods* and Madness sustains itself as a seminal text in this discourse. Published in 1995, this memoir is a manifestation of manic-depressive illness engulfing a woman and disrupting the quality of her life. Being a clinical psychologist specialized in bipolar disorders, she

narrates the tale of her own lived experiences both as a patient and as a professional. Written as a memoir, this text exemplifies the catastrophes of being mentally ill and the fine struggle to balance her moods and madness with her profession. Learned men can yield a better harvest only if they have firsthand experience in it. Likewise, Jamison has exceptional knowledge about the disorder, as she has been diagnosed with the same. This testimony has agency over the theoretical framework of narrative medicine. The approach to medicine and literature as a joint venture in transmuting the mode of therapy to an improved style, narrative medicine, has a seminal role in doing so. Modern medicine has to be more singular and empathetic, leading it to an innovative healthcare through narratives. Language that employs literature is not considered to be a discipline or a branch of study; rather, it is a grand representation of life. Human lives revolve around stories, sometimes fictional or real-life incidents that exhilarate human lives. The urge to narrate is a basic human instinct that has existed since time immemorial. This tendency in human beings is the root of every literary text. People tend to narrate anything and everything in their lives. It could be disease narratives, addiction narratives, trauma narratives, travel narratives, and so on.

This research delves deep into the text, A*n Unquiet Mind: A Memoir of Moods and Madness* by Kay Redfield Jamison. She is an acclaimed American writer who pioneered the works revolving around moods and disorders. Compounding clinical expertise with brilliant storytelling that sounds like a testimony, she has exceptional adeptness in creating a dictionary about mental illness. The bestselling work, An Unquiet Mind: A Memoir of Moods and Madness, is a striking candor of her catastrophes after being mentally ill with bipolar disorder and her struggles to manage her work life as a clinical psychologist. Her script is a form of activism, emolliating and humanizing psychiatric patients, thereby advocating for mental health awareness.

Jamison, with a flawless frankness, flaunts the lifestyle of a patient suffering from manic depression. The intensity of devastation she had to conceal within herself was unfathomable. Just like her room and surroundings, she had a messy and scrambled mind. A plethora of times she was subjected to hallucinations, making her feel uncomfortable to the peak. She quotes, “Not only had my thoughts spun wild, they had turned into an awful phantasmagoria, an apt but terrifying vision of an entire life and mind out of control.” (Jamison 80). She always sustained art as a mode of distraction in her life. While ruminating on her ill moments, she has used multiple metaphors for a fancy representation of her frame of mind. This way, she has portrayed her madness as either a violent disaster or a futile battle. Metaphorically, madness is complemented with wildfire or darkness descending. Her personality transmuted into a mere ‘shell of her former self.’ After enduring a heavy episode of hallucination, she falls into a penetrating sense of perplexion and paranoia, compromising her self-confidence. She fondly defines her illness as a “disease that both kills and gives life… Fire by its nature, both creates and destroys… Mania is a strange and driving force, a destroyer, a fire in the blood.” (Jamison 123).

As it is true for many people in psychiatric care, Jamison was conflicted with the

self-questioning stigma of revealing her illness in front of the others. After the revelation, her denial towards the disease is clearly the reverberation of the societal stigma that exists in the matter of mental illness. She quotes, “I was not only very ill when I first called for an appointment, I was also terrified and deeply embarrassed.” (Jamison 84). Stashing it deep inside and not letting others know about her condition led her to the verge of completely losing herself. She “had completely, but completely lost [her] mind.” (Jamison 84). Even after knowing the consequences of doing so, she was troubled and haunted by the stigma. She prioritized pretension over reality. The prolonged prevention of truth invoked a sense of overconfidence and over-independency, as is evident in her words where she says, “I genuinely believed […] I ought to be able to handle whatever difficulties came my way without having to rely upon crutches such as medication.” (Jamison 99). With heightened heaviness of humiliation, she calls herself “a large white rat pressing paw to lever for a pellet.” (Jamison 85).

It is quite a bewildering element that even madness is gendered. The part where she talks about a senior professor named Oyster, who was a misogynist by nature, unashamedly proclaims, as she recollects, that he “thought of women in terms of breasts, not minds, and it always seemed to irritate him that most women had both. He also thought women who strayed into academic medicine were fundamentally flawed…” (Jamison 133). This skirmish she had to engage in with him triggered her illness. Losing her faith in the support that she was to get from the society, she claims:

> “Depression, somehow, is much more in line with society's notions of what women are all about: passive, sensitive, hopeless, helpless, stricken, dependent, confused, rather tiresome, and with limited aspirations. Manic states, on the other hand, seem to be more the provenance of men: restless, fiery, aggressive, volatile, energetic, risk taking, grandiose and visionary, and are permit-impatient with the status quo. Anger or irritability in men, under such circumstances, is more tolerated and understandable; leaders or takers of voyages ted a wider latitude for being temperamental…But manic-depressive ill-ness occurs equally often in women and men…” (Jamison 122- 123).

She had to stray from being a kind, gentle, well-mannered, and well-bred woman to a fiery and expressive one, as her inflammable nature was a sharp contradiction to the societal expectation. She had to prompt her uncontrolled and unpredictably destructive nature at times. The misogyny continued even after her tenure when a professor welcomed her by exclaiming, “Welcome to an all-men’s club” (Jamison 135).

For people like them, it is quite natural to have disrupted relationships, be they familial or love liaisons. She talks about the ways in which she had a marriage, where David comes as a ray of hope and consolation but fails miserably as her mercurial moods and the unpredictability of her insanity traumatize their marriage. Gradually he dies after their divorce, and she takes a four-year break to recover. Then her meeting with Richard too brought optimism, but it wilted and withered like a flower. She quotes, “No amount of love can cure madness or unblacken one’s dark moods.

Love can help, it can make the pain more tolerable" (Jamison 174). To add more, she also states that “But if love is not the cure, it certainly can act as a very strong medicine.” (Jamison 175).

Fraternization of this narrative with the theoretical framework of narrative medicine draws ample evidence that deconstructing the chaos of illness would eventually initiate the restoration and cure of a person distressed by mental illness. Narrative medicine plunges into the idea of storytelling that would aid in the healing process of patients with turmoil of the psyche. Narrative medicine is never an alternative or substitute for evidence-based medicine, but it complements the clinical practices. Empathy becomes the central figure in narratology and narrative medicine. Detailed research done on narrative medicine states that “Narrative Medicine is an important instrument for patients, caregivers, and healthcare professionals affirmed that patients’ stories can help other patients with similar experiences” (Palla et al. 16). Apart from helping the physicians in locating the illness, it also helps in improving the doctor-patient relationship, thereby strengthening the treatment strategies. A patient might not be able to express the meticulous emotion undergone, but some may sublimate it into numerous forms of art. By embracing literature and art, narration of illness becomes flowery, and this exaltation leads to elucidation of their condition. A narrative approach can be uber effective in people with psychiatric disorders or other mood disorders. Narration becomes an assistant in journaling the journey of jeopardy through illness. Jamison has also utilized this strategy in neutralizing her mercurial moods, and thereby she flaunts her courage in dealing with mental illness as a clinical psychologist. Compromising with the denial, acceptance of her condition helped her comprehend the scenario in a vivacious way. She acknowledges and reconciles with herself, thereby navigating her curative journey. She fortifies her illness by writing it off, as she says:

> As I have written it, however, it has somehow turned out to be very much a book about love as well: love as sustainer, as renewer, and as protector. After each seeming death within my mind or heart, love has returned to re-create hope and to restore life. It has, at its best, made the inherent sadness of life bearable, and its beauty manifest…I long ago abandoned the notion of a life without storms, or a world without dry and killing seasons. Life is too complicated, too constantly changing, to be anything but what it is. And I am, by nature, too mercurial to be anything but deeply wary of the grave unnaturalness involved in any attempt to exert too much control over essentially uncontrollable forces. (Jamison 215)

Reactions recorded in the form of a memoir, thereby letting her illness be on the path of cure through narration, are acknowledged to be the best part of her life. Her linear approach to other patients; handling her own brokenness, especially in relationships, suffocating with misogyny, straining herself from committing suicide—all these etched on the pages helped unburden it. By validating and giving voice to her inner turbulences, she chose the curative path through literature. Throwing light on the dual nature of being a patient and a clinician, she gained the adeptness to

narrate and interpret her illness like nobody else could. Embracing her selfhood, she also depicted her life before, after, and without lithium treatment, which is quite popular in terms of treating manic depression. Fostering the path of empathy and understanding, memoir as a form of literature transfigures into a medicine that heals distress. It helped her surrender all her anxieties and anticipations, opening her to a wide horizon of possibilities. An Unquiet Mind becomes the chain that links literature to psychology and medicine. Rather than being an illness narrative, it also manifested the fragments of her life, which she had brilliantly endured and thrived in with both science and literature. This study thereby claims the connection of narration and medicine through her memoir.

Works Cited

2024 *NARRATIVE MEDICINE BOOKLET Sponsored by the ACP-WI Women's Committee*. www.acponline.org/sites/default/files/documents/about_acp/chapters/wi/2024_ACP-WI_Narrative_Medicine_Booklet.pdf. Accessed 8 Sept. 2025.

Doyen, B. (n.d.). *What is a Memoir? What Makes a Memoir Different from an Autobiography or Biography?*

Kay Redfield Jamison. *An Unquiet Mind*. 1995. Vintage, 1997.

Palla, Ilaria, et al. "*Narrative Medicine: Theory, Clinical Practice and Education - a Scoping Review.*" BMC Health Services Research, vol. 24, no. 1, Springer Science and Business Media LLC, Sept. 2024, https://doi.org/10.1186/s12913-024-11530-x. Accessed 29 Sept. 2024.

"*Narrative Medicine: Theory, Clinical Practice and Education - a Scoping Review."* BMC Health Services Research, vol. 24, no. 1, Springer Science and Business Media LLC, Sept. 2024, https://doi.org/10.1186/s12913-024-11530-x. Accessed 29 Sept. 2024.

21

മലയാളനോവലിലെ പ്രളയഭൂപടങ്ങൾ

ഡോ. സജു മാത്യു
അസ്സോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം,
യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ

പ്രബന്ധസംഗ്രഹം

നിരവധി പ്രളയങ്ങളെ, പ്രകൃതിക്ഷോഭങ്ങളെ അതിജീവിച്ച നാടാണ് കേരളം. കാലപ്രവാഹത്തിൽ അവയിൽ പലതും വിസ്മൃതിയിലായി. പ്രളയങ്ങളെ അടയാളപ്പെടുത്തുന്നതിൽ നമ്മുടെ സാഹിത്യം മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. ചരിത്രാന്വേഷണങ്ങൾക്കുള്ള ദ്വിതീയസ്രോതസ്സ് (secondary source) ആയി സാഹിത്യസാമഗ്രികളെ പരിഗണിക്കുന്നുണ്ട്. പ്രളയങ്ങളെ വിശദാംശങ്ങളോടുകൂടി രേഖപ്പെടുത്തുന്നതിൽ നേട്ടം കൈവരിച്ച ആഖ്യാനരൂപം നോവലാണ്. പിന്നിട്ട വർഷങ്ങളിലെ പ്രള യദുരന്തങ്ങളെക്കുറിച്ച് ആധികാരികസൂചനകൾ നൽകുന്ന നിരവധി നോവലുകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. ബഹുസ്വരവും വൈവിധ്യപൂർണവുമായ പ്രളയാഖ്യാനങ്ങൾ മലയാളനോവലിന്റെ വികാസഗതിയിലെ നാഴികക്കല്ലുകളാണെന്ന് കാണാം. അവയെ മുൻനിർത്തി മലയാളികളുടെ സാംസ്കാരിക പരിണാമങ്ങളെ വിശകലനം ചെയ്യുന്നത് പുതിയ വൈജ്ഞാനിക അന്വേഷണങ്ങൾക്ക് കരുത്ത് പകരും. ഈ ലക്ഷ്യം ഉൾക്കൊണ്ടുകൊണ്ട് സാമൂഹികശാസ്ത്രവസ്തുതകളിൽ ഊന്നിയുള്ള സാഹിത്യസമീപനത്തിന്റെ രീതിശാസ്ത്രം ഈ പ്രബന്ധം മുന്നോട്ട് വെയ്ക്കുന്നു.

താക്കോൽവാക്കുകൾ

ആഖ്യാനം (Narration), ജ്ഞാനോദയം (Enlightment), ബോധധാരാസങ്കേതം (Str- eam of Consciousness), കുടിയേറ്റം (Migration), ഐതിഹ്യം (Legend), ചരിത്രം (History),

പ്രളയാഖ്യാനങ്ങളുടെ ചരിത്രപരത

മലയാളികളുടെ സാമൂഹികപരിണാമങ്ങളോട് ഏറെ നീതിപുലർത്തിയ ആഖ്യാനരൂപമാണ് നോവൽ. പിന്നിട്ട നൂറ്റാണ്ടുകളിലെ ചരിത്രാനുഭവങ്ങളെയും പ്രകൃതിയുടെ പരിണതികളെയും സൂക്ഷ്മമായി ആലേഖനം ചെയ്യുന്നതിൽ ഇതര ആഖ്യാനരൂപങ്ങളെക്കാൾ നോവൽ മുന്നേറിയിരിക്കുന്നു. അതിനാൽ സാംസ്കാരികതയുടെ ആധാര(canon)സാമഗ്രികളായി നോവലുകളെ വിലയിരുത്താം. ചരിത്രത്തിലേക്ക് തുറന്നിരിക്കുന്ന രൂപഘടനയാണ് പ്രകൃതിപ്രതിഭാസങ്ങളെ വിശദാംശങ്ങളോടുകൂടി ആഖ്യാനം ചെയ്യാനുള്ള ശേഷി നോവലിന് നൽകിയിട്ടുള്ളത്. "നോവൽ മ്യൂസിയങ്ങളെപ്പോലെ സംസ്കാരത്തിന്റെ അടരുകളെ ശേഖരിച്ച് സംരക്ഷിക്കു

ന്നു" എന്ന് ടർക്കിഷ് നോവലിസ്റ്റ് ഓർഹാൻ പാമുക് (Orhan Pamuk) നിരീക്ഷിച്ചിട്ടുണ്ട് (ആർ. മനോജ് വർമ, 2013: 07). മലയാളനോവലിന്റെ നാൾവഴികളിലും ഈ പ്രസ്താവന പ്രസക്തമാണ്. ചരിത്രത്തിന്റെ പാഠഭേദ(doctrine)മായിട്ടാണ് മലയാളനോവലിന്റെയും ആവിർഭാവം. ചരിത്രവസ്തുതകളുടെ ഭാവനാത്മകമായ പുനഃസൃഷ്ടിക്കാണ് ആദ്യതലമുറ നോവലിസ്റ്റുകൾ ശ്രമിച്ചുപോന്നിട്ടുള്ളത്. ആധികാരികചരിത്രത്തിൽ പതിയാത്ത പല സാമൂഹികവസ്തുതകളും നോവലിന്റെ ആഖ്യാനശരീരത്തിൽ ഉൾച്ചേർന്നതിന്റെ പശ്ചാത്തലം ഇതായിരുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പുള്ള പ്രളയദുരന്തങ്ങളെക്കുറിച്ച് സൂചനകൾ നൽകുന്ന ആഖ്യാനങ്ങൾ മലയാളത്തിലെ ആദ്യകാലനോവലുകളിൽ കണ്ടെത്താം. ഇതിന് ഏറ്റവും മികച്ച ഉദാഹരണം സി.വി. രാമൻപിള്ളയുടെ രാമരാജബഹദൂർ (1918) ആണ്. ചരിത്രാഖ്യായികയായ ഇതിൽ 1790ൽ ആലുവയിലെ പെരിയാർ നദിയിൽ ഉണ്ടായ വെള്ളപ്പൊക്കത്തിന്റെ വിശദാംശങ്ങൾ കടന്നുവരുന്നുണ്ട്. "ജലപ്രവാഹത്തെ നിരോധിച്ച് നിലകൊണ്ട ഭവനങ്ങളിലെ പാർപ്പുകാർ ആബാലവൃദ്ധം തട്ടിൻപുറങ്ങളിലും കൂരകളിലും കയറി. അഷ്ടിലബ്ധിക്കുള്ള മാർഗം കാണാതെ പട്ടിണി കിടന്ന് ആ ഒടുങ്ങാപ്രളയത്തിനിടയിൽ മൃതി ചേർന്നു. കൊടുങ്കാറ്റും വൃഷ്ടിശൈത്യവും യമകിങ്കരവൃത്തിയെ അംഗീകരിച്ചു. വിഷമസമരം കൂടാതെ വൃദ്ധജനങ്ങളെയും ബാലസംഘങ്ങളെയും നിർവാണപദം പ്രാപിപ്പിച്ചു." (സി.വി. രാമൻപിള്ള, 2013: 479)

ഈ നോവലിന്റെ പരിണാമഗുപ്തി (climax) നിർണയിക്കുന്നതിൽ പെരിയാറിൽ ഉണ്ടായ പ്രളയത്തിന് ഏറെ പ്രാധാന്യമുണ്ട്. രേഖകളുടെ അഭാവത്തിൽ വിസ്മൃതമായ പ്രളയത്തെയാണ് സി.വി. രാമൻപിള്ള രാമരാജബഹദൂർ വഴി വീണ്ടെടുക്കുന്നത്. തിരുവിതാംകൂറിനെ ആക്രമിച്ച് കീഴടക്കാനുള്ള ടിപ്പു സുൽത്താന്റെ ആഗ്രഹത്തിന് തടസ്സമായത് 1790ൽ പെരിയാറിലുണ്ടായ വെള്ളപ്പൊക്കമായിരുന്നു എന്ന് അനുമാനിക്കപ്പെടുന്നു. ഈ ചരിത്രവസ്തുതയെ മാന്ത്രികമായി പുനഃസൃഷ്ടിക്കാനുള്ള ആഖ്യാനവൈഭവമാണ് സി.വി. രാമൻപിള്ളയെ വേറിട്ട് നിർത്തുന്നത്. ഇതിഹാസഛായയോടുകൂടി പ്രകൃതിപ്രതിഭാസങ്ങളെ നോവലിൽ ആവിഷ്കരിച്ച ഈ മഹാപ്രതിഭ പിൽകാലത്തെ എഴുത്തുകാർക്കുകൂടി വഴികാട്ടിയായി മാറി.

പ്രളയവും ജാതിമതിലിന്റെ വീഴ്ചയും

ജാതിവിവേചനങ്ങളുടെ രൂക്ഷത നിറഞ്ഞ നാടായിരുന്നു സ്വാതന്ത്ര്യത്തിന് മുമ്പുള്ള കേരളം. അന്ന് കേരളദേശം തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ വിഭജിക്കപ്പെട്ടിരുന്നു. പാശ്ചാത്യ ആഗമനം കൊണ്ടുണ്ടായ ജ്ഞാനോദയ(enlightment)ത്തിന്റെ ഭാഗമായിട്ടാണ് പുതിയൊരു ലോകബോധത്തിലേക്ക് മലയാളികൾ പ്രവേശിച്ചത്. ജാതിക്കും അയിത്താചരണത്തിനുമെതിരായ പ്രക്ഷോഭങ്ങൾ വളർന്നുവരാൻ ഇത് വഴിയൊരുക്കി. ഇത്തരമൊരു പശ്ചാത്തലത്തിലാണ് 1924ലെ വൈക്കം സത്യാഗ്രഹം നടക്കുന്നത്. സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടി തിരുവിതാംകൂറിലെ കീഴാളജനവിഭാഗങ്ങൾ നടത്തിയ ഐതിഹാസികസമരമായിരുന്നു ഇത്. ഈ സമരകാലയളവിലാണ് കേരളത്തെ നടുക്കിയ 99ലെ (കൊല്ലവർഷം 1099) മഹാപ്രളയവും സംഭവിച്ചത്. ടി.കെ. മാധവൻ, കെ.പി. കേശവമേനോൻ എന്നിവരുടെ നേതൃത്വത്തിൽ 1924 മാർച്ച് 30ന് ആരംഭിച്ച സത്യാഗ്രഹം ജൂലൈ മാസത്തിൽ കനത്ത മഴയെ തുടർന്ന് പ്രതിസന്ധിയിലായി. വൈക്കം ക്ഷേത്രപരിസരം വെള്ളത്തിലായതിനെ തുടർന്ന് സത്യാഗ്രഹികൾക്ക് സമരവേദി മാറ്റേണ്ടി വന്നു. പ്രളയകാലത്ത് മഹാത്മാ ഗാന്ധി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റായിരുന്നു. മലയാളികളെ സഹായിക്കണമെന്ന് കാണിച്ച് ഗാന്ധിജി യങ്ഇന്ത്യയിലും നവജീവനിലും ലേഖനങ്ങളെഴുതി. "കോൺഗ്രസിന്റെ കഴിവിനപ്പുറമാണ് നാശനഷ്ടങ്ങൾ. കഴിവുള്ളിടത്തൊക്കെ ഗവൺമെന്റ് പ്രവർത്തനത്തെ സഹായിക്കുക. അതല്ലെങ്കിൽ വ്യക്തിഗതമായ നിശ്ശബ്ദം ചെയ്യുന്ന സഹായമാണ് വിലപ്പെട്ടത്. അങ്ങനെ ചെയ്യുക." ജനങ്ങളോട് ഗാന്ധിജി നിർദ്ദേശിച്ചു (കെ. രാമചന്ദ്രൻനായർ, 2012: 87). ഒരു

ലക്ഷത്തിലേറെ രൂപ മലയാളികൾക്ക് പ്രളയസഹായമായി എത്തിച്ചുകൊടുക്കാൻ ഗാന്ധിജിക്ക് കഴിഞ്ഞു.

പ്രളയകാലത്ത് വലിയ കെടുതികൾക്ക് വിധേയമായ ഒരു പ്രദേശമായിരുന്നു വൈക്കം താലൂക്ക്. ക്ഷേത്രവിശ്വാസങ്ങൾക്ക് എതിരേ നടക്കുന്ന സമരത്തോടുള്ള ദൈവകോപമാണ് പ്രളയത്തിന് കാരണമായതെന്നുവരെ അന്നത്തെ യാഥാസ്ഥിതികർ പറഞ്ഞുപരത്തി. മറുവശത്ത് ജാതിവേലിക്കെട്ടുകൾ തകർത്ത് മുന്നേറാനുള്ള ആവേശം സാധാരണജനങ്ങൾക്ക് ഉണ്ടായി. പ്രളയദുരിതങ്ങൾ മനുഷ്യസാഹോദര്യത്തിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തി. പ്രളയാനന്തരം രൂപപ്പെട്ട മാനവികതയുടെ നൂതനലോകബോധത്തിൽനിന്നാണ് പി. കേശവദേവിന്റെ അയൽക്കാർ (1963) എന്ന നോവൽ എഴുതപ്പെട്ടത്. ഈ നോവലിന്റെ ഒന്നാം അധ്യായത്തിന്റെ ശീർഷകം 'വെള്ളപ്പൊക്കം' എന്നായിരുന്നു. കർശനമായ ജാതി ആചരണങ്ങൾ പാലിക്കപ്പെട്ട് കഴിഞ്ഞുപോന്ന ഒരു നായർതറവാട് പ്രളയകാലത്ത് ദുരിതാശ്വാസക്യാമ്പ് ആയി മാറുന്നതിന്റെ ഹൃദ്യമായ കാഴ്ചകൾ ദേവ് കാണിച്ചുതരുന്നു. "അന്നോളം പുലയരാരും മംഗലശ്ശേരിയിലെ പടിപ്പുരയ്ക്കകത്ത് കയറിയിട്ടില്ല. ഈഴവരാരും മുറ്റത്ത് ചവിട്ടിയിട്ടില്ല. അലിഖിതവും അലംഘനീയവുമായ നിയമമാണത്. കുഞ്ഞന് മാത്രമേ ആ നിയമം ബാധകമല്ലാതുള്ളൂ. അന്നാകട്ടെ, ഈഴവരും പുലയരും ക്രിസ്ത്യാനികളും അവരുടെ ചട്ടിയും കലവും കെട്ടും ഭാണ്ഡവും കൊണ്ട്, ഉരപ്പുരയിലും പത്തായപ്പുരയിലും വീട്ടുതിണ്ണകളിലും കേറി ഇരിക്കുകയാണ്. വിശേഷാലൊന്നും സംഭവിക്കാത്തതുപോലെ, പത്മനാഭപിള്ള ചാരുകസേരയിൽ കേറി ഇരുന്ന് മുറുക്ക് തുടങ്ങി. അദ്ദേഹം ജാതിവിശ്വാസിയാണ്. അയിത്തവും തീണ്ടലുമുണ്ടദ്ദേഹത്തിന്. പക്ഷേ, അന്നദ്ദേഹം ജാത്യാചാരങ്ങളെല്ലാം മറന്നു. നാടിന് സംഭവിച്ച ആപത്ത് കണ്ടപ്പോൾ, നാട്ടുകാരുടെ നിസ്സഹായത കണ്ടപ്പോൾ, ജാത്യാചാരങ്ങളെ അതിക്രമിച്ച് അദ്ദേഹത്തിന്റെ മനുഷ്യത്വം ഉയർന്നു. ആത്മസംതൃപ്തിയോടുകൂടി മുറുക്കുകയാണദ്ദേഹം." (പി. കേശവദേവ്, 2009: 14-15). എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിൽ ഉൾപ്പെടുന്ന പ്രദേശങ്ങളാണ് അയൽക്കാർ എന്ന നോവലിന്റെ പശ്ചാത്തലം. ജാതിവിരുദ്ധസമരങ്ങൾക്കും നവോത്ഥാനമുന്നേറ്റങ്ങൾക്കും ഈ പ്രദേശം ഏറെ പ്രശസ്തമാണ്. നവോത്ഥാനനായകൻ സഹോദരൻ അയ്യപ്പന്റെ (1889-1968) കർമരംഗവും പറവൂർ ആയിരുന്നു. ഈ പ്രദേശങ്ങളിൽ വളർന്നുവന്ന ജാതിവിരുദ്ധതയ്ക്ക് എതിരേയുള്ള മനോഭാവങ്ങളെ ദേവ് അയൽക്കാർ എന്ന നോവലിൽ വരച്ചുകാട്ടുന്നുണ്ട്.

1924ലെ പ്രളയത്തിനുശേഷം തിരുവിതാംകൂറിലും കൊച്ചിയിലും ശ്രേണീബദ്ധമായ ജാതീയതയുടെ മതിലുകൾ തകരുന്ന നിരവധി പ്രക്ഷോഭങ്ങൾ വളർന്നുവരുന്നതായി കാണാം. ജാതിക്കും മതത്തിനും അതീതമായി ഒന്നിച്ചുനിൽക്കേണ്ടതിന്റെ ആവശ്യകത പ്രളയദുരിതങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തി. ജാതിബോധത്തിനും പ്രാദേശികസങ്കുചിതത്വത്തിനും എതിരേ വളർന്നുവന്ന വികാരമാണ് ദേശീയതയുടെ കടന്നുവരവിനും ഐക്യകേരളത്തിന്റെ രൂപപ്പെടലിനും കാരണമായതെന്ന് നിസ്സംശയം പറയാം.

ഐതിഹ്യനിർമിതിയുടെ പ്രളയകാലം

99ലെ വെള്ളപ്പൊക്കം മലയാളികളുടെ ഇടയിൽ ഒരു ചരിത്രവസ്തുത എന്നതിനപ്പുറം കാലപരിധിയെ അടയാളപ്പെടുത്തുന്ന സംഭവമായിട്ടുകൂടിയാണ് നിലകൊള്ളുന്നത്. ജലഭീതി സംബന്ധിച്ച പൂർവസ്മരണകളുടെ കേന്ദ്രസ്ഥാനത്താണ് ഇപ്പോഴും ഈ പ്രളയത്തിന്റെ സ്ഥാനം. "1924ലെ കാലവർഷം കാൽപനികഭംഗികൊണ്ടല്ല, മറിച്ച് അതുണ്ടാക്കിയ ഉൽക്കടമായ ഭീതികൊണ്ടാണ് ഓർമിക്കപ്പെട്ടത്" എന്ന് മന്നം എസ്. പിള്ള നിരീക്ഷിക്കുന്നു (പ്രസന്ന കെ. വർമ, 2019: 175). സമൂഹമനസ്സിൽ നിലകൊണ്ട ജലഭീതി സംബന്ധിച്ച കാമനകളും സങ്കൽപങ്ങളും കാലപ്രവാഹത്തിൽ 99ലെ പ്രളയത്തിന് ഐതിഹാസികഛായ നൽകി. യാഥാർ

ഥ്യത്തെ ഐതിഹ്യമാക്കി മാറ്റുന്ന കലാവിദ്യയുടെ സാക്ഷാൽകാരം കോവിലന്റെ തോറ്റങ്ങൾ (1963) എന്ന നോവലിൽ കാണാം. ബോധധാരാസങ്കേത(stream of consciousness)മാണ് ഈ നോവലിന്റെ ആഖ്യാനവഴി. ഉണ്ണിമോൾ എന്ന വൃദ്ധയുടെ അനുഭവസ്മരണകളിലൂടെ കഥയുടെ കെട്ടുകൾ അഴിഞ്ഞുവീഴുന്നു. പ്രാക്തനസമുദായങ്ങളുടെ ഐതിഹ്യസ്മരണകളെയാണ് തോറ്റമെന്ന് വിശേഷിപ്പിക്കുന്നത്. പ്രളയഭീതി സംബന്ധിച്ച നിരവധി ഐതിഹ്യങ്ങളും പ്രാചീനസമൂഹങ്ങളിൽ നിലനിൽക്കുന്നുണ്ട്. 99ലെ വെള്ളപ്പൊക്കകാലത്ത്, ഗർഭിണിയായിരുന്ന ഉണ്ണിമോൾ തോണിയിൽ ഇരുന്ന് തീരമണയുന്നതിന്റെ സാഹസികസ്മരണയെ നോവലിസ്റ്റ് ഇവിടെ തോറ്റിയുണർത്തുന്നു. തോറ്റം പാടിക്കൊണ്ട് ഒഴുക്കുവെള്ളത്തിന് എതിരേ വള്ളത്തെ മുന്നോട്ട് നയിച്ച ഉണ്ണിമോളുടെ ഭർത്താവ് ചേന്നപ്പന്റെ അവ്യക്തരൂപവും നോവലിൽ തെളിയുന്നു. "എങ്ങും പ്രളയം, ആകാശത്തിലും ഭൂമിയിലും പ്രളയം. പ്രളയത്തിൽ പേരാലില പോലെ തോണി ഒഴുകി." (കോവിലൻ, 1970: 16). മഹാപ്രളയത്തിൽ കരപറ്റാൻ ശ്രമിക്കുന്ന ഉണ്ണിമോളുടെ നിസ്സഹായത ജലാർദ്രത നിറഞ്ഞ സ്മരണയായി നിലകൊള്ളുന്നു. ഓർമകൾ തോറ്റംപാട്ടായി പുനർജനിക്കുന്നു.

"കാറ്റും മഴക്കാറുമേറ്റം/ കൂരിരുട്ടും വന്നുകൂടി/ ദിക്കറിവാൻ പാടില്ലാതെ/ മുക്കണഞ്ഞുപോയി തോണി" (കോവിലൻ, 1970: 17) എന്ന് തുടങ്ങുന്ന നാടൻപാട്ട് പ്രളയകാലത്തിന്റെ അനിശ്ചിതത്വത്തെയും ആശങ്കകളെയും ധ്വനിപ്പിക്കുന്നുണ്ട്. അഴിമുഖത്ത് എത്തി മുങ്ങിപ്പോകുന്ന തോണി ഈ നോവലിലെ ജീവിതാവസ്ഥകളുടെ ഒരു വാങ്മയചിത്രമായി മാറുന്നു. കോവിലന്റെ തോറ്റങ്ങൾ നൽകുന്ന പ്രളയാഖ്യാനം ദാർശനികമായ ഉൾക്കാഴ്ചകളാണ് പകരുന്നത്. വികസനക്കുതിപ്പുകൾക്ക് ഇടയിലും സമൂഹമനസ്സിൽ വേരോടിയിരിക്കുന്ന പ്രളയത്തിന്റെ സംഹാരശേഷിയെ അത് പുനരാനയിക്കുന്നു. പ്രളയത്തെയും കാലപ്രവാഹത്തെയും സമന്വയിപ്പിക്കുന്ന കോവിലന്റെ നോവൽഭാവന ഗഹനതയുള്ളതാണ്. ജലത്തിന്റെ മാതൃസ്ത്രൈണഭാവങ്ങൾ ഉൾക്കൊള്ളുന്ന പ്രളയാഖ്യാനം തോറ്റങ്ങൾ എന്ന നോവലിനെ ഐതിഹ്യമാനങ്ങളിലേക്ക് ഉയർത്തുന്നു.

പ്രളയവും കുടിയേറ്റവും

തിരുവിതാംകൂറിൽനിന്ന് മലബാറിലേക്ക് 1930കളിൽ ആരംഭിച്ച കുടിയേറ്റത്തിന് വഴിയൊരുക്കിയ പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് 99ലെ വെള്ളപ്പൊക്കത്തിന്റെ അനന്തരഫലങ്ങളായിരുന്നു. ഈ പ്രളയത്തിന്റെ ഭവിഷ്യത്തുകൾ രൂക്ഷമായത് തുടർന്നുള്ള വർഷങ്ങളിലായിരുന്നു. മണ്ണിന്റെ ഫലഭൂയിഷ്ഠത നശിച്ചത് മധ്യതിരുവിതാംകൂർ പ്രദേശങ്ങളിൽ കാർഷികമുരടിപ്പിന് കാരണമായി. കടുത്ത ഭക്ഷ്യദൗർലഭ്യം തുടർന്നുണ്ടായി. ഇത്തരം കെടുതികൾ അതിജീവിക്കുന്നതിന്റെ കൂടി ഭാഗമായിട്ടാണ് കോട്ടയം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽനിന്ന് മലബാറിലേക്ക് സംഭവിച്ച കുടിയേറ്റത്തിന്റെ ആരംഭം. താഴ്ന്ന വിലയ്ക്ക് ഫലഭൂയിഷ്ഠമായ മണ്ണ് മലബാറിൽ കിട്ടാനുണ്ടെന്ന അറിവ് പല കുടുംബനാഥൻമാരെയും അവിടേക്ക് ആകർഷിച്ചു. തിരുവിതാംകൂറിൽനിന്ന് അഞ്ച് ലക്ഷത്തോളം ആളുകൾ മെച്ചപ്പെട്ട ഭാവി തേടി തുടർന്നുള്ള വർഷങ്ങളിൽ മലബാറിലെ വിവിധ പ്രദേശങ്ങളിൽ താമസമുറപ്പിച്ചു. "ഇരുപതാം നൂറ്റാണ്ടിലെ കേരളചരിത്രത്തിൽ ഐതിഹാസികഛായയുള്ള ഒരു മഹാപ്രസ്ഥാനമാണ് മലബാർ കുടിയേറ്റം" (കെ.വി. തോമസ്, 2003: 160). മലബാർ കുടിയേറ്റം സംബന്ധിച്ചുള്ള ആദ്യത്തെ സമഗ്രവും ഹൃദയസ്പർശിയുമായ രചന എസ്.കെ. പൊറ്റെക്കാടിന്റെ വിഷകന്യക (1948) ആയിരുന്നു. പ്രകൃതിയോട് മത്സരിച്ച് ജയിക്കാൻ ഇറങ്ങിയ ഒരു കൂട്ടം മനുഷ്യർ തോറ്റുപിന്മാറുന്ന കഥയായിരുന്നു ഈ നോവൽ. മനുഷ്യരെ തോൽപിച്ച മലബാർഭൂമിയെ നോവലിസ്റ്റ് വിഷകന്യകയെന്ന ഇമേജിൽ വിളക്കിച്ചേർക്കുന്നു.

കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ പെട്ടവരാണ് പ്രധാനമായും മലബാറിലേക്ക്

ആദ്യം കുടിയേറിയത്. 1924ലെ പ്രളയക്കെടുതികൾ ഗുരുതരമായി ബാധിച്ചതും മീനച്ചിലാറിന്റെ സമീപപ്രദേശത്തുള്ള ജനങ്ങളെ ആയിരുന്നു. തിരുവിതാംകൂർ ഭരണാധികാരികളുടെ പിന്തുണയും പ്രോത്സാഹനവും ലഭിച്ചിട്ടും പ്രളയബാധിതപ്രദേശങ്ങളിലെ കാർഷിക അഭിവൃദ്ധി വീണ്ടെടുക്കാൻ കർഷകർക്ക് കഴിഞ്ഞില്ല. കാർഷികവായ്പകൾ എഴുതി തള്ളിയിട്ടും കൃഷിചെയ്ത് ജീവിക്കാം എന്ന സ്വപ്നം മീനച്ചിൽ താലൂക്കിലെ ആളുകൾക്ക് ഉപേക്ഷിക്കേണ്ടി വന്നു. കാക്കനാടന്റെ ഒറോത (1984) എന്ന നോവലിൽ 99ലെ വെള്ളപ്പൊക്കത്തിന് ശേഷം മീനച്ചിലാറിന്റെ തീരത്തുള്ളവരുടെ സങ്കടാവസ്ഥ വിവരിക്കുന്നുണ്ട്. "മനുഷ്യാധ്വാനത്തിന്റെ ഫലമാകെ വേരോടെ മാന്തിയെടുത്തുകൊണ്ടുപോയ വന്യജലപ്രവാഹം അവശേഷിപ്പിച്ചത് കുണ്ടും കുഴിയും നിറഞ്ഞ പാഴ്ഭൂമിയാണ്. അധ്വാനഫലം കുഴിച്ചുമൂടിയ ശവപ്പറമ്പുകളാണ്. ആ ശവപ്പറമ്പുകളിൽ മൃഗങ്ങളും മനുഷ്യരും മരങ്ങളും ചത്ത് മണ്ണിൽ പുതഞ്ഞുകിടന്നു. വെള്ളമിറങ്ങിയതറിഞ്ഞ് ആർത്തിയോടെ സ്വന്തം മണ്ണുകളിലേക്ക് മടങ്ങിയെത്തിയ പാവപ്പെട്ട ശപിക്കപ്പെട്ട മനുഷ്യർ കാപ്പിയും കപ്പയും ചേനയും കാച്ചിലും മാവും പ്ലാവും തഴച്ചുവളർന്നിരുന്ന തങ്ങളുടെ മണ്ണിന്റെ ഒടിഞ്ഞുമടങ്ങിയ, ചുരുണ്ടുകൂടിയ അസ്ഥിപഞ്ജരങ്ങളിലേക്ക് നോക്കി നെടുവീർപ്പിട്ടു." (കാക്കനാടൻ, 2021: 25). ഒറോത 99ലെ വെള്ളപ്പൊക്കത്തിന് ശേഷമുള്ള മലബാർ കുടിയേറ്റം പ്രമേയമായ നോവലായിരുന്നു. കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽനിന്ന് കണ്ണൂർ ജില്ലയിലെ ചെമ്പേരിയിലേക്ക് കുടിയേറിയവരായിരുന്നു ഇതിലെ കഥാപാത്രങ്ങൾ. നാട്ടിലെ ദുരിതക്കയങ്ങളിൽനിന്നുള്ള കുതറിച്ചാട്ടങ്ങളായിരുന്നു മലബാർ കുടിയേറ്റമെന്ന് ഈ നോവൽ സാക്ഷ്യപ്പെടുത്തുന്നു. 99ലെ വെള്ളപ്പൊക്കത്തിലാണ് മീനച്ചിലാറിലൂടെ ഒഴുകിവന്ന ഒരു പെൺകുഞ്ഞിനെ വെട്ടുകാട്ടു പാപ്പൻ രക്ഷപ്പെടുത്തുന്നത്. ആ കുഞ്ഞിന് ഒറോത എന്ന പേര് നൽകി അയാൾ എടുത്തുവളർത്തുന്നു. വെട്ടുകാട്ടു പാപ്പന്റെ ആകസ്മികമരണത്തിനുശേഷമാണ് ഒറോത ഭർത്താവ് കുഞ്ഞുവർക്കിയോടൊപ്പം ചെമ്പേരിയിലേക്ക് കുടിയേറുന്നത്. പിന്നീടുള്ള ചെമ്പേരിയുടെ ചരിത്രം ഒറോതയുടെ അധ്വാനശേഷിയുടെയും അതിജീവനത്തിന്റെയും ഇതിഹാസമായി മാറുന്നതാണ് കാക്കനാടൻ വരച്ചുകാട്ടുന്നത്. പ്രകൃതിയോട് മത്സരിച്ച് വിജയം വരിക്കുന്ന പെൺകരുത്തിന്റെ പ്രതീകമായി ഒറോതയെ ഇതിൽ അവതരിപ്പിച്ചിരിക്കുന്നു. പ്രളയം കുടിയേറ്റത്തിന് വഴിയൊരുക്കിയ ചരിത്രപശ്ചാത്തലവും ഈ നോവലിന് ഭൂമികയാകുന്നു.

വെള്ളപ്പൊക്കവും പ്രാദേശികഭൂമികയും

പഴയ കേരളത്തിന്റെ വിവിധ ഇടങ്ങളിൽ നിരവധി പ്രാദേശികവെള്ളപ്പൊക്കങ്ങളും വിവിധ കാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. വാർത്താവിനിമയസൗകര്യങ്ങളുടെ വികാസക്കുറവ് കാരണം അവയിൽ പലതും പുറംലോകത്തേക്ക് എത്തപ്പെട്ടില്ല. അത് രേഖപ്പെടുത്തി വെയ്ക്കാനുള്ള ശാസ്ത്രീയസൗകര്യങ്ങളുടെ അപര്യാപ്തതയും അന്നുണ്ടായിരുന്നു. എന്നാൽ പ്രാദേശികമായ പ്രളയങ്ങൾ സൃഷ്ടിച്ച വൈകാരികാനുഭവത്തെ സ്വംശീകരിക്കാനുള്ള ധീരമായ ശ്രമങ്ങൾ മലയാളനോവലിൽ കാണാം. അതിന് ഉത്തമോദാഹരണമാണ് എം.ടി. വാസുദേവൻനായരുടെ നാലുകെട്ട് (1958) എന്ന നോവലിലെ പ്രളയാഖ്യാനം. കേരളീയസമൂഹഘടനയുടെ പരിണാമത്തിലെ ഒരു പ്രത്യേകഘട്ടത്തെ പ്രശ്നവൽകരിച്ച നോവലായിരുന്നു നാലുകെട്ട്. ഈ നോവലിന്റെ അഞ്ചാം അധ്യായത്തിലാണ് എം.ടി.യുടെ ജന്മനാടായ കൂടല്ലൂരിൽ ഉണ്ടായ വെള്ളപ്പൊക്കത്തിന്റെ വിവരണം കടന്നുവരുന്നത്. "അതിരിടിയുന്ന ശബ്ദമാണ് കേൾക്കുന്നത്. പടിക്കലെ തിണ്ട് പൊട്ടി. പട്ടിണി കിടന്ന പാമ്പുകളെപ്പോലെ, ചുവന്നുകലങ്ങിയ വെള്ളം പഴുതുകളിലൂടെ മുറ്റത്തേക്ക് ഇരച്ചുകയറി. നോക്കിയിരിക്കെയാണ്, തൊടിയും മുറ്റവും വെള്ളത്തിനടിയിലായത്. ഒതുക്കുകല്ലിന്റെ മുനമ്പുവരെ എത്തിക്കഴിഞ്ഞു." (എം.ടി. വാസുദേവൻനായർ, 2009: 121) പ്രളയത്തിന്റെ ഭദ്രദൃശ്യങ്ങൾ അടയാളപ്പെടുത്തുന്നതിൽ എം.ടി. പ്രകടിപ്പിക്കുന്ന ഭാവുകത്വം ഏറെ നൂതനമായിരുന്നു. നാലുകെട്ട് അവതരിപ്പിക്കുന്ന പ്രളയം മാറ്റങ്ങളുടെ കൂടി അടയാളമാ

യി മാറുന്നുണ്ട്. പ്രളയം അവിടെ കാലഹരണപ്പെട്ടതിനെ പൊളിച്ചുമാറ്റുന്ന ശക്തിയാണ്. അപ്പുണ്ണി പിണങ്ങിപ്പോയതിനു ശേഷം തറവാട്ടിൽ ഒറ്റയ്ക്കായ അമ്മ പാറുക്കുട്ടി വെള്ളപ്പൊക്കത്തിൽ മരണത്തെ അഭിമുഖീകരിക്കുന്ന സന്ദർഭമാണ് അവതരിപ്പിച്ചിരിക്കുന്നത്. നിലംപൊത്താറായ നാലുകെട്ടിൽനിന്ന് വിധവയായ പാറുക്കുട്ടിയെ രക്ഷപ്പെടുത്താൻ തോണിയിൽ ശങ്കരൻനായർ എത്തുന്നതിന്റെ സാഹസികവിവരണങ്ങൾ നോവലിസ്റ്റ് നൽകുന്നുണ്ട്. മലമ്പുഴ ഉൾപ്പെടെയുള്ള ജലസേചനപദ്ധതികൾ വരുന്നതിനുമുമ്പ് ഭാരതപ്പുഴയിൽ വെള്ളപ്പൊക്കം പതിവായിരുന്നു. അത് പാലക്കാടുള്ള പുഴകളെയാണ് കൂടുതൽ ബാധിച്ചിട്ടുള്ളത്. "1942ൽ മധ്യകേരളത്തിലുണ്ടായ കൊടുങ്കാറ്റിനെയും വെള്ളപ്പൊക്കത്തെയുമാവണം ഇത് സൂചിപ്പിക്കുന്നത്" (കെ.സി. നാരായണൻ, 2022: 65). ഭാരതപ്പുഴയിലെ വെള്ളപ്പൊക്കത്തിൽ പുഴ കവിഞ്ഞുയർന്ന് കൂടല്ലൂരിലെ താഴ്ന്ന നിലങ്ങളെ മുഴുവൻ മുക്കിയ കഥയാണ് എം.ടി. നാലുകെട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പ്രളയത്തിന്റെ വരവ് ഈ നോവലിന്റെ കഥാഗതിയിൽതന്നെ ആകസ്മികവഴിത്തിരിവ് കൊണ്ടുവരുന്നു. അപ്പുണ്ണിയുടെ അമ്മ പാറുക്കുട്ടിയുടെ സ്മരണകളിലൂടെ 99ലെ വെള്ളപ്പൊക്കത്തെക്കുറിച്ച് സൂചനകൾ നൽകാനും നോവലിസ്റ്റ് മറക്കുന്നില്ല. വിവരണങ്ങളിലെ മിതത്വവും സൂക്ഷ്മതയും ശ്രദ്ധേയമാണ്. റിയലിസത്തിൽനിന്ന് ആധുനികതയിലേക്കുള്ള ഭാവുകത്വപരിണാമത്തിൽ നാലുകെട്ടിലെ പ്രളയാഖ്യാനം വേറിട്ടുനിൽക്കുന്നു.

പ്രളയത്തിന്റെ ചാക്രികത

ശാസ്ത്രലോകത്തെ അത്ഭുതപ്പെടുത്തുന്ന പ്രപഞ്ചപ്രതിഭാസങ്ങളിൽ ഒന്നാണ് നിശ്ചിതകാലപരിധികളിൽ ആവർത്തിക്കുന്ന പ്രളയങ്ങൾ. പ്രപഞ്ചപരിണതിയുടെ ഭാഗമായി പ്രളയത്തിന്റെ ചാക്രികത വിലയിരുത്തപ്പെടുന്നു. 1924ലെ പ്രളയം കഴിഞ്ഞ് 94 വർഷങ്ങൾ പിന്നിട്ട ശേഷമാണ് അതേ സ്വഭാവമുള്ള മറ്റൊരു പ്രളയം 2018ൽ കേരളത്തിൽ സംഭവിക്കുന്നത്. തകഴിയുടെ 'വെള്ളപ്പൊക്കത്തിൽ' (1935) എന്ന കഥയിൽ വിവരിച്ച 99ലെ മഹാപ്രളയത്തിന്റെ തനിയാവർത്തനമായിരുന്നു ഇത്. കേരളത്തിലെ ഒട്ടുമിക്ക ജില്ലകളെയും ഈ പ്രളയം ബാധിച്ചു. പ്രളയത്തിൽ കുടുങ്ങിയവരെ മത്സ്യത്തൊഴിലാളികളും നേവിയും ഫയർഫോഴ്സും ചേർന്ന് ഹെലികോപ്റ്ററിലും ബോട്ടിലുമായി രക്ഷപ്പെടുത്തി. നാല് ദിവസംകൊണ്ട് 10 ലക്ഷം മലയാളികൾ വീടുവിട്ട് ദുരിതാശ്വാസക്യാമ്പിലെത്തി. രക്ഷാപ്രവർത്തനത്തിൽ പ്രകടമായ ഐക്യം ദുരന്തത്തിന്റെ തീവ്രത കുറച്ചു. പ്രളയകാലം മലയാളികളെ സംബന്ധിച്ച് അതിരുകൾ ഇല്ലാത്ത സഹജീവിസ്നേഹത്തിന്റെ മാതൃകകൾ സൃഷ്ടിച്ചു. സമൂഹമാധ്യമങ്ങളിലൂടെ ലോകം ഇതിനെല്ലാം സാക്ഷ്യം വഹിച്ചു.

2018ലെ പ്രളയം നമ്മുടെ നോവൽഭാവനയിലും തൊട്ടടുത്ത വർഷം ഇടം നേടി. സുഭാഷ് ചന്ദ്രന്റെ സമുദ്രശില (2019) എന്ന നോവലിന്റെ പര്യവസാനം 2018ലെ പ്രളയക്കെടുതികളുടെ പശ്ചാത്തലത്തിലായിരുന്നു. മനുഷ്യന് ഒരാമുഖം (2010) എന്ന ഇതിഹാസമാനങ്ങളുള്ള നോവലിനു ശേഷമാണ് സുഭാഷ് ചന്ദ്രൻ ഇത് എഴുതിയത്. പുരാണകഥാപാത്രമായ അംബയെ മാറിയ കാലത്തെ ജീവിതാവസ്ഥകളോട് ചേർത്തുവെച്ച് അവതരിപ്പിച്ച ഈ നോവൽ വേറിട്ട സ്ത്രീപക്ഷരചനയായിരുന്നു. ഭിന്നശേഷിക്കാരനായ മകനോടൊപ്പം അതിജീവനത്തിന് പൊരുതുന്ന അംബയെന്ന യുവതിയുടെ ജീവിതാവസ്ഥകളെ എഴുത്തുകാരൻ നേരിട്ട് അഭിമുഖീകരിക്കുന്ന മാതൃകയിലായിരുന്നു ഈ നോവലിന്റെ ആഖ്യാനം. എഴുത്തുകാരൻ കഥാപാത്രമാകുന്ന ഉത്തരാധുനികനോവൽഭാവനയുടെ നൂതനസാധ്യതകളാണ് ഇവിടെ പരീക്ഷിക്കപ്പെട്ടത്. 'സൃഷ്ടി', 'സ്ഥിതി', 'സംഹാരം' എന്നിങ്ങനെ മൂന്ന് ഭാഗങ്ങളിലായി തരംതിരിച്ച ഈ നോവലിന്റെ ഓരോ പകുതിയിലും 10 അധ്യായങ്ങൾ വീതം ഉണ്ടായിരുന്നു. അതിൽ 'സംഹാരം' എന്ന ഭാഗത്തെ അവസാന അധ്യായത്തിന്റെ പേര് 'പ്രളയം' എന്നാണ്. കഥാപാത്രമായി വേഷപ്പകർച്ച നടത്തുന്ന എഴുത്തുകാരന്റെ വീക്ഷണകോണിലൂടെയുള്ള പ്രളയാഖ്യാനമാണ്

ഇവിടെ നിർവഹിച്ചിരിക്കുന്നത്. "ദശകങ്ങളായി മലയാളികൾ മലകളോടും നദികളോടും കാണിച്ചുപോന്ന അരുതാത്ത കൊതികൾക്ക് അറുതിവരുത്താൻ ഒടുവിൽ അനിവാര്യമായ ആ മാർഗംതന്നെ പ്രകൃതി പ്രയോഗിച്ചു. മലർന്നുകിടന്ന് തുപ്പുന്ന മനുഷ്യരെ ഉപരിസുരതം ചെയ്ത് ഹനിക്കാൻ നദികൾ തങ്ങളുടെ കച്ചയഴിച്ചു." (സുഭാഷ് ചന്ദ്രൻ, 2024: 311) പ്രളയത്തിന്റെ അർഥങ്ങൾ പല വഴികളിലേക്ക് ഒഴുകിപ്പരക്കുന്ന ആഖ്യാനകലയാണ് സുഭാഷ് ചന്ദ്രൻ ഇവിടെ പിന്തുടർന്നിരിക്കുന്നത്. അംബയെന്ന പുരാണകഥാപാത്രത്തിന്റെ പ്രതികാരകാമനയോട് നീതിപുലർത്തുന്ന പുതിയ പ്രകൃതിഭാവനയെ സൃഷ്ടിക്കുന്നതിൽ നോവലിസ്റ്റ് വിജയിച്ചിരിക്കുന്നു. പ്രകൃതിയും സ്ത്രീയും ഒന്നായി തീർന്നുകൊണ്ട് ആധുനികമനുഷ്യനെ സംഹരിക്കുമെന്ന ശുഭപാഠമാണ് ഇവിടെ സന്നിവേശിപ്പിച്ചിരിക്കുന്നത്. പ്രകൃത്യനുഭവത്തിന്റെ അപരതലങ്ങളിലേക്ക് സഞ്ചരിക്കുന്ന ഉത്തരാധുനികനോവൽഭാവനയുടെ മാറിയ മുഖത്തെ സമുദ്രശില ആലേഖനം ചെയ്യുന്നുണ്ടെന്ന് നിസ്സംശയം പറയാം.

ഉപസംഹാരം

മലയാളനോവലിന്റെ പരിണാമവഴികളിൽ പ്രളയാഖ്യാനങ്ങളുടെ താരതമ്യവിശകലനത്തിന് ഏറെ പ്രസക്തിയുണ്ട്. സി.വി. രാമൻപിള്ള മുതൽ പുതുതലമുറയിലെ സുഭാഷ് ചന്ദ്രൻ വരെയുള്ള നോവലിസ്റ്റുകൾ പ്രളയത്തിന്റെ വ്യത്യസ്തങ്ങളായ ആഖ്യാനമണ്ഡലങ്ങളാണ് സൃഷ്ടിച്ചിരിക്കുന്നത്. പ്രകൃതിദുരന്തങ്ങളുടെ യാദൃച്ഛികതയിൽ ശ്രദ്ധയൂന്നുന്ന സി.വി. രാമൻപിള്ള ചരിത്രഗതിയിൽ അവ വഹിക്കുന്ന പങ്ക് തിരിച്ചറിഞ്ഞിരുന്നു. സി.വി.യുടെ ഇതിഹാസഭ്രമികയിൽ നിന്ന് പ്രാദേശികസ്ഥലരാശിയിലേക്കുള്ള മലയാളനോവലിന്റെ സഞ്ചാരം കേശവദേവ് ഉൾപ്പെടുന്ന നവോത്ഥാനതലമുറയിൽനിന്ന് ആരംഭിക്കുന്നു. പ്രളയദുരന്തപശ്ചാത്തലത്തിൽ മനുഷ്യന്റെ സാമൂഹികബോധത്തിന്റെ കരുത്തും സൗന്ദര്യവുമാണ് കേശവദേവ് അന്വേഷിച്ചത്. നവലോകത്തെക്കുറിച്ചുള്ള ആദർശസങ്കൽപങ്ങൾ ഈ എഴുത്തുകാരന്റെ ആഖ്യാനകലയെ സ്വാധീനിച്ചിട്ടുണ്ട്. നവോത്ഥാനഭാവനയുടെ പരിമിതികളെ അതിജീവിക്കാനുള്ള ശ്രമമാണ് കോവിലന്റെ എഴുത്തിനെ വ്യത്യസ്തമാക്കുന്ന ഘടകം. റിയലിസത്തിന്റെ പരുക്കൻഭാഷ ഉപയോഗിച്ച് പ്രളയഭീതികളെ ഐതിഹ്യമാനങ്ങളിലേക്ക് ഉയർത്താൻ ഈ കലാകാരന് കഴിഞ്ഞിരിക്കുന്നു.

മലയാളത്തിലെ ആധുനികതയുടെ മുന്നണിപ്പോരാളിയായ കാക്കനാടന്റെ പ്രളയവിചാരങ്ങൾ ജലത്തിന്റെ സ്നൈണമാതൃഭാവങ്ങളിലാണ് നങ്കൂരമുറപ്പിക്കുന്നത്. പ്രളയത്തിന്റെ സാമൂഹികമാനങ്ങളെ ഉൾക്കാഴ്ചയോടെ അവതരിപ്പിക്കുക വഴി എഴുത്തുകാരന്റെ ചരിത്രദൗത്യം കാക്കനാടൻ നിറവേറ്റുന്നു. കാലഗതിയുടെ അനിവാര്യതയായിട്ടാണ് പ്രളയത്തെ എം.ടി. വാസുദേവൻ നായർ നോക്കിക്കാണുന്നത്. പഴമയെ തകർത്തെറിയുന്ന ഊർജപ്രവാഹമായി അത് മാറുന്നു. പ്രളയാഖ്യാനങ്ങളിൽ എം.ടി. പുലർത്തുന്ന ധ്വനിശേഷി മലയാളനോവലിന്റെ ചക്രവാളങ്ങളെ വികസ്വരമാക്കിയിട്ടുണ്ട്. പ്രകൃതിയെക്കുറിച്ചുള്ള ജൈവപാഠങ്ങളാണ് സുഭാഷ് ചന്ദ്രന്റെ ജലഭാവനകളുടെ ഭ്രമിക. പുരാണകഥയുടെ ഊടും പാവും നൽകി പുതുകാലപ്രളയത്തെ പാഠവൽകരിക്കുന്ന കലാവിദ്യയാണ് ഈ എഴുത്തുകാരൻ പ്രദർശിപ്പിക്കുന്നത്. മേൽപറഞ്ഞ നോവലിസ്റ്റുകളുടെയെല്ലാം ആഖ്യാനകല പ്രളയത്തിന്റെ പ്രാദേശികഭ്രമിശാസ്ത്രത്തെ ദൃശ്യവൽകരിക്കുന്നതായി പൊതുവിൽ വിലയിരുത്താം.

മലയാളനോവലിലെ പ്രളയാഖ്യാനങ്ങൾ കേവലം സംഭവപരമ്പരകൾ മാത്രമല്ല. മറിച്ച് അതിന് ഭ്രദൃശ്യപരവും ദാർശനികവുമായ മാനങ്ങളുണ്ട്. അനുഭവാഖ്യാനങ്ങളുടെ വൈവിധ്യം അവയെ വേറിട്ട് നിർത്തുന്നു. സി.വി. രാമൻപിള്ള, പി. കേശവദേവ്, കോവിലൻ, കാക്കനാടൻ, എം.ടി. വാസുദേവൻ നായർ, സുഭാഷ് ചന്ദ്രൻ എന്നീ വ്യത്യസ്തതലമുറകളിലെ നോവലിസ്റ്റുകൾ കാലത്തെ രേഖപ്പെടുത്താനുള്ള അടയാളക്കല്ലായി പ്രളയത്തെ ഉപയോഗിച്ചിരിക്കുന്ന

ത് കാണാം. ചരിത്രവും ഐതിഹ്യവും ശാസ്ത്രവും പുരാണവും ഇടകലർന്ന മലയാള നോവലിലെ പ്രളയഭാവനകൾ മലയാളികളുടെ സാംസ്കാരികപരിണാമത്തിന്റെ നേർസാക്ഷ്യങ്ങളാകുന്നു.

ഗ്രന്ഥസൂചി

01. ഓർഹാൻ പാമുക്, ആർ. മനോജ് വർമ (വിവ.), 2013, നോവലിസ്റ്റിന്റെ കല, ഡി.സി. ബുക്സ്, കോട്ടയം.

02. കാക്കനാടൻ, 2021, ഒറോത, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്.

03. കേശവദേവ്, പി., 2009, അയൽക്കാർ, ഡി.സി. ബുക്സ്, കോട്ടയം.

04. കോവിലൻ, 1970, തോറ്റങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.

05. തോമസ്, കെ.വി., 2003, നഗരത്തിൽ പറഞ്ഞ സുവിശേഷം, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.

06. നാരായണൻ, കെ.സി., 2022, മഹാത്മാ ഗാന്ധിയും മാധവിക്കുട്ടിയും, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

07. മന്ന എസ്. പിള്ള, പ്രസന്ന കെ. വർമ (വിവ.), 2019, ദന്തസിംഹാസനം, ഡി.സി. ബുക്സ്, കോട്ടയം.

08. രാമചന്ദ്രൻനായർ, കെ. (എഡി.), 2012, ഗാന്ധിജിയും കേരളവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

09. രാമൻപിള്ള, സി.വി., 2013, രാമരാജബഹദൂർ, ഡി.സി. ബുക്സ്, കോട്ടയം.

10. വാസുദേവൻനായർ, എം.ടി., 2009, നാലുകെട്ട്, കറൻറ് ബുക്സ്, തൃശ്ശൂർ.

11. സുഭാഷ് ചന്ദ്രൻ, 2024, സമുദ്രശില, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

22

വിവർത്തനത്തിന്റെ തലങ്ങൾ : പെണ്ണപ്പനിലും വുമൺ–ഡാഡിലും

നജ മെഹ്ജബിൻ കെ. ബി.

ഗവേഷക, മലയാളവിഭാഗം, കേരളസർവകലാശാല, കാര്യവട്ടം

പ്രബന്ധസംഗ്രഹം

. ജീവിതത്തിന്റെ ഓരോ അടരുകളിലും ചേർത്തുവായിക്കാവുന്ന കവിതകളാണ് ആദി എന്ന ആദർശിന്റേത്. ഇവിടെ ഞാനും കൂടിയുണ്ടെന്ന് ഓരോ എഴുത്തുകളിലൂടെയും അടയാളപ്പെടുത്തുന്ന ആദി, പെണ്ണപ്പനിലൂടെ ആവിഷ്ക്കരിക്കുന്നതും മറ്റൊരു കാര്യമല്ല. വിവർത്തനമെന്ന സർഗ്ഗപ്രക്രിയയുടെ മറ്റൊരുദാഹരണമാണ് പെണ്ണപ്പൻ എന്ന കവിതയ്ക്ക് Women-dad എന്ന പേരിൽ സച്ചിദാനന്ദൻ നൽകിയിരിക്കുന്ന വിവർത്തനം. യാതൊന്നിന്റേയും അതിരുകളില്ലാതെ ഒരു സർഗ്ഗാത്മകസൃഷ്ടി വായനക്കാരിലേക്കെത്തിക്കുക എന്ന ലക്ഷ്യമാണ് വിവർത്തനപ്രക്രിയ നിർവ്വഹിക്കുന്നത്, ഏറ്റക്കുറച്ചിലുകളുണ്ടെങ്കിൽക്കൂടിയും. പെണ്ണപ്പനെയും അതിനുണ്ടായ വിവർത്തനം Women-dad നെയും വിശകലനം ചെയ്യുക, വിവർത്തനപ്രകിയ പരിശോധിക്കുക എന്നീ ലക്ഷ്യങ്ങളോടൊപ്പം വിവർത്തനത്തിലൂടെ എഴുത്ത് എന്ന പ്രകിയ ജനാധിപത്യവത്ക്കരിക്കപ്പെടുന്നതെങ്ങനെ എന്നുകൂടി അന്വേഷിക്കുകയാണ് പ്രബന്ധത്തിന്റെ ലക്ഷ്യം.

താക്കോൽവാക്കുകൾ

വിവർത്തനം- ഭാഷ – സംസ്കാരം- സർഗ്ഗാത്മകത-ജനാധിപത്യവത്കരണം

വിവർത്തനമെന്ന സഗ്ഗപ്രക്രിയ

"അർത്ഥം നിലനിർത്തിക്കാണ്ട് മറ്റാരു ഭാഷയിലേക്കുള്ള മാറ്റമാണ് വിവർത്തനം" എന്ന് ഡോ. ജോൺസൺ വിവർത്തനത്തെ നിർവ്വചിക്കുന്നു. ഇതിൽ 'അർത്ഥം ആവുന്നത്ര നില നിർത്തിക്കാണ്ട്'' എന്ന കൂട്ടിച്ചേർക്കലാണ് പുതിയ കാലം ആവശ്യപ്പെടുന്നത്. കാലാനുസൃത മായി കൈവന്ന മാറ്റങ്ങൾ വിവർത്തനത്തെ സർഗ്ഗപ്രക്രിയ എന്ന ഉയർന്ന തലത്തിലേക്ക് പ്രതിഷ്ഠിക്കുന്നു. വിവർത്തകൻ/വിവർത്തക എന്ന ദ്വന്ദ്വത്തിൽ നിന്ന് ട്രാൻസ് ക്രിയേറ്റർ എന്ന

വിശാലാർത്ഥത്തിലേക്ക് വിവർത്തനലോകം പുനർവിന്യസിക്കപ്പെടുന്നു. വിവർത്തനത്തെ പ്രതി വന്ന സൈദ്ധാന്തികചിന്തകളുടെ ആദ്യകാലം തൊട്ടിന്നോളമുള്ള വഴികൾ സ്വീകരിക്കലുകളുടെയും കൂട്ടിച്ചേർക്കലുകളുടെയും നിരാകരിക്കലുകളുടേതും കൂടിയായിരുന്നു. മൂലത്തിലില്ലാതെ ഒന്നും പറയുകയില്ല. അപേക്ഷിതമല്ലാത്തതും പറയുകയില്ല എന്ന മല്ലീനാഥവ്യാഖ്യാനമാണ് ഭാരതീയമായുള്ള വിവർത്തനത്തിന്റെ ആദ്യാഭിപ്രായം. അനുലോമക്രമത്തിലുള്ള വിവർത്തനവും സ്രോതഭാഷയുടെ സ്ഥാനത്ത് 95 ശതമാനവും വരുന്ന സംസ്കൃതവും സംസ്കൃതപണ്ഡിതർക്ക് വിവർത്തനത്തോടുള്ള മതിപ്പില്ലായ്മും ദേശ്യഭാഷാപ്രയോഗത്തെ അപശബ്ദമായി കരുതിയതും ഭാരതത്തിൽ വിവർത്തനസിദ്ധാന്തങ്ങൾ ഉണ്ടാകാത്തതിനുള്ള കാരണങ്ങളായി വിശ്വനാഥ അയ്യർ ചൂണ്ടിക്കാണിക്കുന്നുണ്ട്. എറ്റിയൻ ഡോലെറ്റിന്റെ പഞ്ചതത്ത്വങ്ങൾ, ഡ്രൈഡൻ മുന്നോട്ടുവെച്ച പദാനുപദം, പരാവർത്തനം, അനുകരണം എന്നീ മൂന്നു ശൈലികൾ, ടൈറ്റ്ലറുടെ തത്ത്വത്രയം, ന്യൂമാന്റെ മൂലാനുസാരിത്വവാദത്തോട് ചേർത്തി മാത്യു ആർനോൾഡ് മുന്നോട്ടുവെച്ച പണ്ഡിതസ്വീകൃതിവാദം, വിവർത്തനത്തെ പ്രായോഗികദൃഷ്ടിയോടെ കണ്ട യൂജിൻ എ നൈഡ, ശാസ്ത്രീയമായി സമീപിച്ച ക്യാറ്റ്ഫോർഡ്, ന്യൂമാർക്ക് എന്നിവരുടെ വിവർത്തനചിന്തകൾ വിവർത്തനമേഖലയിൽ പുതിയ ചലനങ്ങൾ സൃഷ്ടിച്ചു.

വിവർത്തകരെ ലിംഗ്വിസ്റ്റിക് മീഡിയേറ്ററായാണ് (Linguistic Mediator) ടൈറ്റ്ലർ കാണുന്നത്. മൂലകൃതിയുടെ ആശയം, ലാളിത്യം, ലേഖനരീതി, ശൈലി എന്നിവ ലക്ഷ്യഭാഷയിൽ കൃത്യമായി ആവിഷ്കരിക്കുകയെന്നതാണ് ലിംഗ്വിസ്റ്റിക് മീഡിയേറ്ററുടെ ഉത്തരവാദിത്തം. ഭാഷയെ പിന്തള്ളി സംസ്കാരവുമായുള്ള ഇടപെടലിലേക്ക് വിവർത്തനപഠനമേഖലയെ തിരിച്ചുവിട്ട കൃതിയായിരുന്നു 'വിവർത്തനം ചരിത്രവും സംസ്കാരവും' (Translation, History and Culture). വിവർത്തനപഠനത്തിലുണ്ടായ ദിശാവ്യതിയാനമായി ബാസ്നെറ്റിന്റെയും ലെഫെബറുടെയും ഈ കൃതി വിലയിരുത്തപ്പെട്ടു. വിവർത്തനം ഭാഷാന്തരവിനിമയത്തിന്റെ പ്രക്രിയയാണെന്നും രണ്ട് ഭാഷകൾ മാത്രമല്ല, രണ്ട് സംസ്കാരങ്ങൾ കൂടിയാണ് പരസ്പരം സംവദിക്കുന്നതെന്നുമുള്ള ബ്രൂസിന്റെ അഭിപ്രായം വിവർത്തനത്തിന്റെ സാംസ്കാരികമൂല്യത്തെ കൂടുതൽ ഊട്ടിയുറപ്പിക്കുന്നു. വിവർത്തനപ്രക്രിയയിൽ വിവർത്തകർ എന്ന സ്ഥാനത്തിന് വലിയ പ്രാധാന്യമുണ്ട്. വിവർത്തകരുടെ യോഗ്യതയെക്കുറിച്ച് അങ്ങോളമിങ്ങോളം ചർച്ചകളും വിമർശനങ്ങളും ഉണ്ടായിട്ടുമുണ്ട്. വിവർത്തകന്റെ ആദ്യ കടമ വിശ്വസ്തത പുലർത്തുക എന്നതാണെന്ന് എല്ലാവരും സമ്മതിക്കും. എന്നാൽ ഈ വിശ്വസ്തത എന്നത് എന്തിനെയാണ് അർത്ഥമാക്കുന്നതെന്ന് പറഞ്ഞുതരണം എന്ന് മാത്യു ആർനോൾഡ് ഉന്നയിക്കുന്നു. വ്യാകരണത്തിലോ പദസമ്പത്തിലോ അല്ല, ഭാഷയിൽ സ്വാഭാവികമല്ലാത്ത പദപ്രയോഗങ്ങൾ ഉപയോഗിക്കുമ്പോഴായിരിക്കും വിവർത്തകർ എപ്പോഴും പിടിക്കപ്പെടുന്നതെന്ന പീറ്റർ ന്യൂമാർക്കിന്റെ നിരീക്ഷണവും വിവർത്തകരുടെ ഇടപെടലിന്റെ സൂക്ഷ്മതയെ അടിവരയിടുന്നു. ചുരുക്കത്തിൽ വിവർത്തനം വലിയ ഉത്തരവാദിത്തമുള്ള പ്രവർത്തനമാകുന്നുവെന്നർത്ഥം. വിവർത്തനം സർഗ്ഗപ്രക്രിയയായി രൂപപ്പെടുന്ന ഈ കാലത്ത് അതിന്റെ സാധ്യതകൾ അനന്തമാണ്. വിവർത്തനപ്രക്രിയ ചരിത്രപരമായ ദൗത്യമായി മാറുകയും അതിൽ വിവർത്തകരുടെ പങ്ക് അചഞ്ചലമായി നിലകൊള്ളുകയും ചെയ്യുന്നു. നാൾക്കു നാൾ വികാസം പ്രാപിക്കുന്ന, വിശാലമായ പ്രക്രിയയായി വിവർത്തനം ചുവടുമാറുമ്പോൾ ഒരു ഭാഷയിൽ നിന്ന് മറ്റൊന്നിലേക്ക്/ അനേകത്തിലേക്ക് വിവർത്തനം നടത്തുന്നത് ഒരു രാഷ്ട്രീയ പ്രവർത്തനമായി കൂടി പരിവർത്തനപ്പെട്ടിരിക്കുന്നു.

പെണ്ണപ്പൻ – കവിതയുടെ മാറുന്ന വഴി

2020ൽ ക്വിയർ കവിയായ ആദി (ആദർശ്) രചിച്ച കവിതയാണ് പെണ്ണപ്പൻ. പുരുഷമേൽക്കോയ്മ കാലാകാലങ്ങളായി നിലനിൽക്കുന്ന നമ്മുടെ സമൂഹം, ആണെന്നും പെണ്ണെന്നുമുള്ള ബൈനറിയിലൊതുങ്ങുന്ന തരത്തിലാണ് മനുഷ്യരെ കണ്ടീഷണിംഗ് ചെയ്യുന്നത്. ആൺ-

പെൺ ദ്വന്ദ്വങ്ങൾക്കിടയിലെ ജീവിതങ്ങളുടെ പ്രതിസന്ധികളെയും മറുമാണ് പെണ്ണപ്പൻ എന്ന കവിത പ്രതിനിധീകരിക്കുന്നത്. മീൻ നുള്ളുകയും അടുപ്പൂതുകയും അടിച്ചുവാരുകയും ചെയ്യുന്ന പെണ്ണപ്പൻ നാട്ടിലെ ആണപ്പൻമാർക്കിടയിൽ പരിഹാസകഥാപാത്രമാണ്. ചുറ്റിലുമുള്ള പരിഹാസങ്ങളെ നേരിടാൻ ത്രാണിയില്ലാതെ അലക്ക് കെട്ടില്ലാതെ ആറ്റിലേക്ക് ഇറങ്ങിപ്പോകുന്നുണ്ട് പെണ്ണപ്പന്റെ ഭാര്യ. ആണപ്പൻമാർ പണിതുകാണുമെന്ന കരക്കമ്പികൾക്കൊടുവിൽ പെണ്ണപ്പനും ആണപ്പൻമാരുടെയിടയിൽനിന്ന് ആറ്റിലേക്ക് ഇറങ്ങിപ്പോകുന്നു. കാലാകാലങ്ങളായി സമൂഹത്തിൽ നിലനിൽക്കുന്ന ആണധികാര ധാരണകളെയാണ് പെണ്ണപ്പൻ ചോദ്യം ചെയ്യുന്നത്. അതോടൊപ്പം നമുക്കിടയിൽ ജീവിക്കുന്ന ശബ്ദമില്ലാത്തവരുടെ ഘനഗംഭീരമായ ശബ്ദമായും കവിതയിലെ വരികൾ മാറുന്നു.

"പുരുഷാധിപത്യം തികഞ്ഞ വിവേചനങ്ങളോടെ ആണിനും പെണ്ണിനും തന്റെ അനുശാസനങ്ങൾക്കനുസൃതമായി തലമുറകളെ വളർത്താൻ കെട്ടിപ്പൊക്കിയ കുടുംബം എന്ന മനുഷ്യവിരുദ്ധ സ്ഥാപനത്തിൽ നിന്നാണ് പെണ്ണപ്പനും അയാളുടെ പെണ്ണും ഇറങ്ങിപ്പോകുന്നത്." 1

'ആദിയുടെ പെണ്ണപ്പൻ എന്ന കവിതാസമാഹാരം വായിക്കുമ്പോൾ' എന്ന ഉപശീർഷകത്തോടെ ദൈവം ആണോ പെണ്ണോ? എന്ന കവിതയിൽ

"ഇനി നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ
നിലവിളിക്കുന്ന ഒരു രൂപം മാത്രം ഓർക്കുക.
വിഷം, കുരിശ്, മരക്കൊമ്പ്, മടിത്തട്ട്:
പല രൂപങ്ങളിൽ മൃതി കാത്തിരിക്കുന്നതു
കാണുന്ന സ്നേഹത്തിന്റെ ഒരു പിടച്ചിൽ.
ഇനിയും കണ്ടുപിടിക്കപ്പെടാത്ത
ഒരു ഭ്രൂണം മുഴുവൻ പേരിടാത്ത നാടുകൾ
കാത്തുകിടക്കുന്നു, അകമോ പുറമോ
നേരെന്നറിയാത്ത, സർവ്വനാമങ്ങൾ
നിശ്ശബ്ദമാകുന്ന നാടുകൾ,
ജനിച്ചിട്ടില്ലാത്ത ഭാഷകൾ" 2

കവി സച്ചിദാനന്ദൻ എന്ന് രേഖപ്പെടുത്തുന്നു. സമൂഹത്തിൽ പിന്തള്ളപ്പെട്ടവരെ കണ്ടെടുക്കുകയാണ് പെണ്ണപ്പനെന്ന കവിത. ആദിയുടെ പെണ്ണപ്പൻ എല്ലാവരുടേതുമാകുന്നതിനോടൊപ്പം ഒറ്റയ്ക്ക് വൻമരം പോലെ നിലകൊള്ളുകയും ചെയ്യുന്നു.

""പെണ്ണപ്പൻ സംസാരിക്കുന്നത് കേവലം അലങ്കാരത്തെയോ ചമത്കാരത്തെയോ കുറിച്ചൊന്നുമല്ല. അതുകൊണ്ട് തന്നെ അത്തരത്തിലുള്ള ബാഹ്യമായ മോടികളോ വർണനകളോ കാൽപ്പനികതയോ ഒന്നും ഈ കവിതയിൽ ഇല്ല. ഇതിൽ തൊട്ടടുത്തുള്ള, അനുഭവിച്ചറിഞ്ഞ ജീവിതവും വളരെ ഭൗതികവുമായ കാര്യങ്ങളാണുള്ളത് ." 3

കേന്ദ്ര സാഹിത്യ അക്കാദമിയുടെ ഇന്ത്യൻ ലിറ്ററേച്ചർ ജേർണലിൽ കവിയായ സച്ചിദാനന്ദൻ വുമൺ ഡാഡ് (Women-Dad) എന്ന പേരിൽ പെണ്ണപ്പൻ വിവർത്തനം ചെയ്തിരിക്കുന്നത് ശ്രദ്ധേയമാണ്. സാഹിത്യത്തിന് ലിംഗഭേദമില്ല എന്നു വിളിച്ചു പറയുന്നതുകൂടിയായിരുന്നു ഈ വിവർത്തനോദ്യമം. എല്ലാവരെയും ചേർത്തുനിർത്താനുള്ള പ്രേരണയുള്ള ഊർജ്ജം കൂടിയാണ് സച്ചിദാനന്ദൻ വുമൺ-ഡാഡിലൂടെ വായനക്കാരിലെത്തിക്കുന്നത്.

മൂലകൃതി പ്രതിപാദിക്കുന്ന ലോകത്തിലെ വസ്തുക്കളല്ല വിവർത്തനത്തിന്റെ വിഷയം, അതിന്റെ ഭാഷാപരമായ രൂപീകരണമാണ് എന്ന ജെയിംസ് ഹോസിന്റെ നിരീക്ഷണം വിവർത്തനത്തിൽ ഭാഷയുടെ പ്രാധാന്യത്തെ അടിവരയിടുന്നു. വിവർത്തനപ്രക്രിയയിൽ ഭാഷാപരമായ ഘടകങ്ങൾ ചെലുത്തുന്ന സ്വാധീനം വലുതാണ്. വിവർത്തകരുടെ ഭാഷാജ്ഞാനം അവിടെ പ്രധാന ഘടകമാകുന്നു. പെണ്ണപ്പന്റെ വിവർത്തനത്തിലും ഇവ കാണാം. പെണ്ണപ്പൻ Women-dad ആയി മൊഴി മാറുന്നു. കഴിയുന്നതും ആശയത്തോട് ചേർന്നുനിൽക്കുന്ന തരത്തിലുള്ള മൊഴിമാറ്റമാണ് ഇവിടെ സംഭവിക്കുന്നത്. കൂടാതെ പുതിയ ഒരു പദം കൂടി സച്ചിദാനന്ദൻ ഭാഷയ്ക്ക് സംഭാവന ചെയ്യുന്നു. പെണ്ണപ്പന് സംഭവിക്കുന്ന അതേ മാറ്റം ആണപ്പനും സംഭവിക്കുന്നുണ്ട്- Men-dad. കവിതയിൽ ഒരിടത്ത് സച്ചിദാനന്ദൻ Women-dad നെ Dad-men ആക്കുന്നുമുണ്ട്.

മീൻ നുള്ളുക (skin the fish), അടുപ്പൂതുക (blow the kitchen fire), അടിച്ചു വാരുക (sweep the house) എന്നിവയിലും മൊഴിമാറ്റത്തിന്റെ ഇഴയടുപ്പം കാണാം. 'കരക്കാരു മുഴുവൻ വാ കീറു'മെന്നതിന് 'The villagers would scream' എന്ന് വിവർത്തനം ചെയ്തിരിക്കുന്നു. വാ കീറുക എന്നതിന്റെ തനത് ഭംഗിയും ശബ്ദവും പകരാൻ Scream നു പൂർണ്ണമായി കഴിയുന്നില്ല. 'അടീലുള്ളതൊക്കെയും ചീത്തതാണ് കൊച്ചേ' മൊഴിമാറ്റുമ്പോൾ 'Whatever is covered up is bad my child' എന്നാകുന്നു. ആദി അവതരിപ്പിക്കുന്നതിൽ നിന്ന് വ്യത്യസ്തമായി മറച്ചുവെക്കുന്നതൊക്കെയും മോശം എന്ന അർത്ഥമാണ് സച്ചിദാന്ദന്റെ വിവർത്തനത്തിലൂടെ ലഭിക്കുന്നത്. 'മുണ്ടു പൊക്കി നാണം കെടുത്തും' എന്ന് പറയുന്നിടത്ത് ആദി ഉദ്ദേശിക്കുന്ന അർത്ഥം വ്യക്തമാണ്. വിവർത്തനത്തിൽ അതിനു പകരമായി 'And lift their clothes revealing their tight balls and shame them all' എന്ന് വിശദീകരിച്ചു നൽകിയതായി കാണാം. പരിഹാസങ്ങൾ താങ്ങാതെ അമ്മ മരിച്ചതിനെ 'അലക്കുകെട്ടില്ലാതെയാറ്റിലേക്കിറങ്ങിപ്പോയി' എന്ന് ആദിയും 'My Mom went down the river this time without the bundle of dirty clothes' എന്ന് സച്ചിദാനന്ദനും അവതരിപ്പിക്കുന്നു. മണ്ണപ്പം earthen bread ഉം കണ്ണൻ ചിരട്ട വെറും coconut shell ഉം കണ്ടം field ഉം ആയി വിവർത്തനത്തിൽ മാറുന്നു.

"പെണ്ണപ്പന്റെ പിടിപ്പുകേട്!
ആണപ്പന്മാർ പണിതു
കാണുമെന്ന്
കരക്കമ്പി പോലും വന്നു"
എന്നത് വിവർത്തനത്തിൽ
"O, that women-dad's
Carelessness, Some men-dads
Must have done it to him,
So ran the gossip"

എന്നായി മാറുന്നു. പിടിപ്പുകേട്, പണിയുക, കരക്കമ്പി എന്നീ വാക്കുകൾ നൽകുന്ന വ്യതിരിക്തതയെ അനുഭവിപ്പിക്കാൻ വിവർത്തനത്തിന് സാധിക്കുന്നില്ല എന്നു കാണാം.

സാംസ്കാരിക വ്യത്യാസങ്ങൾ – കവിതയിലും വിവർത്തനത്തിലും

വിവർത്തനം ചെയ്യുമ്പോൾ വിവർത്തകർ നേരിടുന്ന പ്രധാന പ്രതിസന്ധിയാണ് മൂല-സ്രോതഭാഷകളുടെ സംസ്കാരങ്ങളിലുള്ള വ്യത്യാസം. പരമാവധി അതാത് സംസ്കാരങ്ങൾക്കനുയോജ്യമായ തരത്തിൽ, എന്നാൽ മൂലകൃതിയിൽനിന്ന് ഒരുപാട് വ്യത്യാസം വരാതെ വിവർത്തനം നടത്തുകയാണ് പതിവ്. എന്നിരുന്നാലും ഇത്തരം വിവർത്തനങ്ങളിൽ സാംസ്കാരിക സൂക്ഷ്മതകൾ സ്രോതഭാഷാവായനക്കാർക്ക് തിരിച്ചറിയാൻ പ്രയാസമായിരിക്കും. മൂലകൃതിയു

ടെ സംസ്കാരം സ്രോതഭാഷയ്ക്ക് പൂർണ്ണമായി വഴങ്ങണമെന്നില്ല. ഈ പ്രതിസന്ധികൾ പെണ്ണപ്പന്റെ വിവർത്തനത്തിലും കാണാൻ കഴിയുന്നു. പെണ്ണപ്പനിലെ അപ്പൻ ചെയ്യുന്ന പ്രവൃത്തികൾ -മീൻ നുള്ളുക, അടുപ്പൂതുക- വിവർത്തനത്തിലേക്കെത്തുമ്പോൾ – Skin the fish, Blow the kitchen fire - പദാനുപദതർജ്ജമ മാത്രമായി മാറുന്നു. ആണുങ്ങളെ പറയിപ്പിക്കുന്നതും You are a disgrace to all men! എന്നതും അർത്ഥപരമായി മാത്രമല്ല, മനുഷ്യർ ജീവിക്കുന്ന ചുറ്റുപാടുകൾക്കനുസരിച്ച് കൂടി വ്യത്യാസം വരുന്നു. പറയിപ്പിക്കുക എന്നത് പ്രകടമാക്കുന്ന അർത്ഥത്തിന്റെ ആഴം ഇംഗ്ലീഷ് തർജ്ജമയ്ക്ക് നൽകാൻ സാധിക്കുന്നില്ല. കഴിയാനയെ പിടിക്കുക, കണ്ണൻചിരട്ടയിൽ മണ്ണപ്പം ചുടുക ഇവ പകരുന്ന ജീവിതചിത്രം അത്രതന്നെ ഗാംഭീര്യമുള്ളതാക്കാൻ 'Letting go the ant-lion', 'Looking for a coconut shell to bake earthen bread' എന്നിവയ്ക്ക് കഴിഞ്ഞിരിക്കുന്നു എന്നു തോന്നുന്നില്ല. കാരണം നമുക്ക് പരിചിതമായി ചുറ്റുപാടിലൂടെയാണ് പെണ്ണപ്പൻ സഞ്ചരിക്കുന്നത്. ലക്ഷ്യഭാഷയിൽ സമാനമായ ചുറ്റുപാട് ആവണമെന്നില്ല. വിവർത്തനകവിത വായിക്കുന്ന ഇതരസംസ്കാരത്തിലുള്ള വായനക്കാർക്ക് കുറിപ്പുകളുടെ സഹായത്തോടെ ഇത്തരം കാര്യങ്ങൾ മനസ്സിലാക്കാമെങ്കിലും അനുഭവപൂർണമാക്കുന്നതിൽ അപൂർണ്ണത അനുഭവപ്പെടാം.

ഭാഷാപരമായ പ്രത്യേകതകളും സാംസ്കാരികവ്യത്യാസങ്ങളും ഏതൊരു വിവർത്തനത്തിലും സൃഷ്ടിക്കുന്ന പ്രതിസന്ധികൾ പെണ്ണപ്പന്റെ വിവർത്തനത്തിലും സംഭവിച്ചിട്ടുണ്ട്. ചിരപരിചിതമല്ലാത്ത വാക്കുകളും സാമൂഹികചുറ്റുപാടുകളും വിവർത്തനത്തെ ദുസ്സഹമാക്കുന്നതായി അനുഭവപ്പെടുന്നുണ്ട്. തീർത്തും നാടൻപ്രയോഗങ്ങൾ പലയിടങ്ങളിലായി ഉപയോഗിക്കുന്നതിലൂടെ ആദി ഉദ്ദേശിക്കുന്ന അനുഭവപ്പെടലിന്റെ തീവ്രതയ്ക്ക് വിവർത്തനത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടാകുന്നുണ്ട്.

കവിതയുടെ സത്ത ചോരാതെയുള്ള സച്ചിദാനന്ദന്റെ വിവർത്തനശ്രമം ആശാവഹമാണ്. വിവർത്തനപ്രക്രിയ എത്രമാത്രം സങ്കീർണവും ഉത്തരവാദിത്തപൂർണവുമാണെന്നതിന് പെണ്ണപ്പന്റെ വിവർത്തനം മികച്ച ഉദാഹരണമാണ്. ആദിയുടെ കവിതയ്ക്ക് അന്താരാഷ്ട്രതലത്തിൽ വായനകളുണ്ടാകാൻ ഉതകുന്ന വിവർത്തനമാണ് വുമൺ-ഡാഡ് (Women-dad) എന്നതിൽ സംശയമില്ല. സർഗാത്മകതയ്ക്ക് ലിംഗഭേദമില്ലെന്ന ആശയത്തെ പെണ്ണപ്പനും വുമൺ-ഡാഡും ഒന്നുകൂടി അരക്കിട്ടുറപ്പിക്കുന്നതോടൊപ്പം എഴുത്തിനെ കൂടുതൽ ജനാധിപത്യവത്ക്കരിക്കുക എന്ന കർത്തവ്യം കൂടി പെണ്ണപ്പന്റെ വിവർത്തനത്തിലൂടെ സാധിക്കുന്നു.

കുറിപ്പുകൾ

1. ജൂലി ഡി. എം, മലയാളകവിതയുടെ മാറുന്ന മുഖം, https://jnanabhasha.com/malayalakavithayude- maarunnamukham-troll-julidm/

2. സച്ചിദാനന്ദൻ, ദൈവം ആണോ പെണ്ണോ?, https://kavishala.com/nayaSahitya/saccidanandan/daivam-anea-pennea-saccidanandan-elutiya-kavita

3. ആ കവിതയ്ക്ക് 'പെണ്ണപ്പൻ ' എന്നതിനേക്കാൾ രാഷ്ട്രീയം പറയുന്ന വാക്കില്ല, സാഹിത്യ അക്കാദമി അവാർഡ് അപ്രതീക്ഷിതം https://www.newsmalayalam.com/article/newsroom/that-poem-does-not-know-the-political-word-more-than-pennapan-the-sahitya-akademi-award-is-unexpected

റഫറൻസ്

1. Lefevere, Andre., Translation History Culture: a source book, Routledge, London, 1992.

2. ആദി, പെണ്ണപ്പൻ, ധ്വനി ബുക്സ്, കോഴിക്കോട്, 2022.

3. വിശ്വനാഥ അയ്യർ, എൻ. ഇ., വൃത്തവിചാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1996.

4. Indian literature, Kendra Sahithya Academy, Issue number 340, March-Apil 2024.

5. സുനിൽ പി ഇളയിടം, കവിതയിലെ ഇതരലോകങ്ങൾ, ട്രൂ കോപ്പി തിംഗ്, 2023. https://truecopythink.media/literature/sunil-p-ilaydom-writes-about-aadhis-poetry-pennappan

6. ഷിജി എം. കെ, സാഹിത്യത്തിൽ ചിലർക്ക് മാത്രമാണ് മേൽക്കൈ, മലയാളംടിവി 9, 2024. https://www.malayalamtv9.com/kerala/poem-pennappan-author-aadhi-open-up-queer-experience-and-hardship-face-as-a-non-binary-person-to-tv9-malayalam-exclusive-interview-2051500.html

7. കവിത രേണുക, ആ കവിതയ്ക്ക് 'പെണ്ണപ്പൻ' എന്നതിനേക്കാൾ രാഷ്ട്രീയം പറയുന്ന വാക്കില്ല, സാഹിത്യ അക്കാദമി അവാർഡ് അപ്രതീക്ഷിതം, ന്യൂസ് മലയാളം 24x7, 2024. https://www.newsmalayalam.com/article/newsroom/that-poem-does-not-know-the-political-word-more-than-pennapan-the-sahitya-akademi-award-is-unexpected

8. സച്ചിദാനന്ദൻ, ദൈവം ആണോ പെണ്ണോ?, https://kavishala.com/nayaSahitya/saccidanandan/daivam-anea-pennea-saccidanandan-elutiya-kavita

9. ജൂലി ഡി. എം, മലയാളകവിതയുടെ മാറുന്ന മുഖം, ജ്ഞാനഭാഷ മൾട്ടി ഡിസിപ്ലിനറി ഓൺലൈൻ പിയർ റിവ്യൂഡ് ജേണൽ, 2024
https://jnanabhasha.com/malayalakavithayude- maarunnamukham-troll-julidm/

10. കേൾക്കണം കേരളം ഈ ശബ്ദങ്ങൾ, https://thecritic.in/about-the-book-kelkkatha-shabdangal/

11. വിജയരാജമല്ലിക, വെളിച്ചം മങ്ങിയ ഭൂഖണ്ഡങ്ങളിലേക്കുള്ള തുറവികൾ,
https://thecritic.in/vijayaraja-mallika-on-aadhis-poems/

12. പെണ്ണപ്പൻ ഒരു മോശം വാക്കല്ല, https://youtu.be/4M3d42uAOr0

23

Resistance against Religious Ethnocentrism and Misogyny in Cerridwen Fallingstar's The Heart of the Fire: A Novel

Jasna Jalal
Research Scholar , Post Graduate and Research Department of English
TKM College of Arts & Science, Kollam
University of Kerala, India

Abstract
Ethnocentrism refers to a form of centrism that is either ethnic or cultural specific in nature. It comprises of a credence in the dominance of one's own group, its values and practices whereby expressing disdain, abhorrence and resentment towards those outside the group. This has been further extended to the realm of religion by psychologist Bob Altemeyer to signify the concept of ethnocentrism among religious groups. This paper attempts to examine Cerridwen Fallingstar's The Heart of the Fire: A Novel (1990) to understand how religious ethnocentrism subjugates certain sects of people who follow alternate belief traditions that contrast mainstream religious systems and the way it generates misogynistic attitudes. It also seeks to highlight the relevance of the female-centric resistance to oppression inflicted by a patriarchal structure through religion and religious practices.

Keywords:
Ethnocentrism, Religious ethnocentrism, Religion, Misogyny, Resistance, Oppression, Patriarchy

The term ethnocentrism was first used by William Graham Sumner who was a sociologist and his work Folkways: A Study of the Sociological Importance of Usages, Manners, Customs, Mores, and Morals (1906) explains ethnocentrism as the "view of things in which one's own group is the centre of everything, and all others are scaled and rated with reference to it" as "each group nourishes it's own pride and vanity, boasts itself superior, exalts it's own divinities, and looks with contempt on outsiders" (Sumner, 1906, p. 17).

Sumner further adds that ethnocentric tendencies lead individuals to amplify as well as intensify everything in relation to their own specific ways to differentiate themselves from others. It thereby makes the individual more rigid in accepting those who are culturally similar and rejecting the unlike by developing intense feelings of cohesion with the group by means of commitment and camaraderie among group members. He correspondingly cites ethnocentrism as a means that helps ethnic groups to survive and exist amidst threats from enemies.

Though the term is related to ethnocultural groups, it has been widely adopted and used in different disciplines to indicate the characteristics of all kinds of groups based on numerous grounds like gender, political preference, religious affiliation and so on.

Ethnocentrism is generally apprehended as an ideological system relating to groups as well as group relations. Under ethnocentrism, a division is brought between "ingroups" (groups with which an individual identifies himself) and "outgroups" (groups with which an individual lacks a hold of belonging and regards as opposite to ingroups).

Such a distinction is used in the social environment to attain positive self-esteem by ascribing themselves as possessing positive traits while ascribing others as having negative traits. This follows a comparison of the characteristics of both the categories and places the ingroups as superior to outgroups since the former derive a positive social identity by marginalising the latter.

Another significant aspect of ethnocentrism is outgroup rejection since they are perceived as objects of undesirable thoughts and intimidating attitudes. As inter-group competition leads to heightened ingroup favouritism, solidarity and pride, it intensifies outgroup prejudice and hostility. The ingroup members exhibit antagonistic attitudes towards the outgroup as it poses a threat to the social position of the former and both of them are competing for the same scarce resources, status, power and privileges.

Thus, the interests and choices of the ingroups are outweighed while the outgroups are negated. Ingroups also evolve as the objects of positive opinions and uncritically supportive attitudes. As T. W. Adorno et al. say in the work The Authoritarian Personality:

Ethnocentrism is based on a pervasive and rigid ingroup-outgroup distinction; it

involves stereotyped negative imagery and hostile attitudes regarding outgroups, stereotyped positive imagery and submissive attitudes regarding ingroups, and a hierarchical, authoritarian view of group interaction in which ingroups are rightly dominant, outgroups subordinate. (Adorno et al. ,1950, p.150)

An ethnocentric individual rejects or shows dislike and treats the members of other groups socially as subordinates. He or she feels threatened by the group which fails to generate a sense of belonging hence opposing and viewing them as alien. Morality, ability and development of ingroups are taken as higher in respect to power and status. They feel mistreated and victimised in such instances when their status is lowered or endangered.

Efforts by subordinate groups to improve their status or position in society are apprehended as threats since they are supposed to be obedient and loyal. Accusations against ingroups often tend to be moralistic and mutually contradictory. Though ingroups are weaker than outgroups, they resist their submission to the dominance of the outgroups who try to maintain or recapture their superior position.

In all respects, ingroups are regarded as the opposite of outgroups. The social interactions between two groups are hierarchical and authoritarian in nature and the ingroup-outgroup distinction serves as the basis of an individual's social thinking.

Though most usages of the term ethnocentrism centre around the supremacy of ingroups, alternate opinions are offered by some anthropologists like A. L. Kroeber who regards it as a phenomenon where other cultures are judged on the basis of one's own culture. Similarly, philosopher Tzvetan Todorov regards ethnocentrism as an indiscriminating belief that judges one's cultural values as the only valid ones and they should be treated as relevant everywhere.

Religion and Ethnocentrism

Religion, though often associated with positive notions such as compassion, hospitality and solidarity, becomes a cause of discrimination, intolerance and prejudice towards certain groups as religion and ethnocentrism are mutually related. Religious people adopt a religion-centric stance where they consider their religion as the only true religion and display an unfavourable attitude towards other religious groups. Religious saliency deeply influences ethnocentric attitudes and plays a major role in creating factions. Boris Bizumic discusses several connections between religion and ethnocentrism. Religion, being a characteristic element of ethnic groups and hence giving it strong importance within an ethnic group is a marking feature of ethnocentrism.

Religion also functions as a tool to validate ethnocentrism. Religious beliefs, myths and stories are used by many ethnic groups to evoke a sense of devotion and unity among members hence generating religious superiority of oneself and exclusionary tendencies towards other religious sects which in turn marks ethnocentrism.

In general, ethnocentric individuals tend to be more religious. T. W. Adorno along with his colleagues, in the work The Authoritarian Personality (1950), state ethnocentric individuals often claim themselves as religious, regard religion as a vital

element in their life and involve in habituate religious practices.

Adorno cites nine sub-syndromes associated with authoritarianism which can also be the traits of an extremely religious person. It includes conventionalism, authoritarian submission, authoritarian aggression, anti-intraception, superstition and stereotypy, power and toughness, destructiveness and cynicism, projectivity and concern with sex. Religious extremity among ethnocentric individuals later evolves into religious fundamentalism, violence and persecution.

Certain religious groups that are organised under a set of common religious beliefs often claim to possess a unique culture which in turn becomes a factor for ethnocentrism. As a result, religious groups evolve into a particular kind of cultural group where religion becomes the factor for determining group affiliations rather than ethnicity. Religious ethnocentrism is the term used by psychologist Bob Altemeyer to indicate the aspect of ethnocentrism in relation to religious groups and it negates the common conception of ethnocentrism as only related to ethno-cultural groups.

Altemeyer explains religious ethnocentrism as a discriminating tendency among the members of a specific religious group to make judgements and have unfavourable attitudes to other religious groups on the basis of religious identity, beliefs and practices. Accepting the traditions of a certain religion and possessing the approach that one's own religious principles contain the fundamental, basic, intrinsic, indispensable and inerrant reality about humankind as well as divinity also account for religious ethnocentrism.

Conventional religions and associated practices exhibit religious ethnocentric tendencies. It normalises the ferocity and violence inflicted in the name of religion as seen in events such as Inquisition. Religions also exert a greater force in stratifying the social system in terms of gender. It assigns certain roles to certain categories thereby giving rise to gender disparity that privileges men and marginalises others.

Religions also produce a male-oriented, rigid, patriarchal power structure that displays hatred and prejudice towards other sections, chiefly women. Witch persecutions that happened over centuries are typical instances of misogyny towards women who followed and practised a belief system that honoured women in opposition to traditional, malecentric religions.

Religious Ethnocentrism and Misogyny in The Heart of the Fire: A Novel

Cerridwen Fallingstar's The Heart of the Fire: A Novel (1990) is set in sixteenth-century Scotland during the period of King James VI. Witchcraft was practised at all levels of Scottish society ranging from the learned elite to the common folk. They were interested in necromancy and it later evolved to accusation of diabolical witchcraft or Devil worshipping.

Though the Scottish Witchcraft Act of 1563 condemned both necromancy and witchcraft, witchcraft persecutions in Scotland were at their peak during the late sixteenth-century. Surge in witch-hunts was also inspired by ruling classes, ministers and lay judges who desired to purge any form of deviance or heresy.

The expansion of the Protestant Church to Lowland regions of Scotland along with the kirk sessions functioning as moral police force also played a major role in persecutions. It guided parishioners against sin, immorality, superstition, corruption and unlawful sex that shaped later witch -hunts.

The violent storm that occurred after the returning journey of the marriage of King James VI and Anne of Denmark culminated in the sensational North Berwick witch-hunt . It was also followed by James' treatise Daemonologie (1597) that added fuel to witch persecutions of 162831, 1649-50 and 1661-62.

Around 80 to 85 percent of accused were women while remaining 15 to 20 percent were men (Briggs, 1996, p.260). In most cases, women who stood outside the rigid frames of patriarchy such as widows and unmarried women were subject to accusation and persecution.

The Heart of the Fire: A Novel (1990) by Cerridwen Fallingstar presents a pre-iandustrial rural Scottish society and the protagonist is Fiona Mcnair, a peasant girl from the village of Glen Lochlan. Her grandmother, Anu is a hereditary witch who practices wort cunning and is also the leader of the village coven. She teaches Fiona herb craft, healing and magic so that she can be the next priestess of the coven.

Fallingstar portrays the relevance of cunning folk as an integral part of the village community and the social position they enjoyed in society. They were called 'wise women' and had greater knowledge of herbs and plants. They enjoyed wider acceptance and faith in their practice from the people as they were cheap and trustworthy.

A major section of the society relied upon cunning folk for various purposes like medical treatments, healing with potions and spells, delivering babies, curing male impotence and female infertility, predicting the future, locating thieves or lost property, casting or removing curses, advising the lovelorn and making peace between the neighbours.

Despite the popularity and acceptance of cunning folk, members of their own community often raised accusations and depicted mistrust against them. When witch hunts gained momentum in the Middle Ages, the separating line between advantageous magic and harmful magic became thin. Cunning women came to be regarded as disciples of the Devil and several of them were persecuted as well as executed by charging the offence of witchcraft.

Religions like Christianity played a major role in igniting fear and suspicion of earlier paganistic traditions like healing, herb craft, magic and witchcraft. Witchcraft came to be regarded as "a sin of treason, treason against God and King" (Fallingstar , 1990, p.611).

Scotland had one of the strictest legal codes against beneficial magic in Europe, which targeted both cunning folk and their clients. The influence of clergy on the judiciary was so intense that complaints brought before ecclesiastical courts were passed on to secular courts. Reports and testimonies gathered by presbyteries and

kirk sessions served as the basis to employ local commissions to trial witches.

The author draws on the uneasy coexistence between Christianity and cunning folk that prevailed in Scotland during the sixteenth century to depict how religious ethnocentrism subjugates certain sects of people who follow alternate belief traditions and how it generates misogynistic attitudes.

Sean, Lord Lochlan's son, is a strong proponent of Christianity and a learned man in Latin. He is a religious fundamentalist, patriarch and follows the teachings of the village priest. Though he loves Fiona, he vehemently rejects her independent individuality and her practice of magic. He forces her to follow the ideal notion of womanhood as instigated by religion and shows misogynistic tendencies when Fiona attempts to transcend his conceptions. Though he desires to be a pagan than a Christian, his cowardice and overreliance on religious teachings prevent him from gaining the life he desires.

Sean and Fiona are in fact extreme opposites. Sean represents a religious ethnocentric individual who follows strict religious conventions, rejects alternate modes of practices and supports patriarchy as propounded by religion. Fiona, on the other hand, stands for a liberated individual who chooses to live a life of happiness and follow an alternate pagan tradition that supports life systems.

When Fiona expresses her feminine potential to choose between whether or when to have a child or not, Sean calls such a choice on the part of the female self "witchery" (Fallingstar, 1990, 264). He also rejects the idea of having more than one sexual partner and takes sexual intimacy as a sin in strict alliance with religious doctrines. But Fiona regards both acts as self-satisfying and pleasurable to which Sean responds by calling her a witch and harlot.

Fiona's sexual intimacy with Annie also emerges as a threat to religion, patriarchy and heteronormative bisexuality. The men in the village view her both as inaccessible as well as jeopardising. Her life as a practitioner of craft marks her as the 'other' who violates social conventions and religious norms. She emerges as a figure of challenges that questions and subverts male supremacy as propagated by fundamentalist religious ideology. Other reasons such as sexual jealousy and revenge also act as instruments for misogyny and violence against her.

Mainstream conventional religions are patriarchal in nature and most of their associated practices are entitling a few while marginalising the majority. Local kirk sessions served as edifying disciplinary meetings that instruct moral and sexual behaviours to the transgressing community.

The reformers aimed at establishing a godly society in alliance with the church and objected to certain customs having pagan connections. Witchcraft persecutions across Europe during the late fifteenth and sixteenth centuries were facilitated by the efforts of kirk sessions who contemplated witchcraft as an evil to be stamped out.

The priest also functions as a chief figure of religious ethnocentrism and misogyny.

When Sean confesses about his sexual relationship with Fiona to the priest, he calls Fiona "witchy blood", "an enchantress" (Fallingstar, 1990, p. 268) who ensorceled Sean. He then performs prayers, candle rituals and washes Sean's body in holy water to free him from devil's act.

The priest also rejects and openly scoffs at the paganistic traditions followed by Fiona and her family in honouring nature such as harvest rituals. As witch–hunting gains prominence, he exhorts the whole community during local kirk sessions to engage in exterminating alternate belief traditions such as "the foul arts of sorcery" (Fallingstar, 1990, p.300) that stand in opposition to the ideologies proposed by Christianity.

Women possessing healing powers like Annie are seen as frightening and her rejection of Crosby's marriage proposal intensifies misogyny. When Jessica says to him, "Annie is a priestess. No man can own her. Her true husband is the Horned God, and what he bids her do, so must she do. If you would have a woman be your chattel, marry a Christian. A woman like Annie – or me – cannot be owned" (Fallingstar, 1990, p.336-337).

Likewise, when Fiona denies Sean's demand for sexual favour, he intimidates her saying, "Fiona has never gone to kirk. She goes not to kirk because she is a witch. She's a witch who has enchanted me" (Fallingstar, 1990, p.555). Later he blames Fiona for his unhappy married life and quotes the priest who told him witchcraft is the outcome of women's insatiable lust.

The physical, mental and sexual tortures inflicted by witch hunters on Annie and Fiona is the ultimate explosion of patriarchy as a punishment to those who attempt to outlive the suppressions inflicted by male supremacy. Fiona is gang raped by a dozen village men and the sexual violence happens in the name of religious fundamentalism under the leadership of a village priest. Rape is also used to humiliate and demoralise the victim under a male-centric system and misogyny normalises it to claim its dominance.

Sexual violence inflicted upon the female body is seen as a means of purging the religion and it instils a sadistic satisfaction in perpetrators. The priest says, "Come on lad, renounce the devil. This will heal you. You've been bewitched, this will help break the spell." (Fallingstar, 1990, p. 607) and the witch-hunter shouts, "The bitch has laid hold of your senses - resist it, resist the enchantment, this will break it... Your immortal soul is at stake. Purge yourself. Purge, or burn with her" (Fallingstar, 1990, p.607 - 608).

In fact, sexual violation of the female body is a reaffirmation by patriarchy that women are physically and sexually within the boundaries defined, marked and controlled by a male-centric system and reiterates the severity of outcomes suffered by those who strive to transgress it.

Religion, its ideology and practices further operate as tools to intensify this victimisation and injustice. The cleansing act ends with Fiona's accusation as a witch

and her punishment by burning at the stake which furnishes a warning to all those who don't fit to the frames of a rigid system.

Resistance through Reliance on Feminine Power

Fiona and other female figures in The Heart of the Fire (1990) resist subjugation afflicted by religion and patriarchy by relying on an alternate paganistic belief system and realising the potential of the feminine self. From childhood, Fiona and Annie expressed their desire to know about the craft and practice it since they knew it gave Anu (Fiona's grandmother) and other practitioners a sense of power and respect from villagers. The villagers depended on them and they called Anu a wise woman. Fiona says:

She (Gran) is not very tall for a woman, nor broad, but the strongest men in Glen Lochlan bow their heads and acknowledge her when she passes by, and the woman curtsey. No, Gran is not afraid of anyone. Everyone in the village owes their loyalty to Lord Lochlan, but even in his presence she is as haughty as a queen. It is my grandmother, or her best friend Mina, the people come to when they are sick, and it is they who know everything there is to know about plants and how they may help us. (Fallingstar, 1990, p.13)

Then she adds:

I think longingly of when I will again be able to visit with Gran and Mina, asking them questions and watching the magic work they do that is so much more exciting than the drudgery of cooking and cleaning and sewing that my mother does. (Fallingstar, 1990, p.18)

The practice of craft builds in Fiona and Annie a sense of empowerment that crumbles the existing patriarchal dispositions on femininity and feminine roles. The knowledge of herbs, and the ability to heal and control events like childbirth implant an authoritarian impulse over oneself. Fiona also realises the prospect of reproductive power in womanhood and exercises the privilege of choice in reproduction which is not granted under patriarchy. She states:

I feel my power as a woman, priestess who owns herself, who chooses consciously, as I have ever felt it before. And I feel in myself the power of the oak and the willow and the apple tree in blossom that may one day bear fruit. It is my choice. (Fallingstar, 1990, p. 275)

And she affirms:

When I grow up, I think to myself firmly, I will not have children. I will learn everything Gran and Mina know about herbs, everything Sarah knows about helping babies come. And whatever the men in the coven know, yes I'll learn that too. And when I walk by, people in the village will nod to me and drop their eyes as they do with Gran. (Fallingstar, 1990, p.19)

It is the same body that Fiona uses as a weapon to fight against patriarchy and suffers oppression in the hands of religious fundamentalists. When Sean forces her

to have his child, she strongly repels and says, “Neither you nor any man can force me to bear... We’re not animals! I’m not a heifer to bear a calf every year, nor a chicken to lay an egg every day” (Fallingstar, 1990, p. 283).

Fiona also defends her paganistic faith to Sean’s accusation as witch and says, “Anyone who spends time on the earth and with the plants of the earth might know-will quickly learn-... may quickly learn how to avail herself of the natural powers around her. There’s nothing of Satan in this” (Fallingstar, 1990, p. 283). She later defies her lover, Alain’s suggestion to leave the village and travel with him, emphasising her individuality as not succumbing to male choices.

Annie voices her repulsion to patriarchy and asserts self-reliance when she says, “ I do as I please, and fear no man, and have no master but what my heart tells me” (Fallingstar, 1990, p. 294). Both Fiona and Annie share intense female companionship offered as part of their pagan faith and neither of them fears the loss of their camaraderie as Annie says, “Once we marry, I’m afraid he’ll think he owns me!... Who knows if I would ever see you - or if he would even allow me to go to coven meetings?” (Fallingstar, 1990, p. 333). She feels faultless and fulfilled through her pagan faith and Fiona’s company.

Fiona’s grandmother, Anu too displays resistance to bodily duties imposed upon the female body by religion and society. She teaches Fiona and Annie the autonomy of the female self and body to choose when to bring a new life to the world and makes them realise their unique responsibility. Anu says:

Remember girls, you are not breeders. One or two bairns if you wish. Not so many as to turn you from your true purpose. The world is full of women who can bring forth children, there are very few of us indeed, women of the sun and moon, women who heal the earth and midwive her bringing forth. We must survive. Without our magic, all the cycles which seem so much larger than us, the tides and the earth’s turning, the bow, disk and horns of the moon, the times of planting and of harvesting, without us, and our power, all will go awry. (Fallingstar, 1990, p. 276- 277)

She also helps Jonet, who is an ardent Christian to terminate her pregnancy and consoles her that it is not a sin. She says, “It is no sin to say no to a spirit that you cannot survive bringing forth” (Fallingstar, 1990, p. 41).

Anu is a staunch proponent of an alternate practice that is in opposition to Christianity and attacks Christianity. She advises Fiona, “Dinna go wringing your hands together like that woman. Never, ever, ever. Keep your palms open ... and good fortune will find them. Leave this wringing and praying and clasping of hands together for idiots and once-borns” (Fallingstar, 1990, p. 42), and adds, “One wonders if humans were so stupid before Christianity or if Christianity has made them so. I seem to recall that at one time in the world, there was more good sense than there is now” (Fallingstar, 1990, p. 42-43).

She also trusts her inner self and rejects external forces. In contrast to all these female figures, Fiona’s sister, Eostre adopts a different form of resistance to religious

fundamentalism and scorns both the coven and kirk. She says, “If witches cannot save themselves from fire in this world and Christians must face it in the next, what’s the use” (Fallingstar, 1990, p. 564).

Conclusion

Cerridwen Fallingstar’s The Heart of the Fire: A Novel (1990) opens up the significance of a new mode of resistance to religious ethnocentrism, patriarchy and misogyny that relies on the practice of a paganistic, gynocentric belief system or mode of knowledge meant as witchcraft. Religion dictates unequal gender relations by prescribing certain patterns of behaviour and roles that ultimately end up in inequality, intolerance and subjugation. Instead, witchcraft emerges as a counter-practice that ensures autonomy, empowerment, peace and consolation in place of conventional mainstream religious systems that are androcentric and oppressive.

Works Cited

Adorno, T. W., et al. (1950). The Authoritarian Personality. New York : Harper and Row.

Altemeyer, Bob. (2003). Why Do Religious Fundamentalists Tend to be Prejudiced? The International Journal for the Psychology of Religion,13(1), 17-28. Taylor & Francis Online, https://doi.org/10.1207/S15327582IJPR1301_03.

Bizumic, Boris. (2016). Ethnocentrism. ResearchGate, www.researchgate.net/publication/290997274.

Briggs, Robin. (1996) . Witches and Neighbours : The Social and Cultural Context of European Witchcraft . London : HarperCollins.

Capucao, Dave Dean. (2010). Religion and Ethnocentrism: An Empirical-Theological Study. Boston: Brill.

Fallingstar, Cerridwen. (1990). The Heart of the Fire: A Novel. San Geronimo : Cauldron Publications.

Goodare, Julian, et al., editors. (2008). Witchcraft and Belief in Early Modern Scotland. New York: Palgrave Macmillan.

Henderson, Lizanne. (2016) .Witchcraft and Folk Belief in the Age of Enlightenment : Scotland , 1670-1740. London : Palgrave Macmillan.

Normand, Lawrence, and Gareth Roberts, editors. (2000) Witchcraft in Early Modern Scotland: James VI’s Demonology and the North Berwick Witches. Exeter: U of Exeter P.

Sumner, William Graham. (1906). Folkways: A Study of the Sociological Importance of Usages, Manners, Customs, Mores, and Morals. Boston: The Athenaeum P.

24

കളരിപ്പയറ്റ്– കേരളക്കരയുടെ ആത്മരക്ഷാപദ്ധതി

ഡോ. ബീനാകൃഷ്ണൻ എസ് കെ
പ്രൊഫസർ, ഗവൺമെൻറ് കോളേജ്, നെടുമങ്ങാട്

പ്രബന്ധസംഗ്രഹം

ഒരു ദേശത്തെ മറ്റു പ്രദേശങ്ങളിൽ നിന്നു വേർതിരിക്കുന്ന ഘടകങ്ങൾ ഒട്ടേറെയുണ്ട്. ഭൂമിശാസ്ത്രവും പ്രകൃതിയുടെ ഘടനയും അവയിൽ മുഖ്യമായ രണ്ട് അംശങ്ങളാണ്. ഒരു ജനതയെ തിരിച്ചറിയാൻ സഹായിക്കുന്ന വ്യക്തിത്വം സംസ്കാരം തന്നെ. ചരിത്രവും വിശ്വാസങ്ങളും പാരമ്പര്യവും ആചാരമര്യാദകളും എന്നുവേണ്ട, പാരമ്പര്യ ചികിത്സാരീതികളും കായികകലകളുമൊക്കെ കൈകോർത്തുനിൽക്കുന്ന ഒരു സാംസ്കാരിക സ്ഥാപനമാണ് നമ്മുടെ കേരളം. ഭൂമിശാസ്ത്രപരമായി ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്ന് അല്പം വേർതിരിഞ്ഞാണ് കിടപ്പെങ്കിലും അയൽ സംസ്ഥാനങ്ങളുടെ പൈതൃക പാരമ്പര്യങ്ങൾ കേരളസംസ്കാരത്തെ സ്വാധീനിച്ചിട്ടുണ്ട്. ജീവൻരക്ഷ ഉറപ്പാക്കാനായി ശത്രുവിനെ കീഴ്പ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടെ ചിട്ടപ്പെടുത്തിയ ശാരീരികാഭ്യാസമാണ് ആയോധനകല. എല്ലാ ജീവജാലങ്ങൾക്കും ഇതിനു തനതായ ശീലങ്ങളുണ്ട്. ആയുധമില്ലാതെയും ആയുധമുപയോഗിച്ചും നടത്തുന്ന സുരക്ഷാപ്രവൃത്തികൾ കളരിയഭ്യാസത്തിന്റെ ചിട്ടയിൽപ്പെടുന്നു. സൂക്ഷ്മമായി പരിശോധിച്ചാൽ ആയോധനവിദ്യ കലകളുടെയാണെന്ന് ബോധ്യപ്പെടും. ആത്മരക്ഷാപദ്ധതി എന്ന നിലയിൽ കളരിപ്പയറ്റിനെ വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധത്തിൽ.

താക്കോൽ വാക്കുകൾ
നിഷ്പത്തി, പ്രചാരം, നിർമ്മിതി, മെയ്യൊരുക്കം

ആമുഖം

മധ്യകാലഘട്ടത്തിലും ആധുനികയുഗത്തിന്റെ ശൈശവഘട്ടത്തിലും വിശേഷിച്ച് പതിനഞ്ചാംനൂറ്റാണ്ടിനും പതിനേഴാംനൂറ്റാണ്ടിനും ഇടയ്ക്കുള്ളകാലഘട്ടത്തിൽ മലയാളഭൂമി സംയോജിതമായ ഒരു രാജ്യമായിരുന്നില്ല. അനവധി പ്രവിശ്യകളായി വിഭജിക്കപ്പെട്ടു കിടന്ന ഒരു ഭൂപ്രദേശമായിരുന്നു കേരളം. ഓരോ പ്രവിശ്യക്കും ഓരോ ക്ഷത്രിയ രാജാവുണ്ടായിരുന്നു. ആ കാലഘട്ടത്തിൽ ഇവിടത്തെ കായിക കലാ സംസ്കാരമായി അംഗീകാരം നേടിയ ഒരായോധനമുറയാണ് കളരിപ്പയറ്റ്. ദേശരക്ഷയെക്കരുതി ഓരോ നാട്ടുരാജ്യവും സ്വന്തം സേനകൾക്കു രൂപം നൽകി. സ്വാഭാവികമായും സൈനികരെ യുദ്ധമുറകൾ പരിശീലിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമായി. ക്ഷത്രിയ രാജാക്കന്മാരും നാടുവാഴികളും മാത്രമല്ല. ഉന്നതകുലജാതരായ വനിതകളും യുദ്ധമുറകൾ അഭ്യസിക്കാൻ തുടങ്ങി. ജാതിമതങ്ങൾ നോക്കാതെ ചെറുപ്പക്കാർ സൈനികമുറകൾ പരിശീലിച്ചു പോന്നു. അക്കാലത്ത് ദേശിംഗനാട് (ഇന്നത്തെ കൊല്ലം) വേണാടിന്റെ അഞ്ചു ഭാഗങ്ങളിൽ ഒന്നായിരുന്നു. പതിമൂന്നാം ശതകത്തിനും പതിനാറാം ശതകത്തിനുമിടയ്ക്ക് ദേശിംഗനാട്ടിൽ കളരിപ്പയറ്റിൽ വിദഗ്ധകളായ വനിതകളുടെ ഒരു സേനയുണ്ടായിരുന്നു.തെക്കൻ തിരുവിതാംകൂറിലെ കളച്ചൽ എന്ന ദിക്കായിരുന്നു ഇവരുടെ സ്വദേശം. ആയോധനത്തിനുകൂടി പ്രയോജനം ചെയ്യുന്നതാണ് നൃത്തത്തിനുള്ള ചുവടുവയ്പുകളെന്നും 'ആരഭടി' എന്ന നാട്യക്രിയ പടയാളികളിൽ നിന്നു സ്വീകരിച്ചുവെന്നുമുള്ള ഭരതമുനിയുടെ വെളിപ്പെടുത്തൽ ആയോധനവിദ്യയും നാട്യകലയുമായുള്ള അടുപ്പത്തിനു തെളിവാണ്.

പദനിഷ്പത്തി

കളരിപ്പയറ്റ് എന്ന പദം തന്നെ സ്വയം വിശദീകരിക്കുന്ന ഒന്നാണ്. കളരിയിൽ പരിശീലിക്കുന്ന പയറ്റായതിനാലാണ് ഈ കായികാഭ്യാസങ്ങളെ കളരിപ്പയറ്റ് എന്ന് വിശേഷിപ്പിക്കുന്നത്. മറ്റു കായികാഭ്യാസ സമ്പ്രദായങ്ങളെയെല്ലാം അതിശയിക്കുമാറ് ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയ ഒരു കായികാഭ്യാസമാണ് കളരിപ്പയറ്റ്. ഇതിന്റെ ക്രമാനുഗതമായ ദൈനംദിന പരിശീലനം കൊണ്ട് ശാരീരികാരോഗ്യപുഷ്ടിക്ക് പുറമെ ഉത്തമമായ ഒരായോധനമുറയിൽ വൈദഗ്ധ്യം കൂടി ആർജിക്കുന്നു. ആത്മരക്ഷയ്ക്കും ദേശരക്ഷയ്ക്കും അനുപേക്ഷണീയമായ ഒരു യുദ്ധമുറ എന്ന നിലയ്ക്ക് കളരിപ്പയറ്റിന് ഏറെ പ്രചാരം കിട്ടി. ഉത്തര കേരളമായിരുന്നു കളരിപ്പയറ്റിന്റെ പ്രധാന കേന്ദ്രം. ഖല്വരിക എന്ന സംസ്കൃത പദത്തിൽ നിന്നാണ് കളരി എന്ന മലയാള പദം ഉണ്ടായതത്രെ. എന്നാൽ കളം കാളിയുടെ വാസസ്ഥലമാണ്. കാളിയുടെ അനുഷ്ഠാനം നടക്കുന്ന ബലികളെല്ലാം കളത്തിൽ മാത്രമെ പതിവുള്ളൂ. തിരുവനന്തപുരം ജില്ലയിലെ മുടിപ്പുരകളിൽ കാളിയൂട്ടു നടക്കുമ്പോൾ സ്വസ്ഥാനത്തിനു ചുറ്റും കാളി നടത്തുന്ന സുരക്ഷാവീക്ഷണത്തെ 'കളംകാവൽ' എന്നാണ് പറഞ്ഞുവരുന്നത്. കളമെഴുത്ത്, ബലിക്കളം, കളിക്കളം, കളപ്പുര, മെതിക്കളം (നെൽക്കളം) എന്നിവിടങ്ങളിലും കാളിയുടെ സാന്നിദ്ധ്യമുണ്ടെന്നാണ് വിശ്വാസം. യുദ്ധസ്ഥലത്തിന് പടക്കളമെന്നു പേരുവരാൻ കാരണവും ബലിസങ്കല്പം തന്നെ. അതിനാൽ അനുഷ്ഠാനപ്രധാനമായതും ശ്രദ്ധിയോടും വൃത്തിയോടും സൂക്ഷിക്കേണ്ട സ്ഥലമെന്നും കളത്തെക്കുറിച്ച് അർത്ഥം പറയേണ്ടി വരും. കാളിയുടെ ഈ സാന്നിദ്ധ്യം തന്നെയാണ് കളരിയുടെയും പേരിന് കാരണമായത് സംഘകാലകവിതകളായ പുറംനാനൂറിലെ 225,237, 245, 356, എന്നീ പാട്ടുകളിലും അകനാനൂറിലെ 34, 231, 293 തുടങ്ങിയ പാട്ടുകളിലും കളരി പരാമർശമുണ്ട്.. 'മക്കൾ വിളയാട്ടു' സ്ഥലത്തെക്കുറിച്ചും 'മുതുമരത്തു മുരൺ കളരി'യെക്കുറിച്ചും സംഘകൃതിയായ പട്ടിണിപ്പാലൈയിൽ അമ്പത്തിയഞ്ചു മുതൽ എഴുപതുവരെ വരികളിൽ പറഞ്ഞിട്ടുണ്ട്. ഈ കളരി സമ്പ്രദായം രണ്ടാം ചേര സാമ്രാജ്യകാലത്തുണ്ടായ ചേര-ചോള യുദ്ധത്തോടെ സാർവത്രികമായെന്നു ചരിത്രകാരനായ ഇളംകുളം കുഞ്ഞൻപിള്ള പറയുന്നു.

കളരിപ്പയറ്റിന്റെ പ്രചാരം

പതിനഞ്ചാം നൂറ്റാണ്ടിനും പതിനേഴാം നൂറ്റാണ്ടിനും ഇടയ്ക്കുള്ള കാലഘട്ടത്തിൽ കേരളത്തിലെ കായിക കലാസംസ്കാരമായി അംഗീകാരം നേടിയ ഒരായോധന മുറയാണ് കളരിപ്പയറ്റ്. അക്കാലത്ത് ദേശരക്ഷയെക്കരുതി ഓരോ നാട്ടുരാജ്യവും സ്വന്തം സേനകൾക്കു രൂപം നൽകി. സ്വാഭാവികമായും സൈനികരെ യുദ്ധമുറകൾ പരിശീലിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമായി. ക്ഷത്രിയരാജാക്കന്മാരും നാടുവാഴികളും മാത്രമല്ല ഉന്നതകുലജാതകളായ വനിതകളും യുദ്ധമുറകൾ അഭ്യസിക്കാൻ തുടങ്ങി. ജാതിമതങ്ങൾ നോക്കാതെ ചെറുപ്പക്കാർ സൈനികമുറകൾ പരിശീലിച്ചു പോന്നു. പതിമൂന്നാം ശതകത്തിനും പതിനാറാംശതകത്തിനും ഇടയ്ക്ക് ദേശിംഗനാട്ടിൽ കളരിപ്പയറ്റിൽ വിദഗ്ധകളായ വനിതകളുടെ ഒരു സേനയുണ്ടായിരുന്നു. തെക്കൻ തിരുവിതാംകൂറിലെ കുളച്ചൽ എന്ന ദിക്കായിരുന്നു ഇവരുടെ സ്വദേശം.

കളരിപ്പയറ്റ് എന്ന പദം തന്നെ സ്വയം വിശദീകരിക്കുന്ന ഒന്നാണ്, കളരിയിൽ പരിശീലിക്കുന്ന പയറ്റായതിനാലാണ് ഈ കായികാഭ്യാസങ്ങളെ കളരിപ്പയറ്റ് എന്നു വിശേഷിപ്പിക്കുന്നത്. മറ്റു കായികാഭ്യാസ സമ്പ്രദായങ്ങളെയെല്ലാം അതിശയിക്കുമാറ് ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയ ഒരു കായികാഭ്യാസമാണ് കളരിപ്പയറ്റ്. ഇതിന്റെ ക്രമാനുഗതമായ ദൈനംദിന പരിശീലനം കൊണ്ട് ശാരീരികാരോഗ്യ പുഷ്ടിക്ക് പുറമേ ഉത്തമമായ ഒരായോധനമുറയിൽ വൈദഗ്ധ്യം കൂടി ആർജിക്കാം. ആത്മരക്ഷയ്ക്കും ദേശരക്ഷയ്ക്കും അനുപേക്ഷണീയമായ ഒരു യുദ്ധമുറ എന്ന നിലയ്ക്ക് കളരിപ്പയറ്റിന് ഏറെ പ്രചാരം കിട്ടി. ഉത്തര കേരളമായിരുന്നു കളരിപ്പയറ്റിന്റെ പ്രധാന ക്രന്ദ്രം. പുറമെനിന്നുള്ള ആക്രമണങ്ങളെ ചെറുക്കാൻ വേണ്ടീട്ടാണ് ഇവിടെയുള്ളവർ പയറ്റു പഠിച്ചു പോന്നത്. കേരളത്തിന്റെ ഇതരഭാഗങ്ങളിലും തുളുനാടിന്റെ ചില പ്രദേശങ്ങളിലും കളരിയഭ്യാസങ്ങൾക്ക് വലിയ പ്രചാരമുണ്ടായിരുന്നു.

കളരിത്തറ നിർമ്മിതി

കളരിയുടെരൂപഘടന ദീർഘചതുരമാണ്. സമനിരപ്പായ സ്ഥലം മതിലുകെട്ടിയോ മറ്റു തരത്തിൽ മറച്ചോ കളരി നിർമ്മിക്കുന്നു. നീളത്തിന്റെ പകുതി വീതി എന്ന വാസ്തുകണക്കിൽ നിർമ്മിക്കുന്ന കളരികൾ നീളത്തിന്റെ കണക്കിലാണറിയുന്നത്. അങ്ങനെ അറുപത്തീരടി, അമ്പത്തീരടി, നാല്പത്തീരടി, മുപ്പത്തീരടി, ഇരുപത്തീരടി എന്നിങ്ങനെ കണക്കനുസരിച്ച് കളരികളെ വിളിക്കുന്നു. ഇലങ്കങ്ങൾക്കും കണക്കിതുതന്നെ. അറുപത്തീരടിയെ പെരുങ്കുളരി എന്ന് പൊതുവെ വിളിക്കും. നാൽപത്തിരണ്ടടി നീളത്തിനു ഇരുപത്തിയൊന്നടി വീതിയുണ്ടാകും. ഇരുപത്തീരടിക്കുമാത്രം നീളവും വീതിയും തുല്യമായിരിക്കും. തെക്കൻചിട്ടയിൽ സമനിരപ്പിലുള്ള നിലക്കളരി കളാണ് പ്രധാനം. വടക്കൻ ചിട്ടയിൽ ഭ്രമി കുഴിച്ചു നിർമ്മിച്ച 'കുഴിക്കളരി' കളാണ് കണ്ടുവരുന്നത്. തെക്കുപടിഞ്ഞാറുയർന്ന് വടക്കുകിഴക്കു താണ് ജലവീഥിയിലുള്ള ഭ്രമിയുടെ മാനുഷഖണ്ഡത്തിലോ ഈശാനഖണ്ഡത്തിലോ പൊതുക്കളരികൾ നിർമ്മിക്കാം. എന്നാൽ സർപ്പക്കാവുകൾ ജീർണ്ണക്ഷേത്രങ്ങൾ ഇവയുള്ള സ്ഥലവും പൂഴിമണ്ണുള്ള സ്ഥലം, ചതുപ്പുനിലം, കുന്നിൻപുറം ചെങ്കല്ലും കരിങ്കല്ലും നിറഞ്ഞ സ്ഥലം സമനിരപ്പെങ്കിലും മൈതാനം പോലെ വിസ്തൃതമായ സ്ഥലം എന്നിവ കളരിക്കുനന്നല്ല. വീടിനോട് ചേർന്നാകുമ്പോൾ കളരികൾ ഈശാനഖണ്ഡത്തിലും വീട് മാനുഷഖണ്ഡത്തിലുമാണ് വേണ്ടത്. എന്നാൽ കേരളത്തിന്റെ പ്രത്യേക രീതി വച്ച് പലപ്പോഴും കളരി കന്നിമൂല തൊട്ടുവരും വിധം തെക്കുവശത്താവുകയാണ് പതിവ്.

നെഞ്ചിനൊപ്പം ആഴമെന്ന പൊതുവ്യവസ്ഥ കടത്തനാട്ടിൽ അല്പം വ്യത്യാസം വരും. അവിടെ നാലടി കുഴിച്ച് ആ മണ്ണുകൊണ്ട് കുഴിയുടെ അതിരിൽ ചുമരു നിർമ്മിച്ച് മേൽക്കുരയിട്ടാൽ കളരിയായി. ഇപ്രകാരം നിർമ്മിക്കുന്ന കളരികളിൽ കിഴക്കുനിന്നല്പം വടക്കോട്ടുമാറി കളരിയിലേക്കിറങ്ങുന്നതിനുള്ള പടികൾ നിർമ്മിക്കുന്നു. കളരിക്കുള്ളിൽ പൂത്തറയും ഗുരുത്തറയും വേണം. നാല്പത്തിയാറോളം ദേവീദേവന്മാരുടെ സാന്നിദ്ധ്യം കളരിയേയും അഭ്യാ

സികളേയും സംരക്ഷിക്കുന്നതായി സങ്കല്പമുണ്ട്. ആരോമൽച്ചേകവരെപ്പറ്റിയുള്ള പാട്ടിൽ നൂറ്റെട്ടു പ്രതിഷ്ഠ നടത്തിയിട്ടും ഭ്രമിക്കുമേൽ കനകപ്പൊടി വിതറിയിട്ടും ഭ്രമികുഴിച്ചു കനകം വയ്പ്പു നടത്തിയിട്ടും ഭ്രമിയുടെ ഇളക്കം തീർക്കാനാകാത്തതിനാൽ പരശുരാമൻ നാൽപ്പത്തിരണ്ടു കളരി തീർത്തു മലയാളത്തിൽ ബ്രാഹ്മണരില്ലാഞ്ഞിട്ടു പരദേശത്തു നിന്നും ബ്രാഹ്മണരെ വരുത്തിയ ശേഷം കളരിയിൽ ദേവതകളെ കുടിവയ്പ്പിച്ചുവെന്നു പറയുന്നു. കന്നിമൂലയിലെ പൂത്തറയിൽ സപ്തമാതൃ സങ്കല്പത്തിൽ അഞ്ചോ ഏഴോ പടികളും കുമ്പുമെന്നാണ് വിധി. പൂത്തറയുടെ ഉയരവും പടികളുടെ ദൈർഘ്യവും ഇരുപത്തേഴു വിരൽ വേണമെന്നാണ് വ്യവസ്ഥ. മുകളിലോട്ടു ചെല്ലുന്തോറും വ്യാസം കുറഞ്ഞുവരുംവിധം വേണം പടികൾ നിർമ്മിക്കേണ്ടത്. പടികളുടെ ഉയരം താഴെ നിന്നും എട്ടു വിരൽ നീളത്തിൽ നിന്നു ക്രമപ്രകാരം ഓരോ വിരൽ കുറഞ്ഞ് ഏഴ്, ആറ്, അഞ്ച്, നാല്, മൂന്ന്, രണ്ട് എന്നിങ്ങനെ കണക്കാക്കണം. പടിയുടെ മുകളിലുള്ള കുമ്പിന് ഏഴുവിരൽ പൊക്കം വേണം. കുമ്പു നിൽക്കുന്ന ഏഴാമത്തെ പടിയെ മണിപീഠമെന്നു വിളിക്കുന്നു.പൂത്തറയിൽ നിന്നല്പം മാറി ഒന്നരയടി സമചതുരത്തിൽ ഗണപതിത്തറയും വേണം. ചില സ്ഥലങ്ങളിൽ ഇവിടെ ഒരു പീഠം കൂടി നിർമ്മിച്ചു ഉരുത്തറയും സങ്കല്പിക്കും. ഇവിടെ നമസ്കരിച്ചു മാത്രമെ അഭ്യാസം പതിവുള്ളൂ. മാത്രമല്ല, കളരിയിൽ വലതുകാൽ വച്ചിറങ്ങണമെന്നും വ്യവസ്ഥയുണ്ട്.

മെയ്യൊരുക്കം

കളരി അഭ്യാസികൾ പാരമ്പര്യമായി ഉപയോഗിച്ചു വരുന്ന വസ്തുത്തെ കച്ച എന്നു പറയുന്നു. പരിശീലന സമയത്തും അങ്കം, പൊയ്ത്ത് തുടങ്ങിയ അവസരങ്ങളിലും കച്ച ധരിക്കാൻ പ്രത്യേകം നിഷ്കർഷിച്ചിരുന്നു. പ്രാണകേന്ദ്രമായി കരുതുന്ന നാഭി കടി പ്രദേശത്തെ ബലപ്പെടുത്തികൊണ്ട് ഇറുകെ കച്ച ധരിക്കുമ്പോൾ ശരീരത്തിന് കൂടുതൽ ബലവും പ്രയോഗ സാമർത്ഥ്യവും കൈവരുന്നു. പതിനെട്ട് മുഴം നീളവും എട്ട് വിരൽ വീതിയുമുള്ള ബലമുള്ളതരം തുണിയാണ് കച്ചയായി ഉപയോഗിക്കുന്നത്, കളരിയിൽ ഒരുതരം അഭ്യാസശൈലിയിലൂടെയാണ് കച്ച കെട്ടുന്നത്. കച്ചകെട്ടലിൽ കുതിരമുഖം, ആനമുഖം, തുടങ്ങിയ ശൈലികളെക്കുറിച്ച് വടക്കൻപാട്ടുകളിൽ കാണാം. വലിഞ്ഞമർന്നും ഒത്തടി അമർന്നും മറ്റുമുള്ള അഭ്യാസമുറകളിലൂടെയുള്ള കച്ചകെട്ടൽ രീതിയാണ് ഇത്തരത്തിൽ പ്രതിപാദിക്കുന്നത്. വടക്കൻ പാട്ടുകളിൽ കച്ചകളെക്കുറിച്ചും കച്ചകെട്ടലിന്റെ തന്ത്ര-ബലങ്ങളെക്കുറിച്ചും നിരവധി പരാമർശങ്ങൾ കാണാം. തച്ചോളി ചന്തുവിന്റെ ഒരുക്കങ്ങൾ വിവരിക്കുന്ന പാട്ടുകാരന്റെ വരികൾ ഇപ്രകാരമാണ്.

"നാല്പത്തിരുമുഴം പുള്ളിക്കച്ച
കുഴലീന്ന് തച്ചു വലിച്ചെടുത്തു
പന്തുകണക്കിൽ ചുരുട്ടി കച്ച
ആകാശം ചൂണ്ടി എറിഞ്ഞു കച്ച
കയ്യോടെ വാലും പിടിച്ചു ചന്തു
അയ്യാളെ കരം വരുകും മുമ്പിൽ
വടക്കൻ ഞൊറിവെച്ചും ഞാത്തുവെച്ചും
തെക്കൻ ഞൊറിവെച്ചും കുന്തൽ വെച്ചും
ആനമുഖം വെച്ചും കെട്ടുന്നുണ്ട്.
പതിനെട്ടു ഞൊറിവെച്ചു കച്ചകെട്ടി
അങ്കവാലങ്ങു ഉഴിഞ്ഞു കെട്ടി"

ഇത്തരം വർണനകൾ കച്ചാധാരണവിശേഷം മാത്രമല്ല അഭ്യാസപാടവ പ്രദർശനവും, വീരന്മാരുടെ അസാമാന്യ ശക്തിയെക്കുറിച്ചുള്ള വിവരണം കൂടിയാണ്. കച്ച ധരിച്ചവന് മാരക

മായ മുറിവേറ്റാൽപോലും കച്ച അഴിച്ചുമാറ്റുന്നതുവരെ മരണം സംഭവിക്കില്ലെന്നു കരുതിയിരുന്നു. തച്ചോളി ഒതേനനും ആരോമൽ ചേകവരുമൊക്കെ മാരകമായ മുറിവേറ്റിട്ടും വീട്ടിലെത്തി ഉറ്റവരോടും ഉടയവരോടും അന്ത്യമൊഴി നടത്തിയ ശേഷമാണ് 'കച്ചയഴിച്ച് മരിച്ചുവീഴുന്നത്.' ഇത്തരം കച്ചധാരണ വിവരണവും മറ്റും കളരി പരിശീലനത്തിൽ കച്ചയ്ക്ക് നൽകിയ പ്രാധാന്യത്തെ വ്യക്തമാക്കുന്നു. (26 വടക്കൻ പാട്ടുകൾ, പു.323)

അടവ്, ചുവട്, വടിവ്

ലോകത്തിലെ ഏറ്റവും പ്രാചീനമായ ആയോധന കായികമുറകളിലൊന്നാണ് കളരിപ്പയറ്റ്. തികച്ചും ശാസ്ത്രീയമായി അടുക്കും ചിട്ടയും ചേർത്ത് രൂപം നൽകപ്പെട്ട കളരിയഭ്യാസത്തിന് വ്യക്തമായ പാഠ്യപദ്ധതിയും പരിശീലനക്രമവും പ്രചാരത്തിലുണ്ട്. നാല് ഘടകങ്ങളായാണിത് ക്രമീകരിച്ചിരിക്കുന്നത്. മെയ്പയറ്റ്, കോൽപയറ്റ്,, ആയുധപയറ്റ്, വെറുംകൈപ്രയോഗം എന്നിവയാണ് ഈ നാല് ഘടകങ്ങൾ. മെയ്ത്താരി, കോൽത്താരി, അങ്കത്താരി, വെറുംകൈ എന്നിങ്ങനെ സാങ്കേതികമായി ഇവ അറിയപ്പെടുന്നു. ഇവയ്ക്ക് പുറമെ മർമ്മ വിദ്യാപാഠങ്ങൾ, ഉഴിച്ചിൽ, ചികിത്സാസമ്പ്രദായങ്ങൾ എന്നിവ കളരിപഠനത്തിന്റെ അവസാന പാഠ്യപദ്ധതിയിൽപ്പെട്ടിരിക്കുന്നു. കളരിപ്പയറ്റിന്റെ ആദ്യത്തേയും അടിസ്ഥാനപരവുമായ ഘടകമാണ് മെയ്പ്പയറ്റ്. ഏതൊരു കായികാഭ്യാസമുറയ്ക്കും കണ്ണും കരുത്തും നൽകുന്നത് ശരീരമാണ്. ശരീരത്തെ ശാസ്ത്രീയമായി സംസ്കരിച്ചെടുക്കാനാവശ്യമായ കൈ-മെയ് ചലനങ്ങളെ ചിട്ടയോടെ രൂപപ്പെടുത്തി നിരന്തരപരിശീലനത്തിലൂടെ പകർന്നുകൊടുക്കുക എന്നതാണ് മെയ്പ്പയറ്റ് ലക്ഷ്യമാക്കുന്നത്. അത്തരത്തിൽ സ്വായത്തമാക്കുന്ന ചലനങ്ങൾ ശരീരം സ്വാംശീകരിക്കുകയും ആവശ്യമനുസരിച്ച് ഉടൻ പ്രതികരിക്കാൻ ശരീരത്തെ സജ്ജമാക്കുകയും ചെയ്യുന്നു. മെയ്ത്താരിയിലൂടെ ശരീരത്തിന് ലാഘവവും നിയന്ത്രണവും ലഭ്യമാകുന്നതോടെ പാഠ്യപദ്ധതിയിലെ രണ്ടാംഘട്ടമായ കോൽത്താരിയിലേക്ക് പ്രവേശിക്കുന്നു. വടിപ്പയറ്റ്, കോൽപ്പയറ്റ് എന്നുകൂടി ഈ പരിശീലനം അറിയപ്പെടുന്നു. പന്തീരാൻ, മുച്ചാൺ, ഒറ്റ എന്നിവയുടെ പയറ്റുമുറകളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയുധ പ്രയോഗത്തിനാവശ്യമായ കൈവേഗത, കൺമൂർച്ച എന്നിവയും വെട്ടുംതടവും നീട്ടും ഒഴിച്ചിലും അടവും തൊഴിലും വടിപ്പയറ്റിലൂടെ നേടാൻ കഴിയുന്നു.

പരിശീലനത്തിന്റെ മൂന്നാംഘട്ടമായ ആയുധ പരിശീലനം അങ്കത്താരി ആയുധപ്പയറ്റ്, ആയുധവിദ്യ എന്നിങ്ങനെ അറിയപ്പെടുന്ന ഈ മുറയാണ് കേരളീയ യുദ്ധസമ്പ്രദായത്തിന്റെ നട്ടെല്ലായി വർത്തിച്ചിരുന്നത്. ഗദ, കഠാര, കുന്തം, വാൾ, പരിച, കത്തി, ഉറുമി എന്നിവയാണ് ഈ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയുധ പരിശീലനത്തോടൊപ്പമോ അതിനുശേഷമോ ആണ് വെറും കൈപ്രയോഗവും മർമ്മവിദ്യയും പരിശീലിപ്പിക്കുന്നത്. ഇത് ഗുരുവിന് പ്രത്യേക താല്പര്യമുള്ള വിദ്യാർത്ഥികളെ മാത്രമെ സാധാരണ പരിശീലിപ്പിക്കാറുള്ളൂ. സ്വഭാവഗുണം, മനോനിയന്ത്രണം, കാര്യശേഷി, ഇവ തികഞ്ഞവർക്കായിരുന്നു കൊടും വിദ്യയായ മർമ്മ പ്രയോഗങ്ങൾ കൊടുത്തിരുന്നത്. തന്റെ ജീവന് ഭീഷണിയാകുമ്പോഴല്ലാതെ മറ്റ് അവസരങ്ങളിൽ ഉപയോഗിക്കില്ലെന്ന് പ്രതിജ്ഞ ചെയ്തതിനുശേഷമേ മർമ്മ പാഠങ്ങൾ ആരംഭിക്കാറുള്ളൂ.

ആത്മരക്ഷയ്ക്കുവേണ്ടി പ്രതിയോഗിയുടെ നേരെ പ്രയോഗിക്കുന്ന ആയോധന സമ്പ്രദായമാണ് "അടവ്." അടവും തൊഴിലും പരിശീലിക്കുക എന്നാൽ അടവ് പ്രയോഗിക്കാനും രക്ഷപ്പെടാനും ഉള്ള രീതികൾ ശീലിക്കുക എന്നാണർത്ഥം. അഭ്യാസമുറകൾ അനേകമുണ്ടെങ്കിലും പതിനെട്ടടവുകളെപ്പറ്റിയാണ് പ്രത്യേകമായി പറയപ്പെടുന്നത്. ശരീരത്തിന്റെ ഗുരുത്വകേന്ദ്രം തുലനനിലയിൽ നിർത്തത്തക്കവണ്ണം കാലുകൾ യഥോചിതം മുന്നോട്ടോ പിന്നോട്ടോ പാർശ്വങ്ങളിലേക്കോ ചില പ്രത്യേക രീതികളിൽ വയ്ക്കുന്നതിനാണ് കളരിപ്പയറ്റിൽ ചുവട്

എന്ന് പറയുന്നത്. പ്രധാനമായും അഞ്ച്തരം ചുവടുകളാണുള്ളത്. ആക്ക ചുവട് , നീക്ക ചുവട് , ചാട്ടചുവട്, വട്ടച്ചുവട്, നീട്ടച്ചുവട്. ചുവടുകൾ വെയ്ക്കുന്നതിൽ നിന്നും ആവിർഭവിച്ച് ശരീരം ചില പ്രത്യേക നിലകൾ അവലംബിക്കുന്നതാണ് വടിവ്. കളരിപ്പയറ്റിലെ വടിവുകൾ സിംഹം, ആന, കുതിര, കോഴി തുടങ്ങിയ ജീവികൾ പൊരുതുമ്പോൾ അനുവർത്തിക്കുന്ന ഫലപ്രദമായ നിലകളെയും തഞ്ചങ്ങളെയും അടിസ്ഥാനമാക്കിയുള്ളതാണെന്നും പറയപ്പെടുന്നു. അഷ്ടവടിവുകൾ എന്ന നിലയിൽ ഗജവടിവ്, സിംഹവടിവ്, അശ്വവടിവ്, വരാഹവടിവ്, മത്സ്യവടിവ്, കുക്കുടവടിവ്, മയൂരവടിവ്, സർപ്പവടിവ് എന്നീ എട്ടെണ്ണമാണുള്ളത്.

കാലികപ്രസക്തി

മനുഷ്യന്റെ ശാരീരികവും മാനസികവും ബുദ്ധിപരവുമായ വികാസത്തിന് കായികാഭ്യാസങ്ങൾ വളരെയേറെ സഹായിക്കുന്നു. അനാദികാലം മുതലെ ലോകമെമ്പാടുമുള്ള ജനങ്ങൾ കായികകലയ്ക്ക് അതിപ്രധാനമായ സ്ഥാനമാണ് നൽകിയിട്ടുള്ളത്. കായികാഭ്യാസത്തിലും ആയോധനകലയിലും പ്രാവീണ്യംനേടുക എന്നത് ഏതെങ്കിലും പദവിയിലേയ്ക്ക് പരിഗണിക്കാനുള്ള യോഗ്യതയായി അക്കാലത്ത് കണക്കാക്കിയിരുന്നു. കളരിയഭ്യാസം പൂർണ്ണമായും ശരീരശാസ്ത്രപരമായ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രകൃതിക്കനുസൃതമായി രൂപപ്പെടുത്തിയ ആയോധനകലയാണ്. ഇന്ന് നിലവിലുള്ളതിൽ വച്ചേറ്റവും നല്ല ഒരു വ്യായാമ മാർഗ്ഗമാണ് കളരിയഭ്യാസം. മാത്രമല്ല ചികിത്സാസമ്പ്രദായമടക്കം പരിശീലനം നൽകപ്പെടുന്ന ഒരേയൊരു ആയോധനകല കളരിപ്പയറ്റ് മാത്രമാണ് എന്നുള്ളതും ഇതിന്റെ പ്രത്യേകതയാണ്. ഗുരുവിന്റെ കീഴിൽ ശ്രദ്ധാപൂർണ്ണമായ നിരീക്ഷണത്തിൽ നിത്യവും കളരിയഭ്യസിക്കുന്നത് ശിഷ്യൻമാർക്ക് വ്യവസ്ഥയും ജീവിതത്താടുള്ള ആഭിമുഖ്യവും വളർത്തുവാൻ ഉതകും. ഇത് ശാരീരിക മാനസിക ആരോഗ്യത്തെ പരമമായ അവസ്ഥയിൽ നിലനിർത്തും. ഇന്നും ഗുരുകുല സമ്പ്രദായമനുസരിച്ച് അഭ്യസിപ്പിക്കപ്പെടുന്ന കായികകല കളരി മാത്രമാണ്.

വർഷങ്ങളുടെ ചിട്ടയോടെയുള്ള പരിശീലനം കൊണ്ട് ഒരാളിൽ ശ്രദ്ധ, വേഗത, ശക്തി, വിദ്യ, ബുദ്ധി, സിദ്ധി എന്നീ ഗുണങ്ങൾ ഉണ്ടായിത്തീരുന്നു. അതിലൂടെ സ്വയം രക്ഷാമാർഗ്ഗത്തിലുള്ള നില, നീക്കം, പ്രയോഗം, പ്രതിരോധം, കൃത്യത, വഴക്കം, ഏകോപനം മുതലായ കഴിവുകൾ അഭ്യസിക്കാനാകും. പരമ്പരാഗത സ്വയം പ്രതിരോധതന്ത്രങ്ങളും താളാത്മകമായ മെയ്യഭ്യാസവും ഒത്തുചേരുമ്പോൾ വിദ്യാർത്ഥികൾക്ക് കൈകാലുകൾക്ക് വലിയ ഭേദ്യതാശക്തിയും ശരീരശാസ്ത്രപരമായ അറിവും ലഭിക്കും. അതുപോലെ തന്നെ കായികമായി കരുത്ത് നേടുന്നവരിൽ സ്വാഭാവികമായും വ്യക്തിത്വവും സൽസ്വഭാവവും വളർന്നുവരും. ഇന്ന് കളരിയഭ്യാസത്തിന്റെ പ്രാധാന്യം ജനങ്ങൾക്ക് മനസ്സിലായിത്തുടങ്ങിയിരിക്കുന്നു. അതിനാൽത്തന്നെ പുത്തൻതലമുറ കളരി അഭ്യസിക്കാൻ തുടങ്ങിയിട്ടുണ്ട്. കളരിയഭ്യാസം പോലെയുള്ള പരമ്പരാഗത സമ്പ്രദായങ്ങൾക്ക് വളരുന്ന കുഞ്ഞുങ്ങളുടെ കഴിവും കായികശേഷിയും വർധിപ്പിക്കാൻ സാധിക്കുന്നു. അതുപോലെ സ്ത്രീകൾക്ക് ആത്മവീര്യം പകരുന്നതോടൊപ്പം പ്രതിരോധത്തിനും പ്രതിയോഗികളെ നേരിടുന്നതിനും ഇത് പ്രയോജനപ്പെടുന്നതാണ്. അതിനാൽ തന്നെ ഈ കലയെ പ്രോത്സാഹിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

സഹായകഗ്രന്ഥങ്ങൾ

1. കളരിപ്പയറ്റ് വിജ്ഞാനകോശം-എസ്.ആർ.ഡി പ്രസാദ്, കൈരളിബുക്സ്, കണ്ണൂർ-2016
2. മധ്യകാല കേരളം, സ്വരൂപനീതിയുടെ ചരിത്രപാഠങ്ങൾ-എം.ആർ രാഘവവാരിയർ, സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം-2014
3. കളരിയുഴിച്ചിലും മർമ്മചികിത്സയും-ആർ.രാജീവ്ഗുരുക്കൾ, ഡി.സി.ബുക്സ്, കോട്ടയം-2002

4. കളരിപ്പയറ്റ്-കേരളത്തിലെ പ്രാചീന ആയുധമുറ-പി.ബാലകൃഷ്ണൻ, പൂർണ്ണ പബ്ലിക്കേക്ഷൻസ്, കോഴിക്കോട്-2004

5. കളരിപ്പയറ്റ് കേരളത്തിന്റെ ശക്തിയും സൗന്ദര്യവും-കെ.വിജയകുമാർ, സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, കേരളസർക്കാർ, തിരുവനന്തപുരം-2000

6. 26 വടക്കൻ പാട്ടുകൾ- പ്രകാശകർ, ശാന്തബുക്സ്റ്റാൾ, ഗുരുവായൂർ -1990

25

ചിന്തുപാട്ട്: സാമൂഹിക-ചരിത്രവിശകലനം

ഡോ. വിശാൽ ജോൺസൺ
അസി. പ്രൊഫസർ, മലയാളവിഭാഗം
യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ.

പ്രബന്ധസംഗ്രഹം:
നാടൻപാട്ടുകളിൽനിന്ന് പരിണമിച്ച ചിന്തുപാട്ടിന്റെ ചരിത്രപരവും പരമ്പരാഗതവുമായ രൂപങ്ങളെക്കുറിച്ചുള്ള സാമൂഹികവും ചരിത്രപരവുമായുള്ള വിശകലനമാണ് 'ചിന്തുപാട്ട്: ഒരു സാമൂഹിക-ചരിത്ര വിശകലനം' എന്ന പ്രബന്ധത്തിലൂടെ ചർച്ച ചെയ്യുന്നത്. ഊർജസ്വലമായ താളങ്ങളാൽ സവിശേഷതയുള്ള, പ്രകടനസമ്പന്നമായ ചിന്തുപാട്ട് ഒരു സാംസ്കാരികരേഖയായി വർത്തിക്കുന്നു. ചിന്തുപാട്ടിന്റെ ചരിത്രത്തെ അന്വേഷിക്കുന്നതോടൊപ്പംതന്നെ ചിന്തുപാട്ടിന്റെ പ്രസക്തിയേയും വ്യാപ്തിയേയും പഠനം വിലയിരുത്തുന്നു. തുടർപഠനസാധ്യതകൾക്കും ഈ പഠനത്തിലൂടെ വഴിയൊരുക്കുന്നു.

താക്കോൽവാക്കുകൾ:
ഫോക്‌ലോർ - വാമൊഴി- ചിന്തുപാട്ട്- അനുഷ്ഠാനം- സംസ്കാരം- പൈതൃകം- ആധുനികത- സാങ്കേതികത

ആമുഖം

കേരളത്തിൽ അഭിവൃദ്ധി പ്രാപിച്ച വിവിധ സാംസ്കാരിക ആവിഷ്കാരങ്ങളിൽ, തലമുറകളിലൂടെ വാമൊഴിയായി കൈമാറ്റം ചെയ്യപ്പെടുന്ന നാടൻപാട്ടുകൾ കേരളത്തിന്റെ ഗ്രാമീണ ജീവിതത്തിന്റെയും പാരമ്പര്യങ്ങളുടെയും മൂല്യങ്ങളുടെയും ആത്മാവിനെ പ്രതിഫലിപ്പിക്കുന്നു. ഈ ഗാനങ്ങൾ ജനങ്ങളുടെ വികാരങ്ങൾ, ദൈനംദിന അനുഭവങ്ങൾ, ആത്മീയത എന്നിവ പകർത്തുന്നു. സംഗീതത്തിനും ദൈനംദിനജീവിതത്തിനും ഇടയിൽ ഒരു അതുല്യമായ ബന്ധം

ഇവ സൃഷ്ടിക്കുന്നു.

നാടൻപാട്ടുകൾ നൂറ്റാണ്ടുകളായി പരിണമിച്ചുവന്നവയാണ്, ജനങ്ങളുടെ കാർഷിക ജീവിതശൈലിയിലും ആചാരങ്ങളിലും ആഴത്തിൽ വേരുന്നിയവയാണ്. ഈ ഗാനങ്ങൾ കേവലം സംഗീതാവിഷ്കാരങ്ങൾ മാത്രമല്ല; അവ ദേശത്തിന്റെ ചരിത്രപരവും സാമൂഹികവും സാംസ്കാരികവുമായ വിവരണങ്ങളെ പ്രതിനിധീകരിക്കുന്നു. വിളവെടുപ്പ് ഉത്സവങ്ങൾ, മതപരമായ ചടങ്ങുകൾ, തൊഴിലിടങ്ങൾ തുടങ്ങിയ പൊതു ഇടങ്ങളിലെല്ലാം നാടൻപാട്ടിന്റെ പ്രാതിനിധ്യമുണ്ട്. അവയുടെ വരികളുടെയും ഈണങ്ങളുടെയും ലാളിത്യം അവയെ എല്ലാവർക്കും പ്രാപ്യമാക്കുന്നു, എന്നിരുന്നാലും അവയുടെ ഉള്ളടക്കം പലപ്പോഴും ആഴത്തിലുള്ളതാണ്. മനുഷ്യപോരാട്ടത്തിന്റെയും ചെറുത്തുനിൽപ്പിന്റെയും സന്തോഷത്തിന്റെയും ഭക്തിയുടെയും കഥകൾ ഇവ വിവരിക്കുന്നു. സംഗീതപരമായി, കേരളത്തിലെ നാടോടിഗാനങ്ങൾ അവയുടെ ലാളിത്യത്താൽ അടയാളപ്പെടുത്തപ്പെടുന്നു, ആവർത്തിച്ചുള്ള ഈണങ്ങളെയും വാദ്യോപകരണങ്ങളെയും താളാത്മകഘടനകളെയും ഇവ ഉൾക്കൊള്ളുന്നു.

കേരളത്തിലെ ഒരു പരമ്പരാഗത നാടോടിഗാനരൂപമായ ചിന്തുപാട്ട്, ഭക്തിയുടെയും സാംസ്കാരിക പൈതൃകത്തിന്റെയും ശാശ്വതമായ ചൈതന്യത്തിന് സാക്ഷ്യം വഹിക്കുന്നു. ഈ വാമൊഴി പാരമ്പര്യം ഒരു പ്രദേശത്തിന്റെ മതപരവും സാമൂഹികവുമായ ഘടനയുമായി പ്രതിധ്വനിക്കുന്നു. ചിന്തുപാട്ടിന്റെ ഈണങ്ങളും ഗാനരചനാസൗന്ദര്യവും പ്രേക്ഷകരെ ആകർഷിക്കുകയും ചെയ്യുന്നു. വാമൊഴി പാരമ്പര്യത്തിനുള്ളിലെ ഒരു ക്ലാസിക്കൽ രൂപമെന്നനിലയിൽ ചിന്തുപാട്ടിന്റെ ചരിത്രപരത കണ്ടെത്താനും പ്രായോഗികത വിശകലനം ചെയ്യാനുമുള്ള ശ്രമമാണ് ഈ പ്രബന്ധം.

നാടോടിഗാനങ്ങൾ കേവലം വിനോദോപാധികൾ മാത്രമല്ല, അവ ഒരു ജനതയുടെ ചരിത്രവും സംസ്കാരവും തുടിക്കുന്ന ജീവസ്സുറ്റ രേഖകളാണ്.

വാമൊഴി പാരമ്പര്യം : നാടോടിഗാനങ്ങളുടെ ഏറ്റവും വലിയ പ്രത്യേകത അവ ലിഖിതരൂപത്തിലല്ല, മറിച്ച് വാമൊഴിയായി തലമുറകളിൽ നിന്ന് തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു എന്നതാണ്. വായ്മൊഴി പാരമ്പര്യമായതുകൊണ്ട് തന്നെ ഓരോ പാട്ടുകാരനിലൂടെയും കടന്നുപോകുമ്പോൾ ഇതിൽ പ്രാദേശികമായ മാറ്റങ്ങളും പുതിയ വരികളും കടന്നുകൂടുന്നു . ഒരു സമൂഹത്തിന്റെ മൊത്തത്തിലുള്ള ഓർമ്മയും അനുഭവവുമാണ് ഈ പാട്ടുകളിലൂടെ സംരക്ഷിക്കപ്പെടുന്നത്.

വംശീയസൗന്ദര്യശാസ്ത്രം: ഫോക്‌ലോർ പഠനങ്ങളിൽ നാടോടിഗാനങ്ങളെ വിലയിരുത്തുന്നത് ആ പ്രത്യേക ഗോത്രത്തിന്റെയോ സമൂഹത്തിന്റെയോ സൗന്ദര്യബോധത്തെ അടിസ്ഥാനമാക്കിയാണ്. മണ്ണ്, കൃഷി, മഴ, കാറ്റ് തുടങ്ങിയ പ്രകൃതിഘടകങ്ങൾക്ക് ഇവയിൽ വലിയ പ്രാധാന്യമുണ്ട്. പല നാടോടിഗാനങ്ങളും തെയ്യം, പടയണി തുടങ്ങിയ അനുഷ്ഠാനകലകളുടെ ഭാഗമാണ്. ഇവ വെറും പാട്ടുകളല്ല, മറിച്ച് ഒരു പ്രത്യേക വിശ്വാസപ്രമാണത്തിന്റെ ഭാഗമാണ്.

സാമൂഹികനിർമ്മിതിയും വിനിമയവും: നാടോടിഗാനങ്ങൾ സമൂഹത്തിലെ വിവിധ ശ്രേണികളെയും തൊഴിൽമേഖലകളെയും പ്രതിനിധീകരിക്കുന്നു.

തൊഴിൽ പാട്ടുകൾ: കൊയ്ത്തുപാട്ട്, വഞ്ചിപ്പാട്ട് തുടങ്ങിയവ ജോലിഭാരം കുറയ്ക്കാനും ഒത്തൊരുമ വർദ്ധിപ്പിക്കാനുമായി രൂപപ്പെട്ടവയാണ്.

പ്രതിരോധത്തിന്റെ ഭാഷ: അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾ തങ്ങളുടെ വേദനകളും പ്രതിഷേധങ്ങളും പ്രകടിപ്പിക്കാൻ നാടോടിഗാനങ്ങളെ ആയുധമാക്കിയിട്ടുണ്ട്. വടക്കൻ പാട്ടുകളിലെയും തെക്കൻ പാട്ടുകളിലെയും വീരഗാഥകൾ ഇതിന് ഉദാഹരണമാണ്.

സൈദ്ധാന്തികവിശകലനങ്ങൾ

നാടോടിഗാനങ്ങളെ പഠിക്കാൻ പ്രധാനമായും മൂന്ന് രീതികളാണ് ഉപയോഗിക്കുന്നത്. സൈദ്ധാന്തിക രീതി (പാട്ടിന്റെ വരികൾ, താളം, ആവർത്തനം എന്നിവയെ വിശകലനം ചെയ്യുന്നു). ധർമ്മവാദം (ആ പാട്ട് സമൂഹത്തിൽ എന്ത് കാര്യമാണ് നിർവ്വഹിക്കുന്നത്) എന്ന് നോക്കുന്നു. പരിണാമവാദം (ഒരു പാട്ട് കാലക്രമേണ എങ്ങനെ മാറുന്നു എന്നും അതിന്റെ പ്രാചീനരൂപം എന്ത് എന്നും അന്വേഷിക്കുന്നു). നാടോടിഗാനങ്ങൾ ഒരു സംസ്കാരത്തിന്റെ 'ഫോസിൽ' അല്ല, മറിച്ച് നിരന്തരം പരിണമിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ്. ഓരോ ഗാനവും ആ കാലഘട്ടത്തിലെ ജാതി, മതം, രാഷ്ട്രീയം, ലിംഗപദവി എന്നിവയെക്കുറിച്ച് വ്യക്തമായ സൂചനകൾ നൽകുന്നു.

ചിന്തുപാട്ട് : ചരിത്രപരമായ ആവിർഭാവവും പ്രകടനശൈലിയും

പുരാതനകാലം മുതൽ വാമൊഴിയായി തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന ചിന്തു പാട്ടിന്റെ ഉത്ഭവം ഇങ്ങനെയാണ്: അയ്യപ്പനെയും മറ്റ് ദേവതകളെയും ആരാധിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്ന ചിന്തുപാട്ട് ക്ഷേത്രോത്സവങ്ങളുടെയും മതപരമായ ചടങ്ങുകളുടെയും അവിഭാജ്യഘടകമാണ്. ഈ ഗാനങ്ങളിൽ ഭക്തിവികാരങ്ങൾ നിറഞ്ഞിരിക്കുന്നു, ദൈവികതയെ സ്തുതിക്കുകയും പുരാണ കഥകൾ വിവരിക്കുകയും ചെയ്യുന്നു. തമിഴ്നാട്ടിലെ സംഗീതരീതികളിൽ വേരുകളുണ്ടെന്ന് വിശ്വസിക്കപ്പെടുന്ന ഈ പാരമ്പര്യം മലയാള നാടോടി സംഗീതത്തെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട് (ചുണ്ടൽ, 31). ചിന്തുചെണ്ട (ഒരു തരം ഡ്രം), ഇലത്താളം പോലുള്ള പരമ്പരാഗത ഉപകരണങ്ങളുടെ അകമ്പടിയോടെയുള്ള താളാത്മകവും ശ്രുതിമധുരവുമായ ഘടനയാണ് ചിന്തുപാട്ടിന്റെ സവിശേഷത. മലയാളത്തിൽ രചിക്കപ്പെട്ട വരികൾ പ്രാദേശിക പുരാണങ്ങളെയും ഇതിഹാസങ്ങളെയും മതവിശ്വാസങ്ങളെയും പ്രതിഫലിപ്പിക്കുന്നു. ഒരു പ്രധാന ഗായകനും ഒരു ഗായകസംഘവും ഉൾപ്പെടുന്ന കോൾ-ആൻഡ്-റെസ്പോൺസ് ഫോർമാറ്റ്, സമൂഹപങ്കാളിത്തത്തിന്റെ ഒരു ബോധം സൃഷ്ടിക്കുകയും ഭക്ത്യാനുഭവം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

മലയാളമാസമായ വൃശ്ചികം ആരംഭിക്കുന്നതോടെ, കാവടിച്ചിന്തുപാട്ടിന്റെ താളമേളങ്ങൾ ആരംഭിക്കുന്നു. മുരുകസ്തുതികൾ ആലപിക്കുകയും ചടുലമായ താളങ്ങളിൽ നൃത്തം ചെയ്യുകയും ചെയ്യുന്ന രീതിയാണ് ഇത് പിന്തുടരുന്നത്. വൃശ്ചിക മാസത്തിൽ, വീടുകളിലും, പാനക പൂജകളിലും, വിളക്ക് പൂജകളിലും, ശബരിമലയുമായി ബന്ധപ്പെട്ട ക്ഷേത്രങ്ങളിലും ചിന്തവതരിപ്പിക്കുന്നു.

പളനിയാണ്ടവന്റെ ഉണർവ് ഗാനം എന്നറിയപ്പെടുന്ന കാവടിച്ചിന്തിന്റെ ഉത്ഭവം അമ്പലപ്പുഴയിലാണ്. എറണാകുളം ജില്ലയിലെ കാലടിയിലാണ് കാവടിച്ചിന്ത് നിർമിച്ചിരിക്കുന്നത്. വാഴയുടെ നാരുകളുള്ള വേരുകൾ, മധ്യഭാഗത്തുള്ള കാതലുള്ള തടിക്കഷ്ണങ്ങൾ, കശുമാവിന്റെ തടി എന്നിവകൊണ്ടാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. അതിന്റെ ഇരുവശത്തും പൊള്ളയായ ഭാഗങ്ങൾ ഉൾപ്പെടുന്നു. കുരുമുളകിന്റെ കട്ടിയുള്ള നാരുകൾ ആവരണമായി ഉപയോഗിക്കുന്നു. ഇവ വേർപ്പെടുത്തി ചിന്തുടുക്കിന്റെ വലുപ്പത്തിൽ വൃത്താകൃതിയിൽ ചുരുട്ടുന്നു, അതിനുശേഷം പശ പുരട്ടി വെയിലത്തുണക്കി ഉടുക്കിന്റെ കവർ നാല് കാലുകളുടെ തൊലി കൊണ്ട് മൂടുന്നു. വൃത്തം ഇരുവശത്തും രണ്ടുതവണ പൊതിഞ്ഞ ശേഷം, ചിന്തുടുക്കിന്റെ വൃത്തത്തിന് മുകളിൽ ഇംഗ്ലീഷ് അക്ഷരമായ 'N'-ന്റെ ആകൃതിയിൽ ചുണ്ടനൂലുപയോഗിച്ച് കെട്ടുന്നു. ആറ് മുതൽ പന്ത്രണ്ട് വരെ മാസങ്ങൾ ഉൾപ്പെടെ നിരവധി മാസത്തെ പരിശീലനത്തിന് ശേഷം, കാവടിച്ചിന്ത് പരിശീലിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു.

ചിന്തുപാട്ടിന്റെ പ്രസക്തിയും സവിശേഷതകളും

ആധുനിക സംഗീതത്തിന്റെ ആവിർഭാവമുണ്ടായിരുന്നിട്ടും, ചിന്തുപാട്ട് കേരളത്തിൽ സജീവവും ജനപ്രിയവുമായ ഒരു പാരമ്പര്യമായി ഇന്നും തുടരുന്നു. ചിന്തുപാട്ടിന്റെ സവിശേഷത

കൾ മറ്റ് നാടോടിഗാനങ്ങളിൽനിന്ന് ഇതിനെ വ്യത്യസ്തമാക്കുന്നു. പ്രാദേശികവും സാംസ്കാരികവുമായ പശ്ചാത്തലത്തിൽ, ഈ വാമൊഴി പാരമ്പര്യം പ്രാദേശികമായ മതപരമായ ആചാരങ്ങളുമായും ക്ഷേത്രോത്സവങ്ങളുമായും ആഴത്തിൽ ഇഴചേർന്നിരിക്കുന്നു. കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ ഒരു വ്യതിരിക്തമായ പ്രകടനമായി ചിന്തുപാട്ടിനെ കണക്കാക്കാം. പ്രകടനശൈലിയെ സംബന്ധിച്ചിടത്തോളം, കോൾ ആൻഡ് റെസ്പോൺസ് ഫോർമാറ്റും പരമ്പരാഗത ഉപകരണങ്ങളുടെ ഉപയോഗവും സവിശേഷവും ആഴത്തിലുള്ളതുമായ ശ്രവണാനുഭവം സൃഷ്ടിക്കുന്നു. പ്രമേയങ്ങളുടെയും ഉള്ളടക്കത്തിന്റെയും കാര്യത്തിൽ ചിന്തുപാട്ട് പ്രധാനമായും ഭക്തിപരമാണ്, ഇവ ദേവന്മാരെ സ്തുതിക്കുന്നതിലും മതപരമായ കഥകൾ വിവരിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഉദാഹരണത്തിന്, ജനപ്രിയ ചിന്തുപാട്ട് ഇങ്ങനെയാണ്:

അയ്യപ്പസ്വാമിയേ ശരണം തായോ
നിൻതിരുസന്നിധിയിൽ ഏകരായ്
ഞങ്ങൾ വണങ്ങുമ്പോൾ
പള്ളിക്കെട്ടേന്തിക്കൊണ്ട്
നിൻതിരുസന്നിധിയിൽ
എത്തുമൊരീ ഞങ്ങളിൽ
സ്വാമിയേ ശരണം തായോ

ശുദ്ധമാർന്നുള്ളൊരു അമ്പിന്റെ തുമ്പിനാൽ
തൻവാസം കണ്ട ദേവനേ
സ്വാമിയേ ശരണം തായോ

തന്റെ മാതാവിനായ് പുലിപ്പാൽ തേടിക്കൊണ്ട്
കാനനം പൂകിയ ദേവസ്വാമിയേ
ശരണം തായോ
പൊന്നമ്പലവാസനേ ആനന്ദാദപ്രഭവേ
ഹരിഹരസുതനയ്യനേ
സ്വാമിയേ ശരണം തായോ

മലയാള ഭാഷയുടെയും വരികളുടേയും ഉപയോഗം പ്രാദേശിക ഭാഷാഭേദങ്ങളെയും ഭാഷാസൂക്ഷ്മതകളെയും പ്രതിഫലിപ്പിക്കുന്നു. ചിന്തുപാട്ട് സമൂഹത്തെ ഒന്നിപ്പിക്കുന്നതിനും സാമൂഹിക ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഒരു മാർഗമായി വർത്തിക്കുന്നു എന്നതാണ് ഈ പാരമ്പര്യകലയുടെ സാമൂഹിക പ്രസക്തി.

നീലനീലമലയിൽ സ്വാമിയേ
മഞ്ഞണിഞ്ഞൊരാ മലയിൽ അയ്യപ്പോ
പൊന്നണിഞ്ഞ കോവിലിനുള്ളിൽ അയ്യപ്പോ
നെയ്യണിഞ്ഞ നിൻരൂപം
സ്വാമിശരണം ശരണം ശരണം സ്വാമിയേ
ഹരിഹരസുതനരിയവരദനയ്യപ്പ

ഇത്തരത്തിൽ അയ്യപ്പനുമായി ബന്ധപ്പെട്ട ഭക്തിപരമായ ആചാരങ്ങളുടെയും സംസ്കാരികപൈതൃകത്തിന്റെയും ഒരു പ്രധാന ഭാഗമാണ് ചിന്തിനു ഇതിവൃത്തമായി വരുന്ന അയ്യപ്പ

ഗീതങ്ങൾ. ശബരിമല തീർത്ഥാടനത്തിന്റെ ആത്മീയാനുഭവം വർദ്ധിപ്പിക്കുകയും ദേവതയ്ക്ക് സമർപ്പിച്ചിരിക്കുന്ന ആചാരങ്ങളിലും ഉത്സവങ്ങളിലും ചിന്തുപാട്ട് സവിശേഷമായ പങ്കുവഹിക്കുകയും ചെയ്യുന്നു. ചിന്തുപാട്ടിന്റെ ശക്തമായ താളങ്ങളും ആകർഷകത്വവും ഭക്തർക്ക് ആത്മീയമായ അന്തരീക്ഷം ഒരുക്കുന്നു.

ശങ്കരാ ശിവശങ്കരാ ദേവാ

കൈലാസനാഥാ ശിവശങ്കരാ

പാർവതീശവല്ലഭാ

ഓം ശിവശങ്കരാ

ആദിപരാപരനേ ഓം ശങ്കരാ

ഭഗവാൻ ശിവശങ്കരനെ സ്തുതിച്ചുകൊണ്ടുള്ള ചിന്തുപാട്ടിലെ വരികളാണിവ. കൈലാസനാഥനും പാർവതീപതിയുമായ ഭഗവാന്റെ മഹിമകൾ ഈ വരികളിൽ നിറഞ്ഞുനിൽക്കുന്നു. അയ്യപ്പന്റെ പുരാവൃത്തവുമായി ഒട്ടിനിൽക്കുന്ന കഥാസന്ദർഭങ്ങളും കഥാപാത്രങ്ങളുമാണ് ചിന്തുപാട്ടുകളിൽ പ്രകടമായി ആവിഷ്കരിക്കുന്നത്.

കണ്ണാടിപ്പുഴ നീന്തി അമ്മ

ഇന്ന് വടക്കുന്നു വന്നേ

ഏഴാന മുകളേറി അമ്മ

ഇന്ന് വടക്കുന്നു വന്നേ

കുട്ടിക്കുറുമ്പുള്ള കാളി

അവൾ ചേലൊത്ത വന്മലപോലെ

തെയ്യം/തോറ്റംപാട്ടുകളെ അനുസ്മരിപ്പിക്കുന്ന ശൈലിയിലുള്ള ചിന്തുപാട്ടാണിത്. ഭദ്രകാളിയെ (അമ്മയെ) ക്കുറിച്ചുള്ള ഈ വർണ്ണനയിൽ ഭക്തിയും വാത്സല്യവും നിറഞ്ഞുനിൽക്കുന്നു. 'കണ്ണാടിപ്പുഴ നീന്തി'പുഴ മുറിച്ചു കടന്നുള്ള അമ്മയുടെ വരവ് പ്രകൃതിയും ദൈവവും തമ്മിലുള്ള ബന്ധത്തെ കാണിക്കുന്നു. 'ഏഴാന മുകളേറി' ഗജവീരന്മാരുടെ മുകളിൽ എഴുന്നള്ളുന്ന ആ പ്രൗഢി കാളിയുടെ ഐശ്വര്യത്തെയും ശക്തിയെയും സൂചിപ്പിക്കുന്നു.' കുട്ടിക്കുറുമ്പുള്ള കാളി' എന്നത് സാധാരണയായി രൗദ്രരൂപിണിയായ കാളിയെ ഇവിടെ 'കുട്ടിക്കുറുമ്പുള്ളവൾ' എന്ന് വിശേഷിപ്പിക്കുന്നു. വന്മല പോലെ ഉറച്ചവളും എന്നാൽ ഭക്തർക്ക് മുൻപിൽ കുസൃതി നിറഞ്ഞവളും എന്ന സങ്കല്പം ഇതിൽ കാണാം.

വടക്ക് നിന്ന് വന്നവളേ

വാടാമല്ലി ചൂട്യോളേ

കൊടുങ്ങല്ലൂരമ്മേ തായേ ദേവീ

കൊടുങ്ങല്ലൂരമ്മേ തായേ

അരയാലിൻ ഇലപറിച്ചിട്ട് ചമച്ചീടാം

ആരാരും കാണാതെ നേർച്ച നൽകീടാം

കൊടുങ്ങല്ലൂരമ്മയെ സ്തുതിക്കുന്ന, അത്യന്തം ഭക്തിസാന്ദ്രവും താളാത്മകവുമായ വരികൾ നിറഞ്ഞ ചിന്തുപാട്ടാണ് ഇത്. നിത്യകന്യകയായ ദേവിയുടെ ആഭരണമായി വാടാമല്ലിപൂവിനെ സങ്കല്പിക്കുന്നതും പ്രകടനപരതയില്ലാത്ത, തികച്ചും സ്വകാര്യമായ ഭക്തിയെയും ഈ വരികളിൽ ആവിഷ്കരിക്കുന്നുണ്ട്.

പാരമ്പര്യത്തിന്റെയും ആധുനികതയുടെയും സങ്കലനം

സംഗീതം, നൃത്തം, ആചാരങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവയുൾപ്പെടെയുള്ള നാടോടി പാരമ്പര്യങ്ങൾ ഒരു സമൂഹത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ ജീവിക്കുന്ന രൂപങ്ങളാണ്. അവ തലമുറകളിലൂടെയുള്ള ആളുകളുടെ ചരിത്രം, മൂല്യങ്ങൾ, വിശ്വാസങ്ങൾ എന്നിവയെ പ്രതിഫലിപ്പിക്കുന്നു. എന്നിരുന്നാലും, സമൂഹങ്ങൾ വികസിക്കുകയും ആധുനികവത്കരിക്കുകയും ചെയ്യുമ്പോൾ, ഈ പാരമ്പര്യങ്ങൾ സംരക്ഷിക്കുക എന്നത് സങ്കീർണ്ണമായ ഒരു കടമയായി മാറുന്നു. ഭൂതകാലത്തെ സംരക്ഷിക്കുക മാത്രമല്ല, അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് ഈ പാരമ്പര്യങ്ങൾ പ്രസക്തവും ഊർജ്ജസ്വലവുമായി തുടരുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് വെല്ലുവിളി. നാടോടി പാരമ്പര്യങ്ങളുടെ നിലനിൽപ്പിനും തുടർച്ചയ്ക്കും പാരമ്പര്യവും ആധുനികതയും തമ്മിലുള്ള സന്തുലിതാവസ്ഥ കൈവരിക്കേണ്ടത് അത്യാവശ്യമാണ്.

നാടോടി പാരമ്പര്യങ്ങൾ സമൂഹങ്ങളുടെ സ്വത്വത്തിൽ അവിഭാജ്യ ഘടകമാണ്. വാമൊഴി, കഥപറച്ചിൽ, സംഗീതം, നൃത്തം, ആചാരങ്ങൾ എന്നിവയിലൂടെ അവ അറിവ്, കഴിവുകൾ, മൂല്യങ്ങൾ എന്നിവ ഒരു തലമുറയിൽ നിന്ന് മറ്റൊന്നിലേക്ക് കൈമാറുന്നു. ഈ പാരമ്പര്യങ്ങൾ സാമൂഹിക ഐക്യത്തെ വളർത്തുകയും ആളുകളെ അവരുടെ വേരുകളുമായും സാംസ്കാരിക പൈതൃകവുമായും ബന്ധിപ്പിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

സാങ്കേതികവിദ്യ, ആശയവിനിമയം, ആഗോളബന്ധം എന്നിവയിൽ നിരവധി പുരോഗതികൾ കേരളം കൈവരിക്കുമ്പോൾത്തന്നെ, ആധുനികവത്കരണം പലപ്പോഴും നാടോടി പാരമ്പര്യങ്ങളുടെ നിലനിൽപ്പിന് ഭീഷണി ഉയർത്തുന്നു. നഗരവത്കരണം, കുടിയേറ്റം, മാധ്യമങ്ങളുടെ വ്യാപനം എന്നിവ നാടോടി പാരമ്പര്യങ്ങൾ തഴച്ചുവളർന്ന ഗ്രാമീണ ജീവിതശൈലിയിൽ നിന്ന് മാറാൻ കാരണമായി. യുവതലമുറ, പ്രത്യേകിച്ച് നഗരപ്രദേശങ്ങളിൽ, അവരുടെ സാംസ്കാരിക വേരുകളിൽ നിന്ന് കൂടുതൽ കൂടുതൽ വിച്ഛേദിക്കപ്പെട്ടു.

ആധുനികവത്കരണം ഉയർത്തുന്ന വെല്ലുവിളികൾക്കിടയിലും, നാടോടി പാരമ്പര്യങ്ങളുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനും ഇത് പുതിയ വഴികൾ വാഗ്ദാനം ചെയ്യുന്നു. ആധുനികതയെ ഒരു ഭീഷണിയായി കാണുന്നതിനുപകരം, നൂതനമായ രീതിയിൽ സാംസ്കാരിക പൈതൃകത്തെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു ഉപകരണമായി ഇതിനെ ഉപയോഗപ്പെടുത്താം.

ആധുനിക സാങ്കേതികവിദ്യ ഇത്തരം പാരമ്പര്യകലകളുടെ സംരക്ഷണവും രേഖപ്പെടുത്തലും സാധ്യമാക്കിയിട്ടുണ്ട്. ഡിജിറ്റൽ ആർക്കൈവുകളും ഓൺലൈൻ പ്ലാറ്റ്ഫോമുകളും വിശാലമായ പ്രേക്ഷകരിലേക്ക് ഇത് പ്രാപ്യമാക്കിയിട്ടുണ്ട്. കൂടാതെ, സോഷ്യൽ മീഡിയയും മറ്റ് ഡിജിറ്റൽ ഉപകരണങ്ങളും ചിന്തുപാട്ടിനെ പുനരുജ്ജീവിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള ശ്രമങ്ങൾക്ക് കരുത്ത് പകരുന്നു. മറുവശത്ത്, പരമ്പരാഗതരീതികളുടെ തകർച്ചയും ആധുനിക വിനോദ ഓപ്ഷനുകളുടെ ആവിർഭാവവും ചിന്തുപാട്ടിന്റെ തുടർച്ചയ്ക്ക് വെല്ലുവിളികൾ ഉയർത്തിയിട്ടുണ്ട്. പാരമ്പര്യത്തിന്റെ വാണിജ്യവത്കരണം അതിന്റെ യഥാർത്ഥ രീതിയിലുള്ള സാംസ്കാരികവും മതപരവുമായ പ്രാധാന്യത്തെ ദുർബലപ്പെടുത്തുന്നതിനും കാരണമായേക്കാം.

ചിന്തുപാട്ടിന്റെ ഭാവിയും വ്യാപ്തിയും

ചിന്തുപാട്ടുപഠനത്തിന്റെ ഭാവിസാധ്യതകൾ വിശാലവും ബഹുമുഖവുമാണ്. സാംസ്കാരിക സംരക്ഷണം, ഭാഷാശാസ്ത്രം, സംഗീതശാസ്ത്രം, ചരിത്രം, സാമൂഹ്യശാസ്ത്രം, പ്രകടനപഠനങ്ങൾ തുടങ്ങിയ വിഷയങ്ങളിലൂടനീളം ഗവേഷണത്തിനുള്ള അവസരങ്ങൾ ഇത് പ്രദാനം ചെയ്യുന്നു.

ഭാവിപഠനങ്ങൾ ചിന്തുപാട്ടുകളെ അവയുടെ യഥാർത്ഥ പശ്ചാത്തലത്തിൽ റെക്കോർഡുചെ

യ്യുന്നതിലും പകർത്തിയെഴുതുന്നതിലും വിശകലനം ചെയ്യുന്നതിലും ശ്രദ്ധകേന്ദ്രീകരിക്കും, ഇത് ഭാവി തലമുറകൾക്കായി അവ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ സഹായിക്കും. ഈ പാട്ടുകളിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷയുടെ വിശദമായ വിശകലനം, ഭാഷാഭേദങ്ങൾ, രൂപകങ്ങൾ, ശൈലികൾ എന്നിവയുൾപ്പെടെ, കാലക്രമേണ മലയാള ഭാഷയുടെ പരിണാമത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ നൽകാൻ സഹായിക്കും. കൂടാതെ, പ്രാദേശിക ഇതിഹാസങ്ങൾ, പുരാണങ്ങൾ, ചരിത്ര സംഭവങ്ങൾ എന്നിവയെ പലപ്പോഴും പ്രതിഫലിപ്പിക്കുന്ന ചിന്ത പാട്ടിന്റെ ആഖ്യാന ശൈലി, ഈ പ്രദേശത്തിന്റെ കഥപറച്ചിൽ എന്നിവ സാങ്കേതികതയിലേക്കും സാഹിത്യ സൗന്ദര്യശാസ്ത്രത്തിലേക്കും ഒരു തുറവി നൽകുന്നു. നാടോടി സംഗീതത്തിന്റെ ഒരു തനതായ രൂപമെന്ന നിലയിൽ, ചിന്തപാട്ട് നരവംശശാസ്ത്രജ്ഞർക്ക് സമ്പന്നമായ വിവരങ്ങൾ വാഗ്ദാനം ചെയ്യുന്നു. കൂടാതെ ചിന്തപാട്ടിന്റെ സംഗീത ഘടന, താളം, പ്രകടന സാങ്കേതികവിദ്യകൾ എന്നിവ പരിശോധിക്കാനും കേരളത്തിലും ദക്ഷിണേന്ത്യയിലുമുള്ള മറ്റ് പരമ്പരാഗത സംഗീതരൂപങ്ങളിൽനിന്ന് അതെങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് പര്യവേക്ഷണം ചെയ്യാനും അവർക്ക് കഴിയും. ചിന്തപാട്ടിന്റെ സംഗീതഘടകങ്ങൾ മറ്റ് പ്രാദേശിക സംഗീതവിഭാഗങ്ങളെ എങ്ങനെ സ്വാധീനിച്ചു അല്ലെങ്കിൽ ആധുനികവത്കരണം അതിന്റെ പ്രകടനരീതികളെ എങ്ങനെ ബാധിക്കുന്നുവെന്നും ഇത്തരം പഠനങ്ങളിലൂടെ പരിശോധിക്കാവുന്നതാണ്. സമകാലിക സാംസ്കാരിക ഇടങ്ങളിൽ ഈ പാരമ്പര്യത്തെ പുനരുജ്ജീവിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ചിന്തപാട്ടിന്റെ പ്രകടനവശങ്ങൾ-പാട്ടുകൾ, ആലാപനരീതി, സംഗീതത്തിന്റെയും നൃത്തത്തിന്റെയും പങ്ക്, കലാകാരന്മാരും പ്രേക്ഷകരും തമ്മിലുള്ള ഇടപെടൽ എന്നിവ കൂടുതൽ വിശദമായി പഠിക്കാൻ കഴിയും. ചിന്തപാട്ടിനെക്കുറിച്ചുള്ള അക്കാദമികവും പ്രായോഗികവുമായ അറിവ് വികസിപ്പിക്കുന്നതിലൂടെ, പണ്ഡിതർക്കും സാംസ്കാരിക തത്പരർക്കും ഭാവിതലമുറകൾക്കായി ഈ പരമ്പരാഗത കലാരൂപത്തിന്റെ സംരക്ഷണം, പുനരുജ്ജീവനം, പൊരുത്തപ്പെടുത്തൽ എന്നിവ ഉറപ്പാക്കാൻ സഹായിക്കാനാകും.

ഉപസംഹാരം

കേരളത്തിലെ ജനങ്ങളിൽ ഇന്നും പ്രതിധ്വനിക്കുന്ന ഒരു കാലാതീതമായ ഈണമാണ് ചിന്തപാട്ട്. അതിന്റെ സമ്പന്നമായ ചരിത്രം, സാംസ്കാരിക പ്രാധാന്യം, സവിശേഷതകൾ എന്നിവ ഇതിനെ പ്രദേശത്തിന്റെ പൈതൃകത്തിന് ഒരു വിലപ്പെട്ട ഇടമാക്കി മാറ്റുന്നു. ഈ പാരമ്പര്യം സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിലൂടെ, അതിന്റെ ആകർഷകമായ ഈണങ്ങളും ഭക്തിചൈതന്യവും വരുംതലമുറകളെ പ്രചോദിപ്പിക്കുന്നു. ആധുനിക ലോകത്ത് ചിന്തപാട്ട് പോലുള്ള തനതായ ഫോക് പാരമ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഭൂതകാലത്തെ ബഹുമാനിക്കുന്നതും ഭാവിയെ സ്വീകരിക്കുന്നതും ആയ ഒരു സന്തുലിത സമീപനം ആവശ്യമാണ്. ആധുനിക സാങ്കേതികവിദ്യയും മാധ്യമങ്ങളും നാടോടി പാരമ്പര്യങ്ങൾ ആഗോളതലത്തിൽ രേഖപ്പെടുത്തുന്നതിനും ശേഖരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പ്രയോജനപ്പെടുത്തണം.

ഗ്രന്ഥസൂചി

ബാലകൃഷ്ണൻ നായർ ടി, ചിറയ്ക്കൽ(സമ്പാ.). കേരളഭാഷാഗാനങ്ങൾ ഭാഗം ഒന്ന്. 2005: കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

വാസുദേവൻ നായർ, എം.ടി. പെരുന്തച്ചൻ. 2009: മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

വിശാൽ, ജോൺസൺ., ശ്രീകുമാർ, കെ(എഡി.). സമകാലിക ഫോക്‌ലോറും കേരളീയ

പരിസരവും. 2025: കേരള ഫോക്‌ലോർ അക്കാദമി, കണ്ണൂർ.

വിഷ്ണു നമ്പൂതിരി, എം.വി. തെയ്യം. 2007: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

---. നാടൻപാട്ടുകൾ മലയാളത്തിൽ. 2000: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

Choondal, Chummar. Ballads of Kerala. 1979: Sangeet Natak Akademi, Thrissur.

Vishal, Johnson(Ed.). Roots and Rhythms: Expressions of Kerala Folklore and Culture. 2025: Kerala Folklore Academy, Kannur.

26

പ്രവാസവും കേരളീയ സാമൂഹികപരിണാമവും

ഡോ. ജെയ്സി ഡേവിഡ്
അസി. പ്രൊഫസർ, മലയാളവിഭാഗം
അസ്മാബി കോളേജ്, കൊടുങ്ങല്ലൂർ

പ്രബന്ധസംഗ്രഹം

ഇന്ന് സാഹിത്യ സംസ്കാര മണ്ഡലത്തിൽ പ്രസക്തമായ ബഹുസാംസ്കാരികത്വം (multi-culturalism) ദേശാന്തര ഗമനകൾ വഴി സംഭവിച്ച പ്രതിഭാസമാണ്. ലോക ചരിത്രത്തിൽ കുടിയേറ്റങ്ങളുടെ ചരിത്രം തള്ളിക്കളയാവുന്നതല്ല. ഇരുപതാം നൂറ്റാണ്ടിന്റെ ഗതാഗത സങ്കേതിക പുരോഗതിയുടെ ഫലമായി പ്രവാസികളുടെ തോത് ക്രമാതീതമായി വർദ്ധിച്ചു. നഗരങ്ങളിലേക്കും മറുനാടുകളിലേക്കും വിദേശങ്ങളിലേക്കും നടക്കുന്ന ദേശാന്തര ഗമനങ്ങൾ വഴി സംഭവിച്ച ബഹുസാംസ്കാരികത ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് ഒരു പഠന വിഷയമായി വളർന്നത്. അന്യ നാടുകളിൽ എത്തിപ്പെട്ട മലയാളി പ്രവാസികൾ നേരിട്ട ബഹുസ്വരത കേരളീയ സംസ്കാരത്തിലും സമൂഹത്തിലും അനവധിയായി പരിണാമങ്ങൾക്ക് വഴിതെളിച്ചു . കേരളീയരുടെ സ്വത്വത്തെയും ശീലങ്ങളെയും വേഷവിധാനങ്ങളെയും മാറ്റിമറിച്ച ദൂര വ്യാപകമായ ഫലങ്ങളാണ് പ്രവാസ അതിജീവനം കൊണ്ട് സംഭവിച്ചത്.

താക്കോൽവാക്കുകൾ
പ്രവാസം, പലായനം, ദ്വന്ദസംസ്കൃതി, ബഹുസാംസ്കാകാരികത്വം

സങ്കീർണവും വൈവിധ്യപൂർണ്ണവുമായ മാനുഷികവ്യവഹാരസൂചകങ്ങളുടെ പരികല്പനയാണ് സംസ്കാരം. റെയ്മണ്ട് വില്യംസ് സംസ്കാരത്തിനു കൊടുക്കുന്ന നിർവചനം ' ഒരു സമ്പൂർണ്ണ ജീവിത രീതി '(A whole way of life)' എന്നാണ്. സംസ്കാരം വിപുലമായ അർത്ഥ തലങ്ങളിൽ വീക്ഷിക്കേണ്ട സംജ്ഞയാണ്. സംസ്കാരത്തെക്കുറിച്ചുള്ള പ്രബല ചിന്താധാര

കളെ സമന്വയിപ്പിച്ചും പ്രതിക്ലേലിച്ചും പുതുതത്വങ്ങൾ രൂപീകരിച്ചുകൊണ്ട് നവീന ചിന്താ പദ്ധതിയായി 1964 സ്ഥാപിക്കപ്പെട്ട സെന്റർ ഫോർ കൾച്ചറൽ സ്റ്റഡീസ് ആണ് പ്രത്യേക വിഷയമായി സാംസ്കാരിക പഠനത്തെ സമീപിച്ചത്. റിച്ചാർഡ് ഹോഗർ ട്ട്, റെയ്മണ്ട് വില്യംസ്, ഇ പി തോംസൺ, സ്റ്റുവർട്ട് ഹാൾ തുടങ്ങിയ പ്രതിഭാശാലികൾ ആണ് ഈ പഠന പദ്ധതിയെ മഹാപ്രസ്ഥാനമാക്കി വളർത്തിയത് . ഇറ്റാലിയൻ കമ്മ്യൂണിസ്റ്റ് വിപ്ലവകാരിയായ അന്തോണിയോ ഗ്രാംഷി , 1923 സ്ഥാപിതമായ ഫ്രാങ്ക്ഫർട്ട് സ്കൂൾ സംസ്കാരിക പഠനത്തിന്റെ വികാസത്തിൽ മുഖ്യ പങ്കുവഹിച്ചു . ലൂയി അൽത്തൂസറിന്റെ ചിന്തകളും ആധുനിക സാംസ്കാരിക പഠനങ്ങളിൽപ്രധാനമാണ്. സംസ്കാരവും പ്രത്യയശാസ്ത്രവും സാമൂഹ്യ പരിവർത്തനത്തിൽ നിർണായകമാണെന്ന് വിവരിക്കാൻ രണ്ട് തലങ്ങളിലായി ഗ്രാംഷി സമൂഹ ഘടനയേയും പ്രവർത്തനങ്ങളെയും വേർതിരിക്കുന്നു. ഒരു വർഗ്ഗം അല്ലെങ്കിൽ വർഗ്ഗസഖ്യം മറ്റു വർഗ്ഗങ്ങളുടെ മേൽ ആധിപത്യം ചെലുത്താൻ ഉപയോഗപ്പെടുത്തുന്ന ഹിംസയുടെ ഘടനയാണ് ഭരണകൂടം എന്ന പ്രസിദ്ധമായ മാർക്സിസ്റ്റ് സിദ്ധാന്തത്തിന്റെ രൂപാന്തരപ്പെടുത്തിയ സങ്കല്പമാണ് ഗ്രാംഷിയുടെ രാഷ്ട്രീയ സമൂഹം .ഗ്രാംഷിയുടെയും മാക്സിന്റെയും സാംസ്കാരിക പഠന വഴികളിൽ നിന്ന് വ്യത്യസ്തമാണ് മൂന്നാം ലോക സംസ്കാര പഠനങ്ങൾ . യൂറോപ്പിനെയും അമേരിക്കയെയും കേന്ദ്രീകരിച്ച് വളർന്ന പാശ്ചാത്യ അക്കാദമിക സംസ്കാരത്തിന്റെ വിമർശനമായി ഈ മൂന്നാം ലോക പ്രേക്ഷ്യത്തെ തിരിച്ചറിയേണ്ടതുണ്ട് .

യൂറോ അമേരിക്കൻ പരിപ്രേക്ഷ്യത്തിന്റെ കേന്ദ്രങ്ങളായ പാശ്ചാത്യ അക്കാദമിക സ്ഥാപനങ്ങളിലൂടെ വികസിച്ച സംസ്കാരപഠനങ്ങളുടെ സാഹചര്യങ്ങളല്ല കേരളത്തിലുള്ളത് . കർഷക തൊഴിലാളി സംഘടനകളിലൂടെ നടത്തപ്പെട്ട ഇടതുപക്ഷ സമരങ്ങളാണ് കേരളത്തിലെ ദേശീയ മുന്നേറ്റങ്ങളിൽ നിർണായകമായത് . സാമുദായിക സംഘടനകളുടെ ജാതി വിരുദ്ധ സമരങ്ങളും കേരളത്തിലെ സവർണാധിപത്യ വ്യവസ്ഥിതിയെ മാറ്റിമറിച്ച സാംസ്കാരിക മുന്നേറ്റമാ ണെന്ന് കാണാം. ജാതിപരവും ജന്മിത്തപരവുമായ ഫ്യൂഡൽ വ്യവസ്ഥിതിയെ ഇളക്കിമറിച്ചു കൊണ്ടാണ് ഇത്തരം ജാതി വിരുദ്ധവും സാമ്രാജ്യത്വ വിരുദ്ധവുമായ സമരങ്ങൾ വഴിപുതിയൊരു സംസ്കാരം പത്തൊൻപതാം നൂറ്റാണ്ടിലെ കേരളത്തിൽ ഉദയം കൊണ്ടത് .

സംസ്കൃതിയുടെ പ്രശ്നങ്ങൾ

അനുഭവങ്ങൾ തീഷ്ണമാവുകയും സ്വന്തം ജീവിത ചുറ്റുപാടുകളെ രേഖപ്പെടുത്തേണ്ടതിന്റെ ആവശ്യകത അനുഭവവസ്ഥർ ഉദ്ഘോഷിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഡയസ്പോറ എന്ന പദത്തിന് നിർവചനങ്ങളും സിദ്ധാന്തങ്ങളും സമീപനങ്ങളും വേണ്ടിവന്നത് .അത് ഒരു പണ്ഡിത ചർച്ചയ്ക്ക് വഴിയൊരുക്കുകയും ചെയ്തു . പ്രവാസം ഇന്ന് ആഗോളതലത്തിലുള്ള പഠനങ്ങളുടെ വ്യതിരിക്തമായ തലങ്ങളെ ഉൾക്കൊള്ളുന്നുണ്ട് . പ്രത്യേക വാസം കൊണ്ട് സംഭവിക്കുന്ന മാറ്റങ്ങൾ കേരളത്തിലെ ജീവിതത്തിൽ പ്രതിഫലിക്കപ്പെട്ടപ്പോൾ അവയ പഠന വിധേയം ആക്കേണ്ടുന്ന അവസ്ഥ നിലവിൽ വന്നു . ഡയസ്പോറ ചരിത്രവും കച്ചവടവും രാഷ്ട്രീയവും ആഗോളവൽക്കരണവുമായി ബന്ധപ്പെട്ട് കിടക്കുന്നു. ചരിത്രം യൂറോപ്യൻ ഇംപീരിയൽ ടയസ്പോറയായും കച്ചവടം ചൈനീസ് അറബ് ഡയസ്പോറയായും ആഗോളീകരണം ബ്രിട്ടീഷ് ഭരണകാലം മുതൽ ഇന്നുവരെയുള്ള ഡയസ്പോറയു മായി ബന്ധപ്പെട്ടു കിടക്കുന്നു . എന്നാൽ ഡയസ്പോറയുടെ ആദിമമായ സങ്കല്പം ജ്യൂത ജനതയുമായി ബന്ധമുള്ളതാണ്. ഇസ്രായേലിൽ നിന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ചിതറിപ്പോയ ജ്യൂതന്മാരുടെ ചരിത്രത്തെ കുറിക്കാനാണ് ആദ്യമായി ഈ സംജ്ഞ ഉപയോഗിക്കപ്പെട്ടത്. ജ്യൂത ജനതയെ അടയാളപ്പെടുത്താൻ മാത്രമല്ല പൊതുവായി ഏതെങ്കിലും ഒരു കൂട്ടം കുടിയേറുന്നതോ ഒരു രാജ്യത്തിലേക്ക് പ്രദേശത്തിലേക്ക് ,സ്വന്തം പാരമ്പര്യത്തെ വീടിനെ വിട്ടുപോകുന്നതോ ആയ ആളുകളെയും ഡയസ്പോറ എന്ന പരികല്പനയിൽ ഉൾപ്പെടുത്താം.

എന്നാൽ ഇന്ന് ഡയസ്പോറ എന്ന പദം മറ്റൊരർത്ഥത്തിലാണ് പ്രയോഗിക്കപ്പെടുന്നത്. " സമൂഹത്തിന്റെ സംസ്കാരവും തനിമകളും മറ്റൊരു സമൂഹഘടനയിലേക്ക് വന്ന് എത്തുമ്പോൾ ഉണ്ടാകുന്ന സംഘർഷങ്ങളും അനന്തരഫലങ്ങളുമാണ് ഡയസ്പോറയുടെ ഉള്ളടക്കം." (കൃഷ്ണദാസ് (2014) പ്രവാസത്തിന്റെ അടയാളങ്ങൾ , ചന്ദ്രിക ആഴ്ചപ്പതിപ്പ് , ജൂൺ പുറം.12) സ്വദേശം വിട്ട് വിദേശത്ത് താമസിക്കേണ്ടിവരുന്ന മാനസിക സംഘർഷങ്ങളും വിദേശ ചുറ്റുപാടുകളോട് ഇണങ്ങേണ്ടി വരുമ്പോൾ ഉണ്ടാകുന്ന സങ്കീർണ്ണതകളും കൂടിച്ചേർന്ന വികാരമാ ണ് ഡയസ്പോ

റാ . എഡ്വേഡ് സെയ്ദിന്റെ അഭിപ്രായപ്രകാരം ഡയസ്പോറ വിട്ടുപോന്ന നാടിനെ കുറിച്ചുള്ള സങ്കല്പവും ഓർമ്മകളുടെ സമാഹരണവുമാണ്.(a collective memory or myth about the home land.) എന്നാൽ ഡയസ്പോറയെ നിർവചിക്കുന്നിടത്ത് സഫ്രാൻ പറയുന്നത് നഷ്ടപ്പെട്ട വീടിന്റെ സമ്പാദ്യമാണ് വീടില്ലായ്മ എന്നാണ്.(Investing homelessness for a lost home). റോബിൻ കോഹൻ ഡയസ്പോറയെ വ്യക്തമായി നിർവചിക്കുന്നുണ്ട്. പ്രവാസികൾ ഒരു രാജ്യത്ത് കൂട്ടമായി ജീവിക്കുകയും അവരുടെ പഴയ രാജ്യത്തെ ഓർമ്മയിൽ സൂക്ഷിക്കുകയും ചെയ്യുന്നു. ഉള്ളിൽ ഭാഷ മതം ആചാരാനുഷ്ഠാനങ്ങൾ നാട്ടറിവുകൾ എന്നിവ വൈകാരികമായി നിലനിർത്തുകയും ചെയ്യുന്നു. ഇവിടെ ശക്തമായി പരാമർശിക്കുന്നത് സ്ഥലകാലത്തിനതീതമായി തങ്ങളുടെ രാജ്യത്തെ പ്രവാസി ഉറ്റു നോക്കിക്കൊണ്ടിരിക്കുന്നു എന്നതാണ്. പരദേശജീവിതത്തിലെ ദൈന്യതകൾ ഒരു പരിധിവരെ പ്രകടിപ്പിക്കാതെ സ്വജീവിത ചുറ്റുപാടുകളോടിണങ്ങിക്കൊണ്ട് എന്നാൽ ഇണങ്ങാതെയും അനുഭവിക്കേണ്ടിവരുന്ന ജീവിത കാലമാണത് .

എവിടെയൊക്കെ സംസ്കാരത്തിന്റെ വ്യത്യസ്തതകൾ നിലനിൽക്കുന്നുവോ അവിടെയെല്ലാം ഒരു ഉപ സംസ്കാരം സൃഷ്ടിക്കപ്പെടുന്നുണ്ട് . അത്തരം സംസ്കാരങ്ങളുടെ സമന്വയമാണ് പ്രവാസ ജീവിതത്തിന്റെ കാതൽ . ഏതു പ്രതികൂല സാഹചര്യങ്ങളെയും അതിജീവിച്ചുകൊണ്ടുള്ള ഒരു പ്രത്യേക സംസ്കാരം പ്രവാസജീവിതം ആവശ്യപ്പെടുന്നുണ്ട് . പ്രവാസി രണ്ട് ലോകങ്ങളുടെ നടുവിൽ ആണെന്നും വ്യതിരിക്തമായ ചരിത്രത്തിൽ നിന്ന് അവർ രൂപപ്പെടുകയാണെന്നും ആ ലോകത്തിലെ നിഴലിനോടും വെളിച്ചത്തിനോടും അവൻ സമരസപ്പെടുകയാണെന്നും ശിവാനന്ദൻ വ്യക്തമാക്കുന്നു .(Sivanadan, A (1974) A colonial Hybrid and Alienation, post colonial Novel, Narratives of colonial consciousness, creative New Literature Series -5 ,OMP Juneja Creative books, New Delhi) അതുകൊണ്ടുതന്നെ പ്രവാസി എപ്പോഴും അന്യവത്കരണത്തിന്റെ സന്താനമാണ് . സാമ്പത്തികമായും രാഷ്ട്രീയമായും എന്നും ഒറ്റപ്പെട്ടിരിക്കുന്നവനാണ് പ്രവാസി എന്നതിന്റെ അടിസ്ഥാനം ഇത്തരം അരികുവത്ക്കരണത്തിന്റെഫലമായി ഉണ്ടാകുന്നതാണ്. വ്യതിരിക്തമായ ജീവിത സാഹചര്യങ്ങളോട് യുക്തിയോടെ സമീപിക്കുക എന്നത് ബുദ്ധിമാനായ പ്രവാസിയുടെ മനസ്സാണ്. മാനസികമായ സംഘർഷങ്ങളിലൂടെയുള്ള ജീവിതം പ്രവാസിയുടെ നിലനിൽപ്പിനെ ഏറെ ബാധിക്കുന്നു. അവിടെ നീതീകരണങ്ങൾ ഇല്ലാത്ത പ്രഹേളികയായി പ്രവാസിയുടെ ജീവിതം മാറുന്നു. പ്രവാസികൾ എല്ലാം ചേർന്ന് ഒരു കോളനി രൂപവൽക്കരിക്കുന്നു. അവിടെനിന്ന് ഉൽപ്പന്നമാകുന്ന സംസ്കാരം പ്രവാസ സാഹിത്യത്തിന്റെ വളർച്ചയ്ക്ക് കാരണമാകുന്നു. ഏത് ജീവിതാവസ്ഥകളെയും മറികടക്കാനുള്ള തത്രപ്പാട് പ്രവാസിയുടെ ജീവിതത്തെ സംഘർഷഭരിതമാക്കുന്നു . മാത്രമല്ല എവിടെ പോകുമ്പോഴും ഏത് പ്രവർത്തിയിലും സ്വന്തം ദേശത്തെ താരതമ്യപ്പെടുത്താനുള്ള വ്യഗ്രത അവന്റെ ഉള്ളിൽ നിറയുന്നുണ്ട് .

വീട് നാട് ഭാഷ ജീവിത ചുറ്റുപാടുകൾ എല്ലാം നഷ്ടപ്പെടുന്നവരാണ് പ്രവാസി . ഒരുപക്ഷേ സമ്പന്നതയ്ക്ക് വേണ്ടിയുള്ള നെട്ടോട്ടം ആണെങ്കിലും അതിജീവനത്തിന്റേതായ ഒരു തലം പ്രവാസി അനുഭവിക്കുന്നുണ്ട് . ഉള്ളിൽ തന്നെ അപരൻ ഉണ്ടാവുക എന്നതാണ് പ്രവാസിയുടെ സ്വത്വം . ഈ അപരനെ വിശദീകരണത്തിന് വിധേയമാക്കിയാൽ അവന്റെ സ്വത്വം അതി

ന്റെ കാരണങ്ങൾ സാങ്കേതികത സമൂഹം കഴിവ് വളർച്ച അബോധ മനസ്സ് പാരമ്പര്യം ഇവ യുടെ സങ്കലനം എന്നിവ ഈ അപരൻ എപ്പോഴും ചോദ്യം ചെയ്യകൊണ്ടേയിരിക്കും . ഇവ യെ സാഹിത്യകൃതിയിലേക്ക് പ്രവേശിപ്പിക്കുമ്പോഴാണ് ലോകത്തിന്റെ നാനാഭാഗങ്ങളിലുമു ള്ള പ്രവാസ ജീവിതത്തിന്റെ ദൈന്യതകൾ നമുക്ക് ബോധ്യപ്പെടുന്നത്. അവിടെ വ്യക്തിയും സമൂഹവും മതവും ഒരു മധ്യനിര സാഹചര്യത്തിലാണ് നിലകൊള്ളുന്നത് . അത്തരം ജീവി താവസ്ഥകളെ സൈദ്ധാന്തികമായി സമീപിക്കുമ്പോഴാണ് അവയിലെ വ്യതിരിക്ത സ്വഭാവ ങ്ങൾ പ്രകടമാകുന്നത് .

'സംസ്കാരം ഒരു വ്യക്തി സ്വമേധയാ സ്വീകരിക്കുന്ന ഒന്നല്ല. അവർ ജനിച്ചുവീഴുന്ന ചുറ്റുപാടു കളിൽ നിന്ന് അവരിൽ വന്നുചേരുന്നതാണത് . അവരുടെ കുടുംബം ജാതി മതം ഭരണക്രമം എന്നിവയിലൂടെ അവ ദൃഢപ്പെടുന്നു. ഇങ്ങനെ വസ്തുക്കളും സ്ഥാപനങ്ങളും പ്രയോഗങ്ങളും എല്ലാം ചേർന്ന ഭൗതിക യാഥാർത്ഥ്യത്തിന്റെ ഭാഗമാണ് സംസ്കാരം"(പ്രദീപൻ പാമ്പിരിക്കു ന്ന് (2011) നവോത്ഥാനം ദേശീയത ആധുനികത കീഴാള സംസ്കാര പഠനം മലയാള പഠന സംഘം (സമ്പാ) സംസ്കാര പഠനം ചരിത്രം സിദ്ധാന്തം പ്രയോഗം വള്ളത്തോൾ വിദ്യാഭ്യാ സം ശ്രുഖപുരം .പുറം 436) ജന്മനാടിന്റെ ജൈവീകവും സാംസ്കാരികവുമായ പരിസരത്തു നി ന്നും അകലുമ്പോൾ വ്യക്തിസ്വത്വം ആർജ്ജിച്ചെടുത്ത രാഷ്ട്രീയ സാമൂഹ്യ മൂല്യ നിർമിതിയിൽ മാറ്റം സംഭവിക്കുന്നു. ജാതിയും മതങ്ങളും മതങ്ങൾക്കുള്ളിലെ ജാതിഭേദങ്ങളും കൊണ്ട് സങ്കീർ ണമാണ് കേരളത്തിലെ സാമൂഹിക ഘടന . പൂജാദി കർമ്മങ്ങൾ വഴിയുള്ള സവിശേഷ ജീ വിതക്രമം കൊണ്ടായിരുന്നു സവർണ വിഭാഗം സമൂഹത്തിലെ ജാതീയമായ തങ്ങളുടെ സ്ഥാ നം അലങ്കരിച്ചിരുന്നത്. ജാതീയമായ തങ്ങളുടെ സ്ഥാനവും അവ സൃഷ്ടിച്ചെടുത്ത ജീവിതശൈ ലിയും വിദേശ ജീവിതത്തിൽ അവർക്ക് പൊളിച്ചെഴുതേണ്ടി വന്നു . തൊഴിലിടങ്ങളിൽ വ്യ ത്യസ്ത ജാതി മതവിഭാഗക്കാരോടൊന്നിച്ച് പണിയെടുക്കേണ്ടി വന്നതും മലയാളിയുടെ മൂല്യ സങ്കല്പങ്ങളിൽ മാറ്റം വരുത്തി. വ്യത്യസ്ത ജാതി മതവിഭാഗങ്ങൾ എന്നതിനപ്പുറം പ്രവാസി സമൂഹം ഒരൊറ്റ വർഗ്ഗമായി (class)മാറി .

മലയാളിയുടെ ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾ:

മുങ്ങിക്കുളിച്ചു ദേഹശുദ്ധി വരുത്തി ദിവസം ആരംഭിക്കുന്ന ജീവിതശൈലിയാണ് മലയാ ളിയുടേത്. ഈ ശുചിത്വ ബോധമാണ് മറുനാടുകളിലെ ഭക്ഷണശാലകളിൽ മലയാളിക്ക് തൊ ഴിൽ നേടിക്കൊടുത്തത് . ജലം സുലഭം അല്ലാത്ത വിദേശരാജ്യങ്ങളിൽ എത്തിച്ചേർന്ന മല യാളിക്ക് നാട്ടിൽ ശീലിച്ച ശുചിത്വ പാഠങ്ങളെ തിരുത്തി എഴുതേണ്ടി വന്നു . കുളിക്കാനും കുടിക്കാനും മാത്രമല്ല ഭക്ഷണത്തിലും പാർപ്പിടസൗകര്യങ്ങളിലും മലയാളിക്ക് സമരസപ്പെട ലുകൾ ആവശ്യമായി വന്നു. കുത്തരിച്ചോറും നിറവും സ്വാദുമേറുന്ന വിഭവങ്ങളുമാണ് മലയാളി യുടെ സവിശേഷ ഭക്ഷണരീതി . "ഭക്ഷണം കഴിക്കുന്നതിലും മതസംബന്ധമായ ചില ആചാര മര്യാദകളും ശുദ്ധികളും പാലിക്കുന്നവരാണ് മലയാളികൾ".(ഭാസ്കരനുണ്ണി, പി.(2000) പത്തൊ മ്പതാം നൂറ്റാണ്ടിലെ കേരളം , കേരള സാഹിത്യ അക്കാദമി | തൃശ്ശൂർ, പുറം 45)

വിഭവവൈപുല്യത്തെയും വൈവിധ്യങ്ങളെയും അവയുടെ ആചാരക്രമം അനുസരിച്ച് ഉള്ള ക്രമപ്പെടുത്തലുകളെയും മര്യാദകളെയും കീഴ്മേൽ മറിക്കുന്നതായിരുന്ന അന്യനാടുകളിലെ മലയാളിയുടെ ഭക്ഷണരീതി. ചെന്നെത്തിയ രാജ്യങ്ങളിലെ ഏത് ഭക്ഷണവും വാങ്ങി കഴി ക്കേണ്ടി വന്ന പ്രവാസി ന്യൂനപക്ഷത്തിന് . അതിജീവനം സാധ്യമാക്കാൻ തത്രപ്പെടുന്ന പ്രവാ സി തങ്ങളുടെ സാംസ്കാരിക പശ്ചാത്തലവും ഭക്ഷണക്രമവും ഉപേക്ഷിക്കാൻ നിർബന്ധിത നായി. വർഷങ്ങൾ വിദേശത്ത് കഴിയേണ്ടി വരുന്നതോടെ പ്രവാസിക്ക് കേരളീയ ഭക്ഷണ ത്തോട് വിരക്തി തോന്നി തുടങ്ങുകയും ഇറച്ചിഭ്രമം പ്രവാസികൾക്കിടയിൽ കൂടിക്കൊണ്ടിരി ക്കുകയും ചെയ്യുന്നത് അവരുടെ ജീവിതശൈലിയിൽ വന്ന മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്.

സമ്പന്ന പ്രവാസികൾ ആകട്ടെ ടിൻഫുഡും ജങ്ക്ഫുഡും മുന്തിയ വിദേശ വിഭവങ്ങളും ശീലമാക്കിയാണ് തങ്ങളുടെ സമ്പന്നതയെ അടയാളപ്പെടുത്തുന്നത്. ഭക്ഷണം കഴിക്കുന്നതിൽ മാത്രമല്ല കുടുംബത്തിന്റെ സഹായമില്ലാതെ സ്വന്തമായി പാചകം ചെയ്യാനും വസ്ത്രങ്ങൾ കഴുകാനും മുറി വൃത്തിയാക്കാനും വിദേശ പ്രവാസം മലയാളിയെ പഠിപ്പിച്ചു.

രണ്ടാം ഇടത്തിൽ സംഭവിക്കുന്ന സ്വത്വരൂപീകരണം പ്രാദേശികതയിൽ നിന്നുയർക്കൊണ്ട സ്വത്വ നിർമ്മിതിയിൽ നിന്നും വ്യത്യസ്തമാണ്. ദ്വന്ദ്വ സ്വത്വ രൂപീകരണം വ്യത്യസ്ത പ്രതികരണങ്ങളാണ് വ്യക്തിയിൽ സൃഷ്ടിക്കുന്നത്. ഇത്തരം സംഘർഷങ്ങളും രണ്ടാം ഇടത്തിലെ മാറ്റങ്ങളോടുള്ള സമന്വയ സ്വഭാവവും പ്രവാസി നേരിടുന്നുണ്ട് . വർത്തമാന പരി തോവസ്ഥകളോട് പൊരുത്തപ്പെടുമ്പോഴും കൈവിട്ട ജന്മദേശം പ്രവാസിയെ നൊമ്പരപ്പെടുത്തുന്നു. പ്രവാസി വർത്തമാനകാലത്തിൽ അല്ല ഭൂതകാലത്തിലാണ് ജീവിക്കുന്നത് എന്നതുകൊണ്ട് തീവ്രമായ ഗൃഹാതുരത്വമാണ് ഓരോ സാധാരണക്കാരായ പ്രവാസിയും ഉൾപ്പേറുന്നത് .

"ഏതൊരു സമൂഹവും അതിന്റെ വളർച്ചയ്ക്ക് ഉപാധിയാക്കുന്നത് കലയെയും സാഹിത്യത്തെയും തന്നെയാണ്. അവിടെ ഭാഷ സാമൂഹ്യ പരിവർത്തനത്തിന്റെ മൂർത്തമായ അടയാളമാണ് " ദിനേശൻ ഇ കെ (2014) ഭാഷ സ്നേഹം ദേശാന്തര ജീവിതത്തിൽ , അകം, മാർച്ച് പുസ്തകം 4 ലക്കം 44, പുറം 35). നഷ്ടപ്പെട്ട നാടിന്റെ തീവ്രമായ ഓർമ്മകളും ഗൃഹാതുരത്വവും പ്രവാസ സാഹിത്യത്തിനും കാരണമായി . പ്രവാസികളിൽ രണ്ട് വിഭാഗങ്ങളുണ്ട് . അതിലൊന്ന് അമ്മ ഭാഷയെ അതിന്റെ ആന്തരികാർത്ഥത്തിൽ ഉൾക്കൊണ്ട് കുടുംബത്തിനും കുട്ടികൾക്കും പരിസ്ഥിതിക്കും പ്രയോജനപ്പെടും വിധം ഭാഷാ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നവരുടെ ദർശനമാണ്. മറ്റൊന്ന് ചെന്ന് എത്തിപ്പെടുന്ന രാജ്യത്തിന്റെ ഭൗതികാസക്തികളിൽ വീണുപോയി ജന്മനാടിനെ അപഹസിക്കുകയും സ്വന്തം മാതൃഭാഷയെ പുറന്തള്ളുകയും ചെയ്യുന്നവരുടെ ലോകമാണ്.

മതത്തിൽ വേരുറച്ച വർഗ്ഗഘടനയാണ് കേരളീയസമൂഹത്തിന്റെ അടിത്തറ . ഈ വർഗ്ഗഘടന രൂപം കൊണ്ടത് കേരളത്തിലെ കാർഷിക ഉത്പാദനവുമായി ബന്ധപ്പെട്ടായിരുന്നു . കാർഷിക പ്രവർത്തികളായ കൊയ്യുക കൂട്ടുക വിതയ്ക്കുക തുടങ്ങിയവയുമായി ബന്ധപ്പെടുത്തി രൂപം കൊണ്ടവയായിരുന്നു കേരളത്തിലെ ആചാരാനുഷ്ഠാനങ്ങൾ . ജാതിയിൽ ഉയർന്നതും ഭൂമിയുടെ ഉടമസ്ഥത കയ്യാളിരുന്നതും സവർണ്ണരായിരുന്നു . സാമ്പത്തിക സ്ഥിതിയെ ജാതിയുമായി ബന്ധിപ്പിക്കുന്ന സ്ഥിതി വിശേഷം നിലനിന്ന സമൂഹത്തിൽ ജാതിയിൽ ഉയർന്ന ബ്രാഹ്മണനും ജന്മിക്കും , ജാതിയിൽ താഴ്ന്ന കൃഷിക്കാരനെ ചൂഷണം ചെയ്യുന്നതിനും അധ്വാനഫലം ആസ്വദിക്കുന്നതിനും സർവ്വവിധ സ്വാതന്ത്ര്യവും ജാതിഘടന അനുവദിച്ചിരുന്നു. പ്രവാസ ജീവിതത്തോടെ സാധാരണക്കാർക്ക് കൈവന്ന പണം വ്യവസ്ഥിതിയെ തകിടം മറിച്ചു. അതുവരെ തങ്ങൾ പറയുന്നതിനപ്പുറം പ്രവർത്തിക്കാത്ത നാട്ടുകാർ ഗൾഫുകാരുടെ വരവോടെ കൂറുമാറുകയോ സന്താനങ്ങൾ പരദേശവാസം നടത്തിയതിനാൽ ആശ്രിത സ്വഭാവം ഉപേക്ഷിക്കുകയോ ചെയ്തു .

പ്രവാസത്തിലൂടെ കേരളത്തിലെ മുസ്ലിം സമുദായത്തിന് സംഭവിച്ച സാമ്പത്തിക മുന്നേറ്റം ശ്രദ്ധേയമാണ്. മതവും മതാചാരങ്ങളിലെ സമാനതകളും മുസ്ലിംസമുദായക്കാരെ റിക്രൂട്ട് ചെയ്യാനുള്ള സ്പോൺസർമാരുടെ താൽപര്യവും ആയിരുന്നു മുസ്ലിംവിഭാഗത്തിന് ഗൾഫിലേക്ക് ചേക്കേറാൻ പ്രേരണയായത്. സാമ്പത്തികനേട്ടം കൈവരിച്ചതിന് പുറമേ പ്രവാസ വേദന കൂടുതലായി അറിഞ്ഞതും അവരാണ്. പ്രവാസബദ്ധകളും സംഘർഷങ്ങളും എഴുത്തിലൂടെ പുറം ലോകത്തെത്തിച്ചവരിൽ ഭൂരിഭാഗം മുസ്ലിം മത വിഭാഗക്കാരായതും അതുകൊണ്ടുതന്നെയാണ് .

മലയാളഭാഷയ്ക്കും സംസ്കാരത്തിനും തുറന്ന ഘടനയാണ് ഉള്ളത്. അനുയോജ്യമായ വിധം

ഏത് സംസ്കാരത്തെയും തങ്ങളിലേക്ക് സമന്വയിപ്പിച്ചാണ് മലയാളി പരദേശങ്ങളിൽ വേര് പിടിച്ചത് . നെല്ല് സമൃദ്ധമായി വിളഞ്ഞ മലയാള മണ്ണിൽ നിന്ന് പുന്നലിന്റെ മണവും സ്വാദും വേരോടിച്ച മലയാളിയുടെ നാവിൽ അപരിചിതങ്ങളായ പലരുചികളും കയറിയിറങ്ങിയത് പ്രവാസം വഴിയായിരുന്നു . നമ്മുടെ ഭക്ഷ്യവിഭവങ്ങളിൽ ചോറ് പരിപ്പ് നെയ്യ് പച്ചടി കിച്ചടി തോരൻ ഉപ്പേരി തുടങ്ങിയവ പ്രധാന ഇനങ്ങൾ ആയിരുന്നു. തമിഴ്നാട്ടിൽ നിന്നും മലയാളി സ്വന്തമാക്കിയ വിഭവമാണ് സാമ്പാർ . ഇന്ന് സാമ്പാറില്ലാതെ മലയാളിക്ക് സദ്യ ഇല്ലെന്ന് സ്ഥിതിയാണ് . പലഹാരപ്പണിയിലും മലയാളി നിപുണരായത് തമിഴ്നാട്ടിൽ

നിന്നാണ് . ദോശയും ഇഡ്ഡലിയും ചട്ടിയപ്പവും വെള്ളയപ്പവും ഹൽവയും അൻപൂരിയും ഇടി യപ്പവും എല്ലാം കേരളത്തിന്റെ പുറത്തുനിന്നും മലയാളി കരഗതമാക്കിയവയാണ് . (ഭാസ്കരനു ണ്ണി പി (2000)പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം , കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ പുറം 61.) ഭക്ഷണം കഴിക്കുന്ന രീതിയിലും മലയാളി വ്യത്യസ്ത പുലർത്തിയിരുന്നു ഇലയായി രുന്നു ഉപയോഗിച്ചിരുന്നത് തറയിലിരുന്ന് ഇലയിൽ വിളമ്പി കൈക്കൊണ്ട് വാരിയെടുത്ത് കഴിക്കുകയാണ് മലയാളിയുടെ പരമ്പരാഗത രീതി. അന്യദേശവാസം വർദ്ധിച്ച തോടുകൂടി ഇത്തരം പ്രാദേശിക തനിമ ആധുനിക മലയാളി വൈമുഖ്യം കാട്ടിത്തുടങ്ങി . സ്പൂണും ഫോർ ക്കും ഭക്ഷണമേശകളിൽ മാന്യതയുടെ അടയാളമായി . ഉത്തരേന്ത്യൻ ദക്ഷിണേന്ത്യൻ ചൈനീ സ് എന്നിങ്ങനെ തരംതിരിച്ച ഭക്ഷണശാലകളിൽ വിവിധങ്ങളായ വിഭവങ്ങൾ വന്നതിനു പി ന്നിൽ പ്രവാസാനുഭവങ്ങൾ ആണെന്ന് കാണാം . വ്യത്യസ്തനാടുകളിൽ ചെന്നെത്തി അറി ഞ്ഞ വിഭവങ്ങളുടെ രുചിഭേദങ്ങൾ കേരളത്തിലും ലഭ്യമാക്കുന്നതിനായുള്ള ശ്രമങ്ങളുടെ ഭാഗ മാണ് ഇത്തരം ഭക്ഷണ ശാലകൾ . പാശ്ചാത്യ രാജ്യങ്ങളിൽ നിന്നും മലയാളി പരിചയച്ച ബർഗർ (യൂറോപ്പ് അമേരിക്ക) പിസ (ഇറ്റലി) ഷവർമ (ലബനൻ)കുബൂസ് (അറബ്) എന്നിവ പുതുതലമുറയുടെ ഇഷ്ടവിഭവങ്ങളാണ്. ഇറച്ചി കൊണ്ടുള്ള വിദേശ വിഭവങ്ങൾ ആയ കെ എഫ് സി (കെൻഡക്കി ചിക്കൻ) തന്തൂരി ,ഗ്രിൽഡ് ചിക്കൻ തുടങ്ങിയവ കേരളത്തിൽ ഇന്ന് വ്യാപ കമാണ്.

ഭക്ഷണം വസ്ത്രം പാർപ്പിടം തുടങ്ങിയ അടിസ്ഥാന പ്രമാണങ്ങളിലൂടെയാണ് ഓരോ സമൂ ഹവും സാംസ്കാരികമായി വ്യതിരിക്തമാക്കപ്പെടുന്നത്. കേരളത്തിൽ വസ്ത്രധാരണം ഒരാളുടെ ജാതിമതഭേദങ്ങളിൽ നിർണയിച്ചിരുന്ന പ്രധാന ഘടകമായിരുന്നു . ഓരോ സമൂഹത്തിൽ പെട്ടവരും തനതായ വസ്ത്രങ്ങൾ ആയിരുന്നു അണിഞ്ഞിരുന്നത് . അധിനിവേശങ്ങളെ തുര ത്താൻ സ്വദേശി പ്രസ്ഥാനത്തിന്റെ ഭാഗമായി നിന്നുകൊണ്ട് പരമ്പരാഗത വേഷങ്ങളിൽ നെഞ്ചോട് ചേർത്തുപിടിച്ച കേരളീയൻ ദേശാന്തര ഗമനങ്ങൾ വഴിയായി പാശ്ചാത്യ വസ്ത്ര ധാരണ രീതികളെ അവയ്ക്ക് പകരം വെച്ചു . നഗര ജീവിതത്തിലൂടെ മലയാളിക്ക് കൈവന്ന ഉപഭോഗ സംസ്കാര ജീവിതക്രമത്തെയാണ് ചടുലമായ വസ്ത്രം മാറ്റങ്ങൾ സൂചിപ്പിക്കുന്നത് . ഉത്തരേന്ത്യയിൽ നിന്നുമുള്ള സാരിയുടെ കടന്ന വരവിലൂടെ തകർക്കപ്പെട്ടത് സ്ത്രീകളുടെ മത കേന്ദ്രീകൃതമായ പരമ്പരാഗത വസ്ത്രധാരണ രീതികളാണ് . മുസ്ലിം സമ്പന്ന രാജ്യങ്ങളിൽനി ന്ന് കടന്നുവന്ന വ്യാപിച്ചതാണ് സൽവാർ കമ്മീസ് . മുസ്ലിം സമ്പന്നരുടെ പ്രതീകമായ ഷെർ വാണി ഇന്ന് മലയാളി ആഘോഷവേളകളിലെ സവിശേഷമായ വസ്ത്രം ആയി ഉപയോഗിച്ചു വരുന്നു . കേരളത്തിലെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ മുണ്ടും ഷർട്ടും ഇന്ന് അന്യമാക്കപ്പെ ട്ടു കൊണ്ടിരിക്കുന്നു . വൈദേശിക വസ്ത്രങ്ങളായ സ്യൂട്ട് കോട്ട് ജീൻസ് തുടങ്ങിയവ ഇന്ന് മല യാളിയുടെ മാന്യ വസ്ത്രമായി പരിണമിക്കപ്പെട്ടു കഴിഞ്ഞു . അനുദിന ജീവിത ക്രമത്തിൽ ഊന്നി നിന്നുകൊണ്ടുള്ള എല്ലാ വ്യാപാരങ്ങളും സംസ്കാരത്തെ നിർണയിക്കുന്ന അവിഭാജ്യ ഘടക ങ്ങളാണ്. അടിസ്ഥാന ജീവിത ക്രമത്തിൽ സംഭവിക്കുന്ന വിധിയാനങ്ങൾ ഒരു ജനതയുടെ സാംസ്കാരിക തനിമയെ തകർത്തു കളയുന്നു. കേരളത്തിലെ പുതിയ തലമുറയുടെ വൈദേശിക ജീവിതക്രമത്തോടുള്ള അമിതാവേശം പരമ്പരാഗത രീതികളോടുള്ള പ്രതിഷേധമായി രൂപ

പ്പെടുന്നത് തനതായ സാംസ്കാരിക മുദ്രകളുടെ തകർച്ചയ്ക്ക് വഴിയൊരുക്കും .

സാമ്പത്തിക പരിണാമങ്ങളും അനന്തരഫലങ്ങളും

സ്വത്വവും സ്വാതന്ത്ര്യവും തേടിയുള്ള പിൽക്കാല യാത്രകൾ ആധുനികതയിലേക്കുള്ള ചുവടുവെപ്പുകൾ ആയിരുന്നു വ്യവസായങ്ങളുടെ ആരംഭവും വാണിജ്യകൃഷിരീതികളും മനുഷ്യനെ നഗരങ്ങളിലേക്ക് ആകർഷിച്ച നഗരങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രയാണങ്ങൾ വ്യത്യസ്തമായ പ്രകൃതി മനുഷ്യബന്ധത്തിന് തുടക്കമിട്ടു. വൈവിധ്യമേറിയ വിദേശനിർമ്മിത ഉത്പന്നങ്ങളും സൗന്ദര്യവർദ്ധകവസ്തുക്കളും പ്രവാസികളാണ് കേരളത്തിനു പരിചയപ്പെടുത്തിയത് . സമ്പന്നരായ പ്രവാസികൾ വിദേശനിർമ്മിത വസ്തുക്കളുടെ വിപണനത്തിനായി കേരളത്തിൽ കമ്പോളങ്ങളും മാളുകളും സൂപ്പർമാർക്കറ്റുകളും നിർമ്മിച്ച കേരളീയർക്ക് അപരിചിതമായ അഭിരുചികളെ വളർത്തുകയും അതുവഴി ഉപഭോഗ തൃഷ്ണയെ വർധിപ്പിക്കുന്ന പാലമായി പ്രവാസം മാറുകയും ചെയ്തു. കേരളത്തിലെ പ്രവാസി സാംസ്കാരിക ചിഹ്നമായി ഗൾഫ് നിർമ്മിത വസ്തുക്കളെ അടയാളപ്പെടുത്തുന്നത് പോലെ വിദേശ നഗരസ്വഭാവമായ ഫ്ലാറ്റുകളുടെ നിർമ്മാണത്തിനും വ്യാപനത്തിനും പ്രവാസം വഴിയൊരുക്കി. ഭൂമി കച്ചവടം കേരളത്തിൽ പെരുകിയതിന്റെ പ്രധാന കാരണം വിദേശ പണമാണ്. ഭൂസ്വത്തിനെ കേന്ദ്രീകരിച്ച വളർന്ന കേരളീയ വ്യവസ്ഥിതിയുടെ തിരിച്ചടയിലാണ് പ്രവാസത്തിലൂടെ സംഭവിച്ചത് സാധാരണക്കാരിൽ വന്നുചേർന്ന പണം ജാതികേന്ദ്രീകരിച്ച വളർന്ന ജന്മിസമ്പ്രദായത്തെ പൊളിച്ചെഴുതി സാമൂഹ്യ സാമ്പത്തിക നവോത്ഥാനത്തിന് വഴിയൊരുക്കുകയും ചെയ്തു സമൂഹത്തിൽ ഉച്ചനീചത്വങ്ങൾ ഇല്ലാതാക്കാനും ഭൂമിയെ ഫലപ്രദമായി ഉപയോഗിക്കുവാനും പ്രവാസിക്ക് സാധിച്ചു . പക്ഷേ ഉൽപാദന മേഖലകളിലോ തൊഴിലവസരങ്ങളിലോഎന്തെങ്കിലും സ്വാധീനം ചെലുത്താൻ കുടിയേറ്റത്തി നോഅതിന്റെ ഫലമായി നാട്ടിലേക്ക് ഒഴുകിയെത്തിയ പണത്തിനേ നോഇതുവരെ സാധിച്ചിട്ടില്ല. പുരോഗതിയുടെ പാതയിലേക്ക് കേരളത്തെ നയിക്കുന്നതിൽ പ്രവാസജീവിതം അളിയായുണ്ടായ സാമ്പത്തിക പരിണാമങ്ങൾ അനുകൂല ഘടകമായിത്തീർന്നു . പ്രവാസ ജീവിതത്തിന്റെ സങ്കീർണതകളെ മാറ്റിവെച്ചാൽ പ്രവാസിത്വം വഴിയായി സംഭവിച്ചുകൊണ്ടിരിക്കുന്ന കേരളത്തിന്റെ സാമ്പത്തിക ഭദ്രതയും ഉപഭോഗ സംസ്കാരവും ഉയർന്നു നിൽക്കുന്നതായി കാണാം .

സവിശേഷ സാഹിത്യഘടകമായി മലയാളത്തിൽ പ്രവാസം മാറിയതും ഇത് വ്യക്തികളിൽ സൃഷ്ടിക്കുന്ന സാംസ്കാരികവും നൂതനവുമായ പ്രവണതകളെ സാഹിത്യ ആവിഷ്കാരത്തിന്റെ മുഖ്യ തലങ്ങളിലേക്ക് എഴുത്തുകാർ കൊണ്ടുവന്നതും ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെയാണ് . പ്രവാസിയുടെ ജീവിത പരിസരങ്ങൾ വിഷയമായ നിരവധി കൃതികൾ സാഹിത്യത്തിൽ ആവിഷ്കരിക്കുകയുണ്ടായി. ഓ ചന്തുമേനോന്റെ ഇന്ദുലേഖയും ശാരദയും ഇതിന് തുടക്കം കുറിച്ചു . കേരളീയ സമൂഹത്തിന്റെ ആധുനികരണം റിയലിസ്റ്റിക് അവതരണങ്ങളിലൂടെ ഒ. ചന്തുമേനോനിൽ തുടങ്ങി തകഴി കേശവദേവ് എസ് കെ പൊറ്റക്കാട് എന്നിവരിലൂടെ പൂർണത നേടി . കാലഘട്ടങ്ങളിലൂടെ ഉറൂബ്, മുകുന്ദൻ , ഒ വി വിജയൻ, ആനന്ദ് , സി ആർ പരമേശ്വരൻ കെ ജെ ബേബി , ബെന്യാമിൻ തുടങ്ങിയവർ മനുഷ്യ ജീവിതത്തെയും സാമൂഹ്യ പ്രശ്നങ്ങളെയും ചരിത്രപരതയോടെ തങ്ങളുടെ കൃതികളിൽ ആവിഷ്കരിച്ചു. പിന്നീട് നോവലിന്റെ പ്രമേയമായും ദർശനമായും കുടിയേറ്റവും പ്രവാസവും ആവിഷ്കരിക്കപ്പെട്ടു. നഗരങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവാസാനുഭവങ്ങളാണ് ആധുനിക നോവലുകളിലെ ആശയലോകം . ആഭ്യന്തരവും ബാഹ്യന്തരവുമായ നഗരമുഖങ്ങളെ എഴുത്തുകാർ നോവലുകളിലൂടെ അനാവരണം ചെയ്തു. നഗരങ്ങളിലെ ജീവിതരീതിക്കും സംസ്കാരത്തിനും ഇരുണ്ട മുഖമാണ് പ്രതിഫലിക്കുന്നത്. കുറ്റകൃത്യങ്ങളും തിന്മയും വളർത്തുന്ന സുഖകരമായ ജീവിതം സാധ്യമല്ലാത്ത അന്യവത്കൃത ഇടങ്ങളായി നഗരങ്ങൾ മാറുന്നു. നഗര ജീവിതം വ്യക്തികളിൽ വരുത്തുന്ന

അസ്തിത്വവ്യഥ, അന്യവത്കരണം സ്വത്വനഷ്ടം എന്നീ ആധുനികതയുടെ പൊതുസ്വഭാവങ്ങളെ ഇത്തരം നോവലുകൾ പ്രത്യക്ഷമാക്കുന്നു. ദേശാന്തര ജീവിതത്തിൽ നിന്നും ഉടലെടുക്കുന്ന വ്യത്യസ്ത ദർശനങ്ങൾ എഴുത്തുകാരന്റെ സർഗാത്മകതയെ തീവ്രമാക്കുന്നു . നഗര ജീവിതത്തിന്റെ ഭാഗമായവർക്ക് തിരിച്ചുപോക്ക് ശ്രമകരം ആണെങ്കിലും ഭാവനയിലൂടെയും ഭാഷയിലൂടെയും തനിമയെ, പ്രാദേശികതയെ അവർ വീണ്ടെടുക്കുന്നു.

ഗ്രന്ഥസൂചി

1. Cohen, Robin:(1997) Global Diasporas:An Introduction, UCL Press.

2. Safran, W(1993)"Diasporas in modern societies:myth of homeland and return"Diasporas1(1)

3. Sivanadan, A:(1974)A colonial Hybrid and Alienation, Post colonialNovel, Narratives of colonial consciousness, creative New literature Series-5,OMP. Juneja Creative books, NewDelhi

4 willams , Raymond; (1958) culture and Society, Chatto and windus, London

5. Bhabha, K. Homi:(1994)The Location of culture, London Routledge.

6 Rushdie Salman ; (1991) Imaginary Homelands Essays and citisism 1981-1991,Granta.

7. രാജകൃഷ്ണൻ , വി; (1998) ഭ്രഷ്ടിന്റെ നാനാർത്ഥങ്ങൾ,കറന്റ്ബുക്ക്സ് ,തൃശ്ശൂർ.

8. ഗോവിന്ദപിള്ള പി . (2011) സാംസ്കാരിക പഠനം: പുതുമ പഴമ പ്രസക്തി മലയാള പഠന സംഘം (സമ്പാ), സംസ്കാരം , ചരിത്രം, സിദ്ധാന്തം, പ്രയോഗം , വള്ളത്തോൾ വിദ്യാപീഠം , ശുകപുരം .

9. രവീന്ദ്രൻ പി.പി. (2006) വീണ്ടെടുപ്പുകൾ .സാഹിത്യം, സംസ്കാരം, ആഗോളത, ഡി.സി ബുക്ക്സ്, കോട്ടയം ,

10. പവിത്രൻ ,പി; (2011) സംസ്കാരത്തിന്റെ മൂന്നാം ലോക വഴി , മലയാള പഠന സംഘം . (സമ്പാ.) സംസ്കാര പഠനം .ചരിത്രം സിദ്ധാന്തം പ്രയോഗം, വള്ളത്തോൾ വിദ്യാഭ്യാസം വിദ്യാപീഠം , ശുകപുരം .

11. ദിനേശൻ ഇ.കെ (2014) ഭാഷാ സ്നേഹം ദേശാന്തരം ജീവിതത്തിൽ , അകം , മാർച്ച് , ലക്കം 4, ലക്കം 44

12.ഭാസ്കരനുണ്ണി, പി;(2000) പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം , കേരള സാഹിത്യ അക്കാദമി , തൃശൂർ .

13. കാറൽ മാക്സ് , ഫെഡറിക് ഏംഗൽസ്; (1981) കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ , പ്രോസസ് പബ്ലിക്കേഷൻസ് , മോസ്കോ .

14. പ്രദീപൻ , പാമ്പിരുകുന്ന്; (2011) നവോത്ഥാനം, ദേശീയത, ആധുനികത: കീഴാള സംസ്കാര പഠനം , മലയാള പഠനസംഘം (സമ്പാ), സംസ്കാര പഠനം . ചരിത്രം, സിദ്ധാന്തം , പ്രയോഗം, വള്ളത്തോൾ വിദ്യാപീഠം , ശുകപുരം .

KKTM Cognizance





Journal Committee 2025-26

Prof. (Dr.) Ramya R (Principal)
Smt. Sajitha P. G (Co-ordinator)
Dr. Sabna K S
Dr. Vinayasree S
Dr. Yacob Thomas
Dr. Deepthi A N
Dr. Prasad N K

KKTM COGNIZANCE A Peer-Reviewed, Multidisciplinary Research Journal

FEBRUARY 2026 VOL IV ISSUE 1 ISSN 2456-4168

JOURNAL COMMITTEE & PTA
KKTM GOVT. COLLEGE,
PULLUT P. O.
KODUNGALLUR- 680663
THRISSUR (DIST)